# വിജയകരമായ ക്രിസ്തീയ ജീവിതം



യേശുവിനോട് അടുക്കുവാൻ നമ്മെ സഹായി
ക്കുന്ന ദൈവ വചനാധിഷ്ഠിതമായ പ്രാർത്ഥനകൾ

# പകർപ്പവകാശം

Scripture quotations are from the Holy Bible Malayalam – OV. Published by: The Bible Society of India. Used by permission. All rights reserved.

The Bible Society of India പ്രസിദ്ധീകരിക്കുന്ന വിശുദ്ധ വേദപുസ്തകത്തിൽ നിന്നും, 'The Bible Society of India' യുടെ അനുവാദത്തോടെ ഇവിടെ ഉദ്ധരണികൾ ചേർത്തിരിക്കുന്നു.

ഈ പുസ്തകത്തിലെ വേദഭാഗങ്ങൾ വിട്ടുള്ള മറ്റു വിവരങ്ങൾക്ക് പകർപ്പവകാശത്തിന്, നിബന്ധനകളില്ല. വൈദ്യശാസ്ത്രപരമായോ മനഃശാസ്ത്രപരമായോ ഉള്ള പ്രശ്നങ്ങൾ നിർണ്ണയിക്കുവാനോ ചികിത്സിക്കുവാനോ പുസ്തകസമ്പാദകരോ, പ്രസാദകരോ വിതരണക്കാരോ ഇതിലൂടെ ഉദ്ദേശിക്കുന്നില്ല.

ഈ പുസ്തകം മലയാളത്തിലേക്ക് വിവർത്തനം ചെയ്യുവാൻ പാസ്റ്റർ റൈറ്റസ് ചാക്കോയും (മൈസൂർ) മറ്റു ചില മലയാളികളായ സ്നേഹിതരും സഹായിച്ചിട്ടുണ്ട്.

പ്രസിദ്ധീകരണം - 2017
പുനഃപ്രസിദ്ധീകരണം - 2019

www.victoriouschristianlife.info

# ഉള്ളടക്കം


**കടപ്പാട്** 4
**പശ്ചാത്തലം** 5
**ആമുഖം** 8
**അനുതാപം** 19
**ക്ഷമിക്കുക** 33
**ആഴമായ അനുതാപവും പാപക്ഷമയും** 42
ദൈവീകമല്ലാത്ത ആത്മബന്ധനങ്ങളിൽ നിന്നുള്ള വിടുതൽ 44
ശിക്ഷാവിധിവരുത്തുന്ന വിധി പ്രസ്താവനകളിൽ നിന്നുള്ള മോചനം 50
ദോഷഫലങ്ങൾ ഉളവാക്കുന്ന വാക്കുകളിൽ നിന്നുമുള്ള സ്വാതന്ത്ര്യം 58
പണസംബന്ധമായ വിഷയങ്ങളിൽ നിന്നുള്ള സ്വാതന്ത്ര്യം 67
ദൈവീക അവകാശങ്ങളുടെ പുനഃസ്ഥാപനം 74
**സ്നാനങ്ങൾ** 84
**ദൈവവചന കേൾവിയും അനുസരണവും** 90
**പ്രാർത്ഥനാശുശ്രൂഷയ്ക്കായുള്ള പ്രായോഗിക പരിഗണനകൾ** 99
പ്രാർത്ഥനാശുശ്രൂഷയ്ക്കായുള്ള നിർദ്ദേശങ്ങൾ 99
കുട്ടികൾക്കായി ശുശ്രൂഷിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ 102
ബന്ധനങ്ങളിൽ നിന്നുള്ള വിടുതൽ സംബന്ധിച്ചുള്ള
പ്രത്യേക നിർദ്ദേശങ്ങൾ 103
ശുശ്രൂഷയ്ക്കായുള്ള പദ്ധതിക്രമം 105
**അനുബന്ധം** 108
അനുതാപത്തിനുള്ള വിഷയങ്ങൾ പുതിയ നിയമത്തിൽ നിന്ന് 109
അനുതാപത്തിന് വിധേയമാകേണ്ട മറ്റുവിഷയങ്ങൾ 111
നിങ്ങളുടെ കുടുംബചരിത്രത്തിന്റെ രേഖാ ചിത്രം 118
തലമുറകളായി നിലനിൽക്കുന്ന ശാപങ്ങളിൽ നിന്നുമുള്ള
മോചനത്തിനായുള്ള പ്രാർത്ഥന 122
ക്രിസ്തുവിൽ ഞാൻ ആരാകുന്നു 126
വിശുദ്ധവേദപുസ്തകം പഠിക്കേണ്ടതെങ്ങനെ 129
രോഗസൗഖ്യത്തിനായുള്ള പ്രാർത്ഥന 131
മനുഷ്യനോടും ദൈവത്തോടും നിരപ്പാകുക 135
ബൈബിൾ പണത്തെക്കുറിച്ച് എന്ത് പറയുന്നു 137

# കടപ്പാട്

ഈ പുസ്തകരചനയ്ക്ക് ആവശ്യമായ പ്രചോദനവും കഴിവും സ്ഥിരോത്സാഹവും രചയിതാക്കളുടെ ഹൃദയങ്ങളിൽ നല്കിയ ദൈവത്തിനും 'Ellel Ministries' മിനിസ്ടീസിനും, ഇത്തരത്തിലുള്ള ശുശ്രൂഷ മുൻപ് ചെയ്തുകൊണ്ടിരുന്ന 'Elijah House' സ്ഥാപകരായ ജോൺ പൗള സാൻഫോർഡ് ദമ്പതികളുടെ പ്രചോദനങ്ങൾക്കും ഹൃദയംഗമായ നന്ദി രേഖപ്പെടുത്തുന്നു.

# പശ്ചാത്തലം

എന്റെ 11-ാം വയസ്സിൽ ഞാനൊരു ക്രിസ്തുവിശ്വാസിയായി. ആദ്യകാലങ്ങളിൽ ഞാൻ തീവ്രമായി വിശ്വസിച്ച് പരിശുദ്ധാത്മാഭിഷേകവും രോഗശാന്തിവരവും പ്രാപിച്ചു. എന്നാൽ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം എന്റെ വിശ്വാസത്തിനു ശോഷണം സംഭവിച്ചു. പിന്മാറ്റം മൂലം അടുത്ത മൂന്നു ദശകങ്ങൾ ഞാൻ ശീതോഷ്ണമായും പരിഹരിക്കാൻ കഴിയാത്ത പ്രശ്നങ്ങളാൽ നിരാശയുമായിത്തീർന്നു. മരുഭൂമിയിൽ യിസ്രയേൽ ജനത്തെപ്പോലെ വാഗ്ദത്ത നാട്ടിൽ പ്രവേശിക്കാനാവാതെ ഞാൻ അലഞ്ഞു നടന്നു.

നിയമാനുസൃതമായി ഒരു ക്രിസ്ത്യാനിയായിരിക്കുന്നതിൽ നിന്നും എന്നെ കുറ്റം വിധിപ്പാൻ മതിയായ തെളിവുകളില്ലായിരുന്നു. ചില അവസരങ്ങളിൽ ഞാനതിൽ ചിന്താഭാരപ്പെട്ടെങ്കിലും മറ്റവസരങ്ങളിൽ അത്തരം ചിന്തകളെ ഒഴിവാക്കി. എന്നാൽ എന്റെ പിതാവിന്റെ വേർപാടിൽ മരണാനന്തരജീവിതത്തെക്കുറിച്ചും സ്വർഗ്ഗരാജ്യലബ്ധിയുടെ അടിസ്ഥാന തത്വങ്ങളെക്കുറിച്ചും ഞാൻ പര്യാലോചിച്ചു. അതെനിക്കു ക്രിസ്തുയേശുവിൽ കൂടുതൽ താല്പര്യമുളവാക്കിയെങ്കിലും പാപാധിക്യത്തിൽ നിന്നുള്ള അസാധ്യമായ വിടുതലിനെക്കുറിച്ചു ഞാൻ വ്യാകുലയായി.

ചില വർഷങ്ങൾക്കുശേഷം ഞാനൊരു നാമധേയ ക്രിസ്ത്യാനിയെ വിവാഹം കഴിച്ചു. ആരംഭം മുതൽ ഞങ്ങളുടെ വിവാഹം തകർച്ചയിലായിരുന്നെങ്കിലും എന്നെ ക്രിസ്തുയേശുവിലേക്ക് മടക്കി വരുത്തുവാൻ ദൈവം അതുപകരിച്ചു. വേദപുസ്തക പഠനവും പ്രാർത്ഥനയും ഞാൻ ഗൗരവമായെടുത്തു. വൈവാഹിക ജീവിതത്തെ സംബന്ധിച്ച ഒരു പ്രാർത്ഥനാശുശ്രൂഷയിൽ ഒരു സംഘർഷാവസ്ഥയിൽ പങ്കെടുത്ത്, (എന്റെ മാതാപിതാക്കൾ, അദ്ധ്യാപകർ, എന്റെ ഭർത്താവ്) ആദിയായി എന്നെ മുൻകാലങ്ങളിൽ മുറിപ്പെടുത്തിയിട്ടുള്ളവരോട് ക്ഷമിക്കേണ്ട ആവശ്യം ദൈവം എന്നെ ബോധ്യപ്പെടുത്തി. എന്റെ പ്രത്യേകമായ പാപങ്ങളുടെ ക്ഷമയ്ക്കായി ഞാൻ അപേക്ഷിക്കാനിടയായി.

തുടർന്നുള്ള കാലങ്ങളിൽ അനുതാപത്തെക്കുറിച്ചും ക്ഷമാപണത്തെക്കുറിച്ചുമുള്ള പ്രായോഗികതയും ഞാൻ നന്നായി ഗ്രഹിച്ചു. ഞാൻ പരിശീലിച്ച ഓരോ പാഠവും എനിക്കു കൂടുതൽ സ്വാതന്ത്ര്യം നല്കി. ഞാൻ വ്യത്യസ്തയായി, പ്രഭാപൂരിതയായി ക്രിസ്തുവിനെയും പരിശുദ്ധാത്മാവിനെയും സംബന്ധിച്ച് വീണ്ടും ആസക്തിയുള്ളവളായി

മാറി. ചില വർഷങ്ങൾ കഴിഞ്ഞ്, എന്റെ ജലസ്നാനത്തിന് ശേഷം എന്റെ ഭർത്താവിനും 'വീണ്ടും ജനന' അനുഭവമുണ്ടായി. അദ്ദേഹവും പരിശുദ്ധാത്മാഭിഷേകം പ്രാപിച്ച് പ്രാർത്ഥനാ ശുശ്രൂഷയിലും രോഗ ശാന്തിശുശ്രൂഷയിലും വിടുതലിലും തല്പരയായി.

പ്രാർത്ഥനാ ശുശ്രൂഷകരുടെ ശിഷ്യത്വത്തിലും പുസ്തകവായനയിലും ഞങ്ങൾ ശുഷ്കാന്തിയുള്ള അന്വേഷകരായി. അധികനാൾ കഴിയും മുമ്പേ പൂർണ്ണസുവിശേഷ പ്രവർത്തനങ്ങളിൽ ഞങ്ങൾ ഏർപ്പെട്ടു. സാഹചര്യങ്ങളിലൂടെ കൈവന്ന ഈ വ്യത്യസ്തതകളിൽ ഞങ്ങൾ ആശ്ചര്യവും അഭിമാനവുമുള്ളവരായി. സുഹൃത്തുക്കളെ വിട്ട്, വാസസ്ഥലം വിറ്റ് ഞങ്ങൾ നന്നായി മുന്നേറുന്നു എന്നു കരുതിയിരിക്കുമ്പോൾ അപ്രതീക്ഷിതകാരണങ്ങളാൽ ഞങ്ങൾ തകർക്കപ്പെട്ടു. ഞങ്ങളിൽ അഹന്തയും ക്ഷമയില്ലായ്മയും പാപമനോഭാവങ്ങളും പ്രകടമായിത്തീർന്നു. ഈ മനോഭാവങ്ങളെ കൈകാര്യം ചെയ്യുവാൻ ഞങ്ങൾ ശുദ്ധീകരണത്തിന്റെ തീച്ചൂളയിലൂടെ കടന്നുപോകേണ്ടി വന്നു. എന്നിരുന്നാലും ചില മാസങ്ങൾക്കുശേഷം ഞങ്ങളുടെ സ്ഥാനമാനങ്ങളിൽ നിന്നും പുറംതള്ളപ്പെട്ടു. ദൈവീക പ്രവർത്തനങ്ങളിൽ പങ്കില്ലാതെയിരുന്നു.

എങ്കിലും ക്രിസ്തുയേശുവിനു ഞങ്ങളിലൂടെയുള്ള ഉദ്ദേശ്യ നിർവ്വഹണത്തിനായി ഞങ്ങൾ ആഗ്രഹിച്ചന്വേഷിച്ചു.

ദൈവത്തിനു ഞങ്ങളെ കേൾക്കാൻ കഴിയാതെയും ദൈവവേലയിലേക്കുള്ള പ്രവേശനത്തിനു തടസ്സമായ കാര്യങ്ങളെന്തെന്നറിയാതെയും ഇരുന്നതിനാൽ ഞങ്ങൾ വേദപഠനത്തിലും പ്രാർത്ഥനയിലും 'സമയം ചിലവിട്ടു'. 'പ്രാർത്ഥനാശുശ്രൂഷ'[1] സംബന്ധിച്ച വിഷയങ്ങളാൽ ഞങ്ങളുടെ വ്യക്തിഗത ക്ഷമയില്ലായ്മയെയും പാപസംബന്ധമായ അനുതാപമില്ലായ്മയെയും സംബന്ധിച്ചു പ്രാർത്ഥിച്ചു. ഒരാൾ പ്രാർത്ഥിക്കവെ മറ്റെയാൾ ശ്രദ്ധയോടെ കേട്ടു. അങ്ങനെ അന്യോന്യം പ്രാർത്ഥനാകേഴ്വിയാൽ പരിശുദ്ധാത്മസഹായത്താൽ ഞങ്ങൾ കൂടുതൽ വിഷയങ്ങൾ ഓർമ്മ വരികയും പാപബോധമുള്ളവരായി ആഴ്ചകളോളം പ്രാർത്ഥിക്കുകയും ചെയ്തു. അതിന്റെ അവസാനത്തിൽ പ്രാർത്ഥന ആവശ്യമായിരുന്ന യാതൊരു വിഷയവും ശേഷിച്ചില്ല. ഞങ്ങളെ ബന്ധിച്ചിരുന്ന മറ്റെന്തെങ്കിലും കൂടിയുണ്ടെങ്കിൽ അതിൽനിന്നും വിടുവിക്കാനായും കണ്ണീരോടെ പ്രാർത്ഥിച്ചു. 'എനിക്കു

[1] പെന്നന്റ് ജോൺസ്, 'അടിസ്ഥാന പ്രാർത്ഥനാശുശ്രൂഷ', 1996 (പ്രസിദ്ധീകരിച്ചിട്ടില്ല) വ്യക്തിഗത കുറിപ്പുകൾ (ഗ്ലിൻഡ്‌ലിമാനർ, എല്ലെൽ ശുശ്രൂഷ, യു.കെ. അനുവാദത്തോടെ)

നിങ്ങളെ ഇപ്പോൾ ഉപയുക്തമാക്കാം' എന്ന ദൈവശബ്ദം ഞങ്ങൾ ശ്രവിക്കയും 'വന്നു കൊണ്ടാടി സന്തോഷിക്ക' എന്ന മറന്നു കിടന്ന ഒരു ഗാനം ഞങ്ങൾക്ക് ഓർമ്മവരികയും ചെയ്തു.

അധികംവൈകും മുമ്പേ, ഞങ്ങളുടെ വിളിയെക്കുറിച്ചു ദൈവം സംസാരിക്കയും ഞങ്ങളെ അതിലേക്ക് പ്രവേശിപ്പിക്കുകയും ചെയ്തു.

ഞങ്ങൾ ഉപയോഗിച്ചുവന്ന പ്രാർത്ഥനാശുശ്രൂഷാക്രമം അവലംബിച്ച് എഴുതപ്പെട്ടതാണ് ഈ നിർദ്ദേശരേഖ. വേദപുസ്തകാടിസ്ഥാനത്തിൽ പ്രാർത്ഥനകളെ സംബന്ധിച്ച് അനുവാചകർ നന്നായി ഗ്രഹിച്ച് പരിശുദ്ധാത്മാവിൽ ഹൃദയം തുറന്ന് പ്രാർത്ഥിക്കേണ്ട കാര്യങ്ങളെ ഇതിൽ വിശദീകരിച്ചിരിക്കുന്നു.

'നമ്മെ പിറകോട്ടുവലിക്കുന്ന കാര്യാദികളെ എറിഞ്ഞുകളഞ്ഞ്' ദൈവവേലയ്ക്കായി സ്വതന്ത്രരാക്കപ്പെടുന്നതിന് വിശ്വാസികളെ സഹായിക്കുന്ന ഒരു ഉപകരണമായി ഈ പുസ്തകം പരിണമിക്കും എന്നു ഞങ്ങൾ ആശിക്കുന്നു. ദൈവം ഞങ്ങളെ മാത്രമല്ല, ഇതുമുദ്രണം ചെയ്തവരെ, വിവർത്തനം ചെയ്തവരെ, വിലയിരുത്തിയവരെ, എല്ലാം സ്വതന്ത്രരാക്കിയതുപോലെ അനുവാചകരായ നിങ്ങളെയും വിടുവിച്ച് 'വിജയകരമായ ക്രിസ്തീയ ജീവിതം' നയിക്കാൻ സ്വതന്ത്രരാക്കുമെന്ന് ഞങ്ങൾ ആത്മാർത്ഥമായി വിശ്വസിക്കുന്നു.

# ആമുഖം


## *വിജയകരമായ ക്രിസ്തീയ ജീവിതം*

ദൈവമക്കൾ എന്ന നിലയിൽ എല്ലാ സ്വർഗ്ഗീയദാനങ്ങളും ദൈവം നമുക്ക് അവകാശമായി നൽകിയിരിക്കുന്നു *(എഫെസ്യർ 1:3)*. 'സമൃദ്ധമായ' ജീവൻ നമുക്കുണ്ടാകണമെന്ന് ദൈവം ആഗ്രഹിക്കുന്നു *(യോഹ. 10:10)*. യേശു പറഞ്ഞു: നാം, കർത്താവു ചെയ്തതിലും വലിയ കാര്യങ്ങൾ ചെയ്യുമെന്ന് *(യോഹ. 14:12)*. നാം വിശ്വാസികളായിരിക്കുമ്പോഴും നാം ഉദ്ദേശിക്കുന്നതുപോലെ ജീവിതം സുഖകരമായും, എളുപ്പമായും നീങ്ങിയെന്നുവരില്ല. എങ്കിലും ഏതു പ്രയാസകരമായ സാഹചര്യത്തിലും നമ്മുടെ ഉള്ളിൽ സമാധാനം ഉണ്ടായിരിക്കുകയും കൃപയോടെ സാഹചര്യങ്ങളെ അഭിമുഖീകരിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. ഇതാണ് വിജയകരമായ ക്രിസ്തീയ ജീവിതം. വിജയകരമായി നാം ജീവിച്ചില്ലായെങ്കിൽ നമ്മുടെ ജീവിതത്തിലെ എല്ലാ ഇടങ്ങളും പിശാച് മോഷ്ടിക്കുകയും, അറുക്കുകയും ദൈവം നമുക്ക് നൽകുന്നവയെല്ലാം മുടിക്കുകയും ചെയ്യും *(യോഹ. 10:10)*. ഇങ്ങനെയാകുവനല്ല ദൈവം നമ്മെക്കുറിച്ചുദ്ദേശിക്കുന്നത് എന്നു നാം അറിയേണ്ടിയിരിക്കുന്നു.

> ആന്തരിക സൗഖ്യം എന്നാൽ വ്യക്തിപരവും, ദേശീയവും, ആഗോളപരവുമായ ആത്മീയ ഉണർവിന്റെ വലിയൊരു താക്കോൽ ആണ്.
>
> (Robert Fetveit,
> Elijah House, 2014)

ഈ പുസ്തകത്തിലെ നിർദ്ദേശങ്ങളുടെയും, പ്രാർത്ഥനയുടെയും ഉദ്ദേശം, ഇതുവഴി വായനക്കാർ ദൈവത്തോടു നിരപ്പു പ്രാപിക്കുകയും ദൈവത്തിന്റെ വഴിയിൽ ആത്മപൂർണ്ണരായി നടന്ന് യേശു ചെയ്ത അത്ഭുതങ്ങൾ തങ്ങളുടെ ശുശ്രൂഷയിൽ വെളിപ്പെടുവാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യുക എന്നുള്ളതാണ് *(ലൂക്കോ. 24:46–49; എഫെ. 4:11–16; ഫിലി. 3:10–11; അപ്പൊ. 3:19-20; 4:24–30)*. ഇത്തരത്തിലുള്ള ശുശ്രൂഷയെ 'ആന്തരിക സൗഖ്യം' എന്നു വിളിക്കാം. കാരണം ഇത് നമ്മുടെ ഹൃദയത്തിലുള്ള മുറിവുകളെ സൗഖ്യമാക്കുന്നു. മാത്രമല്ല ഈ ശുശ്രൂഷ ശാരീരിക സൗഖ്യത്തിലേക്കും പൈശാചിക ബന്ധനങ്ങളിൽ നിന്നുമുള്ള വിടുതലിലേക്കും നയിക്കുന്നു. ചിലർ ഈ ശുശ്രൂഷയെ 'ആത്മീയ പ്രബോധനം', 'പ്രാർത്ഥനാ ശുശ്രൂഷ', 'ഹൃദയത്തിന്റെ സുവിശേഷീകരണം' എന്നൊക്കെ വിളിക്കുന്നു. (അനുബന്ധ ഭാഗത്ത് ശാരീരിക സൗഖ്യത്തെക്കുറിച്ച് വിശദമാക്കിയിട്ടുണ്ട്.)

മത്തായി 12:33 ൽ യേശു പരീശന്മാരോട് പറയുന്നതിങ്ങനെയാണ്: "ഒന്നുകിൽ വൃക്ഷം നല്ലത്, ഫലവും നല്ലത് എന്നുവെപ്പിൻ; അല്ലായ്കിൽ വൃക്ഷം ചീത്ത ഫലവും ചീത്ത എന്നു വെപ്പിൻ; 'ഫലം' കൊണ്ടല്ലോ വൃക്ഷത്തെ തിരിച്ചറിയുന്നത്". നാം 'ജയത്തിൽ' അല്ല ജീവിക്കുന്നത് എന്ന് തിരിച്ചറിയുവാനുള്ള വഴി നമ്മിലുള്ള ഫലം നോക്കുക എന്നുള്ളതാണ്. ഗലാത്യർ 5:22-23 ൽ പറയുന്ന ആത്മാവിന്റെ ഫലത്തെക്കാളും ഗലാ. 5:19-21 ൽ കാണുന്ന ജഡത്തിന്റെ പ്രവൃത്തികളാണ് കൂടുതലും നമ്മിൽ കാണപ്പെടുന്നതെങ്കിൽ നാം ജയത്തിൽ അല്ല ജീവിക്കുന്നത്, പകരം പാപത്തിന്റെ ദാസന്മാരായിട്ടാണ് *(യോഹ. 8:34).* കൃഷിയുടെ ഭാവനയിൽ പറഞ്ഞാൽ, ഒരു വൃക്ഷത്തിന്റെ ഫലം നല്ലതല്ലെങ്കിൽ അതിന്റെ വേരിൽ പ്രശ്നമുണ്ടായിരിക്കാം. ഒരു പക്ഷേ കീടങ്ങൾ നിമിത്തം നശിക്കപ്പെട്ടതോ, ശരിയായ പരിപോഷണമില്ലാത്തതോ ആയിരിക്കാം *(ലൂക്കോ. 13:6-9).* വേരുകൾ ആരോഗ്യമുള്ളതായി പരിപോഷിപ്പിക്കപ്പെട്ടിട്ടുണ്ടെങ്കിൽ ഫലവും നല്ലതായിരിക്കും. ക്രിസ്തുവിൽ വേരൂന്നി, അവനിൽ പണിയപ്പെടുവാൻ അപ്പോസ്തലനായ പൗലോസ് നമ്മെ ഉത്തേജിപ്പിക്കുന്നു *(കൊലൊ. 2:7).* ഈ നിലയിൽ നമ്മുടെ ഫലത്തെ നമ്മിൽ നിലനിർത്തുവാൻ സാധിക്കും *(യോഹ. 15:16).*



അതുകൊണ്ട്, നമ്മിലുള്ള ഫലം നല്ലതല്ലെങ്കിൽ, നമ്മിലുള്ള ആത്മീയ വേരുകൾക്ക് എന്തെങ്കിലും പ്രശ്നമുണ്ടായിരിക്കാം. ഉദാഹരണത്തിന്, നമ്മുടെ ജീവിതത്തിൽ ഏതെങ്കിലും പാപം ഉണ്ടായിരിക്കുകയും അതിനെക്കുറിച്ച് അനുതാപമില്ലാതിരിക്കുകയും ചെയ്യുന്ന അവസ്ഥ. മറ്റൊരു നിലയിൽ പറഞ്ഞാൽ, ചില ആളുകൾ, മറ്റുള്ളവർ അനേക വർഷങ്ങൾക്കു മുൻപ് തങ്ങളോട് ചെയ്ത തെറ്റുകൾ **സത്യസന്ധമായി ക്ഷമിക്കാതെ,** ഓ! അത് വളരെ നാളുകൾക്കു മുൻപ് നടന്ന സംഭവം ആയതുകൊണ്ട് ഞാൻ അത് മറന്നുകളഞ്ഞു എന്ന് പറയും. അത്തരത്തിലുള്ളത് 'ക്ഷമിക്കൽ' അല്ല, പ്രത്യുത 'മറന്നുകളയൽ' ആണ്. ക്ഷമിക്കുക എന്നത് ഒരു തിരഞ്ഞെടുപ്പാണ്. ഉദാഹരണത്തിന്, നാം ക്ഷമിക്കുവാൻ വേണ്ടി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു, എന്തുകൊണ്ടെന്നാൽ "...കർത്താവ് നമ്മോട് ക്ഷമിച്ചു..." *(കൊലൊ. 3:13).*

നമ്മുടെ ജീവിതങ്ങൾ നമ്മുടെ പൂർവ്വകാല അനുഭവങ്ങളാൽ രൂപപ്പെടുന്നതാണ്. നാം ഗർഭസ്ഥാവയിലായിരുന്നപ്പോഴുണ്ടായ അനുഭവങ്ങൾ ഉൾപ്പെടെ (സങ്കീ 139:13-16; യെശ. 49:1). നാം വളരുമ്പോഴും, അഭിവൃദ്ധിപ്പെടുമ്പോഴും ഈ അനുഭവങ്ങളാൽ നാം പഠിക്കുകയും പ്രതികരിക്കുകയും ചെയ്യുന്നു. നമ്മുടെ ആരോഗ്യകരമായ വളർച്ചയ്ക്ക് നാം ബാല്യകാലത്തിൽ തന്നെ പഠിക്കേണ്ടതെന്തെന്നാൽ:

- മനുഷ്യരെയും ദൈവത്തെയും വിശ്വസിക്കേണ്ടതെങ്ങനെയെന്നും (സങ്കീ 22:9);
- തിരഞ്ഞെടുപ്പുകൾ നടത്തുവാനും നമ്മുടെ വികാരങ്ങൾ ഒരു ദൈവികമായ രീതിയിൽ കൈകാര്യം ചെയ്യുവാനും (എഫെ. 4:2,3, 6:4);
- നാം ആരെന്നും ദൈവം ആരെന്നും മനസ്സിലാക്കി,അതിൽ ആത്മവിശ്വാസം കണ്ടെത്തുവാനും (ആവർ. 6:4-9, ഫിലി. 4:13);
- നമ്മുടെ ജീവിതത്തിലെ ദൈവനടത്തിപ്പിനെ തിരിച്ചറിയുവാനുമാകുന്നു. (യിരെ. 29:11, യോഹ. 10:27).


നമ്മുടെ ശൈശവബാല്യകാലത്തിൽ നമുക്കുണ്ടാകുന്ന ആന്തരിക മുറിവുകളോടുള്ള ദൈവികമല്ലാത്ത പ്രതികരണങ്ങൾ, ദൈവം നമ്മെ എത്തിക്കുവാനുദ്ദേശിച്ചിടത്ത് എത്താൻ കഴിയാതെയാക്കുന്നു. ഉദാഹരണമായി, നാം കുട്ടികളായിരുന്നപ്പോൾ (എഫെ. 4:26-27), ബാലിശമായും ദൈവികമല്ലാത്തതുമായ രീതികളിൽ നാം മുതിർന്നവരോട് കോപിക്കുകയും, ക്രോധത്തോടെ പെരുമാറുകയും, ദുർമുഖം കാണിക്കുകയും ചെയ്തിരിക്കാം. അതുമൂലം സ്നേഹബന്ധങ്ങൾക്ക് ഉലച്ചിൽ തട്ടുന്നു. നാം മുതിർന്നപ്പോൾ നമ്മുടെ ജീവിതത്തിലുണ്ടായ പല പ്രശ്നങ്ങൾക്കും കാരണം ബാല്യകാലത്തിൽ നമുക്കുണ്ടായ ചില അനുഭവങ്ങളോടുള്ള തെറ്റായ പ്രതികരണങ്ങളാണ്.

എന്നാൽ ദൈവം നമ്മുടെ പുനഃരുദ്ധാരകനാകുന്നു. നമ്മുടെ കോട്ടം വന്ന ജീവിതങ്ങളെ പുനഃസ്ഥാപിക്കുവാൻ ദൈവത്തിനു മാത്രമേ കഴിയുകയുള്ളൂ.

ഈ ഉപദേശം നമ്മിലുള്ള തെറ്റായ ഫലത്തെയും അതിനുകാരണമായ വേരിനെയും കണ്ടുപിടിക്കുവാൻ നമ്മെ സഹായിക്കുന്നു. അപ്പോൾ നമുക്ക് യേശുവിന്റെ രക്തത്താൽ സ്വതന്ത്രരാകുവാനും അവൻ വാഗ്ദാനം ചെയ്യുന്ന മാനസാന്തരവും ക്ഷമയും പ്രാപിപ്പാനും സാധിക്കും.

സ്വാതന്ത്ര്യം എന്നത് നാം ആശിക്കുന്നതെല്ലാം ചെയ്യുവാനുള്ള അവകാശം അല്ല, പ്രത്യുത ദൈവം ആഗ്രഹിക്കുന്നതു ചെയ്യുവാനുള്ള അധികാരം ആണ്.

ചിലപ്പോൾ ചില ക്രൈസ്തവർ പാപത്തിൽ നിന്നും വിടുവിക്കപ്പെടുവാനുള്ള വലിയ ശ്രമങ്ങൾ നടത്തിയിട്ടും വീണ്ടും വീണ്ടും ഒരേ പാപത്തിലേക്കു വീഴുകയും അതിൽ തന്നെ കുടുങ്ങിക്കിടക്കുകയും ചെയ്യുന്നു. ഈ സാഹചര്യങ്ങളിൽ മറ്റ് ക്രിസ്തീയ സഹോദരങ്ങളുടെ സഹായം ആവശ്യമുണ്ട് *(ഗലാ. 6:1).*



ഒരു സഭയിൽ വീണ്ടും ജനിച്ച ഒരു വിശ്വാസിക്ക് മറ്റുള്ള 'സാധാരണ വിശ്വാസി'കളെ ക്രിസ്തുവിനോടു കൂടെ നടന്ന് അച്ചടക്കത്തിൽ വളരുന്നതിന് സഹായിക്കുന്നതിലും ക്രിസ്തീയ സഭയെ കെട്ടിപ്പടുക്കുന്നതിലും നിർണ്ണായകമായ പങ്ക് വഹിക്കുവാനുണ്ട് *(എഫെ. 4:12).* ഒരു 'സാധാരണ വിശ്വാസി'യുടെ ഉത്തരവാദിത്തം എന്താണെന്ന് യോശുവയുടെ ചുറ്റും നിൽക്കുന്ന ആളുകളിൽ നാം കാണുന്നു *(സെഖര്യാവ് 3:4).* അവർക്ക്, യഹോവയുടെ ദൂതൻ ഒരു നിർദ്ദേശം നൽകി: "യഹോവ യോശുവയെ ശുദ്ധീകരിക്കേണ്ടതിന് മുഷിഞ്ഞ വസ്ത്രം അവനിൽ നിന്നും നീക്കുക" അവർ അതു ചെയ്തു. ഇങ്ങനെയുള്ള സാധാരണ വിശ്വാസികളെ ലാസറിന്റെ കല്ലറ യുടെ മുൻപിലും കാണാം *(യോഹ. 11:43-44).* കല്ലറക്കകത്തു നിന്നും പുറത്തേയ്ക്കു വന്ന ലാസർ ദൈവ ത്തിൽ നിന്നും തിരികെ പ്രാപിച്ച സമൃദ്ധമായ ജീവൻ ആസ്വദി ക്കേണ്ടതിന് അവന്റെ കല്ലറ വസ്ത്രം അഴിപ്പാൻ യേശു കല്പിച്ചപ്പോൾ അവർ അത് ചെയ്തു.

നമ്മിൽ പുനഃരാവർത്തിക്കപ്പെടുന്ന പാപങ്ങൾ ചിലപ്പോൾ നാം തുടങ്ങി വെച്ചതായിരിക്കയില്ല, നമ്മുടെ മുൻ തലമുറയിൽ ആരംഭിച്ച് നമ്മിൽ പകരപ്പെട്ടതായിരിക്കാം. നമ്മുടെ പാപങ്ങൾ ഏറ്റു പറയുന്നതോടൊപ്പം മുൻ തലമുറയുടെ പാപങ്ങളും നമുക്ക് ഏറ്റു

[2] *നമ്മുടെ മുൻ തലമുറക്കാരുടെ പാപങ്ങൾ ഏറ്റുപറഞ്ഞ് പ്രാർത്ഥിച്ച് മക്കൾക്ക് വിടുതൽ പ്രാപിക്കാമെങ്കിലും നമ്മുടെ പ്രാർത്ഥന മൺ മറഞ്ഞുപോയ തലമുറക്കാർക്ക് ഉപകാരമാകുന്നില്ല.*

പറഞ്ഞ് പ്രാർത്ഥിക്കാം, *(നെഹ. 9:2).* (പക്ഷേ നമ്മുടെ പ്രാർത്ഥനയാൽ അവർക്ക് പരിഹാരം ലഭ്യമല്ല). ഏറ്റു പറച്ചിലിലൂടെയും ക്ഷമയിലൂടെയും നമ്മിൽ മുറുകിയിരിക്കുന്ന മുൻ തലമുറക്കാരുടെ പാപങ്ങളുടെ[2] പിടിയിൽ നിന്ന് നമ്മുടെ കുടുംബത്തിന് സ്വാതന്ത്ര്യവും ക്രിസ്തുവിലെ സന്തോഷവും അനുഭവിപ്പാൻ കഴിയും. അതുപോലെ തന്നെ മറ്റുള്ളവരെ തെറ്റായി വിധിക്കുന്നതും, ദൈവീകമല്ലാത്ത ആത്മ ബന്ധങ്ങൾ തുടരുന്നതും, അവിശ്വാസത്തിന്റെയും നിരാശയുടെയും വാക്കുകൾ ഉച്ചരിക്കുന്നതും പണസംബന്ധമായ വിഷയങ്ങളും ക്രിസ്തുവിൽ ലഭ്യമാക്കുന്ന അനുഗ്രഹ സമൃദ്ധി സ്വന്തമാക്കുന്നതിനും തടസ്സമാകും. ഇതൊക്കെയും പിന്നീടുള്ള അദ്ധ്യായങ്ങളിൽ വിവരിച്ചിരിക്കുന്നു.

ഇതിന്റെ ഗ്രന്ഥകർത്താക്കൾ തന്നെ തങ്ങളുടെ ജീവിതത്തിൽ ഇത്തരത്തിലുള്ള പ്രാർത്ഥനകൾ കഴിച്ച്, അത്ഭുത മറുപടികൾ സ്വന്തമാക്കുകയും, അതുപോലെ തന്നെ വിവിധ സംസ്ക്കാരത്തി ലുള്ള അഭ്യസ്തവിദ്യരോടും അവിദ്യരോടും ഒരുപോലെ ഈ ചിന്തകളും സന്ദേശങ്ങളും പങ്കിടുകയും പലരിലും വലിയ വിടുതലുകൾ കാണുകയും ചെയ്തു. ഇതു നിമിത്തം അവർക്ക് തുടർമാ നമായി കാണാൻ കഴിഞ്ഞ അത്ഭുതം എന്തെന്നാൽ, ദൈവത്തോട് സത്യസന്ധമായി അടുക്കുവാൻ ആഗ്രഹിക്കുന്നവരെ സഹായിക്കുവാൻ ദൈവം സാധാരണക്കാരെ എങ്ങനെ ഉപയോഗിക്കുന്നു എന്നുള്ളതാണ്. തുടർന്നും ഗ്രന്ഥകർത്താക്കളുടെ പ്രത്യാശയും പ്രാർത്ഥനയും എന്തെന്നാൽ, നിങ്ങളും ഈ ഗ്രന്ഥത്തിൽ നിന്നും പുതുതായി എന്തെ ങ്കിലും കണ്ടെത്തി, നിങ്ങൾക്ക് വ്യക്തിപരമായി അനുഗ്രഹ മാകുന്നതിനും മറ്റുള്ളവരെ സഹായിക്കുന്നതിനും ഇടയാകട്ടെ എന്നാണ്. എല്ലാവരും എല്ലായിടത്തും വിജയകരമായ ക്രിസ്തീയ ജീവിതം നയിക്കട്ടെ എന്ന് അവർ ആഗ്രഹിക്കുന്നു.

## *പാപവും ശുദ്ധീകരണവും*

"ദൈവം പരിശുദ്ധനാകുന്നു", ഇതിനർത്ഥം ദൈവത്തിൽ പാപം ഇല്ല, ദൈവം എല്ലാവരിൽ നിന്നും വ്യത്യസ്തനാണ്, അവിടുന്ന് സ്വർഗ്ഗീയനാണ്. മഹത്വവാൻ! പാപത്തിന് അവന്റെ സന്നിധിയിൽ സ്ഥാനമില്ല. അവിടുത്തെ സന്നിധിയിൽ ചെല്ലുവാൻ നാം വിശുദ്ധരായിത്തീരേണം. സ്വയശക്തിയാൽ മനുഷ്യന് വിശുദ്ധരായിത്തീരുവാൻ സാദ്ധ്യമല്ല, എന്നാൽ ദൈവസഹായത്താൽ സാധിക്കും. നാം വീണ്ടും ജനിച്ച് ക്രിസ്തുയേശുവിൽ പുതു

> മനുഷ്യന്റെ പാപത്തിലുള്ള സമ്പൂർണ്ണ നാശവും ക്രിസ്തുവിലുള്ള ദൈവത്തിന്റെ സമ്പൂർണ്ണ ഉദ്ധാരണത്തിന്റെ വിവരണവുമാണ് ബൈബിൾ.
>
> (സി.എച്ച്. സ്പർജൻ)

സൃഷ്ടികളായിത്തീരുമ്പോൾ അവൻ നമുക്ക് ഇത് സാധിപ്പിച്ച് തരികയാണ്. എങ്കിലും ഭൂരിഭാഗം ക്രൈസ്തവരും പാപത്തിൽ തുടരുകയും, രക്ഷിക്കപ്പെട്ടിട്ടും ഭൂതകാല പാപങ്ങളാൽ ബാധിതരാകയും ചെയ്യുന്നു. വിശ്വാസികൾക്കു വേണ്ടിയും, വിശ്വാസികൾക്കായും എഴുതിയ സകല ലേഖനങ്ങളിലും കൂടെക്കൂടെ ഓർപ്പിച്ചുണർത്തുന്ന ഒരു വിഷയം ആണ്, വിശ്വാസികൾ അവരുടെ പാപങ്ങളിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കണമെന്നത്. ഇല്ലെങ്കിൽ അത് വിശ്വാസികൾ തമ്മിലുള്ള ഭിന്നതകൾക്കും അവിശ്വാസികൾ ഇതു നിമിത്തം ക്രിസ്തുവിലേക്ക് കടന്നു വരുന്നതിന് തടസ്സമാകുകയും ചെയ്യും. ഇന്നും ഇത് ബാധകമാണ്. പാപത്തിൽ നിന്നും ഒഴിവാക്കപ്പെട്ട് ഒരു ദൈവസമാന സ്വഭാവത്തിൽ (ശുദ്ധീകരണം) ഒരുക്കപ്പെടുന്ന പ്രക്രിയ നാം ഭൂമിയിൽ ജീവിച്ചിരിക്കുന്നേടത്തോളം തുടരേണ്ടതാകുന്നു. ഇതാണ് ദൈവ സമാന സ്വഭാവം അഥവാ നിത്യതയിൽ എണ്ണപ്പെടേണ്ടതിന് നാം വികസിപ്പിച്ചെടുക്കുന്ന ഫലം *(മത്താ. 7:17-23; 2 കൊരി. 5:10; ഗലാ. 5:19-26; വെളി. 22:14-15).*

*"ജീവന്റെ വൃക്ഷത്തിൽ തങ്ങൾക്ക് അധികാരം ഉണ്ടാകേണ്ടതിനും ഗോപുരങ്ങളിൽ കൂടി നഗരത്തിൽ കടക്കേണ്ടതിനും തങ്ങളുടെ വസ്ത്രം അലക്കുന്നവർ ഭാഗ്യവാന്മാർ. നായ്ക്കളും, ക്ഷുദ്രക്കാരും, ദുർന്നടപ്പുകാരും, കൊലപാതകന്മാരും, ബിംബാരാധികളും, ഭോഷ്കിൽ പ്രിയപ്പെടുകയും അതിനെ പ്രവർത്തിക്കയും ചെയ്യുന്ന ഏവനും പുറത്തു തന്നേ. യേശു എന്ന ഞാൻ സഭകൾക്കു വേണ്ടി നിങ്ങളോടു ഇതു സാക്ഷീകരിപ്പാൻ എന്റെ ദൂതനെ അയച്ചു." (വെളി. 22:14-16)*

മനുഷ്യകുലം ആരംഭിച്ചത് ആദാം, ഹവ്വ എന്നിവരുടെ സൃഷ്ടിയോടുകൂടിയെന്ന് ബൈബിൾ പറയുന്നു. ദൈവത്തോടുള്ള കൂട്ടായ്മയ്ക്കു വേണ്ടിയാണ് മനുഷ്യനെ ദൈവം സൃഷ്ടിച്ചത്. എന്നാൽ ആദാമും ഹവ്വയും പാപം ചെയ്തത് നിമിത്തം മനുഷ്യകുലം മുഴുവൻ പാപികളായി ദൈവത്തിൽ നിന്നും വേർപെട്ടു. ഒരു അനുസരണക്കേടിന്റെ ഫലം (ആദാമിന്റെയും ഹവ്വയുടെയും പാപം) നിമിത്തം മനുഷ്യന്റെ വിശുദ്ധി നഷ്ടപ്പെട്ടു. ആ സമയം തന്നെ ദൈവം സാത്താനോടരുളിയ പ്രാവചനിക ശബ്ദം (ബൈബിൾ സന്ദേശത്തിന്റെ ആകെത്തുക അന്തർലീനമായിക്കിടക്കുന്ന ഈ വാകൃമാണ് ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്ന ആദ്യത്തെ പ്രവചനം)

ഇതായിരുന്നു: *"സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല തകർക്കും" (ഉൽപത്തി 3:15).* ഇത് യേശുവിന്റെ ജീവിതം, മരണം, പുനരുത്ഥാനം, പാപത്തിന്റേമേലും മരണത്തിന്റേമേലും യേശു നേടിയ ജയം, ദൈവവും മനുഷ്യനും തമ്മിൽ ഉണ്ടായ രമ്യപ്പെടൽ എന്നിവകളെക്കുറിച്ചാണ് സംസാരിക്കുന്നത്.

നാം ദൈവത്തിൽ നിന്നും എന്നേക്കും വേർപെട്ടിരിപ്പാൻ അവിടുന്ന് ആഗ്രഹിച്ചില്ല. അതുകൊണ്ടാണ് മനുഷ്യൻ തന്നോട് രമ്യപ്പെടുന്നതിനുവേണ്ടിയുള്ള ഏറ്റവും സാദ്ധ്യമായ ഒരു വഴി അവിടുന്ന് ഒരുക്കിയത്. അത് തന്റെ ഏകജാതനെ മനുഷ്യന്റെ പാപങ്ങൾക്കും അനുസരണക്കേടുകൾക്കും മറുവിലയായി കൊടുത്ത് നമുക്കുവേണ്ടി മരിക്കുവാൻ അയച്ചു എന്നുള്ളതാണ്. ഒരു സാധാരണ മനുഷ്യനായി ഈ ഭൂമിയിൽ ജീവിക്കേണ്ടതിന് ദൈവപുത്രൻ എന്ന നിലയിൽ സ്വർഗ്ഗത്തിൽ ആസ്വ ദിച്ചിരുന്നതെല്ലാം യേശു വെടി ഞ്ഞു. പാപം ഒഴികെ സകല ത്തിലും നമുക്കു തുല്യനായി ജീവിച്ചു, പരീക്ഷിക്കപ്പെട്ടു *(എബ്രാ. 4:15, 7:26).* അവൻ പിതാവാം ദൈവത്തിന്റെ ഇഷ്ടങ്ങൾ മാത്രമേ പ്രസ്താവിക്കുകയും പ്രവർത്തിക്കുകയും ചെയ്തിട്ടുള്ളൂ. അതുകൊണ്ട് യേശുവിന്റെ ജീവിതം നമുക്ക് ഒരു സമ്പൂർണ്ണ മാതൃകയായി നിലകൊള്ളുന്നു.

> ബൈബിൾ നിങ്ങളെ പാപത്തിൽ നിന്നും, പാപം നിങ്ങളെ ബൈബിളിൽ നിന്നും അകറ്റും.
>
> (ഡി. എൽ. മൂഡി)

യേശു നമുക്കെല്ലാവർക്കും വേണ്ടി ഒരു കുറ്റവാളിയുടെ മരണമാണ് കാൽവറി ക്രൂശിൽ വരിച്ചത്. അവൻ സർവ്വ മനുഷ്യരുടെയും പാപങ്ങളുടെ വിലയായി ഒരിക്കലായി നൽകപ്പെട്ട സമ്പൂർണ്ണ യാഗമായിരുന്നു. അവൻ ഒരിക്കലും പാപം ചെയ്തിട്ടില്ല. പക്ഷേ അവൻ പാപികളെ ദൈവത്തിങ്കലേക്കു മടക്കികൊണ്ടുവരേണ്ടതിന് അവർക്കു വേണ്ടി മരിച്ചു *(1 പത്രോസ് 3:18).* ക്രിസ്തുവിന്റെ യാഗം നമ്മുടെ സകല പാപങ്ങളെയും എടുത്തുകളയുവാൻ മതിയായതാണെന്നുള്ള തിരിച്ചറിവോടെ, അവനിൽ പൂർണ്ണമായി ആശ്രയിച്ചുകഴിയുമ്പോൾ നമുക്ക് അവനുമായി അടുത്ത ബന്ധം പുലർത്തുവാനും, അവനിൽ നിന്നുള്ള നിത്യജീവനും സകല നന്മകളും പ്രാപിപ്പാനും സാദ്ധ്യമാകും. ഈ അനുഭവം നമ്മെ ദൈവത്തോടും മനുഷ്യരോടും ഒരു പുതിയ ഹൃദയത്തോടെയുള്ള മനോഭാവം പുലർത്തുന്നതിനും സഹായിക്കും. നമ്മിൽ ആന്തരികവും ബാഹ്യ

വുമായ മാറ്റങ്ങൾ സംഭവിക്കും.ഈ അനുഭവത്തെയാണ് ബൈബിൾ *'വീണ്ടും ജനനം'* എന്നു വിളിക്കുന്നത് *(യോഹ. 3:3).*

നമുക്കു സ്വയം വിശുദ്ധീകരിപ്പാൻ സാദ്ധ്യമല്ല. ഇതൊരു ദൈവകൃപയുടെ പ്രവർത്തിയാണ്. നാം പുതുതായി ജനിക്കുമ്പോൾ പുതിയ സൃഷ്ടിയായിത്തീരുന്നു. ക്രിസ്തുവിനെ നാം കർത്താവും രക്ഷിതാവും ആയി സ്വീകരിച്ചു കഴിയുമ്പോൾ ചില സ്വഭാവങ്ങളും മനോഭാവങ്ങളും പെട്ടെന്നു മാറുന്നു. പഴയ സ്വഭാവങ്ങൾ മാറി പുതിയ ജീവിതം ആരംഭിക്കുന്നു. നാം പാപത്തിനു മരിച്ചവരും ക്രിസ്തുവിനു ജീവിക്കുന്നവരും ആകുന്നു. എന്നിരുന്നാലും, അനുഭവങ്ങൾ വിളിച്ചുപറയുന്നത്, നമ്മിലുള്ള പല ദുഃസ്വഭാവങ്ങളും അപ്രത്യക്ഷമാകയില്ലെന്നാണ്. നാം ക്രിസ്ത്യാനിയായി പക്വതയിലാകണമെങ്കിൽ എല്ലാ വഴികളിലും ക്രിസ്തുവിനെപ്പോലെ ആയിത്തീരണം. അപ്പൊസ്തലനായ പൗലോസ് ഈ പ്രക്രിയയെ ഒരു പോരാട്ടമായി ചിത്രീകരിക്കുന്നു *(റോമർ 7:14-25).* അത്തരത്തിലുള്ള പോരാട്ടത്തിന്റെ ജയം കർത്താവായ ക്രിസ്തുവിൽ മാത്രമേ സ്വായത്തമാകൂ. അവന്റെ സഹായത്തിനായി നാം ചോദിച്ചുകൊണ്ടിരിക്കേണം. നമ്മുടെ നല്ല ആസക്തിയോ നല്ലവരാകുവാനുള്ള മാനുഷിക ശ്രമങ്ങളോ ഒരിക്കലും ക്രിസ്തു നേടിയ ജയം നമുക്ക് നൽകുന്നില്ല. എന്നാൽ വചനത്തിലെ അനേക ഭാഗങ്ങൾ നമ്മെ ഉത്തേജിപ്പിക്കുന്നത് ക്രിസ്തുവിനെപ്പോലാവാൻ നമ്മെ സഹായിപ്പാൻ സന്നദ്ധതയുള്ള പരിശുദ്ധാത്മാവിനുവേണ്ടി നിരന്തരം വാഞ്ചിപ്പീൻ എന്നാണ്.

*"ആത്മാവിനാൽ ശരീരത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കുന്നു എങ്കിലോ നിങ്ങൾ ജീവിക്കും, ദൈവാത്മാവു നടത്തുന്നവർ ഏവരും ദൈവമക്കൾ ആകുന്നു." (റോമർ 8:13-14)*

*"ആകയാൽ നിങ്ങൾ ക്രിസ്തുവിനോടു കൂടെ ഉയിർത്തെഴുന്നേറ്റിരിക്കുന്നു എങ്കിൽ ക്രിസ്തു ദൈവത്തിന്റെ വലത്തു ഭാഗത്തു ഇരിക്കുന്നിടമായ ഉയരത്തിലുള്ളത് അന്വേഷിപ്പിൻ." (കൊലൊ. 3:1)*

*"തന്നെ സൃഷ്ടിച്ചവന്റെ പ്രതിമ പ്രകാരം പരിജ്ഞാനത്തിനായി പുതുക്കം പ്രാപിക്കുന്ന പുതിയ മനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ." (കൊലൊ. 3:10)*

ആത്മീയ പക്വത, നമ്മുടെ സ്വയത്തിന്റെ മരണം നമ്മിൽ നിന്നും ആവശ്യപ്പെടുന്നു. നമ്മുടെ അഹന്തയും അഹങ്കാരവും സ്വയനീതിയും, സ്വയതൃപ്തിയും സ്വയകേന്ദ്രീകൃതമായ ജീവിതവും എല്ലാം ഉപേക്ഷിച്ച്,

ദൈവസന്നിധിയിൽ താഴ്ത്തി, തെറ്റുകളെ ഏറ്റുപറയുമെങ്കിൽ അവിടുന്ന് നമ്മോട് ക്ഷമിച്ച്, നമ്മെ സമ്പൂർണ്ണമായി രൂപാന്തരപ്പെടുത്തും. 'സ്വയ' ത്തിന്റെ സ്ഥാനത്ത് 'ക്രിസ്തു' നിറയട്ടെ. നമ്മുടെ ജീവിതത്തിൽ പലപ്പോഴും പല തെറ്റുകളും കറുത്ത പാടുകളും അവശേഷിച്ചിരുന്നാലും ജയിക്കുന്ന ക്രിസ്ത്യാനി യേശുവിനെ പ്പോലെയാകുവാനുള്ള ആഗ്രഹത്തോടെ അവനുമായി അടുത്തു കൊണ്ടിരിക്കും.



മറ്റൊരു നിലയിൽ പറഞ്ഞാൽ, ചുറ്റുപാടുകളിലുള്ളത് ഒപ്പിയെടു ക്കുന്ന സ്പോഞ്ച് പോലെയാകുന്നു നാം. ചുറ്റുമുള്ളവരുടെ സ്വഭാവങ്ങൾ നമ്മെ സ്വാധീനിക്കുന്നു. എന്നാൽ എത്രയും അധികം നാം പ്രാർത്ഥനയ്ക്കും, വചനധ്യാനത്തിനും ചെലവഴിക്കുമോ, അത്രയും അധികം യേശുവും പരിശുദ്ധാത്മാവും ഹൃദയത്തിലേക്ക് വന്ന് രൂപാന്തരം നൽകിക്കൊണ്ടിരിക്കും. അപ്പോൾ, പരിശുദ്ധാത്മാവിന്റെ ഫലമായ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയ ജയം എന്നിവയാൽ ഉളവാകുന്ന ഗുണങ്ങൾ നമ്മിൽ വെളിപ്പെട്ടു വന്ന് നമ്മെ നിരന്തരം ഞെരുക്കി കൊണ്ടിരിക്കുന്ന സകല പരീക്ഷകളെയും, ശോധനകളെയും നിശ്ശേഷം ജയിക്കുവാൻ സാധിക്കും *(ഗലാ. 5:22-23).*

അതിന് വിപരീതമായി, നാം ലോകത്തിന്റെ നാനാ മോഹങ്ങൾക്കും, ലോക സുഖങ്ങൾക്കും കൂടുതൽ സമയം ചെലവഴിച്ചാൽ ആ പ്രകൃതം നമ്മിൽ രൂപപ്പെട്ടിട്ട് നമ്മിലുള്ള പരിശുദ്ധാത്മാവിന്റെ അനുഭവം വരണ്ടു പോകയും ചെയ്യും.

പരിശുദ്ധാത്മാവ് നമ്മെ സഹായിപ്പാൻ സദാ സന്നദ്ധനാണ്. എന്നാൽ തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം നമുക്കാണ്. നാം അവന്റെ സഹായത്തിനായി അപേക്ഷിച്ച് അവനെ അനുസരിക്കുവാൻ തയ്യാറാണെങ്കിൽ മാത്രമേ പരിശുദ്ധാത്മാവിന് നമ്മെ നയിക്കുവാൻ സാധിക്കൂ *(ഗലാ. 5:16-17).*

നമ്മുടെമേൽ യേശുവിന്റെ കർത്തൃത്വം ഉറപ്പിച്ചുകൊണ്ട് ഈ പ്രാർത്ഥന ഉറക്കെ ചൊല്ലാം.

**കർത്തൃത്വത്തിന്റെ പ്രാർത്ഥന**



"കർത്താവായ യേശുവേ എനിക്ക് അങ്ങയെ ആവശ്യമുണ്ട്. അങ്ങയെ എന്റെ കർത്താവും, രക്ഷകനും, വിമോചകനുമായി എന്റെ ഹൃദയത്തിലേക്ക് സ്വീകരിക്കുന്നു...

- എന്റെ സമ്പൂർണ്ണ ജീവിതത്തിന്റെ കർത്താവായി അങ്ങയെ ക്ഷണിക്കുന്നു.
- എന്റെ ആത്മാവിന്റെയും ആരാധനയുടെയും കർത്താവായി,
- എന്റെ മനസ്സിന്റെയും, മനോഭാവങ്ങളുടെയും, ചിന്തകളുടെയും കർത്താവായി,
- എന്റെ സകല വികാരങ്ങളുടെയും അനുഭവങ്ങളുടെയും കർത്താവായി,
- എന്റെ ഇച്ഛകളുടെയും തീരുമാനങ്ങളുടെയും കർത്താവായി,
- എന്റെ ശരീരത്തിന്റെയും ആരോഗ്യത്തിന്റെയും കർത്താവായി,
- എന്റെ മരണവിധത്തിന്റെയും സമയത്തിന്റെയും കർത്താവായി,
- എന്റെ ലൈംഗീകതയുടെയും അതിന്റെ ആശയ പ്രകാശന രീതികളുടെയും കർത്താവായി,
- എന്റെ കുടുംബത്തിന്റെയും എല്ലാ ബന്ധങ്ങളുടെയും കർത്താവായി,
- എന്റെ തൊഴിലിന്റെയും അങ്ങേക്കുവേണ്ടിയുള്ള എന്റെ സേവനത്തിന്റെയും കർത്താവായി,
- എന്റെ ഭൗതീക വസ്തുക്കളുടെയും ആവശ്യങ്ങളുടെയും കർത്താവായി,
- എന്റെ എല്ലാ സാമ്പത്തികവിനിമയത്തിന്റെയും കർത്താവായി അങ്ങയെ എന്റെ ഹൃദയത്തിൽ പ്രതിഷ്ഠിക്കുന്നു.

കർത്താവായ യേശുവേ അങ്ങയുടെ രക്തം എനിക്കായി ചൊരിഞ്ഞ് എന്നെ സ്വതന്ത്രനാക്കിയതിനായി നന്ദി. യേശുവിന്റെ നാമത്തിൽ തന്നെ, ആമേൻ."

'യേശു' അഥവാ എബ്രായഭാഷയിൽ 'യെശുവ' എന്ന പേരിന്റെ അർത്ഥം 'യാഹ്വെ രക്ഷയാകുന്നു' എന്നാണ്. യേശുവിന്റെ നാമത്തിൽ നാം പ്രാർത്ഥിക്കുമ്പോൾ, രക്ഷിക്കുന്ന ദൈവം, സൗഖ്യമാക്കുന്ന ദൈവം വിടുവിക്കുന്ന ദൈവം, യേശു ആകുന്നു എന്ന് നാം അംഗീകരിക്കുകയാണ്. യേശുവിന്റെ ശക്തിയും, പ്രകൃതിയും വിശ്വാസവുമാണ് നാം യേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുമ്പോൾ ഉപയോഗിക്കുന്നത്. യേശു അനുയോജിക്കുന്ന പ്രാർത്ഥനകൾക്ക് മാത്രം 'യേശുവിന്റെ നാമം' ഉപയോഗിക്കുവാൻ സൂക്ഷിക്കുക.

# അനുതാപം (മാനസാന്തരം)



*"കാലം തികഞ്ഞു, ദൈവരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിപ്പിൻ." (മർക്കൊസ് 1:15* ൽ യേശു പറഞ്ഞ വാക്കുകളാണിവ)

ക്രിസ്തു തന്റെ പരസ്യ ശുശ്രൂഷയുടെ ആരംഭത്തിങ്കൽ പ്രഖ്യാപിച്ച സന്ദേശം മാനസാന്തരത്തിന്റേതായിരുന്നു. ജയജീവിതത്തിൽ ഒഴിച്ചു കൂടാൻ കഴിയാത്ത കാര്യമാണ് മാനസാന്തരം അഥവാ അനുതാപം.

യേശു തന്റെ ഭൂമിയിലെ ശുശ്രൂഷാസമയത്ത് ഉടനീളം സംസാരിച്ചുകൊണ്ടിരുന്ന ഒരു വിഷയമാണ് അനുതാപം എന്നതിനാൽ നമ്മുടെ ജീവിതത്തിൽ അത് എത്രമാത്രം പ്രാധാന്യമർഹിക്കുന്നതാണെന്ന് മനസ്സിലാക്കാം (മത്താ. 4:17; മർക്കൊ. 1:15; ലൂക്കൊ. 15:1–32, 24:47). താൻ സ്വർഗ്ഗാരോഹണം ചെയ്തതിനുശേഷം (വെളി. 2:5, 2:22, 3:3) ഈ വചനഭാഗങ്ങളിലൂടെയെല്ലാം, യേശു വിശ്വാസികളോട് അവർ അനുതപിക്കേണ്ട ആവശ്യത്തെക്കുറിച്ച് പറയുകയാണ്.

അപ്പൊസ്തലനായ പൗലൊസ്, താൻ വചനം പ്രസംഗിക്കുമ്പോഴും പഠിപ്പിക്കുമ്പോഴും അനുതപിക്കേണ്ടതിന്റെ ആവശ്യം, അപ്പൊ. 26:20 ലും, 2കൊരി 7:8–10 ലും ഊന്നി പറയുന്നു. റോമർ 2:4 ൽ ദൈവത്തിന്റെ കരുണയും നമ്മെ പാപത്തിൽ നിന്നും തിരിയുവാൻ അഥവാ മാനസാന്തരപ്പെടുവാൻ ഇടയാകുന്നു എന്ന് എഴുതിയിരിക്കുന്നു. പത്രൊസ് അപ്പൊസ്തലനും നാം ഓരോരുത്തരും മാനസാന്തരപ്പെടുന്നത് ദൈവേഷ്ടമാണെന്ന്

***സാക്ഷ്യം***

***യേശുവിലൂടെയുള്ള എന്റെ ആദ്യത്തെ അനുഭവം***

*"രക്ഷയെക്കുറിച്ചുള്ള ഉറപ്പ് പ്രാപിക്കുകയോ അധരം കൊണ്ട് ഏറ്റു പറയുകയോ ചെയ്യാതിരുന്ന വ്യക്തിയായിരുന്നു ഞാൻ. എന്നാൽ ഞാൻ ചെയ്ത, എന്നെ അസ്വസ്ഥപ്പെടുത്തിക്കൊണ്ടിരുന്ന എല്ലാ തെറ്റുകളെക്കുറിച്ചും മാനസാന്തരപ്പെട്ട ആ നിമിഷം പെട്ടെന്ന് ഒരു സമാധാനം ഉള്ളിൽ അനുഭവപ്പെടുകയും 'ഞാൻ നിന്നെ ഒരു നാളും കൈ വിടുകയില്ല ഉപേക്ഷിക്കയുമില്ല' എന്ന് ദൈവം എന്നോട് പറയുന്നതായും കേട്ടു."*

എഴുതിയിരിക്കുന്നു, (അപ്പൊ. 2:38; 2 പത്രൊ. 3:9). അനുതാപം എന്നത് പലപ്പോഴും തെറ്റിദ്ധരിപ്പിക്കപ്പെടുന്ന വാക്കാണ്. പലരും ചിന്തിക്കുന്നത്, അനുതാപത്തെക്കുറിച്ച് സംസാരിക്കുന്നത് നമ്മുടെ പഴയ പാപങ്ങളെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരിക്കുവാനിടയാകുന്നു എന്നാണ്. എന്നാൽ നാം വാസ്തവമായി അനുതപിക്കുമ്പോൾ നാം ചെയ്ത പാപത്തിന്റെ ഓർമ്മയും അതിനെക്കുറിച്ചുള്ള കുറ്റബോധവും മാഞ്ഞുപോകുന്നു. അനുതാപം എന്നത് ദൈവത്തിൽ നിന്നുള്ള ഒരു ദാനവും ഒരു അനുഗ്രഹവുമാണ്. അനുതാപം എന്നത്, നിത്യജീവനിലേക്കും, പാപക്ഷമയിലേക്കും, സന്തോഷത്തിലേക്കും, സ്വാതന്ത്ര്യത്തിലേക്കും മാത്രമല്ല, ദൈവവുമായുള്ള ബന്ധത്തിലേക്കും നയിക്കുന്നു. ഇത് ദൈവത്തിന്റെ കൃപയാകുന്നു.

## *അനുതപിക്കുക (മാനസാന്തരപ്പെടുക)*

ഹൃദയ നുറുക്കത്തോടെ പാപത്തെക്കുറിച്ച് അനുതപിച്ച് ദൈവത്തിങ്കലേക്ക് തിരിയുന്നതാണ് മാനസാന്തരം. തെറ്റായ ചിന്തകളും പാപപ്രവൃത്തികളും പിന്നിൽ ഉപേക്ഷിച്ചിട്ട് ദൈവത്തിന്റെ അടുക്കലേക്ക് ചെല്ലുന്നതാണിത്. ഇത് ഒരു തീരുമാനം ആണ്.

> അനേക ക്രിസ്ത്യാനികളും ദൈവരാജ്യത്തിലെത്തത്തക്കവണ്ണം അനുതപിച്ചിട്ടുണ്ടെങ്കിലും ദൈവരാജ്യത്തിന്റെ ശക്തി തങ്ങളുടെ ജീവിതങ്ങളിൽ അനുഭവിച്ചറിയത്തക്കവണ്ണം അനുതപിച്ചിട്ടില്ല.
>
> (കടപ്പാട് : ബിൽ ജോൺസൺ)

***മാനസാന്തരപ്പെടുവാൻ*** നാം തീരുമാനിച്ചില്ലെങ്കിൽ ***മാനസാന്തരപ്പെടാതിരിപ്പാൻ*** നാം തീരുമാനിച്ചു എന്നർത്ഥം. തെറ്റിപ്പോയി എന്ന ചിന്ത ഉണ്ടാകുന്നതോ, 'ദു:ഖ' മുണ്ട് എന്ന് പറയുന്നതോ അല്ല യഥാ ർത്ഥ മാനസാന്തരം. പലർക്കും തെറ്റിനെക്കുറിച്ച് ബോധ്യം വരാം, ചെയ്തത് തെറ്റായി എന്നുള്ള അനുതാപവും ഹൃദയത്തിൽ വരാം, തകർന്ന ഹൃദ യത്തിൽ നിന്നുമുള്ള കണ്ണു നീരും ഉണ്ടായേക്കാം (ഇസ്ക്ക ര്യോത്താ യൂദാ കരഞ്ഞിട്ടും ഫലമുണ്ടായില്ല - *മത്താ. 27:3).* പ്രത്യുത, നമ്മുടെ തെറ്റുകൾ ദൈവമുൻപിൽ സമ്മതിച്ച് ക്ഷമിക്കുവാനായി അവനോട് യാചിക്കണം. പാപം ചെയ്യുമ്പോൾ നാം ദൈവത്തെ ദുഃഖിപ്പിക്കുന്നു എന്ന കാര്യം വിസ്മരിക്കരുത്. നാം രൂപാന്തരത്തിനായി ആഗ്രഹിക്കുമ്പോൾ പിന്നീട് ഇത്തരം തെറ്റുകൾ ആവർത്തിക്കുകയില്ല. ഇതിനെല്ലാം ദൈവസഹായം നമുക്കാവശ്യമാണ്. ക്രിസ്ത്യാനി ജീവിതത്തിലൊരിക്കൽ അനുതപിച്ച് മാനസാന്തരപ്പെടുന്നു, എങ്കിലും ഒരു വിജയകരമായ ജീവിതം

നയിക്കുവാൻ ആഗ്രഹിക്കുന്ന ഓരോരുത്തനും നിരന്തരം അനുതപിച്ച് മാനസാന്തരപ്പെട്ടുകൊണ്ടിരിക്കണം.

'ദൈവരാജ്യത്തിലേക്കുള്ള പ്രവേശത്തിനായി അനേകർ മാനസാന്തരപ്പെട്ടിട്ടുണ്ട്. എന്നാൽ ദൈവരാജ്യത്തിന്റെ ശക്തി അവരിൽ വെളിപ്പെടുവാൻ തക്കവണ്ണം മാനസാന്തരപ്പെട്ടിട്ടില്ല.' (റാൻഡി ക്ലാർക്ക്, ഗ്ലോബൽ അവേയ്ക്കണിംഗ്). അനുതപിക്കപ്പെടാത്ത പാപം, സാത്താൻ ജനത്തെ ബന്ധിക്കത്തക്കവണ്ണം, അവനു 'പാദം വെയ്ക്കുവാനുള്ള സുരക്ഷിത സ്ഥലം' നൽകുന്നു (എഫെ. 4:26, 27).

നമ്മിലുള്ള സകല ബലഹീനതകളും ദൈവത്തിനറിയാം. *"അവനു മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയുമില്ല; സകലവും അവന്റെ കണ്ണിനു നഗ്നവും മലർന്നതുമായി കിടക്കുന്നു; അവനുമായിട്ടാകുന്നു നമുക്ക് കാര്യമുള്ളത്" (എബ്രാ. 4:13)*. ദൈവം നാം ചെയ്യുന്ന രഹസ്യ പാപങ്ങളും അറിയുന്നു. സങ്കീർത്തനം 90:8 ൽ സങ്കീർത്തനക്കാരൻ ദൈവത്തോടു പറയുന്നു:- *"നീ ഞങ്ങളുടെ അകൃത്യങ്ങളെ നിന്റെ മുൻപിലും ഞങ്ങളുടെ രഹസ്യ പാപങ്ങളെ നിന്റെ മുഖപ്രകാശത്തിലും വെച്ചിരിക്കുന്നു"* ലളിതമായി നാം ഇവിടെനിന്നും ഗ്രഹിക്കുന്നത് ദൈവത്തിന്റെ പക്കൽ നമ്മുടെ പാപങ്ങൾ രേഖപ്പെടുത്തിയിരിക്കുന്ന ഒരു സ്മരണയുടെ പുസ്തകം തുറക്കപ്പെട്ടിരിക്കുന്നു എന്നും നാം അനുതപിച്ച് ക്ഷമ പ്രാപിപ്പാൻ ഇത് കാത്തിരിക്കയും ചെയ്യുന്നു എന്നാണ്. നാം അനുതപിക്കുമ്പോൾ യേശുവിന്റെ രക്തത്തിൽ മുക്കിയ തന്റെ പേനകൊണ്ട് ദൈവം അവയെല്ലാം തുടച്ചു മാറ്റുന്നു.

*"ലംഘനം ക്ഷമിച്ചും പാപം മറെച്ചും കിട്ടിയവൻ ഭാഗ്യവാൻ; യഹോവ അകൃത്യം കണക്കിടാതെയും ആത്മാവിൽ കപടം ഇല്ലാതെയും ഇരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ." (സങ്കീ. 32:1-2; റോമ. 4:7)*

*"അവരുടെ പാപങ്ങളെയും അകൃത്യങ്ങളെയും ഞാനിനി ഓർക്കയുമില്ല" (എബ്രാ. 10:27)*

*"നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു." (1 യോഹ. 1:9)*

1 യോഹന്നാൻ 1:9 ൽ കൊടുത്തിരിക്കുന്ന വാഗ്ദത്തത്തിന്റെ അർത്ഥം നാം അനുതപിച്ച് ഏറ്റുപറയുന്ന പാപങ്ങൾ മാത്രം ദൈവം ക്ഷമിക്കുന്നു എന്നാണ്.

## *വിശ്വസിക്കുക*

അനുതപിക്കുന്നതിനു മുൻപ്, യേശു ആരെന്നും അവൻ നമുക്കായി എന്തു ചെയ്തു എന്നും വിശ്വസിക്കണം എന്ന് വചനം പറയുന്നു.

സുവിശേഷങ്ങളിൽ യേശുവിനെക്കുറിച്ച് 3 വിധങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു: ഇവ നാം വിശ്വസിക്കണം.

1. യേശു ദൈവത്തിന്റെ പുത്രനും ദൈവത്തിന്റെ അഭിഷിക്തനുമായ മിശിഹയുമാണ്,
2. യേശു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചു,
3. മൂന്നാം ദിവസം യേശു മരിച്ചവരുടെയിടയിൽ നിന്ന് ഉയിർത്തെഴുന്നേറ്റു.

ഈ വസ്തുതകളെല്ലാം ബൈബിളിന്റെ വിവിധ ഭാഗങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇവ മൂന്നും 1 കൊരിന്ത്യർ 15:1-6, 23, ൽ ചേർത്ത് നൽകപ്പെട്ടിരിക്കുന്നു. ഇതിനോടനുബന്ധമായി, ഉയർത്തെഴുന്നേറ്റ യേശു അഞ്ഞൂറിലധികം പേർക്ക് പ്രത്യക്ഷനായതുപോലെ, ഇനി യേശുക്രിസ്തുവിനുള്ളവർ അവന്റെ വരവിങ്കൽ ഉയർത്തെഴുന്നേൽക്കുമെന്നും ഊന്നി പറയുന്നു. ഈ വസ്തുതകൾ നാം വിശ്വസിക്കുമെങ്കിൽ ഇതിനെ വിശ്വാസം എന്നു പറയാം. എന്തുകൊണ്ടെന്നാൽ യേശു നമ്മുടെ പാപങ്ങൾക്കുവേണ്ടിയാണ് മരിച്ചത്. നാം സ്പഷ്ടമായി പാപങ്ങളെ യേശുവിനോട് വിശ്വാസത്താൽ ഏറ്റു പറയുമ്പോൾ യേശു അവയെ നമ്മിൽ നിന്ന് മാറ്റും. നാം നമ്മുടെ പാപങ്ങളെ തിരിച്ചറിഞ്ഞ്, അനുതപിച്ച് ഏറ്റു പറയുമ്പോൾ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് യേശുവേപ്പോലാക്കുന്നു. അപ്പോൾ നമുക്ക് അവങ്കൽ നിന്ന് ക്ഷമയും രൂപാന്തരവും ലഭിക്കുന്നു.

## നമ്മുടെ പാപം അംഗീകരിക്കുക

> പാപം വിവേചിക്കുവാനുള്ള എളുപ്പ മാർഗ്ഗം: ആ പ്രവൃത്തി വെളിച്ചത്തിന്റെ രാജ്യത്തിൽ നിന്നാണോ, അന്ധകാര ത്തിന്റെ രാജ്യത്തിൽ നിന്നാണോ ഉത്ഭവിച്ചത്? എന്ന് പരിശോധിക്കുക.

മാനസാന്തരത്തിന്റെ ആദ്യപടി നമ്മുടെ പാപാവസ്ഥ അംഗീകരി ക്കുകയാണ്. 'പാപം ചെയ്യുക' എന്നു പറഞ്ഞാൽ ദൈവത്തിന്റെ നിലവാരം നമ്മിൽ നഷ്ടപ്പെടുക എന്നർത്ഥം. എല്ലായ്പ്പോഴും നമ്മുടെ ചിന്തകളും പ്രവൃത്തികളും യേശുവിന്റേതു പോലെയാണോ എന്ന് പരിശോധിച്ച് നാം മാനസാന്തരപ്പെടേണ്ടത് ആവശ്യമാണ്. വേദ പുസ്തകം പാപമെന്ന് പറയുന്ന പല വിഷയങ്ങളെയും പാപമല്ലാതെ യാണ് മിക്കവാറും ഇന്ന ത്തെ സംസ്കാരം നമ്മെ പഠിപ്പിക്കുന്നത്. ഈ ഗ്രന്ഥത്തിന്റെ അനുബന്ധത്തിൽ മാനസാന്തരത്തിന്റെ പട്ടിക ഉൾക്കൊള്ളുന്ന പുതിയ നിയമത്തിലെ വചനങ്ങളും പാപസംബന്ധമായി സൂചിപ്പിക്കപ്പെടുന്ന പഴയ പുതിയ നിയമ വചനങ്ങളും കൊടുത്തിട്ടുണ്ട്. പുറപ്പാട് 20-ാം അദ്ധ്യായവും ഈ സൂചിപ്പിക്കപ്പെട്ട മാനസാന്തരത്തിന്റെ പട്ടികയുടെ വചനഭാഗങ്ങളും വായിച്ച് ദൈവത്തോട് ചോദിക്കുക: "ദൈവമേ, എന്റെ എല്ലാ പാപമയമായ മനോഭാവങ്ങളും സ്വഭാവങ്ങളും എനിക്ക് വെളി പ്പെടുത്തിത്തരേണമേ."

നമ്മിൽ അനേകരും ദൈവത്തെക്കാളുപരി മറ്റു പലതിനും പ്രാധാന്യം കൊടുക്കുന്നു *(1 യോഹ. 5:21).* നാം മറ്റു പലരേയും ദൈവങ്ങളാക്കി മാറ്റുന്നു. യേശുവിനെക്കാൾ മറ്റുള്ള ചില വ്യക്തികളോ, കുടുംബത്തിലെ അംഗങ്ങളോ, സ്പോർട്സ് താരങ്ങളോ, പാസ്റ്ററോ ഒക്കെ ആരാധനാ മൂർത്തികളായിമാറുന്നു. ദൈവത്തെക്കാൾ പണത്തെയോ ആസ്തിയെയോ സ്നേഹിച്ചിരിക്കാം. നാം ഒരു പക്ഷേ ഒരു വ്യക്തിയെ കാമാർത്തിയോടെ കാണുകയോ ലൈംഗിക ഉത്തേജനം നൽകുന്ന കാര്യങ്ങൾ വീക്ഷിക്കുകയോ ചെയ്തിരിക്കാം. നമ്മുടെ ശാന്തിക്കും, സൗഖ്യത്തിനും, ഉന്നമനത്തിനുമായി യേശു സൗജന്യമായി നൽകുന്ന വിടുത ലിനെക്കാൾ, സാത്താന്യ രാജ്യത്തിനടിമപ്പെട്ട് മന്ത്രവാദം, യോഗ, തുടങ്ങിയ പ്രയത്നങ്ങൾ ചെയ്തിട്ടുണ്ടാകാം. നമ്മെ മാനസികമായി ഉപദ്രവിച്ചവരോട് അക്ഷമ രായി അവരെ അധരം കൊണ്ടും ഹൃദയം കൊണ്ടും വിമർശിക്കുകയും, വിധി ക്കുകയും ചെയ്തിരിക്കാം. നാം ഒരു പക്ഷേ കോപിതരായി, കുടുംബാംഗങ്ങളെയോ, ഭാര്യ യെയോ,

ഭർത്താവിനെയോ, മക്കളെയോ അടിച്ചിട്ടുണ്ടാകാം, പരദൂഷണം പറഞ്ഞിരിക്കാം. പാപപ്രവൃത്തികൾ ഒരു പക്ഷേ, ദൈവം ചെയ്യരുതെന്ന് കൽപ്പിച്ച വിഷയങ്ങളാണെങ്കിൽ കൂടി നമുക്ക് 'നന്മ' ചെയ്യുന്നതായി കാണപ്പെടാം. (ബൈബിൾ പറയുന്നു-ഇവയെല്ലാം തിന്മപ്രവർത്തികൾ (നിർജ്ജീവ പ്രവർത്തികൾ) ആണെന്ന്. *എബ്രാ. 6:1)* ഓർക്കുക എല്ലാ പാപ പ്രവൃത്തികളും പാപമാണ്. എന്നാൽ ഒരു സന്തോഷ വാർത്ത എന്തെന്നാൽ, അനുതാപത്തോടെ ക്ഷമയ്ക്കായി നാം യാചിക്കുമ്പോൾ നമുക്ക് ക്ഷമ നിരസിക്കത്തക്കവണ്ണം ഒരു പാപവും ദൈവത്തിൻ മുൻപിൽ അത്ര വലുതല്ല.

***സാക്ഷ്യം***

***യേശു എന്റെ കുടുംബജീവിതത്തെ നൊടിയിടയിൽ സൗഖ്യമാക്കി***

*"ഞാൻ രക്ഷിക്കപ്പെട്ട ഒരു വ്യക്തിയായിരുന്നെങ്കിലും രക്ഷിക്കപ്പെടാത്ത ഒരു പുരുഷനെ ഞാൻ വിവാഹം കഴിച്ചു. അനേക വർഷങ്ങൾ ഞങ്ങളുടെ വിവാഹ ജീവിതം ദുരിതപൂർണ്ണമായിരുന്നു. അനേക വർഷങ്ങൾക്കുശേഷം, ഒരു രക്ഷിക്കപ്പെടാത്ത വ്യക്തിയെ വിവാഹം കഴിച്ചതിൽ ഞാൻ അനുതപിച്ചു. ദൈവം ചെയ്ത അത്ഭുതം എന്തെന്നു പറയട്ടെ, ഭർത്താവ് തന്റെ പാപത്തെക്കുറിച്ച് ബോധം ഉള്ളവനായി വീണ്ടും ജനിച്ച പൈതലായി മാറി. പെട്ടെന്ന് ദൈവം ഞങ്ങളുടെ കുടുംബ ജീവിതത്തെ പൂർണ്ണമായും സൗഖ്യമാക്കി."*

*"മനുഷ്യനിൽ നിന്ന് പുറപ്പെടുന്നതത്രേ മനുഷ്യനെ അശുദ്ധനാക്കുന്നത്; അകത്തു നിന്ന്, മനുഷ്യരുടെ ഹൃദയത്തിൽ നിന്ന് തന്നേ, ദുശ്ചിന്ത, വ്യഭിചാരം, പരസംഗം, കൊലപാതകം, മോഷണം, അത്യാഗ്രഹം, ദുഷ്ടത, ചതി, ദുഷ്കർമ്മം, വിടക്കുകണ്ണ്, ദൂഷണം, അഹങ്കാരം, മൂഢത എന്നിവ പുറപ്പെടുന്നു. ഈ ദോഷങ്ങൾ എല്ലാം അകത്തു നിന്ന് പുറപ്പെട്ടു മനുഷ്യനെ അശുദ്ധനാക്കുന്നു എന്നു പറഞ്ഞു."* (യേശുവിന്റെ ഉദ്ധരണികൾ *മർക്കോസ് 7:20-23)*

*"ജഢത്തിന്റെ പ്രവൃത്തികളോ, ദുർന്നടപ്പ്, അശുദ്ധി, ദുഷ്കാമം, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദ്വപക്ഷം, ഭിന്നത, അസൂയ, മദ്യപാനം, വെറിക്കൂത്ത് മുതലായവ എന്ന് വെളിവാകുന്നു; ഈ വക പ്രവർത്തിക്കുന്നവർ ആരും ദൈവരാജ്യം അവകാശമാക്കുകയില്ല എന്ന് ഞാൻ മുൻപെ പറഞ്ഞതു പോലെ ഇപ്പോഴും നിങ്ങളോട് മുൻകൂട്ടി പറയുന്നു. ആത്മാവിന്റെ ഫലമോ: സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ,*

*പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയ ജയം; ഈവകയ്ക്കു വിരോധമായി ഒരു ന്യായപ്രമാണവുമില്ല." (ഗലാത്യർ 5:19-23)*

('ക്ഷമിക്കപ്പെടാത്ത' പാപം ഉണ്ട് *(മത്താ. 12:32; 1 യോഹ. 5:16)*, എങ്കിലും ദൈവത്തോടടുക്കുന്നതിനുള്ള മനോഭാവവും ശ്രമവും നമ്മിൽ നിന്ന് ഉണ്ടെങ്കിൽ, ഈ പാപം നമ്മിൽ സംഭവിച്ചിട്ടില്ല.)

ദൈവം പാപത്തെ വെറുക്കുന്നു. നാമും അതു വെറുക്കണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നു. നമ്മുടെ പാപാവസ്ഥയെ തിരിച്ചറിഞ്ഞ് നമ്മിലുള്ള പാപപങ്കിലമായ മനോഭാവങ്ങളെയും സ്വഭാവരീതികളെയും വെറുത്തെങ്കിൽ മാത്രമേ അതിനെ എന്നെന്നേയ്ക്കുമായി നിറുത്തുവാൻ കഴിയുകയുള്ളൂ.

അവനെ വെറുപ്പിച്ചുകൊണ്ട്, അവനിൽ നിന്നും നമ്മെ അകറ്റിക്കൊണ്ടിരിക്കുന്ന നമ്മുടെ പാപങ്ങൾ എന്തു തന്നെയായിരുന്നാലും ദൈവം തന്റെ സ്മരണയുടെ പുസ്തകത്തിൽ നിന്നും അതെല്ലാം മായിച്ചു കളയുന്നതുകൊണ്ട്, തീർച്ചയായും നമുക്കത് വെളിപ്പെടുത്തിത്തരാൻ അവനോട് ചോദിക്കാം.

*"ദൈവമേ, എന്നെ ശോധന ചെയ്തു എന്റെ ഹൃദയത്തെ അറിയേണമേ; എന്നെ പരീക്ഷിച്ചു എന്റെ നിനവുകളെ അറിയേണമേ; വ്യസനത്തിനുള്ള മാർഗ്ഗം എന്നിൽ ഉണ്ടോ എന്നു നോക്കി, ശാശ്വത മാർഗ്ഗത്തിൽ എന്നെ നടത്തേണമേ." (സങ്കീ. 139:23-24)*


നിങ്ങൾക്കു സഹായകരമാകുന്ന ഒരു പ്രാർത്ഥന.

"സ്വർഗ്ഗസ്ഥനായ പിതാവേ, എന്നിൽ നിന്നും നീക്കിക്കളയുവാൻ അങ്ങാഗ്രഹിക്കുന്ന തെറ്റുകളെ എനിക്കു ബോദ്ധ്യം വരുത്തേണമേ."



(അൽപസമയം ദൈവീക ഇടപെടലിന്റെ ചിന്തകളും അനുഭവങ്ങളും ഉണ്ടാകേണ്ടതിനായി ദൈവസന്നിധിയിൽ ധ്യാനിച്ചിരിക്കുക).

# *പാപം ഏറ്റുപറച്ചിൽ*



നമ്മുടെ പാപാവസ്ഥയെക്കുറിച്ച് ബോധ്യം വന്നുകഴിഞ്ഞാൽ ഹൃദയനുറുക്കത്തോടെ ഏറ്റു പറയുവാനും അതിൽ നിന്ന് പിന്തിരിയുവാനും തീരുമാനിക്കണം. നമ്മുടെ ഓർമ്മയിലേക്ക് പഴയ പാപങ്ങൾ കടന്നുവന്നുകൊണ്ടിരിക്കുന്തോറും അവ ഏറ്റു പറഞ്ഞ് ഉപേക്ഷിച്ചുകൊണ്ടിരിക്കണം. **കൃത്യതയോടെ** എടുത്തുപറഞ്ഞ് ചെയ്യുന്നുവെന്ന് ഉറപ്പാക്കുക.


മനുഷ്യർ ചെയ്ത എടുത്തു പറയത്തക്ക അനേക പാപങ്ങളെ ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഉദാ: ദാവീദ് രാജാവ് ചെയ്ത വ്യഭിചാരം, വഞ്ചനാകുറ്റം, കൊലപാതകം മുതലായവ *(2 ശമു. 11, 12 അദ്ധ്യായങ്ങൾ)* ദാവീദ് ചെയ്ത പാപങ്ങൾ എന്തെല്ലാമെന്ന് ദൈവം കൃത്യമായി നാഥാൻ പ്രവാചകനെ അറിയിച്ചു *(2 ശമു. 12:9-10).* അതുപോലെ തന്നെ നാം ചെയ്യുന്ന എല്ലാ പാപങ്ങളും ദൈവത്തിനു അറിയാം. ദൈവത്തിൽ നിന്നും ഒന്നും മറഞ്ഞിരിക്കുന്നില്ല. നമ്മുടെ ഹൃദയത്തിൽ ചിന്തിക്കുന്നതും ചെയ്യുന്നതുമെല്ലാം ദൈവം അറിയുന്നു. നമ്മെ കുറിച്ച് എല്ലാം കൃത്യമായി അറിയുന്നവനും പാപപരിഹാരത്തിന്റെ ഉത്തരവാദിത്വം എടുക്കുന്നവനുമായ പരിശുദ്ധ ദൈവത്തിന്റെ മുമ്പിൽ നാം സത്യസന്ധതയോടെ അടുത്തു ചെല്ലണം *(വെളി. 2:23b).*

നമ്മുടെ പാപങ്ങളെ ഏറ്റു പറയുമ്പോൾ നാം ദൈവത്തോട് നിരപ്പ് പ്രാപിക്കുകയും ദൈവമുമ്പിൽ തെറ്റുകൾ തുറന്ന് സമ്മതിക്കുകയും ചെയ്യുന്നു. ഏറ്റു പറയുന്ന പാപം സ്പഷ്ടവും കൃത്യവും ആയിരിക്കണം. നാം സ്പഷ്ടമായി സ്വരമുയർത്തി പറയുമ്പോഴാണ് അത് ഏറ്റു പറച്ചിലാകുന്നത്. ഇല്ലെങ്കിൽ അത് ഒരു മൗനധ്യാനം മാത്രം ആയിരിക്കും. മൗനമായി ആരെങ്കിലും പാപം ഏറ്റു പറഞ്ഞതായി ബൈബിളിൽ കാണുന്നില്ല. *"യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റു പറയുകയും..." (റോമ. 10:9-10)* ഉച്ചത്തിൽ ഏറ്റു പറയുന്നതിലൂടെ ദൈവശക്തി നമ്മിലേക്ക് പകരപ്പെടുകയാണ്.

നാം ഏറ്റു പറയാത്ത പാപങ്ങൾ ക്ഷമിക്കുമെന്ന് ദൈവം ഒരിക്കലും വാഗ്ദത്തം ചെയ്യുന്നില്ല. "*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു **എങ്കിൽ** അവൻ നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു." (1 യോഹ. 1:9* - ൽ ഇത് ഉറപ്പിച്ച് പറയുന്നു. *സദൃശ്യ. 28:13*)

*“അതുകൊണ്ട് കരുണ ലഭിപ്പാനും തൽസമയത്ത് സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിന് അടുത്ത് ചെല്ലുക.” (എബ്രാ. 4:16)*

# രൂപാന്തരത്തിനായും ക്ഷമയ്ക്കായും ദൈവത്തോട് അപേക്ഷിക്കുക



പാപം ഏറ്റു പറഞ്ഞ് കഴിയുമ്പോൾ അത് ക്ഷമിച്ച് തരുവാൻ ദൈവത്തോട് നമുക്കപേക്ഷിക്കാം. നമ്മെയും നാം നിമിത്തം അശുദ്ധരാക്കപ്പെട്ടവരേയും ശുദ്ധീകരിക്കുവാൻ നമുക്കപേക്ഷിക്കാം *(1 യോഹ. 1:9)*. നമ്മെ ഏതെങ്കിലും നിലയിൽ ഉപദ്രവിച്ചവരോട് നാം ക്ഷമിക്കണം. ഇല്ലെങ്കിൽ ക്ഷമിക്കുവാനുള്ള കൃപയ്ക്കായി നാം ദൈവത്തോട് അപേക്ഷിക്കണം. രൂപാന്തരത്തിനായും യേശുവിനെപ്പോലെ ആകുവാനും ഞാൻ ആഗ്രഹിക്കുന്നുവെന്നും നാം ദൈവത്തോട് പറയണം. തുടർന്ന് യേശുവിനെ കൂടുതൽ ആഴമായി ഹൃദയത്തിലേക്ക് വരുവാൻ ക്ഷണിക്കുകയും അവന്റെ പരിശുദ്ധാത്മാവ് നമ്മെ പൂർണ്ണമായി നിറയ്ക്കേണ്ടതിനും അപേക്ഷിക്കുക.

**പാപം ചെയ്തിട്ടുണ്ടെന്ന് മനസ്സിലായെങ്കിൽ ഉപയോഗിക്കേണ്ട പ്രാർത്ഥനാഗൈഡ്**

- തെറ്റായി പ്രവർത്തിച്ചതെന്താണോ അത് ഏറ്റുപറയുക (സ്പഷ്ടമായി).
- ദൈവീക ക്ഷമയ്ക്കായി ആത്മാർത്ഥമായി അപേക്ഷിക്കുക, നിങ്ങളുടെയും മറ്റുള്ളവരുടെയും ശുദ്ധീകരണത്തിനും, രൂപാന്തരത്തിനും വേണ്ടി ദൈവീക സഹായം ചോദിക്കുക.
- തെറ്റുകൾ എങ്ങനെ തിരുത്തണമെന്നുള്ള വഴികൾ കാണിച്ചു തരേണ്ടതിനായി ദൈവത്തോട് ചോദിക്കുക.
- യേശുവിനെ നിങ്ങളുടെ ഹൃദയത്തിലേയ്ക്ക് വീണ്ടും ക്ഷണിക്കുകയും പരിശുദ്ധാത്മാവിനാൽ നിറയപ്പെടേണ്ടേതിനായി പ്രാർത്ഥിക്കുകയും ചെയ്യുക.

ദൈവത്തോട് കൂടുതൽ അടുക്കുന്നതിന് സഹായകരമാകുന്ന അനുതാപത്തിന്റെ ഒരു മാതൃകാ പ്രാർത്ഥന താഴെ കൊടുത്തിരിക്കുന്നു. നമ്മുടെ സ്വന്തം വാക്കുകളിൽ പ്രാർത്ഥിക്കുന്നതാണ് എപ്പോഴും നല്ലത്. കാരണം അത് നമ്മുടെ ഹൃദയത്തിൽ നിന്നും വരുന്ന വാക്കുകളാണല്ലോ.

**അനുതാപത്തിന്റെ പ്രാർത്ഥന**



"സ്വർഗ്ഗസ്ഥനായ പിതാവേ, ഞാൻ തെറ്റു ചെയ്തു എന്ന് ഏറ്റു പറയുന്നു. ഞാൻ... *(ഇപ്പോൾ നിങ്ങൾ ചെയ്ത തെറ്റ് സ്വരമുയർത്തി* ***സ്പഷ്ടമായി*** *ദൈവത്തോട് ഏറ്റു പറയുക. ഓരോ സംഭവവും അവനോട് വിവരിക്കുമ്പോൾ സത്യസന്ധതയോടെ അത് ചെയ്യുക.)* പാപം ആയതുകൊണ്ട് ഞാൻ ഇതിനെ ഉപേക്ഷിക്കുന്നു. ഞാൻ തെറ്റിപ്പോയിരിക്കുന്നു. ഈ തെറ്റിൽ നിന്നും പിൻതിരിഞ്ഞ് നിന്നിലേക്ക് വരുവാൻ ഞാൻ ആഗ്രഹിക്കുന്നു."

"ദയവായി എന്നോട് ക്ഷമിച്ച് യേശുവിന്റെ രക്തത്താൽ കഴുകേണമേ. ഞാൻ രൂപാന്തരം ആഗ്രഹിക്കുന്നു. എന്നെ രൂപാന്തരപ്പെടുത്തി ഒരു പുതു ഹൃദയം എന്നിൽ നൽകേണമേ. എന്റെ പാപത്തിന്റെ അനന്തരഫലം എന്നെയും മറ്റുള്ളവരെയും അലട്ടിയതിന് അറുതി വരുത്തേണമേ. ഞാൻ വേദനിപ്പിച്ചവരെ അനുഗ്രഹിച്ചു പ്രാർത്ഥിക്കുന്നു."

"അങ്ങ് അവരെ അനുഗ്രഹിക്കേണമേ. പരീക്ഷയിൽ കടത്താതെ ദുഷ്ടനിൽ നിന്നും വിടുവിക്കേണമേ. നന്ദി, യേശുവിൻ നാമത്തിൽ തന്നെ ആമേൻ."

അനുതാപത്തിന്റെ പ്രാർത്ഥന കഴിഞ്ഞ ശേഷം താഴെക്കൊടുത്തിരിക്കുന്ന തിരുവചനഭാഗം പ്രാർത്ഥനയായി ചൊല്ലുക.

**പാപക്ഷമയുടെ ഉറപ്പ്**

1 യോഹ. 1:8-10 വാക്യങ്ങൾ ഉറച്ചു ചൊല്ലുക.
"വചനം പറയുന്നത് പോലെ കർത്താവേ അങ്ങ് പാപം ഏറ്റു പറയുന്നവരോട് ക്ഷമിപ്പാൻ വിശ്വസ്തനും നീതിമാനും ആകയാൽ നന്ദി പറയുന്നു. ഇപ്പോൾ ഞാൻ ക്ഷമിക്കപ്പെട്ടിരിക്കുന്നു. പാപം ക്ഷമിച്ചുതന്നതിനാൽ നന്ദി. യേശുവിൻ നാമത്തിൽ തന്നെ. ആമേൻ."

ദൈവം ക്ഷമിക്കുമ്പോൾ പാപത്തെ നമ്മുടെ ഹൃദയത്തിൽ നിന്നും എടുത്തുകളയുന്നു. അപ്പോൾ ക്രിസ്തുവിനും പരിശുദ്ധാത്മാവിനും വസിപ്പാനുള്ള ഒരു സ്ഥലം ഹൃദയത്തിലൊരുക്കപ്പെടും. നാം ക്ഷണിക്കാതെ യേശുവും പരിശുദ്ധാത്മാവും ഹൃദയത്തിലേക്ക് വരികയില്ല *(വെളി. 3:20)*. അകത്തു നിന്ന് മാത്രം 'പിടി'യുള്ള (handle) വാതിൽ പോലെയാണ് നമ്മുടെ ഹൃദയം. അത് നമുക്ക് മാത്രമേ തുറക്കുവാൻ കഴിയു. നാം യേശുവിനെയും പരിശുദ്ധാത്മാവിനെയും ആത്മാർത്ഥമായി ക്ഷണിച്ചാൽ തീർച്ചയായും അവർ വന്ന് നമ്മിൽ വസിക്കും *(കൊലൊ. 1:27)*. എത്രമാത്രം നാം യേശുവിനെപ്പോലെ ആകുമോ അത്രയധികം പരിശുദ്ധാത്മ ഫലം നമ്മിൽ വെളിപ്പെടും *(ഗലാത്യ. 5:22)*. ഇത് ഒരു "ആത്മീയ ശ്വസിക്കൽ" പോലെയാണ് നമ്മിൽ നിന്ന് പാപവും സ്വാർത്ഥതയും ഒഴിവാക്കപ്പെടുമ്പോൾ യേശുക്രിസ്തുവും പരിശുദ്ധാത്മാവും ദൈവസ്നേഹവും കൂടുതലായി നമ്മിൽ വസിക്കും *(റോമ. 5:5b)*.

***സാക്ഷ്യം***

***അനുതാപത്തിന് ശേഷം യേശു എന്നെ സൗഖ്യമാക്കി***

*"നടുവേദനയുള്ള ഒരു മനുഷ്യനുവേണ്ടി ഞാൻ പ്രാർത്ഥിക്കുകയായിരുന്നു. ഞാൻ ആത്മാവിൽ നടുവേദന മാറിപ്പോകട്ടെ, അസ്ഥികളെല്ലാം കൂടിച്ചേരട്ടെ സൗഖ്യമുണ്ടാകട്ടെ" എന്ന് കല്പിച്ചു. ചില മിനിട്ടുകൾക്കുള്ളിൽ നടുവേദനപോയി. പക്ഷെ, തോളിൽ വേദന ഉണ്ടായിരുന്നു. തോൾ വേദന മാറാൻ ഞാൻ പ്രാർത്ഥിക്കാൻ ആരംഭിച്ചു. ഞാൻ അദ്ദേഹത്തോട് ചോദിച്ചു. "നിങ്ങളെ വേദനിപ്പിച്ച ആരോടെങ്കിലും ക്ഷമിക്കുവാനായി ഉണ്ടോ?" ഇല്ല എന്ന് മറുപടി പറഞ്ഞു. "പക്ഷെ, എന്നിലുള്ള പാപമാകും" എന്ന് അദ്ദേഹം പറഞ്ഞു. ഞാൻ ചോദിച്ചു: "എന്ത് പാപം?" ആ മനുഷ്യൻ തുറന്ന മനസ്സോടെ വ്യക്തമായി താൻ ചെയ്ത വ്യഭിചാരക്കുറ്റം ഏറ്റുപറഞ്ഞ് അനുതപിച്ചു. അനുതപിക്കുവാനും യേശുവിനെ അദ്ദേഹത്തിന്റെ ഹൃദയത്തിലേക്ക് കൊണ്ടു വരുവാനും ഞാൻ സഹായിച്ചു. ഉടൻ തന്നെ അദ്ദേഹത്തിന്റെ ഉള്ളിൽ ഒരു ദിവ്യ സമാധാനം അനുഭവപ്പെടുകയും തോൾ വേദന സമ്പൂർണ്ണമായി സൗഖ്യമാവുകയും ചെയ്തു."*

ഓർക്കുക; രൂപാന്തരമൊരിക്കലും നാം തന്നെ നമ്മുടെ ശ്രമങ്ങൾ കൊണ്ട് വരുത്തുന്നതല്ല. നമുക്ക് കഴിയുകയുമില്ല. ഇത് നാം ദൈവത്തെ നമ്മിലേക്ക് ക്ഷണിച്ച് കഴിയുമ്പോൾ അവൻ ചെയ്യുന്നതാണ്.

## ഒരു ആത്മീയനോട് ചേർന്നുള്ള പ്രാർത്ഥന

അനുതാപത്തിന്റെ പ്രാർത്ഥന ചൊല്ലിയിട്ടും പാപത്തിന്റെ മേൽ ജയം ഇല്ലായെങ്കിൽ പാപത്തിന്റെ 'വേര്' പറിഞ്ഞുപോകത്തക്കവണ്ണം യഥാർത്ഥമായി അനുതപിച്ചില്ല എന്നർത്ഥം. ഏറ്റവുമധികം ആശ്രയിക്കാൻ കൊള്ളാവുന്ന ഏതെങ്കിലും ആത്മീയനായ ഒരു പ്രാർത്ഥനാ സഹകാരിയോട് ചേർന്ന് പ്രാർത്ഥിക്കുക. അദ്ദേഹത്തിന് നിങ്ങളുടെ പാപത്തിന്റെ വേര് പിഴുത് എടുക്കുന്നതിന് സഹായിക്കാൻ കഴിയും. അങ്ങനെ നിങ്ങളുടെ പാപത്തെക്കുറിച്ചും മറ്റുള്ളവരെ വേദനിപ്പിച്ച സംഭവങ്ങളെക്കുറിച്ചും അനുതപിക്കുവാൻ ഇടയാകും. പ്രാർത്ഥനാ ശുശ്രൂഷകനായ സഹകാരിക്കും നിങ്ങൾക്കും ഒരുമനപ്പെട്ട് പ്രാർത്ഥിച്ച് *(മത്തായി 18:19-20)* ഈ വിഷയത്തിൽ ദൈവം ക്ഷമിച്ചു എന്ന് ഉറപ്പിക്കാൻ കഴിയും. കാരണം, അപ്പോൾ ഹൃദയത്തിനൊരു സ്വാതന്ത്ര്യവും പ്രകാശവും ആഴമായി അനുഭവിക്കാൻ കഴിയും.

മറ്റൊരു വ്യക്തിക്കുവേണ്ടി ശുശ്രൂഷിക്കുമ്പോൾ അവരെ ഓർപ്പിക്കേണ്ട ഒരു സുപ്രധാന കാര്യം "ദൈവം ഒരിക്കലും പാപം വീണ്ടും ഓർക്കുന്നില്ല" എന്ന വാഗ്ദത്തമാണ്.


*"ഞാൻ അവരുടെ അകൃത്യം മോചിക്കും. അവരുടെ പാപം ഇനി ഓർക്കയുമില്ല. എന്ന് യഹോവയുടെ അരുളപ്പാട്" (യിര. 31:34b; എബ്രാ. 8:12, 10:17).* യഥാർത്ഥമായി മാനസാന്തരപ്പെട്ട വ്യക്തിക്ക് വീണ്ടും പാപങ്ങളെക്കുറിച്ചുള്ള കുറ്റബോധമോ പഴയ പാപചിന്തകളോ, മനസിലേക്ക് വരികയില്ല. ക്ഷമിക്കപ്പെട്ടു എന്ന് കൃത്യമായി ഉറപ്പായിരിക്കും *(1 യോഹ. 1:8-10, 5:15; കൊലൊ. 1:21-23a).*

## മാനസാന്തര അനുഭവത്തെ പ്രദർശിപ്പിക്കുക

അനുതപിച്ചു മാനസാന്തരപ്പെട്ടു കഴിയുമ്പോൾ ഇത് തുടർന്ന് പ്രദർശിപ്പിച്ചു കൊണ്ടിരിക്കണം. ഇതിനർത്ഥം മാനസാന്തരത്തിനു യോഗ്യമായ ഫലം പ്രവർത്തിയിലൂടെ വെളിപ്പെടുത്തണം എന്നാണ് *(മത്താ. 3:8)*. പഴയ പാപം വീണ്ടും നമ്മെ അധീനപ്പെടുത്തുന്ന അനുഭവം ഉണ്ടാകാതെ ദൈവത്തിങ്കലേക്ക് തിരിയണം. വീണ്ടും പാപത്തിന്റെ ചിന്തകളോ, വാക്കുകളോ, പ്രവർത്തികളോ ഉണ്ടാകാതെ വീണ്ടും വീണ്ടും നാം അനുതപിച്ചുകൊണ്ടിരിക്കണം. പാപത്തിനുള്ള അവസരം വരുമ്പോൾ ***അത് വിട്ട് യേശുവിങ്കലേക്ക് തിരിഞ്ഞ്*** അവന്റെ സഹായത്തിനായി അപേക്ഷിക്കണം. പാപം എത്രപ്രാവശ്യം സംഭവി

ച്ചാലും യേശു ക്ഷമിക്കുന്നവനാണെന്ന് വിശ്വസിച്ച് അനുതാപത്തോടെ അടുത്തു ചെല്ലുകയാണ് ആവശ്യം. കാരണം, അവന്റെ വാഗ്ദത്തം '*ഉവ്വ്*' എന്നും '*ആമേൻ*' എന്നുമാണ് *(2 കൊരി. 1:20).* ദൈവം ക്ഷമി ക്കാതിരിക്കയില്ല.

## *പുനഃസ്ഥാപിക്കൽ (പരിഹാരക്രിയ)*



പാപം എപ്പോഴെല്ലാം സംഭവിക്കുന്നു ണ്ടോ അതിനോടനുബന്ധിച്ച് അനന്തരഫ ലവും ഉണ്ടായിക്കൊണ്ടിരിക്കും. ഉദാഹര ണത്തിന്, ഒരാളെ നാം വേദനിപ്പിച്ചത് നിമിത്തം അനുതപിച്ച് ക്ഷമ ചോദിച്ചാലും വേദന വീണ്ടും ഉള്ളിൽ തങ്ങി നിൽക്കാം. ചിലപ്പോൾ ഇങ്ങനെയുള്ള സന്ദർഭങ്ങ ളിൽ ചില പരിഹാരക്രിയകൾ ദൈവം നമ്മോട് ആവശ്യപ്പെടുന്നു *(സംഖ്യ. 5:6–8a).* മോഷണമാണെങ്കിൽ നാം അതി നെക്കുറിച്ച് അനുതപിക്കുക മാത്രമല്ല, അത് തിരിച്ചു കൊടുക്കുവാനും ഒരു പക്ഷെ, പലി ശയോടെ നൽകുവാനും നാം തയ്യാറാക ണം ഉദാ. സക്കായി *(ലൂക്കോ. 19:8).* ഒരു വ്യക്തിയോട് നാം മനസ്സലി വില്ലാതെ പെരുമാറിയെങ്കിൽ ഇപ്പോൾ മുതൽ നാം മനസ്സലിവുള്ളവ രായി മാറണം. സന്ദർഭോചിതമായി ആ തെറ്റിനെക്കുറിച്ച് അവരോട് ഏറ്റുപറഞ്ഞ് ക്ഷമിക്കലിനും രമ്യപ്പെടലിനുമായി ശ്രമിക്കണം.

നമ്മുടെ രാജ്യത്തിന്റെ നിയമങ്ങൾക്ക് വിരോധമായ തെറ്റുകൾ ആണെങ്കിൽ പ്രാർത്ഥിച്ച് ദൈവസന്നിധിയിൽ അതിന്റെ പ്രതിക്രിയ ചെയ്യണം. പിന്നീട് അധികാരികളുടെ മുന്നിൽ അത് ഏറ്റ് പറയണം. നിയമം അതിന്റെ വഴിയ്ക്കു നീങ്ങട്ടെ *(റോമ. 13:1–7).*

**സാക്ഷ്യം**

**എന്റെ സാമ്പത്തിക പാപത്തെ യേശു ഏറ്റെടുത്തു**

*"അനേക വർഷങ്ങൾക്ക് മുമ്പ് എന്റെ ഒരു ജോലിക്കാരനോട് സാമ്പത്തികത്തിൽ ഒരു തിരിമറി കാണിച്ചു. അതിനെക്കുറിച്ച് അനുതപിച്ചെങ്കിലും പരിഹാര ക്രിയ ചെയ്തിരുന്നില്ല. ഇതിനെക്കുറിച്ച് തികഞ്ഞ ബോധ്യത്തോടെ ഭർത്താവുമൊരുമിച്ച് ഈ പണം നൽകണമോ എന്ന ചോദ്യത്തോടെ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ ഭർത്താവ് ഇങ്ങനെയൊരു വചനം പ്രതിവചിക്കുന്നതായി ഹൃദയത്തിൽ കേട്ടു; "എനിക്ക് കടമുള്ളത് തിരിച്ചു നൽകുക" (സക്കായിയെപ്പോലെ) ഇതിനെക്കുറിച്ച് ഞങ്ങൾ ആശയക്കുഴപ്പത്തിലായി. എന്നാൽ പിന്നീട് അക്ഷരാർത്ഥത്തിൽ എന്റെ പാപം വഹിക്കുന്ന യേശു ആ പണം ജോലിക്കാരന് നൽകിക്കൊണ്ട് യേശുവിന് വേണ്ടി പരിഹാരക്രിയ ചെയ്യുവാൻ ആവശ്യപ്പെടുകയാണെന്ന് എനിക്ക് മനസ്സിലായി. ചെയ്തതിനെക്കുറിച്ച് അനുതപിച്ച് അവരുടെ ക്ഷമയ്ക്കായി ഒരു കത്ത് ഞാൻ അവർക്കെഴുതി. മാത്രമല്ല, എത്ര പണം ഞാൻ തിരിമറി നടത്തിയോ പലിശ സഹിതം ഞാൻ അവർക്ക് അത് അയച്ചുകൊടുത്തു. അവരുടെ മറുപടി ഇങ്ങനെയായിരുന്നു: 'നന്ദി. താമസിച്ചെങ്കിലും സത്യസന്ധത കാണിച്ചല്ലോ.' "*

# ക്ഷമിക്കുക

*"നിങ്ങൾ മനുഷ്യരോട് പിഴകളെ ക്ഷമിക്കാഞ്ഞാലോ, നിങ്ങളുടെ പിതാവ് നിങ്ങളുടെ പിഴകളെയും ക്ഷമിക്കയില്ല." (മത്താ. 6:14-15)*

നാം ദൈവവുമായി നമ്മുടെ ഹൃദയത്തെ നേരായ ദിശയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് 'പാപക്ഷമ' (forgiveness) എന്ന തന്റെ കൃപാദാനം നമുക്ക് വാഗ്ദാനം ചെയ്യുന്നത് *(റോമ. 5:15-16)*. സുവിശേഷം ക്ഷമയുടെ സന്ദേശമാണ്. ക്ഷമയും കരുണയും ദൈവ സ്വഭാവത്തിന്റെ ഭാഗമാണ്. നാം പാപം ഏറ്റു പറയുമ്പോൾ ദൈവം ക്ഷമിച്ച് പാപത്തിൽ നിന്നും നമ്മെ ശുദ്ധീകരിക്കുന്നു *(1 യോഹ. 1:8-10)*. അപ്പോൾ നാം നമുക്ക് അർഹതയില്ലാത്തതെങ്കിലും ഒരു പുതിയ ഉയർന്ന തലത്തിലേക്ക് ഉയർത്തപ്പെടുന്നു. ഇവിടെ നാം ദൈവവുമായി നിരപ്പാകുന്നു. ഈ തലത്തെ 'കൃപയുടെ തലം' എന്ന് വിളിക്കുന്നു[3].

***സാക്ഷ്യം***

***ഹൃദയത്തിൽ നിന്നും ക്ഷമിക്കുവാൻ യേശു എന്നെ സഹായിച്ചു***

*"ഒരു സ്നേഹിതൻ ഒറ്റിക്കൊടുത്തതിനാൽ ഞാൻ ജയിലിലായി. ഇത് നിമിത്തം എന്റെ കുടുംബം, കുടുംബബന്ധങ്ങൾ, ജോലി, സമൂഹത്തിലെ അംഗീകാരം എല്ലാം നഷ്ടമായി. ആ സ്നേഹിതനെ ഞാൻ വെറുത്തു. എന്റെ ഉള്ളിൽ അവനോട് അത്യന്തം കൈയ്പുണ്ടായിരുന്നു. ഞാൻ ജയിലിൽ നിന്നും വിടുവിക്കപ്പെട്ട ശേഷം കണ്ടുമുട്ടിയ ചില ക്രൈസ്തവ സഹോദരങ്ങൾ അത്യന്തം ഉപദ്രവിച്ചവനോട് ക്ഷമിക്കണം എന്ന് ഓർപ്പിക്കയുണ്ടായി. ക്ഷമിക്കുവാൻ ഞാൻ വളരെയധികം ആവർത്തിച്ചു ശ്രമിച്ചു. കഴിഞ്ഞില്ല. ഒരിക്കൽ, ക്ഷമിക്കുവാൻ എന്നെ സഹായിക്കണേ എന്ന് കർത്താവിനോട് അപേക്ഷിച്ചു. മിനിട്ടുകൾക്ക് അകം ഞാൻ വായ് വിട്ട് ഉറക്കെ പറഞ്ഞു. ഞാൻ അവനോട് ക്ഷമിച്ചു എന്ന്. ഉടനെ ഞാൻ അത് ഹൃദയത്തിൽ അറിയുകയും വ്യത്യസ്തനായി കാണപ്പെടുകയും ചെയ്തു. ഉടൻ തന്നെ നഷ്ടപ്പെട്ടുപോയ എന്റെ മകളുമായുള്ള ബന്ധം പുനഃസ്ഥാപിക്കുന്ന നിലയിൽ അവളെ സന്ദർശിക്കുന്ന ഒരു ദർശനം കണ്ടു. ആ ദർശനം സഫലമായി. ഇന്നു ഞങ്ങൾ നിരന്തരം സംസർഗത്തിലാണ്."*

[3] *John and Carol Arnott: Grace and Forgiveness, 2009, New Wine Ministries. With permission.*

## *മറ്റുള്ളവരോട് ക്ഷമിക്കുക*


ഈ 'കൃപയുടെ തലത്തിൽ' നിലനിൽക്കണമെങ്കിൽ നമ്മെ വേദനിപ്പിച്ചവരോട് നാം തുടർമാനമായി ക്ഷമിക്കണം. യേശുവാണ് നമ്മുടെ മാതൃക. യേശു തന്റെ കൊലയാളികളോട് പോലും ക്ഷമിച്ചു *(ലൂക്കൊ. 23:34).* നമ്മുടെ മാതൃകാ പുരുഷനായ യേശു തന്നോട് അവർ ചെയ്തുകൊണ്ടിരുന്ന ഉപദ്രവം നിർത്തുന്നതിനുവേണ്ടി കാത്തിരിക്കുകയോ ഉപദ്രവിച്ചവർ തന്നോട് ക്ഷമ ആവശ്യപ്പെടുകയോ ചെയ്തിട്ടല്ല അവരോട് ക്ഷമിച്ചത്. ആ കൃത്യം (താഴ്ത്തിക്കെട്ടൽ, കൊലപാതകം) ചെയ്തുകൊണ്ടിരിക്കുമ്പോൾ തന്നെ അവൻ അവരോട് ക്ഷമിച്ചു. ആയതിനാൽ നാമും യേശുവിനെപ്പോലെ ആകേണ്ടതിന് അവന്റെ മാതൃക പിന്തുടരേണ്ടതാണ്.

> ***സാക്ഷ്യം***
>
> ***യേശു എന്നെ സ്വതന്ത്രനാക്കി***
>
> *"എന്നോട് സംസാരിക്കുവാൻ കൂട്ടാക്കാതിരുന്ന ആളുകളോട് എന്റെ ഹൃദയത്തിൽ വച്ചുകൊണ്ടിരുന്ന കയ്പ് ഞാൻ എടുത്ത് കളഞ്ഞപ്പോൾ ക്ഷമിക്കുവാൻ ഞാൻ ശക്തനായി തീർന്നു. യേശു എന്നെ വിടുവിച്ച് സ്വതന്ത്രനാക്കി."*

നാം ഹൃദയത്തിൽ നിന്ന് ക്ഷമിക്കാതിരിക്കുമ്പോൾ 'കൃപയുടെ തലത്തിൽ' നിന്നും 'നീതിന്യായത്തിന്റെ' തലത്തിലേക്ക് താഴ്ന്ന് പതിക്കപ്പെടുകയാണ്. ഈ തലത്തിൽ നമ്മുടെ പാപത്തിന് അനുയോജ്യമായത് നാം പ്രാപിക്കുകയും ചെയ്യും. എന്ന് പറഞ്ഞാൽ നാം ക്ഷമിക്കാതിരിക്കുമ്പോൾ കൃപയാൽ ലഭ്യമാകേണ്ട പല നന്മകളും നമുക്ക് നഷ്ടമാകും. പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കയില്ല. രോഗസൗഖ്യം നിഷേധിക്കപ്പെടുകയും ചെയ്യാം *(യാക്കോ. 5:16).* ഇതിനെക്കാൾ വലിയ അനന്തരഫലങ്ങൾ ഉണ്ടാകാം *(മത്താ. 6:15).* "നീതിയുടെ തലം" എപ്പോഴും, നാം ചെയ്യുന്നതനുസരിച്ച് ഫലം തരുന്നതാണ്. *(യോഹ. 3:36)* തെറ്റുചെയ്താൽ അതിന്റെ ഫലം. നീതി ചെയ്താൽ അതിന്റെ ഫലം. ഒരു പക്ഷെ മത്തായി. 18:23-35 വരെ വായിക്കുന്നത് പ്രകാരം മറ്റുള്ളവരോട് ക്ഷമിക്കാത്ത ദാസനെ ദണ്ഡിപ്പിക്കുന്നവരുടെ കയ്യിൽ ഏൽപ്പിച്ചതുപോലെ ക്ഷമ നാം ശീലിച്ചില്ലെങ്കിൽ ദൈവം നമ്മെയും ദണ്ഡിപ്പിക്കുന്നവരുടെ (പിശാചുക്കളുടെ) കയ്യിൽ ഏൽപ്പിക്കാൻ സാധ്യതയുണ്ട്. നമ്മെ വേദനിപ്പിച്ചവരോട് നാം എല്ലായ്പ്പോഴും ക്ഷമിക്കുകയാണെങ്കിൽ 'കൃപയുടെ തലത്തിൽ ജീവിക്കുവാൻ സാധിക്കും.' മറ്റുള്ളവരോട് കരുണ കാണിക്കുന്നവർക്ക് കരുണ ലഭിക്കും. (ഉദാ.

കൊർന്നല്യോസ് അപ്പൊ: 10) ഇതാണ് നാം "വിതയ്ക്കുന്നത് തന്നെ കൊയ്യും" എന്ന നിയമത്തിന്റെ ക്രിയാത്മകമായ വശം.

മറ്റുള്ളവരോട് ക്ഷമിക്കണമെങ്കിൽ നാം തീരുമാനിക്കണം. അപ്പോൾ അത് ചെയ്യുവാനായി ദൈവം നമ്മെ ശക്തീകരിക്കും. സമ്പൂർണ്ണമായി ക്ഷമിക്കാൻ നമ്മെ ശക്തീകരിക്കുന്നത് ദൈവ ശക്തിയാണ്. എന്നാൽ നാം ക്ഷമിച്ചേ മതിയാകൂ. ആഴമായ മുറിവുകൾ വേദനകൾ മിക്കവാറും ആവശ്യപ്പെടുന്നത് പലപ്രാവശ്യം ആ വ്യക്തിയോട് ക്ഷമിക്കണമെന്നാണ്. ക്ഷമിക്കുവാനായി നാം പ്രാർത്ഥിച്ചുതുടങ്ങുമ്പോൾ തന്നെ സമ്പൂർണ്ണമായി ക്ഷമിക്കുവാൻ നമുക്ക് കഴിഞ്ഞെന്നു വരികയില്ല. ഇതൊരു പ്രക്രിയയാണ്. ഒരു ഉള്ളിയുടെ തോൽ പലപ്രാവശ്യം ഉരിഞ്ഞുകളഞ്ഞ് വൃത്തിയാക്കുന്നതു പോലെ ക്ഷമയുടെ പ്രക്രിയ



ആവർത്തിക്കപ്പെടണം. നാം അവരോട് ക്ഷമിച്ചു എന്ന് ക്രമേണ നാം തിരിച്ചറിയും. ആ സമയം നമ്മുടെ വേദനയുടെ അളവ് കുറയുകയും വേദനിപ്പിച്ച വ്യക്തിയെ കാണുകയോ ഓർക്കുകയോ ചെയ്യുമ്പോൾ അതിനെ കുറിച്ച് വ്യാകുലമോ മാനസിക സംഘർഷമോ ഉണ്ടാകുകയുമില്ല. അങ്ങനെ 'കൃപയുടെ തലത്തിലേക്ക്' മടങ്ങിവരികയും ചെയ്യും.

*"അപ്പോൾ പത്രോസ് അവന്റെ (യേശു) അടുക്കൽ വന്നു. 'കർത്താവേ, സഹോദരൻ എത്ര വട്ടം എന്നോട് പിഴച്ചാൽ ഞാൻ ക്ഷമിക്കണം? 7 വട്ടം മതിയോ' എന്ന് ചോദിച്ചു, യേശു അവനോട്: '7 വട്ടമല്ല എഴ് എഴുപത് വട്ടം എന്ന് ഞാൻ നിന്നോട് പറയുന്നു എന്ന് പറഞ്ഞു.' " (മത്താ. 18:21–22)*

ഇത് ദൈവം നമുക്ക് തന്നിരിക്കുന്ന നിലവാരമാണ് (standard). എന്തുകൊണ്ടെന്നാൽ ഇത് ദൈവത്തിന്റെ നിലവാരമാണ്. നാം എത്രയോ പ്രാവശ്യം തെറ്റ് ചെയ്യുകയും ദൈവത്തോട് ക്ഷമചോദിക്കുകയും ചെയ്യുന്നു. അപ്പോഴെല്ലാം അവൻ ക്ഷമിക്കുകയും ചെയ്യുന്നു. അതുപോലെ തന്നെ മറ്റുള്ളവർ നമ്മോട് തെറ്റുചെയ്യുമ്പോൾ കൂടെ കൂടെ ക്ഷമിക്കേണ്ടി വന്നാലും നാം അത് ചെയ്യണം.

ഒരു വ്യക്തി നമ്മെ വേദനിപ്പിക്കുമ്പോൾ പ്രതികരിച്ചാൽ നാമും തെറ്റു ചെയ്യുന്നു. ഉദാഹരണത്തിന്, ആ വ്യക്തി ഒരു വിഢ്ഢി എന്ന് നാം വിധിച്ചതോ അവരോട് കോപം പുലർത്തുകയോ ചെയ്യുന്നത്

പാപത്തിന്റെ വഴികളാണ്. നാം ഇതിനെക്കുറിച്ച് അനുതപിച്ച് മാനസാന്തരപ്പെടണം. ഈ വേദനപ്പിക്കുന്ന അനുഭവങ്ങൾ നീതിയോ നല്ലതോ ആയിരിക്കയില്ലെങ്കിലും ദൈവമാണ് ഇതിനെ വിധിക്കുന്നത് എന്ന കാര്യം നാം അംഗീകരിച്ച് ഇതെല്ലാം മറക്കുവാൻ ശ്രമിക്കണം. നാം നമ്മെ വേദനിപ്പിച്ച വ്യക്തികളോട് വീണ്ടും കൂടിച്ചേരുവാൻ ആഗ്രഹിക്കുമ്പോൾ നാം ജീവിക്കുന്ന 'ദൈവകൃപയുടെ' തലത്തിൽ നിന്നും 'ദൈവനീതിയുടെ' തലത്തിലേക്ക് നമ്മെ തന്നെ താഴ്ത്തി സമർപ്പിച്ചുകൊണ്ട് വരുകയാണ്. നാം കൃത്യമായും ക്ഷമിച്ചോ എന്നറിയാൻ നാം അവരെ ഹൃദയത്തിൽ നിന്ന് അനുഗ്രഹിക്കുകയും അവർ ആ അനുഗ്രഹം പ്രാപിച്ചു എന്നുള്ള സന്തോഷം നമുക്കുണ്ടോ എന്നും പരിശോധിച്ചാൽ മതി. യേശു പറഞ്ഞു: "*നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിപ്പിൻ" (ലൂക്കൊ. 6:28).*

> ആരോടെങ്കിലും നാം ക്ഷമിച്ചുവെന്ന് തുറന്ന് പറയുന്നത് പൊതുവായ ബുദ്ധിയല്ല. നാം ക്ഷമിച്ചു എന്ന് പറയുമ്പോൾ ഒന്നാമതായി അവർ തെറ്റു ചെയ്തുവെന്ന് സമർത്ഥിക്കുകയാണ്, അത് അവർക്ക് ഇഷ്ടപ്പെടാത്ത കാര്യമാണ്. രണ്ടാമതായി നിങ്ങൾ ഒരുവിശുദ്ധനാണന്നോ, അവരെക്കാൾ ശ്രേഷ്ഠനാണെന്നോ ഉള്ള ചിന്ത അവരെ അലട്ടാം. നിങ്ങളുടെ ഇഷ്ടക്കേട് മാറി എന്ന് അവരെ അറിയിക്കുവാൻ പലവഴികളുണ്ട്, അതുകൊണ്ട് നിങ്ങൾ അങ്ങനെ പറയേണ്ടതേയില്ല.
>
> (Agnes Sanford,
> Creation Waits, 1977)

***സാക്ഷ്യം***

***യേശു എന്റെ ബിസിനസ്സിനെ സൗഖ്യമാക്കി***

*"എന്റെ ബിസിനസ്സിൽ ഞാൻ ഒരു വിഷമസ്ഥിതിയിൽ ആയി, കാരണം ഞാൻ ചെയ്തു കൊടുത്ത എന്റെ ജോലിക്ക് അനുസരിച്ച് എനിയ്ക്ക് പണം തന്നില്ല. എനിക്കും എന്റെ കുടുംബത്തിനും സാമ്പത്തികമായി ബുദ്ധിമുട്ടുണ്ടായി. ഉപജീവനത്തിന് ഒന്നുമില്ലാത്ത സ്ഥിതിയായി. എന്നാൽ എന്റെ പാസ്റ്റർ ഞാൻ ക്ഷമിക്കേണ്ടതിന്റെ ആവശ്യകത കാണിച്ചു തന്നു. അവർ കടംപ്പെട്ടിരുന്ന പണം പോലും വിട്ടുകളയുക എന്നത് വളരെ വിഷമം പിടിച്ച ശ്രമം ആയിരുന്നു. ഞങ്ങൾ വല്ലാത്തപ്രതിസന്ധിയിലായി. ഇത് വേണ്ടായിരുന്നു എന്ന് തോന്നിപ്പോയി. എന്നിട്ടും ഞാൻ അവരോട് ക്ഷമിച്ചു. ചില നാളുകൾ കഴിഞ്ഞപ്പോൾ ദൈവം എനിക്ക് കൃത്യസമയത്ത് പണം നൽകുന്ന നല്ല ചിലരെ ബന്ധപ്പെടുത്തി തന്നു..."*

ചുരുക്കത്തിൽ നാം 'ഒരു വ്യക്തിയോട് ക്ഷമിക്കുക' എന്ന് പറഞ്ഞാൽ, നാം ആ വ്യക്തിയെ പൂർണ്ണമായും ആശ്രയിക്കണമെന്നോ, ആ വ്യക്തിയുമായി സംബന്ധം പുലർത്തണമെന്നോ നിർബന്ധമില്ല. കാലക്രമേണ അത് സംഭവിക്കാം എന്നിരുന്നാലും ദൈവം നമ്മോട് പറയുന്നത് മനുഷ്യരേക്കാൾ നാം ദൈവത്തിൽ ആശ്രയിക്കണമെന്നാണ്. സങ്കീ. 118:8-ൽ പറയുന്നു: *'മനുഷ്യനിൽ ആശ്രയിക്കുന്നതിനേക്കാൾ യഹോവയിൽ ആശ്രയിക്കുന്നത് നല്ലത്'.* യേശുപോലും എല്ലാവരെയും ആശ്രയിച്ചിരുന്നില്ല *(യോഹ. 2:24-25).* എങ്കിലും അവൻ നമ്മോട് കൽപ്പിച്ചിരിക്കുന്നത് നാം അന്യോന്യം സ്നേഹിക്കുക, വിശേഷാൽ ശത്രുക്കളെയും സ്നേഹിക്കുക എന്നാണ് *(മത്താ. 5:44-46).*

യേശു ക്ഷമയെക്കുറിച്ച് വിശദീകരിക്കുമ്പോൾ മിക്കവാറും സാമ്പത്തിക കടങ്ങളെക്കുറിച്ചും ആ കടം വീട്ടുന്നതിനെക്കുറിച്ചുമാണ് പറഞ്ഞിരുന്നത് *(മത്താ. 18:23-35).* അവൻ ക്രൂശിന്മേൽ മരിച്ചപ്പോൾ *"സകലവും നിവൃത്തിയായി"* എന്നു പറഞ്ഞു *(യോഹ. 19:30).* ഈ പദം അക്കാലത്ത് ഉപയോഗിച്ചിരുന്നത് 'തീർക്കാൻ പറ്റാത്ത ഒരു സാമ്പത്തിക കടം പൂർണമായും കൊടുത്തു തീർത്തു' എന്ന അർത്ഥത്തിലാണ്. മറ്റൊരു തരത്തിൽ പറഞ്ഞാൽ യേശു പറഞ്ഞത് നമ്മുടെ എല്ലാ പാപങ്ങളുടെയും കടം യേശു പൂർണമായും കൊടുത്തു തീർത്തു എന്നാണ്. നാം അനുഭവിക്കേണ്ടിയിരുന്ന ശിക്ഷ അവൻ എടുത്തു. യേശു നമുക്കുവേണ്ടിചെയ്തത് ഓർക്കുമ്പോഴാണ് നമ്മോട് തെറ്റ് ചെയ്തവരോട് നാം ക്ഷമിക്കുന്നതു എത്ര പ്രാധാന്യമുള്ളതാണ്, എന്ന് തിരിച്ചറിഞ്ഞു അതിനെ പ്രോത്സാഹിപ്പിക്കുന്നത്.

ചിലപ്പോൾ ചില ആളുകൾ ചിന്തിക്കുന്നത് ആരെങ്കിലും അവരെ വേദനിപ്പിക്കുകയോ, ഉപദ്രവിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അവരോടു ക്ഷമിക്കേണ്ട ആവശ്യം ഇല്ല എന്നാണ്. ആ തെറ്റുകൾ മോഷ്ടിച്ചതോ, സ്ഥലം കയ്യേറിയതോ, ലൈംഗീകമായി പീഢിപ്പിക്കപ്പെട്ടതോ അങ്ങനെ പലതും ആകാം. എന്നാൽ ഇവിടെ പീഢിപ്പിക്കപ്പെട്ട ആളുടെ പ്രതികരണം കാര്യഗ്രാഹ്യത്തോടു കൂടെ ആയതുകൊണ്ട് ബൈബിൾ പറയുന്നു: എത്ര വലിയ വേദനയായിരുന്നാലും ആ അനീതി ചെയ്തവരോട് നാം ക്ഷമിക്കണം *(മത്താ. 6:14-15; എഫെ. 4:31-32; 1 കൊരി. 6:7).*

ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ ക്ഷമിക്കുന്നത് എളുപ്പമല്ല. സമ്പൂർണ്ണമായി ക്ഷമിക്കുന്നതിന് അല്പം കൂടുതൽ സമയം എടുത്താലും

**നിങ്ങൾ ഒരാളോട് ക്ഷമിക്കുവാൻ ഉദ്ദേശിക്കുന്നെങ്കിൽ ചില പ്രാർത്ഥനാ നിർദ്ദേശങ്ങൾ**

- നിങ്ങളെ ഉപദ്രവിച്ചവർ എങ്ങനെ ഏതു വിധം വേദനിപ്പിച്ചുവെന്ന് ദൈവത്തോട് പറയുക. (സ്പഷ്ടതയോടും കൃത്യതയോടും കൂടെ ആയിരിക്കണം)
- അങ്ങനെയുള്ളവരോട് ക്ഷമിക്കുവാൻ തീരുമാനിക്കുക. (നിങ്ങൾക്കത് സ്വയം സാധിക്കുന്നില്ലെങ്കിൽ ദൈവത്തിന്റെ സഹായം ചോദിക്കുക).
- വേദനിപ്പിച്ചവരോടുള്ള മോശമായ പ്രതികരണങ്ങൾ ഏറ്റു പറയുക.
- അവരെ അനുഗ്രഹിച്ച് പ്രാർത്ഥിക്കുക, ദൈവത്തോട് അവരെ അനുഗ്രഹിക്കവാൻ അപേക്ഷിക്കുക.
- യേശുവിനെ നിങ്ങളുടെ ഹൃദയത്തിലേക്ക് വീണ്ടും വരുവാൻ ക്ഷണിക്കുക, പരിശുദ്ധാത്മാവിനെ പൂർണമായും നിങ്ങളുടെ ഹൃദയത്തിൽ നിറയുവൻ അപേക്ഷിക്കുക.

ദൈവത്തിന് മാത്രമേ നമ്മെ സഹായിക്കുവാൻ കഴിയൂ. നാം ക്ഷമിക്കുന്നവരോട് പെട്ടെന്ന് സുഹൃത്ത് ബന്ധം പുലർത്തിയില്ലെങ്കിലും നാം ഹൃദയത്തിൽ നിന്ന് ക്ഷമിച്ചേ മതിയാകൂ.

ഇപ്പോൾ നിങ്ങൾ ആരെങ്കിലും നിങ്ങളോട് ചെയ്ത തെറ്റുകൾ ക്ഷമിക്കാതെ ഇനിയുമുണ്ടെങ്കിൽ പരിശുദ്ധാത്മാവിനെ നിങ്ങളിലേക്ക് ക്ഷണിച്ച് കുറച്ച് സമയം അവന്റെ സന്നിധിയിൽ ചില വഴിക്കുവാനായി തീരുമാനിക്കുക. അല്ലെങ്കിൽ നിങ്ങൾ ഇങ്ങനെയുള്ള സാഹചര്യങ്ങളോട് പ്രതികരിച്ചത് തെറ്റായ നിലയിലാണെന്ന് ദൈവത്തോട് ഏറ്റു പറയുക. ഇത് നിങ്ങളുടെ എല്ലാ വേദനകളെയും (ചിന്തയിലും പ്രാർത്ഥനയിലും) കൃത്യതയോടെ തുറന്ന് പറഞ്ഞ് അവർ നിങ്ങളോട് കടപ്പെട്ടിരിക്കുന്നതിനെ ക്ഷമിക്കുവാൻ സഹായിക്കും. (ഉദാ. പണസംബന്ധമായത്/മാനസംബന്ധമായത്) അവർ നിങ്ങളോട് കടപ്പെട്ടിരിക്കുന്നതിനെ മായ്ച്ചുകളയുക.

നിങ്ങൾ ഇത്രയും ചെയ്തു കഴിഞ്ഞാൽ ഈ പ്രാർത്ഥന ഉറച്ച് ചൊല്ലുക.

**മറ്റുള്ളവരോട് ക്ഷമിക്കുന്നതിനുള്ള പ്രാർത്ഥന**



‘‘പ്രിയ സ്വർഗ്ഗീയ പിതാവേ, എന്നോട് തെറ്റുകൾ ചെയ്തവരോട് ക്ഷമിക്കുവാൻ എന്നെ സഹായിക്കേണമേ. ഞാൻ... (നിങ്ങൾ ക്ഷമിക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തിയുടെ പേര് പറയുക) എന്നോട് ചെയ്ത എല്ലാ തിന്മകളെയും തെറ്റുകളെയും ക്ഷമിക്കുവാൻ തീരുമാനിക്കുന്നു. (അവർ ചെയ്ത തെറ്റെന്താണെന്ന് കർത്താവിനോട് സ്പഷ്ടമായി തുറന്ന് പറയുക, ഉദാ: നിന്ദിച്ചതോ, വിമർശിച്ചതോ, അവഗണിച്ചതോ ആയിരിക്കാം.) അവർ ചെയ്ത സകല തെറ്റുകളുടെ കടങ്ങളെയും എന്നോട് ക്ഷമ ചോദിക്കാതിരിക്കുന്ന കടത്തെയും ഞാൻ വിട്ടുകളയുന്നു.”

“പിതാവേ, അവർ ചെയ്ത തെറ്റുകളോടുള്ള എന്റെ പ്രതികരണം മോശമായതിൽ ഞാൻ ഖേദിക്കുന്നു. (കോപം, ശപിച്ചത്, കയ്പ്പു വച്ച് പുലർത്തിയത് എല്ലാം **വ്യക്തതയോടെ** കർത്താവിനോട് തുറന്ന് പറയുക). എന്റെ എല്ലാ പാപമയമായ പ്രതികരണങ്ങളെയും ഞാൻ നിർത്തുവാൻ ആഗ്രഹിക്കുന്നു. എന്നെ രൂപാന്തരപ്പെടുത്തേണമേ. എന്നോട് ക്ഷമിച്ച്, എനിക്കൊരു ശുദ്ധഹൃദയം നൽകേണമേ. ഈ പാപപ്രവർത്തികളുടെ പരിണിത ഫലങ്ങളിൽ നിന്ന് എന്നെ വിടുവിക്കേണമേ.”

“നന്ദി നാഥാ, ഇപ്പോൾ ഞാൻ അവരോട് ക്ഷമിച്ചിരിക്കുന്നു. ഞാൻ അവരെ (നിങ്ങൾ അനുഗ്രഹിക്കാൻ ആഗ്രഹിക്കുന്നവരുടെ പേര് പറയുക.) അനുഗ്രഹിച്ച് പ്രാർത്ഥിക്കുന്നു. പിതാവേ, അങ്ങും അവരെ അനുഗ്രഹിക്കേണമേ. യേശുവിന്റെ നാമത്തിൽ തന്നെ ആമേൻ.”

നിങ്ങളോടു തെറ്റ് ചെയ്തവരോട് നിങ്ങൾ പൂർണമായും ക്ഷമിക്കുന്നതുവരെ നിങ്ങളുടെ സ്വന്തം വാക്കുകളിൽ പ്രാർത്ഥന തുടരുക.

# നമ്മോടു തന്നെ ക്ഷമിക്കേണ്ട ആവശ്യം

കഴിഞ്ഞ കാലങ്ങളിൽ നാം ചെയ്ത തെറ്റുകളെക്കുറിച്ച് അനുതപിച്ച് നമ്മോടു തന്നെ ക്ഷമിക്കുവാൻ നമുക്ക് സാധിക്കും. ചില തെറ്റുകൾ വളരെ മോശപ്പെട്ടതായിരിക്കാം. എങ്കിലും ദൈവം നമ്മോട് ക്ഷമിച്ചത് പോലെ നാമും നമ്മോട് ക്ഷമിക്കുവാൻ പഠിക്കണം. കാരണം തെറ്റുകൾ സംഭവിച്ച വേദനയുടെ സന്ദർഭങ്ങളിലും വിഢ്ഡി ആക്കപ്പെട്ട നിമിഷങ്ങളിലും നാം നമ്മെ തന്നെ പഴിചാരി കുറ്റപ്പെടുത്തിയിരുന്നു. നിങ്ങൾ ഏതെങ്കിലും മേഖലകളിൽ ക്ഷമിക്കപ്പെടേണ്ടതുണ്ടെങ്കിൽ അത് വെളിപ്പെടുത്തി തരാൻ പരിശുദ്ധാത്മാവിനെ നിങ്ങളുടെ ഹൃദയത്തിലേക്ക് ക്ഷണിക്കുക. (ശാന്തമായിരുന്ന് ഇതിനെക്കുറിച്ച് ചിന്തിക്കുക.)

നിങ്ങൾ ഒരുങ്ങിക്കഴിയുമ്പോൾ ഈ പ്രാർത്ഥന നിങ്ങൾക്ക് ഉറച്ച് ചൊല്ലുവാൻ സാധിക്കും.

**തന്നോടു തന്നെ ക്ഷമിക്കുന്നതിനുള്ള പ്രാർത്ഥന**



"പ്രിയ സ്വർഗ്ഗീയ പിതാവേ, അങ്ങ് എന്നോട് ക്ഷമിച്ച് ഞാൻ ചെയ്ത എല്ലാ തെറ്റുകളെയും എന്നോട് തന്നെ ക്ഷമിക്കുവാൻ എന്നെ സാഹായിക്കേണമേ. (പാപങ്ങൾ **സ്പഷ്ടമായി** ദൈവത്തോട് തുറന്ന് പറയുക.) ഞാൻ എന്നോടു തന്നെ ക്ഷമിക്കുന്നു. ഇനി ഞാനൊരിക്കലും എന്നെ തന്നെത്താൻ പഴിക്കുകയില്ല. എനിക്കൊരു മാറ്റം ആവശ്യമാണ്. എന്നെ രൂപാന്തരപ്പെടുത്തേണമേ. ഞാൻ എന്നെ അനുഗ്രഹിക്കുവാൻ തീരുമാനിക്കുന്നു. അങ്ങും എന്നെ അനുഗ്രഹിക്കേണമേ. നന്ദി, യേശുവിന്റെ നാമത്തിൽ തന്നെ ആമേൻ."

ഈ സമയം എന്തൊക്കെ യേശുകർത്താവ് നിങ്ങൾക്ക് വെളിപ്പെടുത്തി തരുന്നുവോ അതെല്ലാം നിങ്ങളുടെ സ്വന്തം വാക്കുകളിൽ പറഞ്ഞ് പ്രാർത്ഥന തുടരുക.

# *നാം ദൈവത്തെ പഴിചാരുമ്പോൾ*

*"മനുഷ്യന്റെ ഭോഷത്വം അവന്റെ വഴിയെ മറിച്ചു കളയുന്നു, അവന്റെ ഹൃദയമോ യഹോവയോട് മുഷിഞ്ഞ് പോകുന്നു." (സദൃ. 19:3)*

ചിലപ്പോൾ ഏതെങ്കിലും തിന്മയുടെ അനുഭവങ്ങൾ നമുക്കു നേരിടുമ്പോൾ നാം ദൈവത്തെ കുറ്റപ്പെടുത്താറുണ്ട്. നാം ചെയ്ത പാപത്തിനോ തിന്മയ്ക്കോ ദൈവം ഉത്തരവാദിയല്ല. ദൈവം തിന്മ യൊന്നും നമുക്ക് ചെയ്യാറുമില്ല. ദൈവം നല്ലവനാകുന്നു. അവന്റെ ദയ നിത്യമാണ്. നമുക്കോ നമ്മുടെ ബന്ധുക്കൾക്കോ എന്തെങ്കിലും തിന്മ സംഭവിക്കുമ്പോൾ നാം ദൈവത്തോട് കോപിക്കാറുണ്ട്. (മരണമോ, അപകടമോ ആകാം) ഇങ്ങനെയുള്ള വിഷയങ്ങളിൽ നാം ദൈവത്തെ പഴിചാരിയതിന് നമ്മോട് ക്ഷമിക്കേണ്ടതിനായി നാം പ്രാർത്ഥിക്കണം.

നിങ്ങൾ ഏതെങ്കിലും വിഷയങ്ങളിൽ ദൈവത്തെ പഴിചാരിയിട്ടു ണ്ടെങ്കിൽ അത് വെളിപ്പെടുത്തി തരാൻ പരിശുദ്ധാത്മാവിനെ നിങ്ങ ളുടെ ഹൃദയങ്ങളിലേക്ക് ക്ഷണിക്കുക. (ഈ ചിന്തയോടെ അല്പ സമയം ദൈവ മുമ്പിൽ ഇരിക്കുക.)

നിങ്ങൾ ഒരുങ്ങിക്കഴിയുമ്പോൾ ഈ പ്രാർത്ഥന നിങ്ങൾക്ക് ഉറച്ച് ചൊല്ലുവാൻ സാധിക്കും.

**ദൈവത്തെ കുറ്റപ്പെടുത്തിയതിൽ നിന്നുമുള്ള അനുതാപ പ്രാർത്ഥന**



"കർത്താവായ ദൈവമേ, എന്റെ ജീവിത സാഹചര്യങ്ങ ളിൽ സംഭവിച്ച തിന്മകൾ നിമിത്തം ഞാൻ തെറ്റായി നിന്നെ കുറ്റ പ്പെടുത്തിയിട്ടുണ്ട്. *(ദൈവത്തെ കുറ്റപ്പെടുത്തിയ വിഷയങ്ങൾ **സ്പഷ്ടമായി** തുറന്ന് പറയുക.)* പിതാവേ, എന്നോട് ക്ഷമിക്കേ ണമേ. ഇനി ഒരിക്കലും ഞാൻ നിന്നെ കുറ്റപ്പെടുത്തുകയില്ല. ഞങ്ങൾക്ക് ഏറ്റവും നല്ലതെന്തെന്ന് അങ്ങ് അറിയുന്നു. അത് ഞാൻ അംഗീകരിക്കുന്നു. നന്ദി, യേശുവിൻ നാമത്തിൽ തന്നെ ആമേൻ."

ഇപ്പോൾ ഏതെല്ലാം വിഷയങ്ങളിൽ നിങ്ങൾ ദൈവത്തെ പഴിചാ രിയോ അതെല്ലാം നിങ്ങളുടെ സ്വന്തം വാക്കുകളിൽ പൂർണമായും പറഞ്ഞ് തീരും വരെ പ്രാർത്ഥന തുടരുക.

# ആഴമായ അനുതാപവും പാപക്ഷമയും

പാപത്തിൽ നാം വീഴുന്നതിന് അനേക കാരണങ്ങൾ ഉണ്ട്. അതിലൊന്ന് നമ്മുടെ അജ്ഞതയാണ്. അതുകൊണ്ടാണ് നാം ബൈബിൾ വായിക്കുകയും അത് നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകത നിർബന്ധമായിരിക്കുന്നത്. അനുബന്ധത്തിൽ അനുതപിക്കേണ്ട വിഷയങ്ങളുടെ പട്ടിക കൊടുത്തിട്ടുണ്ട്. അടുത്ത അഞ്ച് അദ്ധ്യായങ്ങളിൽ അനുതാപത്താലും ക്ഷമയാലും മാറ്റിയെടുക്കേണ്ട ചില സാധാരണ ബന്ധനങ്ങളെക്കുറിച്ച് വിശദീകരിക്കപ്പെടുന്നു. ഇങ്ങനെയുള്ള ബന്ധനങ്ങൾ നമ്മുടെ ജീവിതത്തെ ബാധിച്ചിട്ടുണ്ടോ? എന്ന് നാം പ്രാർത്ഥനാപൂർവ്വം പരിശോധിക്കണം. കാരണം ആ വിഷയങ്ങൾ വിജയകരമായ ക്രിസ്തീയ ജീവിതത്തിൽ നിന്നും നമ്മെ തടയും.

***സാക്ഷ്യം***

***സത്യസന്ധനായ ഒരു സുഹൃത്തായിരിപ്പാൻ യേശു എന്നെ സഹായിച്ചു***


*"എന്റെ ഏറ്റവും അടുത്ത ഒരു സുഹൃത്തും ഞാനും വളരെ കൂടുതൽ സമയം ഒരുമിച്ച് ചെലവഴിച്ചിരുന്നു. പലപ്പോഴും അവൾ എന്റെ കൂടെ കൂടുതൽ സമയം ചെലവഴിക്കണമെന്ന് എനിക്ക് നിർബന്ധമുണ്ടായിരുന്നതുകൊണ്ട് വീട്ടിൽ നിന്നും എന്റെ അടുത്തേക്ക് വരാൻ പറഞ്ഞുകൊണ്ടിരുന്നു. എന്നാൽ സുഹൃത്തിന് വീട്ടിൽ നിന്നും ഇറങ്ങിവരാൻ പറ്റാത്ത പല കാര്യങ്ങൾ ഉള്ളതുകൊണ്ട് ഞാൻ അവളുടെ സാഹചര്യം മനസ്സിലാക്കുന്നില്ല എന്ന് അവൾ പരാതി പറഞ്ഞു. ദൈവീകമല്ലാത്ത ആത്മബന്ധനങ്ങളെക്കുറിച്ചുള്ള ഉപദേശം ലഭിച്ചപ്പോഴാണ് ഞാൻ ശരിക്കും മനസ്സിലാക്കിയത് – യേശുവിനേക്കാൾ ഉപരി ഞാൻ അവൾക്കാണ് പ്രധാന്യം കൊടുത്തതെന്ന്. ഞാൻ എന്റെ തെറ്റിനെക്കുറിച്ച് അനുതപിച്ചു. എന്റെ ദൈവീകമല്ലാത്ത ആത്മബന്ധനങ്ങൾ ഞാൻ മുറിച്ച് മാറ്റി. യേശു ഞങ്ങളെ രണ്ട് പേരെയും സ്വതന്ത്രരാക്കി. ഇപ്പോൾ ഞങ്ങൾക്ക് ഒരു നല്ല സുഹൃത്ത്ബന്ധം ഉണ്ട്."*

***സാക്ഷ്യം***

*ബാഡ്മിന്റൺ കളി എന്റെ വിഗ്രഹമായിരുന്നു. ഞാൻ സ്പോർട്സിൽ വളരെ വ്യാപൃതനായിരുന്നു. എനിക്ക് അവധിയുള്ള സമയങ്ങളിലും ആഴ്ചയിൽ 6 രാത്രികളിലും ഞാൻ കളിയിൽ വ്യാപൃതനായിരുന്നു. പള്ളിയിൽ പോകുന്നത് ഞാൻ ഉഴപ്പി. വേദപുസ്തകം വായിക്കുവാനോ പ്രാർത്ഥിക്കുവാനോ ഞാൻ ഉത്സാഹം കാണിച്ചിരുന്നില്ല. എനിക്ക് ജലസ്നാനം സ്വീകരിക്കണമെന്ന ആഗ്രഹം ഞാൻ പാസ്റ്ററോട് പറഞ്ഞപ്പോൾ അദ്ദേഹം എന്നെ വിലക്കി. യേശുവിന് മുൻതൂക്കം കൊടുക്കാതെ സ്നാനപ്പെടുത്തുവാൻ സാധ്യമല്ല എന്നു പറഞ്ഞു. പിന്നീട് ബാഡ്മിന്റൺ എന്റെ വിഗ്രഹമായിരുന്നുവെന്ന് എനിക്കു മനസിലായി. ഞാൻ അനുതപിച്ചു കളിയിലെ വ്യഗ്രതയും സമയവും കുറയ്ക്കുവാനും യേശുവിന് മുഖ്യസ്ഥാനം കൊടുക്കുവാനും ഇടയായി.*

## ദൈവീകമല്ലാത്ത ആത്മബന്ധനങ്ങളിൽനിന്നുള്ള വിടുതൽ

*"അവർ ഏക ദേഹമായ് തീരും." (ഉല്പ. 2:24; മത്താ. 19:5)*



രണ്ട് വ്യക്തികൾ കൂടുതൽ അടുത്ത് സാമൂഹിക പരമായോ ആത്മീക പരമായോ ഇടപഴകുമ്പോൾ അദൃശ്യമായ ചില ബന്ധങ്ങളോ ബന്ധനങ്ങളോ രൂപപ്പെട്ട് അവരെ ശാരീരികമായും, മാനസികമായും, ആത്മീകമായും പരസ്പരം ബന്ധിപ്പിക്കുന്നു. നാം ഇടപഴകുന്ന വ്യക്തിയുടെ 'ചിത്രം' സാഹചര്യങ്ങൾ, സന്ദർഭങ്ങൾ നമ്മുടെ തലച്ചോറിൽ പതിഞ്ഞിട്ട് അത് നമ്മുടെ ഓർമയിലോ, ജീവിതത്തിലോ തങ്ങി നിന്ന് ഇങ്ങനെയുള്ള ബന്ധങ്ങളോ, ബന്ധനങ്ങളോ ശക്തിപ്പെടുന്നു.

ഈ ഓർമകൾ നമുക്ക് നന്മയ്ക്കായ് ഉതകുന്ന ദൈ വീക ബന്ധങ്ങളെ കൂട്ടി ഇണക്കുവാൻ ഉതകുന്ന ബന്ധങ്ങളെ സൃഷ്ടിക്കുന്നതായി കാണപ്പെടുന്നു. എന്നാൽ നാം പ്രേമം, വിവാഹേതര ലൈംഗീക ബന്ധങ്ങൾ, ലൈംഗിക വൈകൃതങ്ങളെ സ്വപ്നത്തിലെന്നപോലെ മനസ്സിൽ ആസ്വദിക്കുക *(മത്താ. 5:27–28; 2 പത്രൊ. 2:18–19; യൂദാ 8).* തുടങ്ങിയ പാപ ബന്ധങ്ങളിൽ ഏർപ്പെടുമ്പോൾ ദൈവീകമല്ലാത്ത ബന്ധനങ്ങൾ രൂപപ്പെട്ടിട്ട് സാത്താൻ നമ്മെ തകർക്കുന്നതിന് കാരണമാകുകയും ചെയ്യും.

അതുപോലെതന്നെ ഭയം, അമിത നിയന്ത്രണം, എന്നിവ എവിടെ ഉണ്ടോ, അവിടെ ദൈവീകമല്ലാത്ത ബന്ധനങ്ങൾ രൂപപ്പെടും. സാത്താൻ ഈ ദൈവീകമല്ലാത്ത ബന്ധനങ്ങൾ നിമിത്തം നമ്മെ സ്വാധീനിച്ച് തെറ്റായ വഴിയിലൂടെ മറ്റുള്ളവരെ ഒതുക്കികളയുവാൻ ഉപയോഗിക്കും. ഇത്തരത്തിലുള്ള ദൈവീകമല്ലാത്ത ബന്ധനങ്ങൾ പലകുടുംബങ്ങളിലും മറ്റനേക ബന്ധങ്ങളിലും കാണപ്പെടുന്നു.

***സാക്ഷ്യം***

***ദൈവീകമല്ലാത്ത അമിത നിയന്ത്രണത്തിൽ നിന്നും യേശു എന്നെ സ്വതന്ത്രനാക്കി***

*"മക്കളെ വളരെ നന്നായി പരിപാലിക്കുന്ന ഒരു അമ്മയുടെ ശിക്ഷണത്തിലാണ് ഞാൻ വളർന്നു വന്നത്. ചില വർഷങ്ങൾക്കു മുമ്പ് വീട് വിട്ട് ജോലിക്കായി മറ്റൊരു സ്ഥലത്തേക്ക് പോയി. എന്നാൽ എന്റെ അമ്മ എന്റെ ഈ തീരുമാനത്തിന് എതിരായിരുന്നു. എന്റെ മനസ്സിനെ മാറ്റിയെടുക്കുവാൻ അമ്മ പല വഴികളിലൂടെ ശ്രമിച്ചു. എന്നെ ബുദ്ധിപരമായി സ്വാധീനിച്ച് തന്റെ നിയന്ത്രണത്തിൽ നിറുത്തുവാനുള്ള ശ്രമമാണിതെന്ന് എനിക്ക് മനസ്സിലായി. എനിക്ക് തന്നെ സ്വന്തമായ തീരുമാനം എടുക്കാൻ അനുവദിക്കാതെ തന്റെ ഹിതം എന്നിൽ അടിച്ചേൽപ്പിക്കുകയായിരുന്നു. നീ പോയാൽ ഞാൻ ചത്തുകളയും എന്ന് അവർ എന്നോട് പറഞ്ഞു: പിന്നീട്, ഈ ദൈവീകമല്ലാത്ത നിയന്ത്രണം ഒരു മന്ത്രവാദത്തിന് തുല്യമാണെന്ന് എനിക്ക് മനസ്സിലായി. ഞാൻ അമ്മയോട് ക്ഷമിച്ചു. അതുവരെ വ്യാപരിച്ചിരുന്ന ദൈവീകമല്ലാത്ത ബന്ധനം ഞാൻ മുറിച്ചുകളഞ്ഞു. ഉടൻ തന്നെ യേശു എന്നെ വിടുവിച്ചതിന്റെ വ്യത്യാസം ഞാൻ അനുഭവിച്ചറിഞ്ഞു."*

*"ദുഷ്ടന്റെ അകൃത്യങ്ങൾ അവനെ പിടിക്കും. തന്റെ പാപപാശങ്ങളാൽ (പാപ ബന്ധനങ്ങളാൽ) അവൻ പിടിപെടും." (സദൃ. 5:22)*



വിവാഹേതര ലൈംഗീക ബന്ധങ്ങൾ, ലൈംഗികോത്തേജക ഫിലിമുകൾ കാണുക, പ്രേമബന്ധങ്ങൾ എന്നിവയിൽ നിന്നുള്ള മാന സാന്തരത്തിന് ശേഷമോ അല്ലെങ്കിൽ നമ്മെ വേദനപ്പിച്ചവരോട് ക്ഷമി ച്ചതിന് ശേഷമോ നമുക്ക് എല്ലാ ദൈവീകമല്ലാത്ത ബന്ധങ്ങളും ബന്ധ നങ്ങളും യേശുവിന്റെ അധികാരമുള്ള നാമത്തിൽ തകർക്കുവാനായി ദൈവത്തോട് പ്രാർത്ഥിക്കാം. ഈ ബന്ധനങ്ങൾ അഥവാ കെട്ടുകൾ ശാരീരികമോ മാനസികമോ ആത്മീകമോ ആയി മറ്റുള്ളവരോട് പുലർ ത്തുന്നത് ആകാം. പാപവുമായി നമ്മെ മറ്റുള്ളവരോട് ബന്ധിച്ച എല്ലാ കാര്യങ്ങളിൽ നിന്നും അതിന്റെ ഓർമ്മകളിൽ നിന്നും നമ്മെ സ്വത ന്ത്രരാക്കുവാൻ കർത്താവിനോട് അപേക്ഷിക്കാം. ഇത് വ്യക്തിപരമായും കൃത്യതയോടും ചെയ്യണം. അപ്പോൾ ചിലർക്ക് ഇത്തരം ബന്ധങ്ങൾ മുറിക്കപ്പെടുമ്പോൾ സ്വാതന്ത്ര്യമനുഭവപ്പെടുകയും വികാരങ്ങളെ ആഴ മായി സ്പർശിക്കപ്പെടുകയും ചെയ്യും.

*"യഹോവ നീതിമാനാകുന്നു. അവൻ ദുഷ്ടന്മാരുടെ കയറുകളെ അറുത്ത് കളഞ്ഞിരിക്കുന്നു." (സങ്കീ. 129:4)*

*"ദൈവത്തിന്റെ വചനം ജീവനും ചൈതന്യവും ഉള്ളതായി ഇരു വായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതും പ്രാണ നേയും ആത്മാവിനെയും സന്ധി മജ്ജകളെയും വേർവിടുവിക്കും വരെ തുളച്ച് ചെല്ലുന്നതും ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു." (എബ്രാ. 4:12)*

നമ്മുടെ കുടുംബക്കാരുമായോ അടുത്ത സ്നേഹിതരുമായോ ഉള്ള ദൈവീകമല്ലാത്ത ആത്മബന്ധനങ്ങൾ നാം മുറിച്ചു മാറ്റുമ്പോൾ തുടർന്ന് അവരെ സ്നേഹിക്കരുതെന്നോ, അവർക്ക് വേണ്ടി പ്രാർത്ഥിക്കരു തെന്നോ അർത്ഥമില്ല. ഇവിടെ ശത്രുവിന് നമ്മുടെ മേലുള്ള അധി കാരം തകർക്കപ്പെടുകയാണ്. വീണ്ടും, നമ്മെ അന്ധകാരത്തിലേക്ക് വലിച്ച് ഇഴയ്ക്കാൻ അവന് സാധ്യമല്ല.

പുറപ്പാട് 20:3-6 ൽ അന്യ ദൈവങ്ങളെയോ, വിഗ്രഹങ്ങളെയോ, ഒരു വ്യക്തിയെയോ ആരാധിക്കുന്നത് ദൈവം വിലക്കിയിരിക്കുന്നു. അത് ചെയ്യുന്നത് നിമിത്തമുള്ള പരിണിത ഫലം ഇവിടെ രേഖപ്പെടു ത്തിയിട്ടുണ്ട്. മാത്രമല്ല വിഗ്രഹാരാധന ഒരു ആത്മീയ വ്യഭിചാരമായി ട്ടാണ് തിരുവെഴുത്ത് ചൂണ്ടി കാണിക്കുന്നത്. യിസ്രായേൽ അന്യജാതി

കളുടെ ദേവന്മാരെയും വിഗ്രഹങ്ങളെയും സേവിച്ചതു നിമിത്തം ദൈവം അവരെ ഒരു 'വേശ്യ' യായിട്ടാണ് അഭിസംബോധന ചെയ്യുന്നത് (ഉദാ: *യിര. 3; ഹോശേ. 1:2, അദ്ധ്യായം 2).*

ഒരു വേശ്യയുമായി ലൈംഗീകവേഴ്ചയിലേർപ്പെട്ടാൽ അതിനർത്ഥം നാം ആ വ്യക്തിയുമായി ഒരു "ശരീരം" ആയിത്തീർന്നു എന്നാണ്. ഇതു പൂർണ്ണമായും പരിശുദ്ധാത്മാവിന്റെ ആലയമാകുന്ന നമ്മുടെ ശരീരത്തെ അശുദ്ധമാക്കുകയാണ് *(1 കൊരി. 6:13-20).* ഒരു വേശ്യയുമായുള്ള സമ്പർക്കത്താൽ ഒരു ദൈവീകമല്ലാത്ത ആത്മബന്ധനം ഉടലെടുക്കുന്നതു പോലെ നാം ഏതെങ്കിലും നിലയിലുള്ള വിഗ്രഹാരാധന നടത്തിയാൽ ഒരു ദൈവീകമല്ലാത്ത ആത്മബന്ധനം ഉടലെടുക്കും *(എഫെ. 5:5; 1 യോഹ. 5:21).*

യേശുക്രിസ്തുവിലൂടെ[4] പിതാവിനെ ആരാധിക്കുന്നതിൽ നിന്നും നമ്മെ വേർപിരിക്കുന്ന ഏത് വസ്തുവും വ്യക്തിയും വിഗ്രഹമായി ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. ഇത് ഒരു പക്ഷെ ഏതെങ്കിലും വസ്തുക്കളോ, കുടുംബത്തിലെ ആളുകളോ, അദ്ധ്യാപകരോ, സ്വത്തോ, പദവിയോ, പാസ്റ്ററോ, പ്രവാചകനോ, സ്പോർട്സോ, വിദ്യാഭ്യാസമോ, ജോലിയോ ഒക്കെ ആകാം. ദൈവവചനാടിസ്ഥാനമില്ലാത്ത ആത്മീയ രോഗശാന്തി ശുശ്രൂഷകളും യുദ്ധമുറകളുൾപ്പെട്ട ആയോധന കലകളും ആകാം.

വിഗ്രഹാരാധന അല്ലെങ്കിൽ ആത്മീയ വ്യഭിചാരം, ദൈവ നിയമത്തിന് എതിരാണ്. എന്നു പറഞ്ഞാൽ ദൈവത്തിന് പകരമായ് നാം ഒരു വ്യക്തിയെയോ വസ്തുവിനെയോ പൂജിക്കുന്നു എന്നാണർത്ഥം. ഇതിനെയാണ് വിഗ്രഹ ആരാധന എന്ന് വിളിക്കുന്നത്.

മുകളിൽ ചിത്രീകരിച്ച ദൈവീകമല്ലാത്ത ആത്മബന്ധനങ്ങളെക്കുറിച്ചുള്ള പഠനത്തിൽ നിന്നും ഒരു കാര്യം തീർച്ചയാണ്. നാം ഇടപ്പെടുന്ന ഏതെങ്കിലും തരത്തിലുള്ള "വിഗ്രഹപൂജ"യുമായി ബന്ധിക്കപ്പെടുമ്പോഴാണ് ഇത്തരത്തിലുള്ള ബന്ധനങ്ങൾ രൂപപ്പെടുന്നത്. യേശുവിനെക്കാൾ കൂടുതൽ മറ്റു കാര്യങ്ങൾ പൂജിക്കപ്പെടുമ്പോൾ ഒരു ദൈവീകമല്ലാത്ത ബന്ധനം രൂപപ്പെടുകയാണ്. നമ്മുടെ ജീവിതത്തിലെ ഓരോ വിഗ്രഹത്തിന്റെയും പിന്നിൽ സാത്താന്യ ശക്തി ഉണ്ടാകും

---

[4] *David Cross, Soul Ties, 2006, Sovereign World Ltd.*

*(1 കൊരി. 10:20-21).* ഓരോ തെറ്റായ ആരാധനയുടെ മണ്ഡലങ്ങളിലും സാത്താന് വേഗത്തി ൽ ഒരാളിൽ പ്രവേശിച്ച് അവരെ നശിപ്പിച്ച് കളയുവാനുള്ള വാതിൽ തുറക്കപ്പെടുകയാണ്. ഏത് നിലയിലായിരുന്നാലും ഒരാൾ വിഗ്രഹാരാധനയിൽ പങ്കുചേർന്നാൽ ആ പാപത്തെക്കുറിച്ച് അവർ അനുതപിച്ച് അതിൽ നിന്നും അതിന്റെ പിന്നിലുള്ള ശക്തികളിൽ നിന്നും ഒരു മോചനം ചോദിക്കേണ്ടത് ആവശ്യമാണ്.

താഴെകൊടുത്തിരിക്കുന്നത് പോലെ ഒരു പ്രാർത്ഥന നിങ്ങളുടെ ഹൃദയത്തിൽ നിന്നും ഉറച്ച് ചൊല്ലുക.

**ദൈവീകമല്ലാത്ത ബന്ധം നിങ്ങൾക്കുണ്ടെങ്കിൽ ഒരു പ്രാർത്ഥനാ ഗൈഡ്**

- നിങ്ങൾക്കെതിരെ തെറ്റ് ചെയ്തവരോട് ക്ഷമിക്കുക. (സ്പഷ്ടതയോടെ)
- അതിനോട് നിങ്ങൾ പ്രതികരിച്ച തെറ്റായ വിധത്തെക്കുറിച്ച് അനുതപിക്കുക. (സ്പഷ്ടമായി പ്രാർത്ഥിക്കുക)
- യേശുവിന്റെ നാമത്തിൽ ദൈവീകമല്ലാത്ത ആത്മബന്ധനങ്ങൾ മുറിക്കുക, നിങ്ങൾ ബന്ധിക്കപ്പെട്ടിരുന്ന ആളിൽ നിന്നും നിങ്ങളുടെ ആത്മാവും, മനസ്സും, ശരീരവും വേർപ്പെടുത്തുവാനും തിന്മയിൽ നിന്നും വിടുവിക്കുവാനും കർത്താവിനോട് യാചിക്കുക.
- ആ വ്യക്തിയുടേതായി എന്തെങ്കിലും നിങ്ങളിൽ ഉണ്ടായിരുന്നെങ്കിൽ അത് കർത്താവിന് വിട്ട് കൊടുത്തിട്ട് നിങ്ങൾക്ക് നഷ്ടപ്പെട്ടത് പുനരുദ്ധരിക്കുവാൻ കർത്താവിനോട് ചോദിക്കുക.
- ആ വ്യക്തിയെ അനുഗ്രഹിക്കുക.
- യേശുവിനെ നിങ്ങളുടെ ഹൃദയത്തിലേക്ക് ക്ഷണിക്കുക. പരിശുദ്ധാത്മാവിനാൽ സമ്പൂർണ്ണമായ് നിറയപ്പെടുവാൻ പ്രാർത്ഥിക്കുക.

**ദൈവീകമല്ലാത്ത ആത്മബന്ധനങ്ങൾ തകർക്കുവാനായി പ്രാർത്ഥിക്കാം**




"പ്രിയ സ്വർഗ്ഗീയപിതാവേ, എനിക്ക് മറ്റുള്ള വ്യക്തികളോടോ വസ്തുക്കളോടോ ഉണ്ടായ ഇടപാടുമൂലം ഉളവായ ദൈവീകമല്ലാത്ത ആത്മബന്ധനങ്ങൾ എന്നോട് ക്ഷമിക്കേണമേ. (വ്യക്തമായി വ്യക്തിയെയോ, വസ്തുവിനെയോ ദൈവസന്നിധിയിൽ ഏറ്റു പറയുക). എന്നോട് കടപ്പെട്ടിരിക്കുന്ന പാപകടത്തിൽ നിന്നും ഞാൻ (പേര് പറയുക) അവരെ/യെ വിടുവിക്കുന്നു. ഞാനും അവർ ചെയ്ത തെറ്റിനോട് പ്രതികാരമായി തെറ്റ് ചെയ്തു. (***സ്പഷ്ടമായി*** ചെയ്ത തെറ്റുകൾ ഏറ്റു പറയുക). ആ പാപങ്ങളെക്കുറിച്ച് ഞാൻ അനുതപിക്കുന്നു. (പ്രതികരണങ്ങൾ വ്യക്തമായി ഏറ്റ് പറയുക). എന്നോട് ക്ഷമിക്കേണമേ. യേശുവിന്റെ അധികാരമുള്ള നാമത്തിൽ (ആ വ്യക്തിയും/വസ്തുവുമായുള്ള (വ്യക്തിയോ/വസ്തുവോ) ഏറ്റു പറയുക). ദൈവീകമല്ലാത്ത ആത്മബന്ധനങ്ങളെ ഞാൻ മുറിച്ച് മാറ്റുന്നു. പിതാവേ, യേശുവിന്റെ രക്തത്താൽ കഴുകി അവയുടെ പരിണിതഫലങ്ങളിൽ നിന്നും എന്നെ വിടുവിക്കേണമേ. ഞാൻ അനുബന്ധരായവരെ അനുഗ്രഹിച്ച് പ്രാർത്ഥിക്കുന്നു. അങ്ങ് എന്റെ ഉള്ളത്തിൽ വന്ന് എന്നെ പരിശുദ്ധാത്മാവിനാൽ നിറക്കേണമേ. എന്നെ വിശുദ്ധീകരിക്കേണമേ ആമേൻ."

**സാക്ഷ്യം**

**യുവസഹോദരിമാരെ അവരുടെ ബന്ധങ്ങളെ കുറിച്ച് യേശു പഠിപ്പിച്ചു**

"രണ്ട് യുവസഹോദരിമാർ ഞങ്ങളോട് ഒരു ചോദ്യം ചോദിച്ചു. "പ്രേമബന്ധത്തിലേർപ്പെടുന്നത് ശരിയാണോ?" എന്ന്. ഞങ്ങൾ അവരുമായി ചേർന്ന് പ്രാർത്ഥിച്ചു കൊണ്ടിരുന്നപ്പോൾ, അവരിലൊരാൾ തേജോമയനായ യേശു അവളെ നോക്കി പുഞ്ചിരിക്കുന്ന ഒരു ദർശനം കണ്ടു. മറ്റേയാൾ ഒരു തിരുവചന ഭാഗം കേട്ടു - "ഉത്തമഗീതം 2:7 യെരുശലേം പുത്രിമാരെ.... പ്രേമത്തിന് ഇഷ്ടമാകുവോളം അതിനെ ഇളക്കരുത്, ഉണർത്തുകയുമരുത്'' (സമയത്തിനു മുമ്പേ ഉണർത്തരുതെന്നർത്ഥം) ഈ യുവസഹോദരിമാർ വേഗത്തിൽ പശ്ചാത്തപിച്ച് അവരുടെ പ്രേമവും ആൺ സുഹൃത്തുക്കളുമായുള്ള ബന്ധവും മറ്റും ഉപേക്ഷിച്ചു."

## *ശിക്ഷാവിധിവരുത്തുന്ന വിധി പ്രസ്താവനകളിൽ നിന്നുള്ള മോചനം*[5]



ദൈവം സ്ഥാപിച്ചിരിക്കുന്ന അനേക നിയമങ്ങൾ ഇന്നുമുണ്ട്. ഭൗമിക ഗുരുത്വാകർഷണം പോലെ അനേക ഭൗതിക നിയമങ്ങൾ ഉണ്ട്. ബൈബിളിൽ, ദൈവം നമ്മെ അവന്റെ ആത്മീക നിയമങ്ങൾ പഠിപ്പിക്കുന്നു. – ഭൂഗുരുത്വാകർഷണ നിയമം – പോലെ ഈ നിയമങ്ങളും എപ്പോഴും മാറ്റമില്ലാതെ പ്രവർത്തനനിരതമാണ്.

ഈ ആത്മീക നിയമങ്ങൾ എങ്ങനെ നമ്മുടെ ജീവിതത്തെ സ്വാധീനിക്കുന്നു എന്ന യാഥാർത്ഥ്യമായ തിരിച്ചറിവോടെ നാം ജീവിക്കേണ്ടതാവശ്യമാണ്. ഉദാഹരണത്തിന് മറ്റുള്ളവരെ വ്യക്തിഹത്യ നടത്തിക്കൊണ്ടുള്ള വിധികൾ, വിമർശനങ്ങൾ, കുറ്റം കണ്ടുപിടിക്കൽ, തുടങ്ങിയ സർവ്വസാധാരണമായ പാപസ്വഭാവങ്ങൾ നാം തിരിച്ചറിയുകയോ അത് തെറ്റാണെന്ന് അനുഭവപ്പെടുകയോ ഇല്ല. ഇത്തരം പാപത്തിന് വളരെ ഗുരുതരമായ പരിണിതഫലങ്ങളുണ്ടാകും. എന്തുകൊണ്ടെന്നാൽ ഇതിനെ ബാധിക്കുന്ന ചില ആത്മീയ നിയമങ്ങൾ നിലകൊള്ളുന്നു.

### മാതാപിതാക്കളെ ബഹുമാനിക്കുക

*"നിന്റെ ദൈവമായ യഹോവ നിനക്കു തരുന്ന ദേശത്തു നിനക്ക് ദീർഘായുസ്സുണ്ടാകുവാൻ നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്കുക." (പുറപ്പാട് 20:12; ആവർത്തനം 5:16; എഫെസ്യർ 6:2–3)*

മാറ്റമില്ലാത്ത ഈ നിയമപ്രകാരം, നമ്മുടെ ജീവിതകാലമൊക്കെയും മാതാപിതാക്കൾക്ക് അർഹമായ ബഹുമാനം കൊടുത്തുകൊണ്ട് ജീവിച്ചാൽ വലിയ അനുഗ്രഹവും ദീർഘായുസ്സും നമുക്ക് സ്വന്തമാക്കാം. മാതാപിതാക്കളോട് അനാദരവോടെ

[5] *John and Paula Sandford, Elijah House, USA: www.elijahhouse.org*

പെരുമാറിയാൽ അതിന്റെ ശാപവും നാം അനുഭവിക്കേണ്ടി വരും.

## മനുഷ്യൻ വിതയ്ക്കുന്നതു തന്നേ കൊയ്യും

*"വഞ്ചനപ്പെടാതിരിപ്പിൻ, ദൈവത്തെ പരിഹസിച്ചുകൂടാ; മനുഷ്യൻ വിതെക്കുന്നതു തന്നേ കൊയ്യും." (ഗലാത്യർ 6:7)*

*നാം കൊടുക്കുന്നത് നമുക്ക് ലഭിക്കും എന്ന് ഈ നിയമം പറയുന്നു. നന്മ പകർന്നാൽ നന്മ ലഭിക്കും. തിന്മ കൊടുത്താൽ തിന്മ ലഭിക്കും.*

*"നിങ്ങൾ മനുഷ്യരോട് അവരുടെ പിഴകളെ ക്ഷമിച്ചാൽ, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങളോടും ക്ഷമിക്കും. നിങ്ങൾ മനുഷ്യരോട് പിഴകളെ ക്ഷമിക്കാഞ്ഞാലോ, നിങ്ങളുടെ പിതാവ് നിങ്ങളുടെ പിഴകളെയും ക്ഷമിക്കയില്ല." (മത്തായി 6:14–15)*

*"മനുഷ്യൻ നിങ്ങൾക്കു ചെയ്യേണം എന്ന് നിങ്ങൾ ഇച്ഛിക്കുന്നത് ഒക്കെയും നിങ്ങൾ അവർക്കു ചെയ്വീൻ." (മത്താ. 7:12)*

*"നീ ചെയ്തിരിക്കുന്നതു പോലെ നിന്നോടും ചെയ്യും, നിന്റെ പ്രവൃത്തി നിന്റെ തലമേൽ തന്നേ മടങ്ങിവരും." (ഓബദ്യാവ് വാക്യം 15)*

ഈ വചനങ്ങൾ, നാം വിതയ്ക്കുന്നത് കൊയ്യും എന്ന നിയമത്തിന്റെ വിവിധ വശങ്ങൾ പ്രസ്താവിക്കുന്നു. മറ്റുള്ളവർ ചെയ്തു എന്ന് നാം വിധിക്കുന്ന അതേ കാര്യങ്ങൾ ചെയ്യുവാൻ നമുക്ക് ഇടവരുന്നു എന്നർത്ഥം.

## മറ്റുള്ളവരെ വിധിക്കരുത്



*"നിങ്ങൾ വിധിക്കപ്പെടാതിരിക്കേണ്ടതിന് വിധിക്കരുത്. നിങ്ങൾ വിധിക്കുന്ന വിധിയാൽ നിങ്ങളെയും വിധിക്കും. നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നു കിട്ടും." (മത്തായി 7:1–2)*

*"തങ്ങൾ നീതിമാന്മാർ എന്ന് ഉറച്ച് മറ്റുള്ളവരെ ധിക്കരിക്കുന്ന ചിലരെക്കുറിച്ച് അവൻ ഒരു ഉപമ പറഞ്ഞതെന്തെന്നാൽ: രണ്ടു മനുഷ്യർ പ്രാർത്ഥിപ്പാൻ ദൈവാലയത്തിൽ പോയി, ഒരുത്തൻ പരീശൻ, മറ്റവൻ ചുങ്കക്കാരൻ. പരീശൻ നിന്നുകൊണ്ട് തന്നോടു തന്നെ... ഈ ചുങ്കക്കാരനെപ്പോലെയല്ലായ്കയാൽ നിന്നെ വാഴ്ത്തുന്നു." (ലൂക്കോസ് 18:9–14)*

> ***സാക്ഷ്യം***
>
> ***യേശു എന്റെ സഹോദരനെ രൂപാന്തരപ്പെടുത്തി***
>
> *"എന്റെ സഹോദരൻ മദ്യപാനത്തിന് അടിമയായിരുന്നു. ഞാൻ എപ്പോഴും വിധിക്കുമായിരുന്നു: "എന്റെ സഹോദരൻ ഒരു മദ്യപാനിയാണ്" എന്ന്. എന്നാൽ, അവനെ വിധിച്ചു തള്ളിയതിനെക്കുറിച്ച് ഞാൻ അനുതപിച്ചു. ഇങ്ങനെ പറഞ്ഞു: "എന്റെ സഹോദരൻ ഈ അടിമത്വത്തിൽ നിന്നും വെളിയിൽ വരും" ചില മാസങ്ങൾക്കുള്ളിൽ എന്റെ സഹോദരൻ മദ്യപാനം നിറുത്തി."*

ഈ ഭാഗത്ത് വിശദീകരിക്കപ്പെടുന്ന വിധി കല്പിക്കൽ എന്നു പറയുന്നത്, നമ്മുടെ ജീവിതത്തിൽ നേരിടുന്ന ഓരോ സന്ദർഭങ്ങളോടും സാഹചര്യങ്ങളോടും ഉള്ള ബന്ധത്തിൽ എടുക്കുന്ന ദൈനംദിന തീരുമാനങ്ങളെ ബന്ധപ്പെടുത്തിയുള്ളതല്ല. മറിച്ച്, ഒരു വ്യക്തിയെ എന്തു ചെയ്തു എന്നു വിമർശിക്കുന്നതിനേക്കാൾ ആ വ്യക്തിയെ വിധിക്കുന്നതിനെക്കുറിച്ചാണ് നാം ഈ ഭാഗത്ത് ചിന്തിക്കാൻ പോകുന്നത്. ഉദാഹരണമായി സാധാരണ ആളുകൾ പറയാറുള്ളത് - "**ആ വ്യക്തി** ഒരു വിഡ്ഢിയാണ്, ഭയങ്കരനാണ്" എന്നാണ്. എന്നാൽ നാം പറയേണ്ടിയിരുന്നത് - "**ആ വ്യക്തി ചെയ്തത്** ഒരു വിഡ്ഢിത്തരമാണ്, ഭയങ്കരമാണ്" എന്നാണ്. ഇങ്ങനെയുള്ള വിധികല്പിക്കലുകൾ ഉടലെടുക്കുന്നത്, നാം അവരെക്കാൾ നല്ലവരാണെന്നോ, അവർ നമ്മെക്കാൾ അധമരാണെന്നോ ഉള്ള ചിന്ത നമ്മിൽ കടന്നു കൂടുമ്പോൾ ആണ്. ഇങ്ങനെയുള്ള സ്വഭാവങ്ങളിൽ നിന്നും നാം പിന്തിരിഞ്ഞ് 'മുഖപക്ഷം' വിട്ടുകളയണമെന്ന് ദൈവം നമുക്ക് മുന്നറിയിപ്പ് നല്കുന്നു. ചില ആളുകൾ വിദ്യാഭ്യാസമുള്ളവരും ചിലർ അല്ലാത്തവരും ഒക്കെ ആയിരിക്കും. എന്നാൽ, ദൈവമുമ്പാകെ നാം എല്ലാവരും തുല്യരും ഒരു പോലെ വിലയേറിയവരുമാണ്. മറ്റുള്ളവരെ ധിക്കരിച്ച് വിധിക്കരുതെന്ന് ദൈവം നമ്മോട് പറയുന്നു. നാം നമ്മെ സ്നേഹിക്കുന്നതു പോലെ തന്നെ നമ്മുടെ അയൽക്കാരെയും സ്നേഹിക്കേണം (യാക്കോ. 2:1-9). ഒരു പക്ഷേ നമുക്കീ വിധികല്പിക്കലുകൾ കൊച്ചു കയ്പുകളോ, ഉൾപ്പകകളോ, ഇഷ്ടക്കേടുകളോ, കേവലം അസഹ്യതയോ ഒക്കെ ആയിരിക്കാം. ഇത് നമുക്ക് വലിയ പ്രാധാന്യമുള്ള വിഷയമായി തോന്നുകയുമില്ല. എന്നാൽ ഇവ വലിയ ആത്മീക ഗൗരവവും ദൈവീക സ്നേഹത്തിന്റെ നിയമങ്ങളുടെ ലംഘനവുമായിരിക്കും.

## വർദ്ധിപ്പിക്കുക

*"കൊടുപ്പീൻ; എന്നാൽ നിങ്ങൾക്കു കിട്ടും; അമർത്തി കുലുക്കി കവിയുന്നൊരു നല്ല അളവു നിങ്ങളുടെ മടിയിൽ തരും; നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നു കിട്ടും." (ലൂക്കോസ് 6:38)*

'വർദ്ധിപ്പിക്കുക' എന്ന തത്വത്തിലൂടെ ദൈവം നമ്മെക്കുറിച്ച് ഉദ്ദേശിക്കുന്നത് നാം ഒരു അനുഗ്രഹമായിരുന്നുകൊണ്ട് കൂടുതൽ അനുഗ്രഹങ്ങൾ പ്രാപിക്കുകയും ചെയ്യുക എന്നുള്ളതാണ്. ഈ തത്വം നല്ലതായും ചീത്തയായും ബാധിക്കാം. മറ്റുള്ളവരോടു ക്ഷമിക്കാതിരിക്കുക, പക, വിദ്വേഷം വിധി കല്പിക്കൽ, നിർദ്ദയത്വം എന്നിവയെപ്പോലെതന്നെ അനുഗ്രഹങ്ങൾ കരുണ ഉദാരമനസ്കത, പ്രബോധിപ്പിക്കൽ എന്നിവയ്ക്കും ഈ തത്വം ബാധകമാണ്.

ഈ നാലു നിയമങ്ങളും ഒരുമിച്ച് പ്രവർത്തിക്കുമ്പോൾ അത്യന്തം ശക്തിയുള്ളതായിത്തീരുന്നു. നമ്മുടെ ചുറ്റുമുള്ളവരുടെ പെരുമാറ്റങ്ങളെ ഇവ സ്വാധീനിക്കുന്നു.

***സാക്ഷ്യം***

***തന്റെ പിതാവിനെയും ഭർത്താവിനെയും വിധിച്ച ഒരു ഭാര്യയോട് യേശു ക്ഷമിച്ച് അവരെ സ്വതന്ത്രയാക്കുന്നു***

*"തനിക്ക് 5 വയസ്സുള്ളപ്പോൾ പിതാവ് മരിച്ചുപോയ ഒരു ചെറുപ്പക്കാരിയെ ഞങ്ങൾ കൂടികാണുകയുണ്ടായി. അവളുടെ പിതാവ് ഒരു മദ്യപാനിയായിരുന്നു. പലപ്പോഴും കുടിച്ചിട്ട് തെരുവീഥിയിൽ വീണ് കിടന്നിട്ട് എടുത്തുകൊണ്ട് വീട്ടിൽ പോകേണ്ട അവസ്ഥ. ഒരു രാത്രിയിൽ, കുടിച്ചിട്ട് വീട്ടിലേക്ക് പോകുന്ന വഴിയിൽ ഒരു ഓടയിൽ വീണ് മുങ്ങിമരിച്ചു. നല്ല ജോലിയുള്ള ഒരു യുവാവിനെ അവൾ വിവാഹം കഴിച്ചു, ഒരു കുട്ടിയുണ്ടായി. എന്നാൽ 3 വർഷത്തിനുശേഷം ഭർത്താവ് ഒരു കുടിയനായി മാറി. അദ്ദേഹം കുടിച്ച് വീഥിയിൽ വീണിട്ട് വീട്ടിലേക്ക് എടുത്തു കൊണ്ടു പോകേണ്ട അവസ്ഥ. ഞങ്ങൾ അവളോട് ചോദിച്ചു: "നീ എപ്പോഴെങ്കിലും നിന്റെ പിതാവിനെ മദ്യപാനം നിമിത്തം വിധിച്ചിട്ടുണ്ടോ?" (ഒരു തരം ശപിക്കൽ, പ്രാകൽ നടത്തുക) "ഉവ്വ്, ഒരു വകയ്ക്കും കൊള്ളാത്ത മനുഷ്യനെന്ന് വിധിച്ചിരുന്നു. ഇനി ഇതുപോലൊരു മനുഷ്യനെ ഞാൻ വിവാഹം കഴിക്കില്ലെന്ന് പ്രതിജ്ഞയെടുത്തിരുന്നു.'' ആ സമയം തന്നെ അവൾ തന്റെ തെറ്റിനെക്കുറിച്ച് അനുതപിച്ച് പിതാവിനോട് ചെയ്ത തെറ്റ് ഏറ്റ് പറഞ്ഞു. അന്ന് രാത്രി കുടിച്ച് ലക്കില്ലാതെ വീട്ടിലേക്ക് വന്ന ഭർത്താവിനെ അവൾ ശകാരിച്ചില്ല. അടുത്ത ദിവസം തന്നെ ഭർത്താവ് തന്റെ തെറ്റിനെക്കുറിച്ച് അനുതപിച്ച് ദൈവത്തോടും ഭാര്യയോടും ക്ഷമ ചോദിച്ചു."*

ഈ നിയമങ്ങൾക്കനുസൃതമായി ദൈവപ്രസാദത്തിൽ ജീവിച്ചാൽ നന്മയുടെ ഭാവം ഇല്ലാത്ത വ്യക്തികൾ പോലും, നമ്മിൽ ഉള്ള നമ്മുടെ വശങ്ങളെ (ഈ നാലു നിയമങ്ങളും കൂടി പ്രവർത്തിച്ചുണ്ടാകുന്ന ഫലം) കണ്ട് ആകർഷിക്കപ്പെട്ട് നന്മ ചെയ്യുന്നതിന് പ്രേരിപ്പിക്കപ്പെടും. അത് നാം പ്രതീക്ഷിക്കുന്നതിലും മീതെയായിരിക്കും. തിന്മയുടെ വശങ്ങളാണ് നാം വിതെയ്ക്കുന്നതെങ്കിൽ അത് ആയിരിക്കും, മറ്റുള്ളവരെ സ്വാധീനിക്കുന്നത്. അപ്പോൾ പിന്നെ ക്രൂരമായ പ്രതികാര സ്വഭാവങ്ങൾ ആയിരിക്കാം നമുക്ക് അവരിൽ കാണുവാൻ സാധിക്കുക. നമ്മുടെ മോശമായ പെരുമാറ്റങ്ങൾ ദോഷകരമായി മറ്റുള്ളവരെ സ്വാധീനിക്കുന്നതുകൊണ്ട് നല്ല പെരുമാറ്റങ്ങളെ നമുക്ക് ഈ 4 നിയമങ്ങൾ വെച്ചു വളർത്തിയെടുക്കാം (എബ്രാ. 12:14-15). മാതാപിതാക്കൾക്ക് എതിരായ കുറ്റാരോപണവും ധിക്കാരപരമായ വിധിപ്രസ്താവിക്കലുകളും മുഖ്യമായും നമ്മെത്തന്നെയാണ് ദോഷകരമായി ബാധിക്കുന്നത്. നാം നമ്മുടെ പിതാവിനു നേരെ വിധിച്ച് സംസാരിച്ചതിന്റെ അനന്തഫലം മറ്റുള്ളവരുമായിട്ടുള്ള നമ്മുടെ ബന്ധത്തിൽ ആയിരിക്കും നാം കൊയ്യുന്നത്. ഭൂതകാലത്തിൽ ചെയ്തുപോയ വിധിക്കലുകളെക്കുറിച്ച് നാം മറന്നു പോയാലും അതിന്റെ ദോഷകരമായ ഫലങ്ങൾ തുടർന്നും അനുഭവിച്ചുകൊണ്ടിരിക്കും. നാം മാതാപിതാക്കളെ വിധിക്കുമ്പോൾ നമ്മെത്തന്നെയാണ് വിധിക്കുന്നത്. മറ്റുള്ളവരിൽ നിന്നും അതേ പ്രതികരണം നമുക്കുണ്ടാകുന്നതിന് അത് വഴിതെളിക്കുന്നു. ഉദാഹരണത്തിന്, ഒരു മനുഷ്യൻ തന്റെ വളർച്ചയുടെ കാലഘട്ടത്തിൽ തന്റെ മാതാവിനെക്കുറിച്ച് ഹൃദയത്തിൽ: കഠിനമായി തന്നെ നിയന്ത്രിക്കുന്നവൾ എന്ന് വിധിച്ചിരുന്നു, താൻ വിവാഹിതനായപ്പോൾ തന്റെ ഭാര്യയും, സഹപ്രവർത്തകരായ സ്ത്രീകളും ഇതേ രീതിയിൽ അമിത നിയന്ത്രണം തന്റെ മേൽ നടത്തി. ഇത് താൻ മുമ്പ് വിധിച്ച വിധിയുടെ അനന്തരഫലമെന്ന് പറയുന്നതിൽ തെറ്റില്ല. മുമ്പ് ചെയ്ത തെറ്റായ വിധി തന്റെ സാഹചര്യത്തെ അതേ നിലയിൽ സ്വാധീനിച്ചു.

മിക്കവാറും ധിക്കരിക്കുന്ന വിധികൾ നാം നടത്തുമ്പോൾ ചില ശപഥങ്ങളും നാം എടുക്കാറുണ്ട്. ആ ശപഥങ്ങൾ നാം നടത്തിയ വിധികളെ ശക്തിപ്പെടുത്തുകയേ ഉള്ളൂ. (ശപഥങ്ങളെക്കുറിച്ച് തുടർന്നുള്ള ഭാഗത്ത് വിശദീകരിക്കുന്നത് നോക്കുക). ഉദാഹരണത്തിന് “എന്റെ പിതാവ് എന്നെ ശിക്ഷിക്കുന്നു (നിജസ്ഥിതി), അദ്ദേഹം ഒരു ക്രൂരനും മോശം മനുഷ്യനുമാണ് (ധിക്കാരപരമായ വിധിക്കൽ), ഞാൻ വളരുമ്പോൾ ഒരിക്കലും ക്രൂരനാവുകയോ, എന്റെ മക്കളെ ശിക്ഷിക്കുകയോ ഇല്ല (ശപഥം)”. ഈ വ്യക്തി വളർന്ന് തനിക്ക് മക്കളുണ്ടാകുമ്പോൾ

തന്റെ മക്കളെ ശിക്ഷിക്കാതിരിക്കുന്നതിൽ നിന്നും തനിക്ക് നിയന്ത്രണം നഷ്ടമാകുന്നു. കാരണം പിതാവ് ശിക്ഷിച്ചപ്പോൾ താൻ നടത്തിയ തെറ്റായ വിധി പ്രസ്താവന തന്നിൽ ഒരിക്കലും സാധിക്കാത്ത ചില ശപഥങ്ങൾ എടുക്കുന്നതിന് കാരണമായി. അത് തന്റെ ജീവിതത്തിൽ ദോഷകരമായി സ്വാധീനിക്കുക മാത്രമാണുണ്ടായത്.

ശപഥങ്ങൾ ദോഷഫലങ്ങളെ പുറപ്പെടുവിക്കുന്നു. അത് നിങ്ങളുടെ തിരഞ്ഞെടുപ്പിനെ പരിമിതപ്പെടുത്തുന്നു. അത് ഒരു പക്ഷേ നാശവും ആകാം (ന്യായ. 11:29-35). യേശു നമ്മോടു പറയുന്നു "ശപഥം ചെയ്യരുത്" (മത്താ. 5:33-34) നാം എടുത്ത ഏതെങ്കിലും ശപഥം ഉണ്ടെങ്കിൽ അതിനെക്കുറിച്ച് അനുതപിക്കുക (നല്ലതായാലും ചീത്തയായാലും). എന്നിട്ട് അവ നമ്മെ നശിപ്പിക്കാതിരിക്കുവാൻ ദൈവത്തോട് യാചിക്കുക.

ചിലപ്പോൾ നമുക്ക് ചില ദോഷഫലമുളവാക്കുന്ന ധാരണകൾ നമ്മളെക്കുറിച്ചുണ്ടായിട്ട്, മറ്റു പല ഉന്നതവ്യക്തികളെ കാണുമ്പോൾ, നാം അവരെക്കാൾ ചെറിയവരെന്ന ചിന്ത നമ്മിൽ വളരും. അങ്ങനെ അവരെ കാണുമ്പോൾ അവർ പറയുന്നതും ചിന്തിക്കുന്നതുമെല്ലാം, നാം ചെയ്യുന്നതിനെക്കാൾ മെച്ചമാണെന്ന ധാരണയോടെ അവരെ നോക്കുമ്പോൾ നാം 'ചെറിയവരും' അവർ 'വലിയവരും' എന്ന ചിന്ത നമ്മെ അലട്ടും. മുഖപക്ഷം പാടില്ല എന്ന് വേദപുസ്തകം മുന്നറിയിപ്പ് നൽകുമ്പോൾ നമ്മെയും മറ്റുള്ളവരെയും തമ്മിൽ ദോഷപ്പെടുത്തി ചിന്തിക്കാനേ പാടില്ല. ചിലർ വിദ്യാസമ്പന്നരും ധനാഢ്യരുമായിരിക്കാം. ചിലർ വിദ്യാഹീനരും, ദ്രാരിദ്ര്യാവസ്ഥയിലുമായിരിക്കാം. എന്നാൽ ദൈവമുമ്പിൽ എല്ലാവരും തുല്യരും വിലയേറിയവരുമാണ്. വിധിക്കുവാൻ നമുക്കനുവാദമില്ല. നമ്മെ നാം സ്നേഹിക്കേണ്ടതാകുന്നു (യാക്കോ. 2:1-9).

ദൈവം നമ്മെ കരുതുന്നു എന്നതുകൊണ്ട് യാതൊരു നിഷേധാത്മകമായ (negative) സാഹചര്യങ്ങളും നമ്മിൽ നിലനില്ക്കാൻ പാടില്ല. സമ്പൂർണ്ണമായി നാം സൗഖ്യമാകുവാനും സ്വതന്ത്രരായി അവന്റെ കൃപയും സർവ്വ അനുഗ്രഹങ്ങളും അനുഭവിക്കുവാനും ദൈവം ആഗ്രഹിക്കുന്നു. ഏതെങ്കിലും നിലയിൽ ആരെയെങ്കിലുംകുറിച്ച് നാം വിമർശിച്ചിട്ടുണ്ടോ അതിനെക്കുറിച്ച് തിരിച്ചറിഞ്ഞ് അനുതപിച്ച് വിമർശനങ്ങളാൽ നമുക്കുണ്ടായ അശുദ്ധിയിൽ നിന്ന് ശുദ്ധീകരണം പ്രാപിക്കുവാൻ ദൈവത്തോട് യാചിക്കണം. മറ്റുള്ളവരുടെ തെറ്റുകളെ നാം അനുകരിക്കരുതെങ്കിലും അവരെ വിധിക്കുന്നതിനു പകരം അവർ

**ആർക്കെങ്കിലും എതിരെ തെറ്റായ വിമർശനം, വിധിക്കൽ നടത്തിയിട്ടുണ്ടെങ്കിൽ ഈ പ്രാർത്ഥനാ ഗൈഡ് ഉപയോഗിക്കുക**

- *വിമർശിക്കുകയോ വിധിക്കുകയോ ചെയ്ത വിഷയങ്ങളെക്കുറിച്ച് മാനസാന്തരപ്പെടുക.*
- *യേശുവിന്റെ നാമത്തിൽ ഏറ്റു പറഞ്ഞ് ഉപേക്ഷിക്കുക.*
- *ഈ വിമർശനങ്ങളാൽ നേരിടുന്ന എല്ലാ നെഗറ്റീവ് പ്രവണതകളെയും നിരാകരിക്കുവാൻ/റദ്ദു ചെയ്യുവാൻ ദൈവത്തോട് ചോദിക്കുക.*
- *മറ്റുള്ളവരോടുള്ള പ്രതികരണത്തിലെ എല്ലാ ശപഥങ്ങളെയും നിരാകരിച്ച് ഇല്ലായ്മ ചെയ്യുക.*
- *വിമർശിക്കപ്പെട്ട വ്യക്തികളെയും നിങ്ങളെയും ആശീർവദിക്കുവാൻ ദൈവത്തോട് യാചിക്കുക.*
- *യേശുവിനെ നിങ്ങളുടെ ഹൃദയത്തിലേക്ക് ക്ഷണിക്കുക. പരിശുദ്ധാത്മാവിനാൽ സമ്പൂർണ്ണമായ് നിറയപ്പെടുവാൻ പ്രാർത്ഥിക്കുക.*

ആരായിരിക്കുന്നു എന്നോർത്ത് അവരെ ബഹുമാനിക്കണം. ഉദാഹരണത്തിന്, നമ്മുടെ സ്വന്തം മാതാപിതാക്കൾ തെറ്റായി നമ്മോട് ഇടപെടുകയോ ഉപേക്ഷിക്കുകയോ ചെയ്തു എങ്കിൽ തുടർന്നും അവരെ ബഹുമാനിക്കണം. കാരണം നമുക്ക് ജീവൻ നല്കിത്തരുവാൻ ദൈവം അവരെയാണ് ഉപയോഗിച്ചത്. എല്ലാ കൂട്ടു വിശ്വാസികളെയും (ഓരോ വീണ്ടെടുക്കപ്പെട്ട ദൈവ പൈതലിലും ക്രിസ്തു വസിക്കുന്നു കൂട്ടു മനുഷ്യരെയും എല്ലാ മനുഷ്യരും ദൈവസാദൃശ്യത്തിലാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്) നമുക്ക് ബഹുമാനിക്കാം.

നാം മറ്റുള്ളവരെ വിമർശിച്ച് വിധിച്ചതിനെക്കുറിച്ച് വളരെ നാളായി മറന്നിരിക്കാം. എന്നാൽ അതിന്റെ പരിണിതഫലം നമ്മുടെ ജീവിതത്തിൽ പ്രതിഫലിച്ചുകൊണ്ടിരിക്കും. മിക്കവാറും ചെറു പ്രായത്തിലാണ് വിമർശനങ്ങൾ കൂടുതലും നടത്തപ്പെടുന്നത്, എന്നാൽ പിന്നീട് ഇത് മറന്നു പോയിരിക്കാം. ഇത് വെളിപ്പെടുത്തിത്തരുവാൻ പരിശുദ്ധാത്മാവിനെ നമുക്ക് ക്ഷണിക്കാം. അങ്ങനെ അതിന്റെ പരിണിതഫലത്തിൽ നിന്നും സ്വതന്ത്രരാകാം.

## മറ്റുള്ളവരെ വിധിച്ചതിൽ നിന്നും സ്വതന്ത്രരാകാനുള്ള പ്രാർത്ഥന




“സ്വർഗ്ഗസ്ഥ പിതാവേ, മറ്റുള്ളവരുടെ കുറ്റം കണ്ടുപിടിക്കുകയും അവരെ വിധിക്കുകയും ചെയ്കയാൽ ഞാൻ തെറ്റിപ്പോയി എന്ന് തിരിച്ചറിയുന്നു. ഇതെല്ലാം പാപമാണ് എന്ന് തിരിച്ചറിഞ്ഞ് ഞാൻ അനുതപിക്കുന്നു... (എല്ലാ വിധികളും, ഏതു വ്യക്തിക്കെതിരെ ഏത് സാഹചര്യത്തിൽ എന്ന് സ്പ്ഷടമായി ഉറച്ച സ്വരത്തിൽ ദൈവത്തോട് പറയുക. ഓരോന്നും കൃത്യമായി വിശദീകരിച്ച് വിശ്വസ്തയോടെ പറയുക). പാപത്തെ വിട്ടുതിരിഞ്ഞ് ദൈവത്തി ങ്കലേക്ക് തിരിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.”

“യേശുവിന്റെ അധികാരമുള്ള നാമത്തിൽ എന്നിൽ ഞാൻ അറിഞ്ഞോ അറിയാതെയോ, എടുത്ത എല്ലാ ശപഥങ്ങളെയും ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുകയും അതിന്റെ ശക്തിയെ തകർത്ത് പ്രാർത്ഥിക്കുകയും ചെയ്യുന്നു. പ്രത്യേകിച്ച് ഞാൻ ചെയ്ത... (കൃ ത്യമായും അറിയാവുന്നവയെ വ്യക്തമായി ഓരോന്നും പറയുക). എന്നെയോ മറ്റുള്ളവരെയോ സ്വാധീനിച്ച ആ ശപഥങ്ങളുടെ ദോഷഫലങ്ങളെ അറുത്ത് മാറ്റുന്നു. സ്വർഗ്ഗീയ പിതാവേ, എന്നോടു ക്ഷമിക്കേണമേ. എന്നെ മുറ്റും യേശുവിന്റെ രക്തത്താൽ കഴുകി ദുഷ്ടങ്കൽ നിന്നും വിടുവിക്കേണമേ ഇനിയൊരിക്കലും ഇത്തരം ശപഥങ്ങൾ ചെയ്യാതിരിക്കുവാൻ എന്നെ സഹായിക്കേ ണമേ എന്റെ ഉള്ളിൽ വരേണമേ. പരിശുദ്ധാത്മാവിനാൽ എന്നെ സമ്പൂർണ്ണമായ് നിറയ്ക്കേണമേ.”

“യേശുവിൻ നാമത്തിൽ ആ വ്യക്തികളെ (പേര് പറയുക) അനു ഗ്രഹിച്ച് പ്രാർത്ഥിക്കുന്നു.”

“യേശുവിന്റെ നാമത്തിൽ തന്നെ. ആമേൻ.”

# ദോഷഫലങ്ങൾ ഉളവാക്കുന്ന വാക്കുകളിൽ നിന്നുമുള്ള സ്വാതന്ത്ര്യം



*"നിന്റെ വാക്കുകളാൽ നീതികരിക്കപ്പെടുകയും നിന്റെ വാക്കുകളാൽ കുറ്റം വിധിക്കപ്പെടുകയും ചെയ്യും." (മത്തായി 12:37)*

*"ഇമ്പമുള്ളവാക്ക് തേൻകട്ടയാകുന്നു. മനസ്സിന് മധുരവും അസ്ഥികൾക്ക് ഔഷധവും തന്നെ." (സദൃശ്യവാക്യങ്ങൾ 16:24)*

*"മരണവും ജീവനും നാവിന്റെ അധികാരത്തിൽ ഇരിക്കുന്നു അതിൽ ഇഷ്ടപ്പെടുന്നവർ അതിന്റെ ഫലം അനുഭവിക്കും." (സദൃ. 18:21)*

*"നിത്യ ജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട്." (യോഹ. 6:68)*

*"അതിനാൽ (നാവ്) നാം കർത്താവും പിതാവുമായവനെ സ്തുതിക്കുന്നു; ദൈവത്തിന്റെ സാദൃശ്യത്തിൽ ഉണ്ടായ മനുഷ്യരെ അതിനാൽ ശപിക്കുന്നു." (യാക്കോ. 3:9)*

വാക്കുകൾ ശക്തിയുള്ളതാണ്. ദൈവം പറഞ്ഞു, *"ഉണ്ടാകട്ടെ"* അപ്പോൾ പ്രപഞ്ചം ഉണ്ടായി *(ഉല്പ. 1:3* തുടർന്ന് വായിക്കുക) നാം സംസാരിക്കുന്ന വാക്കുകളും ശക്തിയുള്ളതാണ്. അവ ജീവന്റെയും മരണത്തിന്റെയും ആരോഗ്യത്തിന്റെയും രോഗത്തിന്റെയും ശക്തി വഹിക്കുന്നവ ആണ്. നാം പറയുന്ന ഓരോ വാക്കും **ഗൗരവമുള്ളതാണെന്നത്** നമ്മെ ഭയപ്പെടുത്തുന്ന വിഷയമാണ്.

**_സാക്ഷ്യം_**

**_എന്റെ വാക്കുകൾ മരണത്തെ വിളിച്ചുവരുത്തി_**

*"അനേക വർഷങ്ങളായി വികലാംഗനായ എന്റെ സഹോദരനെ നോക്കികൊണ്ടിരുന്നത് ഞാനായിരുന്നു. ചിലപ്പോഴൊക്കെ ഈ ശുശ്രൂഷ ബുദ്ധിമുട്ടായി തോന്നി. ഒരിക്കൽ മനം മടുത്ത് കോപിച്ച് അവനോട് പറഞ്ഞു: "നിനക്ക് ആ റോഡിലെങ്ങാനും പോയി ചത്തുകൂടെ?" എന്ന്. അഞ്ച് ആഴ്ചകൾക്കു ശേഷം ഒരു കാറിടിച്ച് അവൻ റോഡിൽ വെച്ച് മരിച്ചു. അത് എന്നെ വല്ലാതെ വേദനിപ്പിച്ചു. കാരണം എന്റെ വാക്കുകൾ ഒരു ശാപമായി അവന്റെ മേൽ ഭവിച്ചു."*

നമ്മുടെ സഹോദരന്മാരെ രാപ്പകൽ ദൈവസന്നിധിയിൽ കുറ്റം പറയുന്ന അപവാദിയാണ് സാത്താൻ. വെളിപ്പാട് 12:10 നമ്മോട് പറയുന്നത്, നമുക്കെതിരെ കുറ്റം പറയുവാൻ തക്കവണ്ണം സാത്താന് ദൈവസന്നിയിൽ നില്ക്കുവാൻ സാധിക്കുന്നു. സാത്താൻ സ്വർഗ്ഗത്തിൽ നിന്നും വീഴുന്നത് യേശു കണ്ടു *(ലൂക്കോ. 10:18; യെശ. 14:12-15; യെഹ. 28:12-18).* മത്സരം നിമിത്തം സാത്താനെ ദൈവം തന്റെ സന്നിധിയിൽ നിന്നും പുറന്തള്ളി. ദൈവത്തോട് സമനാകുവാനുള്ള തന്റെ ആഗ്രഹം മത്സരം ആയി മാറി. സ്വർഗ്ഗത്തിൽ നിന്നും തള്ളപ്പെടുന്നതിനുള്ള കാരണം ഇതാണ്. ഇന്നും അവൻ ദൈവജനത്തിന് വിരോധമായി അപവാദങ്ങൾ ദൈവമുമ്പിൽ നിരത്തുന്നു. നമ്മുടെ ക്രിസ്തീയ സഹോദരീ സഹോദരന്മാർക്ക് വിരോധമായി നാം അപവാദ പ്രചാരണങ്ങൾ നടത്തുമ്പോൾ ദൈവം ദുഃഖിക്കുന്നു *(1 ദിന. 16:22).* അപവാദപ്രചാരണം നടത്തുന്ന സാത്താനെ ദൈവം സഹിക്കുന്നില്ലെങ്കിൽ നമ്മെയും സഹിക്കുകയില്ല. നമ്മെക്കുറിച്ചും മറ്റുള്ളവരെക്കുറിച്ചും നാം സംസാരിക്കുമ്പോൾ നിഷേധാത്മകമായ വാക്കുകൾ നാം ഉപയോഗിക്കുന്നത് നിർത്തൽ ചെയ്യണം. പ്രത്യുത, നമ്മിൽ എല്ലാവരിലും ക്രിസ്തു വസിക്കുന്നു എന്ന് തിരിച്ചറിയണം.

> "ഒരു സ്വപ്നത്തിൽ ഞാൻ 3 പ്രാവശ്യം 'ഹല്ലേലുയ്യാ' പറയുകയും സാത്താൻ തിരിയാൻ കഴിയാത്തവിധം കിടക്കുന്നതും കണ്ടു. ഉണർന്നപ്പോൾ എന്റെ സ്വപ്ന ത്തെക്കുറിച്ച് ചിന്തിച്ചു. അപ്പോഴാണ് മനസ്സിലായത് എത്ര വലിയ ബുദ്ധിമുട്ടുകളുടെ സമയത്തും എനിക്ക് 'ഹല്ലേലുയ്യാ' 3 പ്രാവശ്യം പറയാൻ എത്രഎളുപ്പമായി എന്ന്."

ചിലപ്പോൾ നാം എന്ത് ചെയ്യുന്നു എന്നറിയാതെ നമ്മുടെ പ്രവർത്തികളിൽ സാത്താനെ പുകഴ്ത്താറുണ്ട്. ഒരു പാസ്റ്റർ തന്റെ അനുഭവം എഴുതുകയുണ്ടായി. ദൈവം അദ്ദേഹത്തോട് സംസാരിച്ചപ്പോൾ ഇങ്ങനെ പറഞ്ഞു. "സഭാകൂടിവരവുകളിൽ നീ എന്തുകൊണ്ടാണ് സാത്താനെ മുൻ നിറുത്തുന്നത്? സാത്താനെയും അവന്റെ ദൂതന്മാരെയും നീ എന്തിനാണ് എന്റെ മുമ്പിൽ ആരാധിക്കുന്നത്?" അദ്ദേഹം മറുപടി പറഞ്ഞു "അയ്യോ കർത്താവേ ഞാൻ ഒരിക്കലും അങ്ങനെ ചെയ്യില്ല. എന്റെ എല്ലാ സഭാ കൂടി വരവുകളിലും ഞാൻ അങ്ങയെ മാത്രം മുൻ നിറുത്തിയാണ് ആരാധിച്ചത്". "അല്ല" ദൈവം പറഞ്ഞു. "നീ സാത്താനെ ബന്ധിക്കുകയും ശാസിക്കുകയും സംസാരിക്കയുമൊക്കെ ചെയ്യുമ്പോൾ, ഇത് എല്ലാം ഒരു ആരാധനയായി ആണ് അവൻ കരുതുന്നത്. അനേക മൈലുകൾ ദൂരത്തു നിന്നു

മാണ് ഈ ആരാധന സ്വീകരിക്കുവാൻ അവൻ വരുന്നത്. എന്നെ സ്തുതിക്കൂ; ഞാൻ പിശാചിന്റെ കാര്യം നോക്കിക്കൊള്ളാം." ('Let us praise' by Judson Cornwall)

ഇതൊരു ഷോക്കായിപ്പോയി ആ പാസ്റ്റർക്ക് നമുക്കും ഇതൊരു മുന്നറിയിപ്പാണ്. യേശുവിൽ നമ്മുടെ കണ്ണുകൾ ഉറപ്പിക്കുക. ദൈവം ചെയ്യുന്ന കാര്യങ്ങളിൽ നമ്മുടെ ശ്രദ്ധ ഇരിക്കട്ടെ, അവന് എപ്പോഴും മഹത്വം കൊടുത്തുകൊണ്ടിരിക്കുക. സാത്താന്റെ കാര്യം ദൈവം നോക്കട്ടെ *(യൂദാ. 9).* ഇതേ തത്വം പ്രാർത്ഥനയിലും പ്രയോജനപ്പെടു ത്തുക.

*"ഒടുവിൽ സഹോദരന്മാരേ, സത്യമായതു ഒക്കെയും ഘനമാ യതു ഒക്കെയും നീതിയായത് ഒക്കെയും നിർമ്മലമായതു ഒക്കെയും രമ്യമായതു ഒക്കെയും സൽക്കീർത്തിയായത് ഒക്കെയും സൽഗുണമോ പുകഴ്ചയോ അത് ഒക്കെയും ചിന്തിച്ചുകൊൾവിൻ." (ഫിലി. 4:8)*

*"ഏതു സാഹചര്യത്തിലും ദൈവത്തെ സ്തുതിക്കുന്നത് ജയജീ വിതത്തിന് ഒഴിച്ചുകൂടാൻ പറ്റാത്ത കാര്യമാണ്. ഇത് ദൈവത്തെക്കുറി ച്ചുള്ള നമ്മുടെ പരിജ്ഞാനം വർദ്ധിപ്പിക്കുന്നു. ദൈവം എത്ര അത്ഭുത വാനെന്നും, എന്തെല്ലാം വലിയവ അവൻ നമുക്ക് ചെയ്തു വെന്നും, അവന് ഒരു കാര്യവും അസാദ്ധ്യമല്ലായെന്നും അതു നമുക്ക് ബോദ്ധ്യം തരുന്നു. സ്തുതി പിശാചിനെ തോൽപ്പിക്കുന്നു ശക്തമായി ദൈവത്തെ സ്തുതി ച്ചാരാധിക്കുന്നതാണ് പിശാചിനെതിരായ ഏറ്റവും വലിയ ആയുധം." (സങ്കീർത്തനം 149:6-9)*

നമ്മുടെ മനസ്സിനും നമ്മുടെ വാക്കുകൾക്കും ക്രിയാത്മകമായ കഴിവുണ്ട്. നാം മനസ്സിൽ ചിന്തിക്കുന്നത് യാഥാർത്ഥ്യമായിത്തീരാം. നിഷേധാത്മകമായ ചിന്തകളും വാക്കുകളും നമ്മെയും നാം സംസാ രിക്കുന്ന വാക്കുകളെയും, ചിന്തകളെയും അടിച്ചമർത്തുവാൻ സാത്താ നുള്ള അവസരങ്ങളാണ്. നാം നല്ല വിഷയങ്ങളിൽ കൂടുതൽ സമയം നിലനിന്നാൽ നമ്മുടെ ശ്രദ്ധകൊണ്ട് അതിനെ ശക്തിപ്പെടുത്തുകയാണ് ചെയ്യുന്നത്. കാരലും ജോൺ അർനോട്ടും എഴുതിയ "കൃപയും ക്ഷമയും" എന്ന ഗ്രന്ഥത്തിൽ, പാസ്റ്ററായ തന്റെ ജീവിതത്തെക്കുറിച്ച് വിവരിക്കുന്നു. തന്റെ ദൈനംദിന ചിന്തകൾ 80 ശതമാനവും നിഷേധാ ത്മകവും കുഴപ്പം പിടിച്ചതും വിധികല്പിക്കലുകളും ആയിരുന്നു. 20 ശതമാനം മാത്രമായിരുന്നു ക്രിയാത്മാകമായിരുന്നത്. അപ്പോൾ അദ്ദേ ഹം കണ്ടു പിടിച്ചു, മിക്കവാറും എല്ലാ ആളുകളും ഇങ്ങനെതന്നെയാ ണെന്ന്. നാം നമ്മെക്കുറിച്ചോ, മറ്റുള്ളവരെക്കുറിച്ചോ, നേരിടുന്ന സാഹ

ചര്യങ്ങളെക്കുറിച്ചോ നിഷേധാത്മകമായി സംസാരിക്കുമ്പോൾ പ്രത്യക്ഷത്തിൽ സാത്താന്റെ പണി നാം ചെയ്ത് അവനെ സഹായിക്കുകയാണ്.

*"സഹോദരനോടു കോപിക്കുന്നവൻ എല്ലാം ന്യായവിധിക്കു യോഗ്യനാകും, സഹോദരനോടു 'നിസ്സാരാ' എന്നു പറഞ്ഞാലോ ന്യായാധിപസഭയുടെ മുമ്പിൽ നില്ക്കേണ്ടി വരും; മൂഢാ എന്നു പറഞ്ഞാലോ അഗ്നി നരകത്തിനു യോഗ്യനാകും." (മത്താ. 5:22)*

**ദോഷഫലങ്ങൾ ഉളവാക്കുന്ന വാക്കുകൾ പറഞ്ഞിട്ടുണ്ടെങ്കിൽ ഈ പ്രാർത്ഥനാ ഗൈഡ് ഉപയോഗിക്കുക**

- ദോഷകരമായ വാക്കുകളെക്കുറിച്ച് മാനസാന്തരപ്പെട്ട് നിങ്ങളെ രൂപാന്തരപ്പെടുത്തുവാൻ ദൈവത്തോട് അപേക്ഷിക്കുക.
- നിങ്ങളെക്കുറിച്ചോ മറ്റുള്ളവരെക്കുറിച്ചോ സംസാരിച്ച ദോഷകരമായ വാക്കുകളെ യേശുവിന്റെ നാമത്തിൽ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുക.
- പകരം അനുഗ്രഹം പറയുക.
- യേശുവിനെ നിങ്ങളുടെ ഹൃദയത്തിലേക്ക് ക്ഷണിക്കുക. പരിശുദ്ധാത്മാവിനാൽ സമ്പൂർണ്ണമായ് നിറയപ്പെടുവാൻ പ്രാർത്ഥിക്കുക.

നമ്മുടെ മനോഭാവവും വാക്കുകളും ക്രിയാത്മകമെന്ന് (positive words) ഉറപ്പിക്കുവാൻ നമ്മുടെ മനസ്സിനെ പരിശീലിപ്പിക്കേണ്ടത് എങ്ങനെയെന്നും നാവിനെ മെരുക്കേണ്ടത് എങ്ങനെയെന്നും നാം പഠിക്കേണ്ടതുണ്ട്. മറ്റുള്ളവരെ വിധിക്കുന്നതിനു പകരം അവരെ അനുഗ്രഹിക്കുകയും, ബഹുമാനിക്കയും ധൈര്യപ്പെടുത്തുകയും വിശ്വാസത്തിൽ അന്യോന്യം പണിയുകയും പഴി ചാരാതെ ക്ഷമിക്കുകയും വേണം. പ്രാർത്ഥനയിലും നമ്മുടെ ദൈനംദിന ജീവിതത്തിലും സംസാരത്തിലും ഉള്ള നമ്മുടെ മനോഭാവം ഇങ്ങനെയായിരിക്കട്ടെ.

ഇപ്പോൾത്തന്നെ നമ്മെ ശുദ്ധീകരിച്ച് നമ്മിൽ നിന്നും മാറ്റിക്കളയുവാൻ ദൈവം ആഗ്രഹിക്കുന്ന സംഭവങ്ങളെ കൃത്യതയോടെ നമ്മുടെ ഓർമ്മയിലേക്ക് വരുത്തുവാൻ ദൈവത്തോട് പ്രാർത്ഥിക്കാം.

**ദോഷഫലങ്ങൾ ഉളവാക്കുന്ന വാക്കുകൾ സംസാരിച്ചതിനെക്കുറിച്ച് അനുതപിച്ചുള്ള പ്രാർത്ഥന**



"സ്വർഗ്ഗസ്ഥനായ പിതാവേ, സഹോദരന്മാരുടെ കുറ്റാരോപകനായി *(വെളിപ്പാട് 12:9–11)* ഞാൻ മാറിപ്പോയിട്ടുണ്ട്. മറ്റുള്ള ദൈവമക്കളെ ഞാൻ വിധിക്കുകയും, വിമർശിക്കുകയും, അതുനിമിത്തം അവർക്കും എനിക്കും അപമാനം വരുത്തുകയും ചെയ്തുപോയിട്ടുണ്ട്. അവർക്കെതിരായി ഞാൻ അങ്ങയോട് പരാതിപ്പെടുകയും, പ്രാർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. എന്നോട് ക്ഷമിക്കേണമേ. (പറയപ്പെട്ട വാക്കുകളും നടന്ന സംഭവങ്ങളും വ്യക്തതയോടെ ഏറ്റു പറയുക) ഇപ്പോൾ ഞാൻ ഇതിനെക്കുറിച്ച് അനുതപിക്കുന്നു. എന്നെ മുറ്റും രൂപാന്തരപ്പെടുത്തേണമേ."

"മറ്റുള്ളവർക്കെതിരായി ഞാൻ ദോഷം ആഗ്രഹിച്ചുകൊണ്ട് ചിന്തിച്ച ചിന്തകളും വാക്കുകളും യേശുവിന്റെ നാമത്തിൽ അറുത്തുമാറ്റുന്നു. സ്വർഗ്ഗീയ പിതാവേ, യേശുവിന്റെ രക്തത്താൽ ഞങ്ങളെ ഈ ദോഷകരമായ വാക്കുകളുടെയും അതിന്റെ അനന്തരഫലങ്ങളിൽ നിന്നും കഴുകി ശുദ്ധീകരിച്ച് ദുഷ്ടങ്കൽ നിന്നും വിടുവിക്കേണമേ. ശാപത്തിന്റെയും മരണത്തിന്റെയും അല്ല അനുഗ്രഹത്തിന്റെയും ജീവന്റെയും വചനങ്ങൾ പ്രസ്താവിപ്പാൻ എന്നെ സഹായിക്കേണമേ. എന്റെ ഹൃദയത്തിലേക്ക് വന്ന് എന്നെ പരിശുദ്ധാത്മാവിനാൽ പൂർണമായ് നിറയ്ക്കേണമേ."

"യേശുവിൻ നാമത്തിൽതന്നെ, ആമേൻ."

മിക്കവാറും മാതാപിതാക്കൾ തങ്ങളുടെ കുട്ടികളോട് അവരെ നശിപ്പിക്കുന്ന വാക്കുകൾ സംസാരിക്കാറുണ്ട്. ഉദാഹരണത്തിന്, "നീ ജനിക്കാതിരുന്നെങ്കിൽ എനിക്ക് എത്ര നന്നായിരുന്നു", "നീ മടിയനാണ് ഇങ്ങനെ പോയാൽ വിജയിക്കത്തില്ല", "നീ ഒരിക്കലും ഗുണം പിടിക്കത്തില്ല" എന്നിങ്ങനെയുള്ള പദപ്രയോഗങ്ങൾ പലരും ഉപയോഗിക്കാറുണ്ട്. ചെറുപ്പമായിരിക്കുമ്പോൾ നമ്മുടെ മേൽ അധികാരമുള്ള മാതാപിതാക്കളോ, അധ്യാപകരോ, ജോലിസ്ഥലത്തെ ഉദ്യോഗസ്ഥരോ നമ്മെ വേദനിപ്പിക്കുന്ന വാക്കുകൾ പറഞ്ഞിട്ടുണ്ടായിരിക്കാം. ചിലർ കുഞ്ഞുങ്ങളെ വീട്ടിൽ വിളിക്കുന്ന പേരുകൾ "എടാ കഴുതേ, എടീ

തടിച്ചീ, പോർക്കേ, പിശാചേ, കൊരങ്ങാ, പൊട്ടാ" എന്നൊക്കെയാണ്. ഇതൊക്കെ മക്കളുടെ ജിവിതത്തെ ശാപമായി ബാധിക്കാം. ചില മാതാപിതാക്കൾ കുഞ്ഞുങ്ങൾക്കിടുന്ന ഓമന പേരുകൾ പോലും ആ കുഞ്ഞുങ്ങളുടെ മുമ്പോട്ടുള്ള ജീവിതത്തെ ദോഷകരമായി സ്വാധീനിക്കാം. ഉദാഹരണത്തിന് ചിലർ മക്കളിൽ ഇളയവരെ "കുഞ്ഞൂഞ്ഞ്", "കുഞ്ഞ്" ഇങ്ങനെ പല പേരുകൾ ഇട്ട് വിളിക്കുന്നു. വളരെ സ്നേഹത്തോടും ഓമനത്വത്തോടും കൂടെയാണ് വിളിക്കുന്നതെങ്കിലും മറ്റുള്ളവർ 'കുഞ്ഞായി', എല്ലാവരിലും ചെറിയവനായി കണ്ട് പെരുമാറുമ്പോൾ അത് ഒരു പക്ഷേ കുഞ്ഞൂഞ്ഞിന്റെ മനസ്സിനെ മുറിവേല്പിക്കാം. നമ്മെ ഏതെങ്കിലും നിലയിൽ വിധിക്കുകയോ, ദോഷഫലങ്ങൾ ഉളവാകുന്ന വാക്കുകൾ പറയുകയോ ചെയ്ത എല്ലാവരോടും നാം ക്ഷമിക്കണം. നമ്മുടെ ജീവിതത്തെ ശാപകരമായി സ്വാധീനിച്ചതും ദോഷഫലമുളവാക്കിയതുമായ എല്ലാ വാക്കുകളുടെ ശക്തിയെയും നമുക്ക് യേശുവിന്റെ നാമത്തിൽ തകർക്കാം. നമ്മെ ശുദ്ധീകരിക്കുവാനും നമ്മെ നെഗറ്റീവ് വാക്കുകളുടെ ദോഷഫലങ്ങളിൽ നിന്നും നമ്മെവിടുവിക്കുവാനും നമുക്ക് യേശുവിനോട് പ്രാർത്ഥിക്കാം.

> ***സാക്ഷ്യം***
>
> ***യേശു ഒരു ബന്ധം പുനഃസ്ഥാപിക്കുന്നു***
>
> *"അനേകവർഷങ്ങളായി ശരീരം ക്ഷീണിച്ചു പോകുന്ന ഒരു രോഗത്താൽ ബാധിതനായിരുന്ന ഒരു മനുഷ്യനുവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുകയായിരുന്നു. ആരെങ്കിലും ദോഷഫലമുള്ളവാക്കുന്ന വാക്കുകൾ നിങ്ങളോടു സംസാരിച്ചിട്ടുണ്ടോ എന്ന് ഞങ്ങൾ അദ്ദേഹത്തോട് ചോദിച്ചു. അപ്പോൾ തന്റെ പിതാവ് പറഞ്ഞ ഒരു വാചകം ഞങ്ങളോട് പറഞ്ഞതിപ്രകാരമായിരുന്നു: "നിന്റെ ജീവിതം ഒരിക്കലും ശരിയാകത്തില്ല" എന്ന് ഈ വാചകങ്ങൾ ഒരു ശാപം പോലെ അവനിൽ പ്രവർത്തിക്കുകയായിരുന്നു. ആ മനുഷ്യൻ തന്റെ പിതാവിനോട് ക്ഷമിച്ച്, അനുഗ്രഹിച്ചു പ്രാർത്ഥിച്ചു. 3 ദിവസങ്ങൾക്കു ശേഷം തന്റെ പിതാവ് യേശുവിനെ സ്വപ്നം കണ്ടു. തനിക്ക് യേശുവുമായി ഒരു ബന്ധവുമില്ലെന്ന് തിരിച്ചറിഞ്ഞു. ഉടനെ അദ്ദേഹം മാനസാന്തരപ്പെട്ടു യേശുവിനെ ഹൃദയത്തിലേക്ക് സ്വീകരിച്ചു. ഒരു വീണ്ടും ജനിച്ച ദൈവപൈതലായി മാറി. പിതാവും മകനും തമ്മിലുള്ള ബന്ധവും പുനഃസ്ഥാപിക്കപ്പെട്ടു."*

***സാക്ഷ്യം***

***യേശുവിന്റെ ശക്തി പാരമ്പര്യശാപങ്ങളിൽ നിന്നും എന്റെ കുടുംബത്തെ രക്ഷയിലേക്കും നടത്തി.***

*"എന്റെ പിതാവിന് പല പരസ്ത്രീബന്ധങ്ങളുണ്ടായിരുന്നത് കാരണം എന്റെ അമ്മ ഒരു മദ്യപാനിയായിത്തീരുവാനിടയായി. എന്റെ മാതാപിതാക്കളും അവരുടെ മാതാപിതാക്കളും ദുർമന്ത്രവാദം ചെയ്തിരുന്നു. എന്റെ സഹോദരങ്ങളുടെയും അവരുടെ കുട്ടികളുടെയും ജീവിതങ്ങൾ, ദുഃഖകരമായ അവസ്ഥയിൽ ആയിരുന്നു. ഒരു ദിവസം ഇതെല്ലാം എന്റെ പിതാവിനോട് വിവരിക്കുവാൻ അവസരമുണ്ടായി. തന്റെ കുട്ടികളെയും പേരക്കുട്ടികളെയും ഈ പാപം ബാധിക്കുന്നത് താൻ മനസ്സിലാക്കി. തനിക്ക് ഒരു രക്ഷകനെ ആവശ്യമുണ്ടെന്ന് തനിക്ക് മനസിലായി. തന്റെ കുടുംബത്തെ തകർക്കുന്ന ശാപത്തെ തകർക്കുവാൻ യേശുവിനെ ആവശ്യമാണെന്ന് തനിക്കുതോന്നി. അദ്ദേഹം അത് മനസിലാക്കുകയും കുറ്റബോധമുള്ളവനാകയും ചെയ്തു. തന്നോട് ക്ഷമിക്കണമെന്നും കുടുംബത്തിന്റെ ശാപം നീക്കണമെന്നുംതാൻ മുട്ടിന്മേൽ നിന്ന് യേശുവിനോട് അപേക്ഷിച്ചു. ഇപ്പോൾ പള്ളിയിൽ കൈകളുയർത്തി ആരാധിക്കുന്ന എന്റെ പിതാവിനെ കാണുന്നത് തന്നെ അത്ഭുതമാണ്. ഒരു വർഷം മുമ്പായിരുന്നു. ഈ സ്വഭാവം അതിന് ശേഷം, ക്രിസ്തുവിന് എതിരായിരുന്ന എന്റെ സഹോദരിയും യേശുവിൽ വിശ്വസിക്കുവാനിടയായി".*

***സാക്ഷ്യം***

***യേശു ഒരു ബന്ധം പുനഃസ്ഥാപിക്കുന്നു***

*"അനേകവർഷങ്ങളായി ശരീരം ക്ഷീണിച്ചു പോകുന്ന ഒരു രോഗത്താൽ ബാധിതനായിരുന്ന ഒരു മനുഷ്യനുവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുകയായിരുന്നു. ആരെങ്കിലും ദോഷഫലമുള്ളവാക്കുന്ന വാക്കുകൾ നിങ്ങളോടു സംസാരിച്ചിട്ടുണ്ടോ എന്ന് ഞങ്ങൾ അദ്ദേഹത്തോട് ചോദിച്ചു. അപ്പോൾ തന്റെ പിതാവ് പറഞ്ഞ ഒരു വാചകം ഞങ്ങളോട് പറഞ്ഞതിപ്രകാരമായിരുന്നു: "നിന്റെ ജീവിതം ഒരിക്കലും ശരിയാകത്തില്ല" എന്ന് ഈ വാചകങ്ങൾ ഒരു ശാപം പോലെ അവനിൽ പ്രവർത്തിക്കുകയായിരുന്നു. ആ മനുഷ്യൻ തന്റെ പിതാവിനോട് ക്ഷമിച്ച്, അനുഗ്രഹിച്ചു പ്രാർത്ഥിച്ചു. 3 ദിവസങ്ങൾക്കു ശേഷം തന്റെ പിതാവ് യേശുവിനെ സ്വപ്നം കണ്ടു. തനിക്ക് യേശുവുമായി ഒരു ബന്ധവുമില്ലെന്ന് തിരിച്ചറിഞ്ഞു. ഉടനെ അദ്ദേഹം മാനസാന്തരപ്പെട്ടു യേശുവിനെ ഹൃദയത്തിലേക്ക് സ്വീകരിച്ചു. ഒരു വീണ്ടും ജനിച്ച ദൈവപൈതലായി മാറി. പിതാവും മകനും തമ്മിലുള്ള ബന്ധവും പുനഃസ്ഥാപിക്കപ്പെട്ടു."*

ചിലപ്പോൾ, **സംസാരിക്കപ്പെടുന്ന നിഷേധാത്മക വാക്കുകൾ** ആയിരിക്കത്തില്ല നമ്മെ വേദനിപ്പിക്കുന്ന കാര്യങ്ങൾ. പരസ്പര ബന്ധ

ങ്ങളിൽ മൗനത ഉളവാകുകയും തമ്മിൽ തമ്മിൽ ആശ്ലേഷിക്കൽ, അനുമോദിക്കൽ എന്നിവ ഇല്ലാതെയും വരുമ്പോൾ മാനസിക വേദനകൾ ഉളവാകാം. ഉദാഹരണത്തിന് പിതാവ് മകനോട് സംസാരിക്കാതെ മൗനമായി നടന്നാൽ മകന് വേദനയുണ്ടാകുന്നു. അദ്ധ്യാപകൻ വിദ്യാർത്ഥിക്ക് ധൈര്യം പകരുന്നതിനു പകരം മൗനത പാലിക്കുമ്പോഴും വിദ്യാർത്ഥിയിൽ മാനസിക വേദനയുണ്ടാകാം. "ഞാൻ ഒന്നിനും കൊള്ളാത്തവനാണ്, വിലയില്ലാത്തവനാണ്" എന്നൊക്കെയുള്ള നെഗറ്റീവ് ചിന്തകൾ ഉടലെടുക്കുവാൻ തുടങ്ങും.

ധൈര്യപ്പെടുത്തലുകൾ കിട്ടാതെ വരുമ്പോൾ നെഗറ്റീവ് ചിന്തകൾ വരാം. ഉദാഹരണത്തിന് ഒരു കുട്ടി പരീക്ഷയിൽ ഏകദേശം 75% മാർക്ക് സ്കോർ ചെയ്തു. എന്നാൽ പിതാവിന്റെ പ്രതികരണം ഇങ്ങനെയായിരുന്നു: "നിന്റെ സഹോദരന് 96% മാർക്ക് കിട്ടി". അല്ലെങ്കിൽ ഒരു കമന്റും പറയത്തില്ല എന്ന് വിചാരിക്കുക. അത് ആ കുട്ടിയെ അവൻ ഒരു പ്രാധാന്യമില്ലാത്തവനാണെന്നോ പിതാവിന് തന്നിൽ ഒരു താല്പര്യവുമില്ലെന്നോ ഒക്കെ തന്നെക്കുറിച്ച് വിലയിരുത്താം. വേദനാജനകം എങ്കിലും ഇത്തരം അനുഭവങ്ങളിൽ നാം അവരോട് ക്ഷമിച്ചേ മതിയാകൂ. ക്ഷമിക്കുവാനുള്ള കൃപയ്ക്കായി ദൈവത്തോട് യാചിക്കുക.

ചിലപ്പോൾ നാം പരീശനെപ്പോലെ നമ്മെത്തന്നെ തെറ്റായ നിലയിൽ വിധിക്കും (ലൂക്കോ. 18:9-14). ചിലപ്പോൾ നമ്മുടെ സ്വന്തം വാക്കുകളോ, ചിന്തകളോ നെഗറ്റീവ് ആകാം. ഉദാഹരണത്തിന് "ഞാൻ ഉപയോഗശൂന്യനാണ്", "ഞാൻ ചത്തെങ്കിൽ കൊള്ളായിരുന്നു" എന്നുള്ള പദപ്രയോഗങ്ങൾ ചിലർ ഉപയോഗിക്കാറുണ്ട്. ഇത്തരം വാക്കുകളും ചിന്തകളും ജീവിതത്തിൽ വിഷാദരോഗത്തിലേക്കും ആത്മഹത്യാ പ്രേരണയിലേക്കും, ആരോഗ്യപ്രശ്നങ്ങളിലേ

**നിങ്ങളെക്കുറിച്ച് ആരെങ്കിലും ദോഷകരമായി സംസാരിച്ചിട്ടുണ്ടെങ്കിൽ ഈ പ്രാർത്ഥനാ ഗൈഡ് ഉപയോഗിക്കുക**

- നിങ്ങളെ വേദനിപ്പിച്ചവരോട് ക്ഷമിക്കുക.
- നിങ്ങളോട് സംസാരിച്ച എല്ലാ നെഗറ്റീവ് വാക്കുകളുടെയും ശക്തിയെ യേശുവിന്റെ നാമത്തിൽ തകർക്കുക.
- നിങ്ങളെ ശപിച്ചവരെ അനുഗ്രഹിക്കുക.
- യേശുവിനെ നിങ്ങളുടെ ഹൃദയത്തിലേക്ക് ക്ഷണിക്കുക. പരിശുദ്ധാത്മാവിനാൽ സമ്പൂർണ്ണമായ് നിറയപ്പെടുവാൻ പ്രാർത്ഥിക്കുക.

യ്ക്കും, ശാപങ്ങളിലേയ്ക്കും ഒക്കെ നയിക്കാം. സ്വയം വിധി പ്രസ്താവിക്കലുകളിൽ (മറ്റുള്ളവരെക്കാൾ താണവർ എന്നതും മറ്റുള്ളവരെക്കാൾ മെച്ചമെന്നു തോന്നുന്നതും) അനുതപിച്ച് അതിന്റെ ദോഷവശങ്ങളിൽ നിന്നും യേശുവിന്റെ അധികാരമുള്ള നാമത്തിൽ അവയിൽ നിന്നും വിമുക്തരാകണം. അതിന്റെ ദോഷകരമായ പരിണിത ഫലങ്ങളിൽ നിന്നും സ്വതന്ത്രമാകുവാൻ ദൈവത്തോട് പ്രാർത്ഥിക്കാം.

നിങ്ങൾ ഒരുങ്ങിയിട്ടുണ്ടെങ്കിൽ ചുവടെ കൊടുത്തിരിക്കുന്ന പ്രാർത്ഥന ഉച്ചസ്വരത്തിൽ ചെല്ലുക.

ക്രിസ്തുവിൽ നാം ആരാണെന്നതിനെകുറിക്കുന്ന ചില വേദഭാഗങ്ങളുടെ ലിസ്റ്റ് അനുബന്ധത്തിൽ (അനുബന്ധം) ചേർത്തിട്ടുണ്ട്. അത് വായിച്ച് വാക്യങ്ങൾ ധ്യാനിക്കുവാനും വിശ്വാസം കെട്ടിപ്പടുത്തുവാനും നമുക്കും മറ്റ് വിശ്വാസികൾക്കും സഹായകരമാണ്.

**മറ്റുള്ളവരുടെ വാക്കുകൾ നിമിത്തമുണ്ടായ ശാപമഴിഞ്ഞു പോകുവാനുള്ള പ്രാർത്ഥന**



"പ്രിയ സ്വർഗ്ഗീയ പിതാവേ എനിക്കെതിരായി മറ്റുള്ളവർ സംസാരിച്ചിട്ടുള്ള ദോഷഫലം ഉളവാക്കുന്ന എല്ലാ വാക്കുകളും ഞാൻ തിരിച്ചറിയുന്നു. എല്ലാ വിധി പ്രസ്താവിക്കലും, പൈശാചികമായ വാക്കുകളും, ശാപവാക്കുകളും (നിങ്ങളോട് പറഞ്ഞിട്ടുള്ള ദോഷകരമായ വാക്കുകൾ കൃത്യമായി ദൈവത്തോട് പറയുക). എനിക്കെതിരായി ദോഷകരമായ ശാപവാക്കുകൾ പറഞ്ഞ എല്ലാവരോടും ഞാൻ ക്ഷമിക്കുന്നു. അവരെ അനുഗ്രഹിക്കുന്നു. (അത്തരം വാക്കുകൾ പറഞ്ഞ വ്യക്തികളുടെ പേര് അല്ലെങ്കിൽ ധൈര്യത്തിന്റെ വാക്ക് പറയാതിരുന്ന വ്യക്തികളുടെ പേര് പറയുക) പിതാവേ, എന്റെ പാപകരമായ പ്രതികരണങ്ങൾ ക്ഷമിക്കണമേ. (നിങ്ങളുടെ പാപകരമായ പ്രതികരണങ്ങൾ ഏറ്റ് പറയുക)."

"യേശുവിന്റെ രക്തത്താൽ എന്നെ കഴുകേണമേ. യേശുവിന്റെ അധികാരമുള്ള നാമത്തിൽ ഈ ശാപകരവും ദോഷം ഉളവാക്കുന്നതുമായ വാക്കുകൾ എന്റെ ജീവിതത്തിൽ ഉളവാക്കിയ ശാപങ്ങളെയും ദോഷങ്ങളെയും പരിണിത ഫലങ്ങളെയും അറുത്ത് പ്രാർത്ഥിക്കുന്നു. എന്റെ ദേഹം, ദേഹി ആത്മാവിനെ, സമ്പൂർണ്ണമായി സൗഖ്യമാക്കേണമേ. യേശു എന്റെ ഹൃദയത്തിൽ വരേണമേ. പരിശുദ്ധാത്മാവിനെ എന്നിൽ നിറയ്ക്കേണമേ."

"നന്ദി കർത്താവേ. യേശുവിൻ നാമത്തിൽത്തന്നെ ആമേൻ."

## *പണസംബന്ധമായ വിഷയങ്ങളിൽ നിന്നുള്ള സ്വാതന്ത്ര്യം*



*"ധനികന്മാരാകുവാൻ ആഗ്രഹിക്കുന്നവർ പരീക്ഷയിലും കണിയിലും കുടുങ്ങുകയും മനുഷ്യർ സംഹാരനാശങ്ങളിൽ മുങ്ങിപ്പോകുവാൻ ഇടവരുന്ന മൌഢ്യവും ദോഷകരവുമായ പല മോഹങ്ങൾക്കും ഇരയായിതീരുകയും ചെയ്യുന്നു. ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും മൂലമല്ലോ. ഇത് ചിലർ കാംക്ഷിച്ചിട്ട് വിശ്വാസം വിട്ടുഴന്നു ബഹുദുഃഖങ്ങൾക്കു അധീനരായിത്തീർന്നിരിക്കുന്നു. നീയോ ദൈവത്തിന്റെ മനുഷ്യനായുള്ളോവേ, അത് വിട്ട് ഓടി നീതി, ഭക്തി, വിശ്വാസം, സ്നേഹം, ക്ഷമ, സൗമ്യത എന്നിവയെ പിന്തുടരുക." (1 തിമൊഥെയോസ് 6:9–10)*

ഉപമകളിലൂടെ യേശു പലപ്രാവശ്യം പണം സംബന്ധിച്ചും വസ്തുവകകൾ സംബന്ധിച്ചും സംസാരിച്ചിട്ടുണ്ട്. പണത്തോടുള്ള മനുഷ്യന്റെ മനോഭാവം എന്തെന്ന് യേശുവിന് നന്നായി അറിയാം. ഈ കുഴപ്പം പിടിച്ച വിഷയത്തെക്കുറിച്ച് യേശുവിന്റെ വീക്ഷണം എന്തെന്ന് മനുഷ്യൻ അറിയണമെന്ന് അവൻ ആഗ്രഹിക്കുന്നു. നമുക്ക് പണം അത്യാവശ്യമാണ്. എങ്കിലും ദ്രവ്യാഗ്രഹം നാശത്തിലേക്ക് വഴിതെളിക്കുന്നു. നമ്മൾ ദൈവത്തിൽ ആശ്രയം വക്കുമ്പോൾ, അവൻ നമുക്കു വേണ്ടതെല്ലാം നൽകുന്നു. പ്രത്യുപകാരമായി എല്ലാം കൊണ്ടും നാം അവനെ സ്നേഹിക്കുകയും വേണം. ചിലർ പറയാറുണ്ട് ഒരു വ്യക്തിയിൽ അവസാനമായി നടക്കേണ്ട മാനസാന്തരം 'പോക്കറ്റി' ലാണ് എന്ന്! പണത്തെക്കാൾ ദൈവത്തിൽ ആശ്രയിക്കുക എന്നു പഠിക്കുന്നത് പലപ്പോഴും എല്ലാ പ്രശ്ന

> ദൈവകൃപയുടെ സുവിശേഷത്താൽ നാം അനുഗ്രഹിക്കപ്പെട്ടതിന്റെ വലിപ്പം കണക്കാക്കിയാൽ 10 ശതമാനത്തിൽ കുറച്ച് കൊടുക്കുന്നത് അചിന്തനീയമാണ്.
>
> (ഡൻകൻ വാട്ട്കിൻസൺ)

ങ്ങളുടെയും ഒടുവിലാണ്. നമ്മിൽ ലൗകികത ആഴത്തിൽ വേരൂന്നി നില്ക്കുന്നതുകൊണ്ടാകാം പണത്തെക്കുറിച്ചും ഇതിനെ സംബന്ധിച്ചുള്ള ദൈവവചനഭാഗങ്ങളും നാം അറിയാതെ പോകുന്നത്.

> ***ദശാംശം എങ്ങനെ കണക്കാക്കാം***
>
> 1. ആഴ്ചയിലേയോ, മാസത്തിലെയോ നിങ്ങളുടെ വരുമാനം കൂട്ടിവയ്ക്കുക. ഒരു പക്ഷെ Rs.5000 (നിങ്ങൾ ഒരു വ്യാപാരി എങ്കിൽ ഇത് ചെയ്യുവാൻ എളുപ്പത്തിൽ സാധിക്കും).
> 2. മൊത്തം തുകയെ 10 കൊണ്ട് ഹരിക്കുക (Rs.5000/10 = Rs.500).
> 3. ഈ ഉദാഹരണത്തിൽ ദശാംശം Rs.500 ആണ്.
> 4. ദശാംശം നിങ്ങൾ സംബന്ധിക്കുന്ന സഭയിലാണ് നൽകേണ്ടത്.

ദൈവത്തെക്കാളുപരി സമൃദ്ധിയുടെ പിൻപേ ഓടുമ്പോൾ എപ്പോഴും പ്രശ്നങ്ങൾ സൃഷ്ടിക്കപ്പെടുന്നു. പണം കൈയ്യിൽ ഉള്ളതോ വളരെയധികം പണം ഉള്ളതോ തെറ്റല്ല. എന്നാൽ ദൈവം ഉദ്ദേശിക്കുന്നത്, നാം ഇത് ഔദാര്യമായി കൊടുക്കുവാനും ആവശ്യത്തിലുള്ളവരെ സഹായിക്കുവാനും സുവിശേഷവേലയുടെ ദൗത്യം നിറവേറ്റുവാനും ഉതകണം എന്നതാണ്. *(മത്താ. 25:34-46; ലൂക്കോ. 12:33-34; യാക്കോ. 5:1-6)*

ദശാംശം കൊടുക്കുക എന്ന തത്വം അബ്രഹാമാണ് ആരംഭിക്കുന്നത് *(ഉല്പ. 14:20),* യാക്കോബ് അത് തുടരുകയും *(ഉല്പ. 28:22),* മോശെയുടെ ന്യായപ്രമാണത്തിൽ അത് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട് *(ലേവ്യ. 27:30-32).* പഴയനിയമത്തിൽ, ജനം തങ്ങളുടെ കൊയ്തെടുക്കുന്ന ഫലത്തിൽ നിന്നോ സമ്പാദ്യത്തിൽ നിന്നോ ലഭ്യതയിൽ നിന്നോ 10% ദൈവത്തിന് കൊടുത്തിരുന്നു. ദശാംശം വിശുദ്ധവും അത് ദൈവത്തിന് സ്വന്തവുമാണ്. ദശാംശം എന്നത് ഏറ്റവും കുറഞ്ഞ ഭാഗം വെയ്ക്കലാണ്.

> നിങ്ങളുടെ ഏറ്റവും ശ്രേഷ്ഠമായതിനെ ഇപ്പോൾ ദൈവത്തിന് കൊടുക്കുക. നിങ്ങൾ നൽകിയതിനെ ദൈവം വർദ്ധിപ്പിച്ച് നിങ്ങൾക്ക് മടക്കിത്തരും. അത് സ്നേഹമോ വിശ്വാസമോ പണമോ മററ് എന്തെങ്കിലുമായിക്കൊള്ളട്ടെ അവൻ ഒരു അത്ഭുതം ഇപ്പോൾ തന്നെ നിങ്ങൾക്കു ചെയ്യുവാൻ ആഗ്രഹിക്കുന്നു.
>
> (ഓറൽ റോബർട്ട്സ്)

യേശു പറഞ്ഞു: *"എന്നാൽ കൈസർക്കുള്ളതു കൈസർക്കും ദൈവത്തിനുള്ളതു ദൈവത്തിനും കൊടുപ്പിൻ എന്നു അവൻ അവരോട് പറഞ്ഞു." (മത്താ. 22:21; മർക്കൊ. 12:17; ലൂക്കോ. 20:25)*

ഒരു പ്രസംഗകൻ ഇപ്രകാരം പറയുകയുണ്ടായി: "ദശാംശം എന്നത് നാം ഈ ഭൂമിയിൽ താമസിക്കുന്നതിനും ജീവശ്വാസം ശ്വസിക്കുന്നതിനുമുള്ള 'വാടക'യാണ്" എന്ന്. ദശാംശത്തെക്കാൾ കൂടുതൽ നൽകുന്നത് എന്തും വഴിപാടാണ്. ഈ വഴിപാടുകളെ ദൈവം അനുഗ്രഹിക്കുന്നു. ദശാംശവും വഴിപാടും കൊടുക്കുന്നവർക്ക് ഒരിക്കലും ഒരു കുറവും ഉണ്ടാകയില്ല. ഈ ലേഖകരുടെ അനുഭവത്തിൽ നിന്നും മനസ്സിലായ ഒരു കാര്യം, ജീവിതത്തിൽ സാമ്പത്തിക ബുദ്ധിമുട്ടുകൾ ഉണ്ടെന്നു പറയുന്ന മിക്കവാറും ക്രിസ്ത്യാനികൾ ദശാംശം കൊടുക്കാത്തവരാണ്. സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന ക്രിസ്തീയ സംഘടനകളിൽ പലതും അതിന്റെ വരുമാനത്തിന്റെ ദശാംശം (അവർക്കൊരിക്കലും സ്വന്തമല്ലാത്തത്) മറ്റൊരു വേലയ്ക്കായി കൊടുക്കാത്തതുകൊണ്ടാണ്. ദശാംശം പലരും കൊടുക്കാത്തതിന്റെ മറ്റൊരു കാരണം ഇത് അവർക്ക് വഹിക്കുവാൻ ബുദ്ധിമുട്ടാണ് എന്നു പറഞ്ഞാണ്. ഇതൊരു ലൗകീക ചിന്തയാണ്. എന്നാൽ ദശാംശം കൊടുക്കുന്നില്ല എന്നതുകൊണ്ട് സംരക്ഷണത്തിന്റെ ദൈവകരം നമ്മിൽ നിന്ന് എടുക്കപ്പെടുകയും പണം എത്തേണ്ട ഇടങ്ങളിൽ വേണ്ട വിധത്തിൽ എത്താതെയും പോകുന്നു. ഉദാഹരണത്തിന്, പല സാമഗ്രികളും നശിച്ചു പോവുക, ആഹാര സാധനങ്ങൾ കേടാവുക, കടഭാരം കൂടുക എന്നിത്യാദി കാര്യങ്ങൾ വിട്ടുമാറാതെ സംഭവിക്കുന്നത്. സാധാരണ നിലയിൽ ജീവിക്കുവാൻ പോലും നമുക്കു തികയുന്നില്ലെങ്കിൽ, നാം ആദ്യം ദൈവത്തിന് കൊടുക്കുവാൻ ശീലിക്കണം അപ്പോൾ നമുക്ക് ഒരു കുറവും ഉണ്ടാകയില്ലെന്ന് ദൈവം നമ്മെ പഠിപ്പിക്കുന്നു.

***സാക്ഷ്യം***

***ദശാംശം കൊടുക്കുവാൻ തുടങ്ങിയപ്പോൾ യേശു എന്നെ അനുഗ്രഹത്തിന്റെ മുഖാന്തരമാക്കി മാറ്റി***

*"14 വർഷങ്ങൾക്കു മുമ്പാണ് ഞാൻ ദശാംശത്തെക്കുറിച്ച് പഠിക്കുകയും, ദശാംശം വിശുദ്ധമാണെന്നും ദൈവത്തിന് മാത്രം സ്വന്തമായിരിക്കുന്ന അത് നിർബന്ധമായും പ്രാദേശിക സഭയിൽ കൊടുക്കണമെന്നും മനസ്സിലാക്കിയത്. എന്നാൽ ദശാംശം കൃത്യമായി കൊടുക്കാത്തതിനെകുറിച്ച് ഞാൻ അനുതപിച്ചു. ആ സമയം ഞാൻ വളരെ കടത്തിലും എന്റെ കുടുംബജീവിതം തകർച്ചയിലുമായിരുന്നു. എന്നാൽ ഇപ്പോൾ എന്റെ കുടുംബജീവിതം ശക്തിപ്പെട്ടു. കടഭാരം നീങ്ങിപ്പോയി. മറ്റനേകരെ അവരുടെ കടഭാരം നീങ്ങുന്നതിനും ദൈവീകവിളിയിലേക്ക് അവരെ നടത്തുന്നതിനും ഞങ്ങൾക്ക് കഴിയുന്നു."*

*"മനുഷ്യന് ദൈവത്തെ തോല്പിക്കാമോ? എങ്കിലും നിങ്ങൾ എന്നെ തോല്പിക്കുന്നു. എന്നാൽ നിങ്ങൾ: ഏതിൽ ഞങ്ങൾ നിന്നെ തോല്പിക്കുന്നു എന്ന് ചോദിക്കുന്നു. ദശാംശത്തിലും വഴിപാടിലും തന്നെ. നിങ്ങൾ ഈ ജാതിമുഴുവനും തന്നെ, എന്നെ തോല്പിക്കുന്നതു കൊണ്ട് നിങ്ങൾ ശാപഗ്രസ്തരാകുന്നു. എന്റെ ആലയത്തിൽ ആഹാരം ഉണ്ടാകേണ്ടതിന്നു നിങ്ങൾ ദശാംശം മുഴുവനും ഭണ്ഡാരത്തിലേക്കു കൊണ്ടുവരുവിൻ. ഞാൻ നിങ്ങൾക്കു ആകാശത്തിന്റെ കിളിവാതിലുകളെ തുറന്നു, സ്ഥലം പോരാതെ വരുവോളം നിങ്ങളുടെ മേൽ അനുഗ്രഹം പകരുകയില്ലയോ? എന്നിങ്ങനെ നിങ്ങൾ ഇതിനാൽ എന്നെ പരീക്ഷിപ്പിൻ എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു." (മലാഖി. 3:8–10)*

**ദശാംശം നൽകുന്നതിലെ അവിശ്വസ്തതയെക്കുറിച്ച് അനുതപിച്ചു കൊണ്ടുള്ള പ്രാർത്ഥന**[6]



"സ്വർഗ്ഗസ്ഥനായ പിതാവേ ഭൂമിയിലും, സ്വർഗ്ഗത്തിലുമുള്ള സകലത്തിന്റേയും ഉടമസ്ഥൻ അങ്ങാകുന്നു എന്നു ഞാൻ സമ്മതിക്കുന്നു." *(അപ്പൊസ്തല പ്രവൃത്തി 17:24)*

"എനിക്കുള്ളതെല്ലാം അങ്ങു നൽകിയതാകുന്നു. എന്നെ ഏൽപ്പിച്ചിരിക്കുന്ന സകലത്തിനായും നന്ദി. ദശാംശം വിശുദ്ധവും അങ്ങയുടേതുമാകുന്നു എന്നു ഞാൻ സമ്മതിക്കുന്നു. അങ്ങേയ്ക്കുള്ളത് തിരിച്ചു നൽകാത്തത് ഞാൻ അനുതപിക്കുന്നു *(മലാഖി 3:8–12).* മുൻകാലങ്ങളിൽ ദശാംശത്തിൽ അവിശ്വസ്തത കാട്ടിയതു എന്നോട് ക്ഷമിക്കേണമേ. യേശുവിന്റെ അധികാരമുള്ള നാമത്തിൽ അവിശ്വസ്തത കാട്ടിയത് മൂലമുള്ള എന്റെമേലുള്ള ശാപം ഞാൻ മുറിച്ച് മാറ്റുന്നു. ഇനി മുതൽ എന്റെ വരുമാനത്തിൽ നിന്നും ദശാംശം കൊടുക്കുവാൻ എന്ന സഹായിക്കേണമേ. അങ്ങയുടെ കൃപയാൽ മുൻ കാലങ്ങളിൽ കൊടുക്കാതെയിരുന്ന ശാപത്തിൽ നിന്നും ഞാൻ സ്വതന്ത്രനാകുന്നു *(മലാഖി 3:11).* കർത്താവേ നന്ദി. ഇന്നു മുതൽ മറ്റുള്ളവർക്കും ദൈവരാജ്യ വ്യാപനത്തിനും സാമ്പത്തികമായ നിലയിൽ ഒരു അനുഗ്രഹമായിരിപ്പാൻ എന്നെ സഹായിക്കേണമെ. യേശുവിൻ നാമത്തിൽത്തന്നെ, ആമേൻ."

[6] *Clive Pick: The Revelation of Financial Renewal, 1998, New Wine Ministries.*

ബൈബിളിലെ ഈ ഭാഗത്ത് മാത്രമാണ് ദൈവത്തെ പരീക്ഷിക്കുവാൻ അവൻ നമ്മെ ക്ഷണിക്കുന്നത്. ‘ഭണ്ഡാരം’ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് നാം കൂടിവരുന്ന ‘സഭ’ യാണ്. അവിടെയാണല്ലോ നാം ആത്മീകമായി പരിപോഷിപ്പിക്കപ്പെടുന്നത് *(ആവ. 14:22-23).*

ശ്രദ്ധിക്കുക, ഒരു ‘അഭിവൃദ്ധി സുവിശേഷം’ പ്രോത്സാഹിപ്പിക്കുകയല്ല ഇവിടെ ഉദ്ദേശിക്കുന്നത്. തികച്ചും വചനത്തോടുള്ള അനുസരണമാണിതിനാൽ ഉദ്ദേശിച്ചത്.

ദൈവത്തോട് നമ്മൾ വിശ്വസ്തരായിരിക്കണം. ഈ വിഷയത്തിൽ നമ്മൾ അവിശ്വസ്തരെങ്കിൽ അതെക്കുറിച്ച് അനുതപിച്ച് നാം ദൈവത്തെ കവർച്ച ചെയ്തു എന്നേറ്റുപറയുക. നാം ആരാധിക്കുന്ന ദേവാലയത്തിൽ നമുക്ക് ലഭിക്കുന്ന വരുമാനത്തിന്റെ ആകെത്തുകയുടെ (Tax കട്ടിംഗ് കഴിഞ്ഞിട്ടുള്ള ശമ്പളമല്ല കണക്കു കൂട്ടേണ്ടത്. കട്ട് ചെയ്യുന്നതിന് മുമ്പുള്ള മൊത്തം തുക കണക്കു കൂട്ടി ദശാംശം കൊടുക്കണം). 10% ദൈവത്തിനായി വേർതിരിച്ച് അർപ്പിക്കുമെന്ന് ദൈവത്തോട് ഉടമ്പടി ചെയ്യുക.

അതു പോലെ തന്നെ, കൈകൂലി കൊടുക്കുക തുടങ്ങിയുള്ള കൃത്രിമങ്ങൾ നടത്താതെ കൊടുക്കേണ്ടത് മാത്രം കൊടുത്ത് എല്ലാ സാമ്പത്തിക ഇടപാടിലും വിശ്വസ്തരായിരിപ്പാൻ ദൈവം നമ്മെ കുറിച്ച് ആഗ്രഹിക്കുന്നു.

ദശാംശത്തിന്റെ പഠിപ്പിക്കലിനെക്കാളും ഉന്നതമാണ് ദൈവത്തിനു നൽകുന്നതിനെക്കുറിച്ചുള്ള പുതിയ നിയമത്തിന്റെ പ്രബോധനം. യാചിക്കുന്നവർക്കൊക്കെയും കൊടുപ്പിൻ എന്ന് യേശു പറഞ്ഞു *(മത്തായി 5:42; ലൂക്കോസ് 6:30).* ആവശ്യത്തിലുള്ളവർക്ക് നിങ്ങളുടെ വസ്തുവകകളെ വിറ്റ്, കൊടുപ്പിൻ എന്ന് അവൻ പഠിപ്പിക്കുന്നു *(ലൂക്കോസ് 12:33).* ഒരു ധനികനോട് “തനിക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുത്തിട്ട് എന്നെ അനുഗമിക്കുക” എന്ന് യേശു പറഞ്ഞു *(മർക്കോസ് 10:21; ലൂക്കോസ് 18:22).* ആദ്യ നൂറ്റാണ്ടിലെ വിശ്വാസികൾ തങ്ങളുടെ നന്മകളെ വിറ്റ് മറ്റുള്ളവരുമായി പങ്കിട്ടു. അവരുടെ ഇടയിൽ ബുദ്ധിമുട്ടുള്ളവർ ഇല്ലായിരുന്നു *(അപ്പൊസ്തലപ്രവൃത്തി 2:45).* ഈ മനോഭാവമാണ് ലേഖനങ്ങളിലൂടെ നമ്മെ പഠിപ്പിക്കുന്നത് *(2 കൊരിന്ത്യർ 8:11-15, 9:7-15; 1 യോഹന്നാൻ 3:17).* സത്യമായി ദശാംശം കൊടുക്കുവാൻ തുടങ്ങുമ്പോൾ ഔദാര്യമായി മറ്റുള്ളവർക്ക് നന്മപങ്കിടുവാൻ ദൈവം നമുക്ക് പ്രേരണ നൽകും.

*“എന്നാൽ ലോഭമായി വിതെക്കുന്നവൻ ലോഭമായി കൊയ്യും ധാരാളമായി വിതെയ്ക്കുന്നവൻ ധാരാളമായി കൊയ്യും എന്നു ഓർത്തു കൊൾവിൻ. അവനവൻ ഹൃദയത്തിൽ നിശ്ചയിച്ചതു പോലെ കൊടുക്കട്ടെ. സങ്കടത്തോടെ അരുത്. നിർബന്ധത്താലുമരുത്. സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു. നിങ്ങൾ സകലത്തിലും എപ്പോഴും പൂർണ്ണതൃപ്തിയുള്ളവരായി സകല സൽപ്രവൃത്തിയിലും പെരുകി വരുമാറു നിങ്ങളിൽ സകല കൃപയും പെരുക്കുവാൻ ദൈവം ശക്തൻ ആകുന്നു.” (2 കൊ. 9:6-8)*

അനേക വിശ്വാസികളും കടംഭാരം ഉള്ളവരാണ്. ഇത് സാധാരണ ജീവിതത്തിന്റെ ഭാഗമാണ് എന്നാണ് പലരും കരുതുന്നത്. പക്ഷേ ഇത് ലൗകീക ചിന്തയാണ്. പലപ്പോഴും ഹോസ്പിറ്റൽ ബിൽ നിമിത്തമോ സ്നേഹിതരുടെയോ കുടുംബക്കാരുടെയോ ആവശ്യങ്ങൾ നിമിത്തമോ ഒക്കെയാണ് അപ്രതീക്ഷിതമായി കടം വാങ്ങുവാൻ മനുഷ്യർ നിർബന്ധിതരാകുന്നത്. എന്നാൽ ബൈബിൾ പറയുന്നു: “ആരോടും ഒന്നും കടമ്പെട്ടിരിക്കരുത്” *(റോമ. 13:8),* “കടം മേടിക്കുന്നവൻ കടം കൊടുക്കുന്നവന്റെ ദാസൻ” *(സദൃ. 22:7),* എന്ന വചനപ്രകാരം “ദൈവത്തിന്റെ ദാസൻ” എന്ന് വിളിക്കപ്പെടേണ്ടവൻ ‘‘കടം കൊടുക്കുന്നവന്റെ ദാസൻ” എന്ന് വിളിക്കപ്പെടുന്നു. കടം നിരാശയിലേക്ക് നയിക്കുന്നു. അനേക ആത്മഹത്യകളും കടം സംബന്ധിച്ചു സംഭവിക്കുന്നതാണ്. ദൈവം നമുക്കു നൽകിയ ദാനങ്ങളുടെ നല്ല കാര്യവിചാരകരായിരിപ്പാനും നമുക്കു ആവശ്യമായതൊക്കെയും തരുന്ന ദൈവത്തിൽ ആശ്രയിപ്പാനും നാം പഠിക്കണം *(ഫിലി. 4:6).* ദ്രവ്യാഗ്രഹം നിമിത്തമോ ആസ്തി മോഹിച്ചതു നിമിത്തമോ വന്നു ചേർന്ന കടം ആണെങ്കിൽ നാം അതിനെക്കുറിച്ച് അനുതപിച്ച് ക്ഷമിക്കുവാൻ ദൈവത്തോട് യാചിക്കണം. വളരെ പെട്ടെന്നു തന്നെ ഈ കടം കൊടുത്തുത്തീർക്കുവാനുള്ള ശ്രമം ഉണ്ടാകേണ്ടതിന് ദൈവസഹായം യാചിക്കുക അത് കൊടുത്ത് തീർക്കുക.

> ദൈവത്തിന്റെ വഴിയിൽ നടത്തപ്പെടുന്ന ദൈവവേലയ്ക്ക് ഒരിക്കലും ദൈവീക ഉറവിടങ്ങൾ കുറഞ്ഞുപോകയില്ല.
> (ഹഡ്സൺ ടെയ്ലർ)


*“നിങ്ങൾക്കു ദൈവത്തെയും മാമ്മോനെയും സേവിപ്പാൻ കഴികയില്ല.” (മത്തായി 6:24)*

നമുക്ക് ഇതും കൂടെ 'ഇരിക്കട്ടെ' എന്നു കരുതി വസ്തുക്കൾ മേടിക്കാതെ അത്യാവശ്യത്തിനുള്ളത് മാത്രം മേടിച്ച് ചെലവ് കുറച്ച് ജീവിതം നയിക്കാമെങ്കിൽ കടഭാരത്തിൽ നിന്നും ഒഴിഞ്ഞിരിക്കുവാൻ സാധിക്കും. നമുക്ക് വഹിപ്പാൻ കഴിയുന്നതിന്നപ്പുറത്ത് ചെലവു ചെയ്യുന്നത് നിറുത്തുക. *"മറ്റുള്ളവർക്ക് ഉള്ളതൊന്നും മോഹിക്കരുത്" (പുറ. 20:17).* ഒരു വസ്തുവിന്റെ വില നമ്മുടെ കൈയ്യിൽ ഉള്ള തുകയെക്കാൾ വലുതാണെങ്കിൽ, അല്പാല്പം ശേഖരിച്ച് വച്ച് പണം തികയുമ്പോൾ അത് മേടിക്കുന്നതാണ് ഉചിതം.

ബൈബിൾ പറയുന്നു: *"എല്ലാറ്റിനും മീതെ ദൈവരാജ്യം അന്വേഷിക്കുക, നീതിയോടെ ജീവിക്കുക, അങ്ങനെയെങ്കിൽ നിങ്ങൾക്ക് ആവശ്യമായതെല്ലാം ദൈവം നൽകും" (മത്താ. 6:19-34; പ്രത്യേകിച്ച് 6:33).* ഇത് നമ്മുടെ ചിന്തയിൽ ഒരു സവിശേഷമായ മാറ്റം ആവശ്യപ്പെടുന്നു. എന്തുകൊണ്ടെന്നാൽ പലപ്പോഴും കാര്യങ്ങളെക്കുറിച്ച് ലൗകികമായ ചിന്തയാണ് അനേകർക്കും ഉള്ളത്. നാം അനുസരണത്തിലേക്കു വന്ന് ദൈവകരുതലിന്റെ വാഗ്ദത്തങ്ങളിൽ ആശ്രയിച്ചാൽ നമുക്കു വേണ്ടി കരുതുവാനും ആവശ്യങ്ങളെല്ലാം നിറവേറ്റുവാനും അവൻ നമ്മോടു കൂടെയുണ്ടെന്ന് തിരിച്ചറിയുവാനും സാധിക്കും *(സങ്കീ. 23:1).*

സുവിശേഷത്തിന്റെ വ്യാപ്തിക്കായി ഔദാര്യമായി നൽകുവാൻ പുതിയ നിയമം നമ്മെ ഉപദേശിക്കുന്നു. നമ്മിൽ അനേകരും ഈ വിഷയത്തിൽ ഔദാര്യമായി കൊടുക്കുവാൻ ഭയപ്പെടുന്നതിന്റെ കാരണം ഭാവിയിലേക്ക് ഒന്നും നമുക്കുവേണ്ടി ആവശ്യത്തിനുള്ളത് നീക്കി വെച്ചിട്ടില്ല എന്നതുകൊണ്ടാണ്. വളരെ കുറഞ്ഞ അളവിൽ കൊടുക്കുന്നതിനെ നാം ഭയപ്പെടണം എന്നാണ് ദൈവീക വീക്ഷണം *(യാക്കോബ് 5:1-6; 3 യോഹ. 5:8).*

# ദൈവീക അവകാശങ്ങളുടെ പുനഃസ്ഥാപനം



മിക്കവാറും ആളുകൾ അവരുടെ മാതാപിതാക്കളുടെയോ ബന്ധുക്കളുടെയോ അതേ മുഖഛായയിൽ കാണപ്പെടുന്നു. ശാരീരീകമായും ആത്മീയമായും ഉള്ള സ്വാഭാവങ്ങളും കുടുംബ പശ്ചാത്തലത്തിൽ നിന്നാണ് പകരപ്പെടുന്നത്. സ്വഭാവങ്ങൾ കുടുതലും നാം പഠിക്കുന്നതും സ്വന്തമാക്കുന്നതും നമ്മുടെ സ്വന്തം മാതാപിതാക്കളിൽ നിന്നാണ്. നല്ല സ്വഭാവങ്ങൾ പകർത്തപ്പെടുവാനാണ് ദൈവം ഇത് വെച്ചിരിക്കുന്നതെങ്കിലും തിന്മയുടെ വശങ്ങളും ഇതിലൂടെ പകരപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഭാഷയിലുള്ള കഴിവുകൾ, ആരെയും സഹായിക്കാനുള്ള പ്രകൃതം തുടങ്ങിയവ ഒരു കുടുംബത്തിന്റെ ശക്തിയായിരിക്കാം. എന്നാൽ പാപം ചെയ്യാനുള്ള പ്രവണതകളോ പ്രശ്നങ്ങളോ (ലൈംഗികപാപം, സാമ്പത്തിക നഷ്ടം. മദ്യപാനം. രോഗങ്ങൾ തുടങ്ങിയവ) ഒരു കുടുംബത്തെ നശിപ്പിച്ച് അത് അവരുടെ കുടുംബമൊട്ടാകെ വ്യാപരിച്ച് തലമുറകളിലേക്കും ചെല്ലുന്നു.

എല്ലാ പാപവും 'തലമുറ' യായി സംഭവിക്കുന്നതാണ്. കാരണം പാപം തുടങ്ങിയത് ആദിമാതാപിതാക്കളായ ആദം ഹവ്വമാരിൽ നിന്നാണല്ലോ. അത് നമ്മിലേക്കും വ്യാപിച്ചു. പിൻ തലമുറയുടെ പാപങ്ങൾ ഏറ്റുപറയപ്പെട്ടില്ലെങ്കിൽ അത് മുൻ തലമുറയിലേക്കും സ്വാധീനിച്ച് അവരും അതേ പാപത്തിൽ വീഴുവാൻ കാരണമാകുന്നു.

ദൈവീക നിയമങ്ങൾ തകർക്കപ്പെട്ട് പാപം സംഭവിക്കുമ്പോൾ ആ വ്യക്തിയുടെ മേലും ബന്ധുക്കളുടെ മേലും, അവരുടെ തലമുറയുടെ മേലും ഒരു ശാപം വ്യാപരിക്കുന്നു.

പത്തു കല്പനകൾ പഠിപ്പിക്കുന്നത് ഒരുവന്റെ പാപത്തിന് (വി

ഗ്രഹാരാധന) മൂന്നോ നാലോ തലമുറവരെ ശാപം നിലനിൽക്കുകയും പ്രമാണങ്ങൾ അനുസരിക്കുന്നവനു ആയിരം തലമുറവരെ അനുഗ്രഹം നില്ക്കുകയും, ചെയ്യും *(പുറ. 20:4-6).* ലൈംഗീക പാപങ്ങൾ നിമിത്ത മുള്ള ശാപങ്ങൾ പത്താം തലമുറ കഴിഞ്ഞും നിലനില്ക്കും *(ആവ. 23:2).*

ദൈവം നല്ലവനും ദയാശീലനും സ്നേഹസമ്പന്നനുമാണ്. പാപത്താൽ നാം അവനിൽ നിന്നും വേർതിരിക്കപ്പെടുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. നമ്മുടെയോ നമ്മുടെ പൂർവ്വികരുടെയോ പാപം നിമിത്തം ഉണ്ടാകുന്ന യാതൊരു ശാപങ്ങളോ നിഷേധാത്മകമായ (negative) അനന്തരഫലങ്ങളോ നാം അനുഭവിപ്പാൻ അവൻ ആഗ്രഹി ക്കുന്നില്ല. എന്നാൽ ഈ വിഷയത്തിൽ നമ്മെ സഹായിക്കാൻ നാം പ്രാപ്തരല്ലാത്തതുകൊണ്ടാണ് ദൈവം തന്നെ ഒരു വഴി നമുക്കൊരു ക്കിയത്. എല്ലാ പ്രശ്നങ്ങൾക്കും ഏക ഉത്തരം: യേശു ആണ്.

ബൈബിളിൽ നാം വായിക്കുന്നു. *"രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല" (എബ്രാ. 9:22).* പാപം ഒരിക്കലും അപ്രത്യക്ഷമാകു ന്നില്ല *(നെഹ. 1:6-7).* നന്മചെയ്യുന്നതുകൊണ്ടോ പാപത്തെ മറക്കുന്ന തുകൊണ്ടോ നമുക്കൊരിക്കലും പാപത്തിൽ നിന്നും ഒഴിഞ്ഞിരിപ്പാൻ കഴികയില്ല. എന്നാൽ നമ്മുടെ പാപങ്ങളെ സ്വന്തം ശരീരത്തിൽ വഹിച്ച് നമുക്കുവേണ്ടി തകർക്കപ്പെട്ട യേശുവിൽ വിശ്വസിച്ച് ആശ്രയിക്കുക മാത്രമാണ് ഏക വഴി. നമ്മുടെ പാപ കടം അവൻ ക്രൂശിൽ തീർത്തു. ക്രൂശിൽ ചൊരിഞ്ഞ രക്തം മൂലം നമ്മുടെ ശിക്ഷ അവൻ എടുത്തു കളഞ്ഞു.

പാപത്തെക്കുറിച്ച് അനുതപിച്ച് യേശുവിനോട് ക്ഷമായാചന നടത്തുന്നതുവരെ പാപം നമ്മിൽ നിലനില്ക്കും. ക്ഷമ ചോദിക്കുമ്പോൾ യേശു നമ്മോട് ക്ഷമിക്കും. അവന്റെ രക്തം നമ്മുടെ പാപം പൂർണ്ണ മായും കഴുകികളയും. (ഇതാണ് നീതികരണം). നമ്മുടെ കുടുംബ ത്തിന്റെ സ്വഭാവദൂഷ്യങ്ങളിൽ നിന്നും പാപങ്ങളിൽ നിന്നും വിടുതൽ പ്രാപിക്കണമെങ്കിൽ നമ്മുടെ കുടുംബത്തിലെ മാതാപിതാക്കളും മറ്റ് അംഗങ്ങളും ചെയ്ത തെറ്റുകൾ നാം അവരോട് **ക്ഷമിക്കണം**. നമ്മുടെ സന്തതി പരമ്പരകളും, നമ്മുടെ പാപ സ്വഭാവങ്ങളിൽ നിന്നും വിടു തൽ പ്രാപിക്കണമെങ്കിൽ നാം ചെയ്ത അത്തരം പാപത്തെ കുറിച്ച് നാം **അനുതപിക്കണം**.

*“അകൃത്യം - നിങ്ങൾക്ക് നാശകരമായി ഭവിക്കാതെയിരിക്കേണ്ടതിനു നിങ്ങൾ മനന്തിരിഞ്ഞു നിങ്ങളുടെ അതിക്രമങ്ങളൊക്കെയും വിട്ടുതിരിയുവിൻ.” (യെഹ. 18:30-32)*

നാം വീണ്ടും ജനിക്കുമ്പോൾ, നമ്മുടെ പാപം പൂർണ്ണമായും മാറ്റപ്പെടുന്നു, ‘നീതികരിക്കപ്പെട്ട’ നീതിമാനാകുന്നു, അങ്ങനെ ദൈവ കുടുംബത്തിൽ ഒരു അംഗമാകുന്നു. എന്നാൽ ചെയ്ത പാപങ്ങളുടെ പരിണിത ഫലങ്ങൾ അപ്പോൾ തന്നെ നീക്കപ്പെടുന്നില്ല. ഉദാഹരണത്തിന്, പണം മോഷ്ടിച്ചതിനെക്കുറിച്ച് അനുതപിച്ചു. ദൈവം ക്ഷമിക്കുകയും ചെയ്തു. എന്നാൽ ആരുടെ പണമാണോ മോഷ്ടിച്ചത് അത് തിരികെ കൊടുക്കുവാൻ നാം കടപ്പെട്ടിരിക്കുന്നു. നിയമപരമായും അനന്തരഫലങ്ങൾ ഉണ്ടാകാം. യേശു എന്റെ പാപത്തിന്റെ കടം ക്ഷമിച്ചു തന്നു, എങ്കിലും ഞാൻ മോഷ്ടിച്ചത് തിരികെ കൊടുക്കുവാൻ ബാധ്യസ്ഥനാകുന്നു. മോഷ്ടിക്കപ്പെട്ട വ്യക്തിക്കും, അവരുടെ കുടുംബത്തിനും, മക്കൾക്കും, കൊച്ചുമക്കൾക്കും മോഷ്ടിച്ച നമുക്കും മക്കൾക്കും കൊച്ചുമക്കൾക്കും, പോലീസിനും, സമൂഹത്തിനും ഒക്കെ ഇതിന്റെ പരിണിത ഫലങ്ങൾ ബന്ധപ്പെട്ട് കിടക്കുന്നു. **നമ്മുടെ പാപം ഒരിക്കലും നമ്മുടെ മാത്രം സ്വകാര്യവ്യവഹാരം അല്ല.**

2 ശമുവേൽ 11-ാം അദ്ധ്യായത്തിൽ ഒരു ദുഃഖകരമായ ഉദാഹരണം ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. ദാവീദ് രാജാവ് ഊരിയാവിന്റെ ഭാര്യയായ ബത്ത്-ശേബയെ മോഹിച്ച് അവളുമായി വ്യഭിചരിച്ചു. അവൾ ഗർഭിണിയാണെന്നറിഞ്ഞപ്പോൾ രാജാവ് ഊരിയാവിനെ കബളിപ്പിച്ച് അവനെ അവളോടു കൂടെ ഉറക്കുവാൻ ശ്രമിച്ചു. അങ്ങനെ ഇത് ഊരിയാവ് നിമിത്തമാണ് ഉണ്ടായതെന്ന് വരുത്തിത്തീർത്ത് രാജാവ് തന്റെ പാപം മൂടി വെയ്ക്കുവാൻ ശ്രമിച്ചു. അത് നടന്നില്ലെന്ന് കണ്ടപ്പോൾ യുദ്ധക്കളത്തിൽ അവൻ കൊല്ലപ്പെടേണ്ടതിന് തന്ത്രങ്ങൾ മെനഞ്ഞു. ഇതിന്റെ പരിണിത ഫലമായി ജനിച്ച ആ കുഞ്ഞ് മരിച്ചു. ദാവീദ് പ്രാർത്ഥിക്കുകയും പാപത്തെക്കുറിച്ച് അനുതപിക്കുകയും ഉപവസിക്കുകയും ഒക്കെ ചെയ്തു എങ്കിലും പരിണിതഫലം അനുഭവിച്ചു. അവന്റെ മക്കളും സന്തതിപരമ്പരയിൽ അനേകരും ലൈംഗിക പാപങ്ങൾക്കും കൊലപാതകങ്ങൾക്കും ഇരയായി. ദാവീദിന്റെ വ്യഭിചാരവും കൊലപാതകവും ദൈവം ക്ഷമിച്ചുവെങ്കിലും അതിന്റെ പരിണിതഫലം തലമുറയിൽ തുടർന്നുകൊണ്ടിരുന്നു.

നാം ഒരിക്കൽ പാപം ചെയ്യുമ്പോൾ, വീണ്ടും അത് ആവർത്തിക്കുവാനുള്ള സാദ്ധ്യതകൾ വർദ്ധിക്കുന്നു. അതുപോലെതന്നെ നമ്മുടെ

പുർവ്വികരുടെയും മാതാപിതാക്കളുടെയും പാപങ്ങൾ നമ്മിലേക്കും വരത്തക്കവണ്ണം ഒരു 'തുറന്ന വാതിൽ', സൃഷ്ടിക്കപ്പെടുന്നു. ഈ പാപത്തെക്കുറിച്ച് നാം അനുതപിക്കണം. നാമും നമ്മുടെ പൂർവ്വികരും ചെയ്ത പാപങ്ങൾ ഏറ്റുപറയുമ്പോൾ നാം അതിൽ ഉൾപ്പെട്ടവരോടെല്ലാം ക്ഷമിക്കണം. അപ്പോൾ കർത്താവ് നമ്മെയും നമ്മുടെ കുടുംബത്തെയും ശുദ്ധീകരിക്കുകയും അതിന്റെ ദോഷഫലങ്ങളിൽ നിന്നും വിടുവിക്കുകയും ചെയ്യും. അങ്ങനെ ആ പ്രത്യേക പാപങ്ങൾ തലമുറ തലമുറയായി കുടുംബത്തിൽ തുടരത്തക്കവണ്ണമുള്ള പ്രവണതകളെ നിർത്തൽ ചെയ്യുവാൻ, അഥവാ ആ 'വാതിൽ അടയ്ക്കപ്പെടുവാൻ' യേശുവിനോട് യാചിക്കണം. ഏതെങ്കിലും നിലയിലുള്ള ശാപം തുടരുകയാണെങ്കിൽ യേശുവിൻ നാമത്തിലുള്ള അധികാരത്താൽ ആ ശാപത്തെയും അതിന്റെ ശക്തികളെയും നമുക്ക് തകർക്കുവാൻ സാധിക്കും.

*"നാം പാപം സംബന്ധിച്ചു മരിച്ചു നീതിക്കു ജീവിക്കേണ്ടതിനു അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നു കൊണ്ടു ക്രൂശിന്മേൽ കയറി; അവന്റെ അടിപ്പിണരാൽ നിങ്ങൾക്കു സൗഖ്യം വന്നിരിക്കുന്നു." (1 പത്രൊ. 2:24; യെശ. 53:5–6)*

"മരത്തിന്മേൽ തൂങ്ങുന്നവൻ എല്ലാം ശപിക്കപ്പെട്ടവൻ എന്നു എഴുതിയിരിക്കുന്നതുപോലെ ക്രിസ്തു നമുക്കുവേണ്ടി ശാപമായിത്തീർന്നു." *(ഗലാ. 3:13)*

നമ്മിൽ അനേകർക്കും നാം വീണ്ടും ജനിക്കുമ്പോൾ, നമ്മുടെ ചില പാപ സ്വഭാവങ്ങളും ശാപങ്ങളും നീക്കപ്പെടുന്നു. അതേ സമയം ചിലത് നീങ്ങാതിരിക്കുന്നു. ആവർത്തനം 27, 28 അദ്ധ്യായങ്ങളിൽ അനുസരണത്താലുള്ള അനുഗ്രഹവും അനുസരണക്കേടിനാലുള്ള ശാപവും വിവരിക്കപ്പെട്ടിരിക്കുന്നു. ദൈവവുമായി ബന്ധപ്പെട്ടിരുന്ന് അവന്റെ എല്ലാ അനുഗ്രഹങ്ങളും നാം സ്വീകരിക്കണമെന്നാണ് ദൈവത്തിന്റെ ആഗ്രഹം. അനുസരിക്കുന്നവർക്ക് ദൈവം വാഗ്ദത്തം ചെയ്ത അനേക അനുഗ്രഹങ്ങൾ ഉണ്ട്. എന്നാൽ അതിൽ അല്ല നമ്മിൽ അനേകരും ജീവിക്കുന്നത്. അതുകൊണ്ട് ചിലശാപങ്ങൾ പല നിലകളിൽ നമ്മിൽ കുടികൊള്ളുകയാണ്.

നമ്മുടെ സ്വന്തം കുടുംബത്തെക്കുറിച്ച് ഒരു ചെറു വിചിന്തനം പ്രാർത്ഥനയോടെ ചെയ്യുന്നത് ഉപയോഗമുള്ള ഒരു അഭ്യാസം (exercise) ആയിരിക്കും. (അനുബന്ധത്തിൽ കൊടുത്തിട്ടുള്ള 'നിങ്ങളുടെ കുടുംബത്തിന്റെ ചരിത്രം ഉണ്ടാക്കുക' എന്ന ഭാഗം നോക്കുക).




- നമ്മുടെ മാതാപിതാക്കളിലും, അവരുടെ മാതാപിതാക്കളിലും, പൂർവ്വികരിലും ഏതൊക്കെ ദൈവീക ഗുണങ്ങൾ നമുക്ക് കാണുവാൻ കഴിഞ്ഞു? നമ്മുടെ കുടുംബത്തിൽപ്പെട്ട ആർക്കെങ്കിലും ഈ ഗുണങ്ങൾ ഏതെങ്കിലും പിൻപറ്റുവാൻ കഴിഞ്ഞുവോ?
- നമ്മുടെ പൂർവ്വികരിൽ ഏതൊക്കെ ദൈവീകമല്ലാത്ത സ്വാഭാവങ്ങൾ നമുക്ക് കാണുവാൻ കഴിഞ്ഞു? നമ്മുടെ സഹോദരങ്ങളിൽ ആരൊക്കെ ആ ദൂഷ്യസ്വഭാവങ്ങൾ പിന്തുടർന്നു? ഉദാഹരണത്തിന്, ലൈംഗിക പാപം, കുടുംബത്തകർച്ച, മുൻകോപം, വിമർശനം, കയ്പ്പ്, മദ്യപാനം, വിദ്വേഷം തുടങ്ങിയ ഏതെങ്കിലും മാരക വിഷയങ്ങൾ കുടുംബത്തിൽ ആരെയെങ്കിലും പിടിച്ചിട്ടുണ്ടോ?

നാം ഒരു ശാപത്തിന്റെ കീഴിൽ ആകുന്നു എന്ന് നമുക്ക് എങ്ങനെ പറയുവാൻ സാധിക്കും? ഡെറിക് പ്രിൻസ് എന്ന വേദാദ്ധ്യാപകൻ പറയുന്നത്: ഒരു വ്യക്തിയോ, കുടുംബമോ ശാപത്തിന്റെ കീഴിലാണെന്ന് തിരിച്ചറിയുവാൻ 7 വിധത്തിലുള്ള കാര്യങ്ങൾ അവരിൽ ഉണ്ടോ എന്ന് പരിശോധിച്ചാൽ മതി.

1. മാനസിക രോഗം, വൈകാരിക തകർച്ചകൾ എന്നിവ ഒരു കുടുംബത്തിൽ വിടാതെ പിന്തുടരുന്ന ചരിത്രം ഉണ്ടെങ്കിൽ,

2. പാരമ്പര്യ രോഗങ്ങൾ, തലമുറയിലേക്ക് ആവർത്തിക്കപ്പെടുന്ന ശാരീരിക പ്രശ്നങ്ങൾ. പാരമ്പര്യം എന്നത് തന്നെ തലമുറതലമുറയായി വ്യാപരിക്കുന്ന ശാപം ആണെന്ന് സൂചിപ്പിക്കുന്നു,
3. ഗർഭം അലസൽ ആവർത്തിക്കപ്പടുന്ന സ്ത്രീജന്യപ്രശ്നങ്ങൾ,
4. വിവാഹമോചനം, കുടുംബത്തകർച്ചകൾ എന്നിവയുടെ ചരിത്രം,
5. വരുമാനം കൃത്യമായി ഉള്ളപ്പോൾ തന്നെ സാമ്പത്തിക തകർച്ച,
6. അപകടങ്ങൾ വിടാതെ പിന്തുടരുന്നത്,
7. ആത്മഹത്യ, അസ്വഭാവിക മരണങ്ങൾ ഒരു കുടുംബത്തിൽ ആവർത്തിക്കപ്പെടുന്നു. (അകാല മരണം ഉൾപ്പെടെ).

യേശുവാണ് എല്ലാ പാപത്തിനും ശാപത്തിനും ഉത്തരം എന്നുള്ളതാണ് ഒരു വലിയ സന്തോഷവാർത്ത. ഒരാളുടെയോ അവന്റെ പൂർവ്വികരുടെയോ പാപം നിമിത്തം വന്ന ശാപമായാലും, മന്ത്രവാദത്താലോ നിഷേധാത്മകമായ വാക്കുകളിലൂടെയോ മറ്റുള്ളവർ ചൊരിഞ്ഞ ശാപമായാലും യേശുവാണ് എല്ലാ പാപത്തിനും ശാപത്തിനും ഉത്തരം. യേശുവിന്റെ രക്തത്തിന് എല്ലാ പാപവും ശുദ്ധീകരിക്കുവാനും യേശുവിന്റെ നാമത്തിന് എല്ലാ ശാപവും അറുത്തുമാറ്റുവാൻ ശക്തിയും അധികാരവുമുണ്ട്.

നിങ്ങളോ നിങ്ങളുടെ കുടുംബമോ ഒരു ശാപത്തിൻ കീഴിലാണെന്ന് നിങ്ങൾ വിചാരിക്കുന്നുണ്ടെങ്കിൽ പാപത്തെക്കുറിച്ച് വ്യക്തമായി, സ്പഷ്ടമായി കുടുതലായി അനുതപിക്കണം. മാനസാന്തരപ്പെട്ട് സമ്പൂർണ്ണമായി മറ്റുള്ളവരോട് ക്ഷമിക്കണം.

നിങ്ങളിലോ, നിങ്ങളുടെ കുടുംബത്തിലോ ഏതെങ്കിലും ശാപം നിലനില്ക്കുന്നുണ്ടെന്ന് കണ്ടുപിടിക്കുവാൻ അനുബന്ധത്തിൽ കുടുംബചരിത്രചാർട്ട് ഉദാഹരണമായി കൊടുത്തിട്ടുണ്ട്. ഇത് ഉപയോഗിച്ചുകൊണ്ട് നിങ്ങളുടെ ഒരു കുടുംബചരിത്ര ചാർട്ട് വിശദമായി ചിട്ടപ്പെടുത്തുക. ഈ ചാർട്ട് ഏതെല്ലാം നിലയിലുള്ള അനുഗ്രഹങ്ങളും പാപം നിമിത്തമുള്ള പ്രശ്നങ്ങളും കുടുംബത്തിൽ സംഭവിക്കുന്നുണ്ടെന്ന് കണ്ടുപിടിക്കാൻ നിങ്ങളെ സഹായിക്കും. മാത്രമല്ല ഈ ചാർട്ട് നിങ്ങളുടെ കുടുംബത്തിൽ സംഭവിക്കുന്ന പാപത്തിന്റെയും, ദുരാനുഭവങ്ങളുടെയും, മറ്റ് എല്ലാ വിഷയങ്ങളുടെയും മാതൃക എങ്ങനെയെന്നും, അതിന്റെ വേർ എവിടെയെന്നും കണ്ടുപിടിക്കുവാൻ സഹായിക്കും. അപ്പോൾ കൂടുതലായി വിഷയങ്ങൾ ഏറ്റ് പറഞ്ഞു മാനസാന്തരപ്പെടുവാൻ സാധിക്കും. അപ്പോൾ നിങ്ങൾ ദൈവീക ക്ഷമ പ്രാപിച്ച് സ്വാതന്ത്ര്യം അനുഭവിക്കും. നാം എത്രമാത്രം കുടുതലായി കുടുംബത്തിലെ ശാപങ്ങളും, ശാപ കാരണങ്ങളും എന്തുകൊണ്ടാണ് സംഭവി

ക്കുന്നതെന്ന് കണ്ടുപിടിക്കാൻ ശ്രമിക്കുന്തോറും അത്രമാത്രം ശക്തിയോടെ പ്രാർത്ഥനയാൽ ഇതിനെ തകർക്കുവാനും നീക്കം ചെയ്യുവാനും സാധിക്കും.

നാല് തലമുറ പുറകോട്ട് ചിന്തിച്ചാൽ ഏത് കുടുംബമാണ് വിഗ്രഹാരാധനയിൽ നിന്നും സ്വതന്ത്രമായിട്ടുള്ളത്? ചിലപ്പോഴൊക്കെ ദൈവത്തേക്കാളുപരി മറ്റുള്ളകാര്യങ്ങൾക്ക് മുൻതൂക്കം കൊടുത്തതുകൊണ്ട് നാമും ജീവിതത്തിൽ വിഗ്രഹാരാധനയുടെ കുറ്റബോധം ഉള്ളവരാണ് *(യോഹ. 5:21)*. സ്വന്തം ശ്രമത്താൽ നല്ലവരായിരിപ്പാൻ ശ്രമിക്കാത്ത ആരാണുള്ളത്? നാം പാപങ്ങളെ ഏറ്റ് പറഞ്ഞ് ക്ഷമയ്ക്കായി യാചിക്കുമ്പോൾ ക്ഷമിക്കപ്പെട്ടു എന്ന ആത്മവിശ്വാസം നമുക്കുണ്ടാകും. അപ്പോൾ ശാപത്തിന്റെ പരിണിതഫലങ്ങളിൽ നിന്ന് നമ്മെ സ്വാതന്ത്രരാക്കുവാൻ നമുക്ക് ദൈവത്തോട് യാചിക്കാം *(1 യോഹ. 1:9)*. പകരമായി ദൈവം ആയിരം തലമുറ വരെ ദൈവം സ്വാതന്ത്ര്യവും അനുഗ്രഹവും നൽകും *(പുറ. 20:6)*.

**നിങ്ങളുടെ ജീവിതത്തെ ഏതെങ്കിലും പരമ്പരാഗതമായ പാപങ്ങളോ, ദോഷഫലമുളവാക്കുന്ന മാതൃകകളോ പിൻപറ്റുന്നുണ്ടെങ്കിൽ ഈ പ്രാർത്ഥനാ ഗൈഡ് ഉപയോഗിക്കുക**

- കുടുംബത്തിൽ നിന്നും നിങ്ങൾ അനുഭവിച്ച എല്ലാ നന്മകൾക്കും നിങ്ങളുടെ ജീവിതത്തിനും വേണ്ടി ദൈവത്തോട് നന്ദി പറയുക.
- നിങ്ങളിലും, കുടുംബത്തിലുള്ളവരും, പൂർവ്വികരിലും ഉള്ള പാപത്തിന്റെ എല്ലാ സ്വഭാവവും ദോഷഫലങ്ങളുടെ മാതൃകകളും ഏറ്റ് പറയുക.
- ആ പാപം നിമിത്തം മാതാപിതാക്കളോടും, ബന്ധുക്കളോടും പൂർവ്വികരോടും ക്ഷമിക്കുക.
- ഈ പാപത്തിന്റെ സ്വഭാവം നിങ്ങളിലുണ്ടെങ്കിൽ അനുതപിക്കുക.
- കുടുംബക്കാരിലും ഈ പാപസ്വഭാവത്തിന്റെ പ്രവണതകളെ യേശുവിന്റെ നാമത്തിൽ നീക്കുവാൻ ദൈവത്തോട് യാചിക്കുക.
- യേശുവിന്റെ നാമത്തിൽ നിങ്ങളിലും കുടുംബത്തിലുമുള്ള എല്ലാ ശാപങ്ങളെയും അതിന്റെ വ്യാപാരത്തിന്റെ ശക്തികളെയും തകർക്കുക.
- കുടുംബത്തെ മുഴുവനായും അനുഗ്രഹിച്ച് പ്രാർത്ഥിക്കുക. ദൈവം അവരെ അനുഗ്രഹിക്കേണ്ടതിനായി യാചിക്കുക.
- യേശുവിനെ ഹൃദയത്തിലേക്ക് ക്ഷണിക്കുക, സമ്പൂർണ്ണപരിശുദ്ധാത്മ നിറവിനായി പ്രാർത്ഥിക്കുക. കുടുബത്തിലുള്ള എല്ലാവർക്കും ഈ അനുഭവം ഉണ്ടാകുവാൻ പ്രാർത്ഥിക്കുക.

നിങ്ങൾ ഒരുക്കപ്പെട്ടുവെങ്കിൽ ചുവടെ കൊടുത്തിരിക്കുന്ന പ്രാർത്ഥന ഉച്ചസ്വരത്തിൽ ചൊല്ലുക.

**മാതാപിതാക്കളെയും എല്ലാ കുടുംബക്കാരെയും വഹിച്ചുള്ള പ്രാർത്ഥന**



“പ്രിയ സ്വർഗ്ഗീയ പിതാവേ, എന്റെ പൈതൃകത്തിനായി ഞാൻ നന്ദി പറയുന്നു. എന്റെ കുടുംബത്തിൽ നിന്നും ലഭിച്ച അനേക നല്ല പാരമ്പര്യങ്ങൾ ഞാൻ സൂക്ഷിക്കുന്നു *(സംരക്ഷിക്കുന്നു). (ഓരോന്ന് പേരെടുത്ത് പറയുക) എന്നാൽ* പല ദോഷകരമായ പാരമ്പര്യങ്ങളും കുടുംബത്തിൽ ആവർത്തിച്ചത് ഞാൻ തിരിച്ചറിയുന്നു. ഞാൻ ക്ഷമിക്കുവാൻ താല്പര്യപ്പെടുന്നു. *(കുടുംബത്തിലെ ആളുകളുടെ പേരറിയാമെങ്കിൽ പേരെടുത്ത് പറഞ്ഞ് അവരോട് ക്ഷമിക്കുക)* അവർ ചെയ്ത, പറഞ്ഞ, ചിന്തിച്ച എല്ലാ പാപങ്ങളും അവരോട് ക്ഷമിക്കുക *(വിമർശനം, തിരസ്ക്കാരം, നിന്ദ തുടങ്ങിയവ-* ദൈവത്തോട് യാചിക്കുമ്പോൾ, ***സ്പഷ്ടമായി*** *ദൈവസന്നിധിയിൽ എടുത്ത് പറഞ്ഞ് പ്രാർത്ഥിക്കുക.)* അറിഞ്ഞോ അറിയാതെയോ ഞാനും എന്റെ കുടുംബവും സമൂഹവും ചെയ്ത എല്ലാ പാപങ്ങളും ക്ഷമിക്കേണമേ.”

“എന്നെയും എന്റെ മുഴുവൻ കുടുംബാംഗങ്ങളെയും സമൂഹത്തെയും യേശുവിന്റെ രക്തത്താൽ കഴുകേണമേ. എല്ലാ ദോഷകരമായ പാരമ്പര്യങ്ങളുടെ ആവർത്തനങ്ങളും ഇന്നുമുതൽ നിർത്തൽ ചെയ്യേണമേ. (ഓരോ ദോഷങ്ങളും ഓരോന്നായി പേരെടുത്ത് പറയുക). യേശുവിന്റെ അധികാരമുള്ള നാമത്തിൽ എല്ലാ പാരമ്പര്യ ശാപങ്ങളും അതിന്റെ ശക്തിയും എന്നിൽ നിന്നും എന്റെ കുടുംബക്കാരിൽ നിന്നും നീങ്ങിപ്പോകട്ടെ. അതിനെ തകർത്ത് പ്രാർത്ഥിക്കുന്നു. പിതാവേ തിന്മയിൽ നിന്നും ഞങ്ങളെ വിടുക്കേണമേ. ഈ പാപത്തിൽ നിന്നും അതിന്റെ പരിണിതഫലമായ ശാപത്തിൽ നിന്നും എന്നെയും എന്റെ കുടുംബാംഗങ്ങളെയും വിടുവിക്കേണമേ.”

“എന്നെയും എന്റെ കുടുംബത്തെയും അനുഗ്രഹിച്ച് പ്രാർത്ഥിക്കുന്നു. അങ്ങയുടെ അനുഗ്രഹം എന്റെ കുടുംബത്തിന്മേൽ വരുമാറാകട്ടെ. എന്നോടും എന്റെ കുടുംബത്തോടും അങ്ങ് ക്ഷമിച്ചതിനായി സ്തോത്രം. എന്റെ ഹൃദയത്തിലേക്ക് കടന്ന് വന്ന് പരിശുദ്ധാത്മാവിനാൽ പൂർണ്ണമായി എന്നെ നിറയ്ക്കേണമേ. യേശുവിൻ നാമത്തിൽ തന്നെ. ആമേൻ.”

ഓർക്കുക, ഈ പാപസ്വഭാവങ്ങൾ നാം വീണ്ടും ആവർത്തിച്ചാൽ മുൻപ് നാം ക്ഷമിക്കപ്പെട്ടിരുന്നുവെങ്കിലും വീണ്ടും നാം ശാപത്തിൻ കീഴിൽ വരും. തീർച്ചയായും നാം പാപത്തെക്കുറിച്ച് അനുതപിച്ച്, അതിൽ നിന്നും തിരിഞ്ഞ് ദൈവത്തോട് ക്ഷമിക്കുവാൻ യാചിക്കുക. ഒരു മാറ്റത്തിനായി സഹായിക്കുവാൻ അവനോടപേക്ഷിക്കുക.

മുൻ തലമുറകളോട് ക്ഷമിക്കുന്ന പ്രാർത്ഥനയിൽ നാം പ്രതിനിധീകരിക്കുന്ന സമൂഹത്തിനുവേണ്ടി പ്രാർത്ഥിക്കുവാൻ സാധിക്കും. ഉദാഹരണത്തിന്, ഒരു സ്ത്രീയ്ക്ക് മറ്റൊരു സ്ത്രീയ്ക്ക് വേണ്ടി മദ്ധ്യസ്ഥതചെയ്യുവാൻ സാധിക്കും. ഒരു സഭാംഗത്തിന് ആ സഭയ്ക്ക് വേണ്ടിയോ സാർവ്വത്രിക സഭയ്ക്കു വേണ്ടിയോ പ്രാർത്ഥിക്കുവാൻ സാധിക്കും.

ഇന്ത്യക്കാരനായ ഒരാൾക്ക് ഇന്ത്യാക്കാരുടെ പാപങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുവാൻ സാധിക്കും. അവർക്ക് ഇന്ത്യൻ സമൂഹത്തിന്റെയും ആളുകളുടെയും പാപങ്ങൾ ഏറ്റ് പറഞ്ഞ് പ്രാർത്ഥിക്കുവാൻ സാധിക്കും. ഇതിനെയാണ് **മദ്ധ്യസ്ഥ പ്രാർത്ഥന** എന്നു വിളിക്കുന്നത്. കാരണം ഈ മാതൃകയിലായിരുന്നു മോശെയും, ദാനീയേലും, നെഹമ്യാവും, യേശുവുമൊക്കെ പ്രാർത്ഥിച്ചിരുന്നത്. യോഹന്നാൻ 20:23 ൽ യേശു പറഞ്ഞു: “ഒരു വ്യക്തിയുടെ പാപങ്ങൾ നിങ്ങൾ ക്ഷമിച്ചാൽ അവർ ക്ഷമിക്കപ്പെടും, നിങ്ങൾ ക്ഷമിച്ചില്ലെങ്കിൽ അവർ ക്ഷമിക്കപ്പെടുകയില്ല” ഇത്തരത്തിലുള്ള പ്രാർത്ഥനകൾ ശക്തിമത്തായതും സ്വാധീനശക്തിയുള്ളതും ഏറെ ഫലം കാണത്തക്കതുമാണ്. മിക്കവാറും നാം ജനത്തെയും, സ്ഥലങ്ങളെയും സമൂഹങ്ങളെയും രാജ്യങ്ങളെയും വിമർശിക്കുന്നവരാണ്. വിമർശനത്തെക്കാൾ ഉപരി നാം ക്ഷമിക്കുവാനും ആശീർവദിക്കുവാനും ശ്രമിച്ചാൽ ദൈവം പട്ടണങ്ങളെയും രാജ്യങ്ങളെയും നമ്മുടെ പ്രാർത്ഥനയാൽ രൂപാന്തരപ്പെടുത്തും.

അനുബന്ധത്തിൽ കൊടുത്തിട്ടുള്ള പരമ്പരാഗത അനുഗ്രഹങ്ങളുടെ, വിടുതലിനുവേണ്ടിയുള്ള വിശാലമായ പ്രാർത്ഥന ദൈവവചനാനുസൃതമായി ഉടലെടുത്തതാണ്. പാപമാണ് അനുഗ്രഹത്തിനു പകരം ശാപം നമ്മുടെ മേൽ വരുത്തുന്നത്. അനുബന്ധ ഭാഗം നന്നായി ശ്രദ്ധയോടെ വായിച്ച് നിങ്ങളുടെ കുടുംബത്തിൽപ്പെട്ട ആരെങ്കിലും ഈ ലിസ്റ്റിൽപ്പെട്ട പാപം ചെയ്തിട്ടുണ്ടെങ്കിൽ നിങ്ങൾ തന്നെ അവർക്കു വേണ്ടി പ്രാർത്ഥിക്കുക. ഈ ലിസ്റ്റിൽപ്പെട്ട ഏതെങ്കിലും പാപം നിങ്ങളോ നിങ്ങളുടെ കുടുംബക്കാരോ ചെയ്തിട്ടില്ല എന്ന് ചിന്തിക്കുന്നുവെങ്കിൽ വീണ്ടും അതിനെക്കുറിച്ച് വിചിന്തനം നടത്തുക. ഈ പാപങ്ങൾ എല്ലാ തന്നെ ബൈബിളിലെ കഥാപാത്രങ്ങളിൽ പലരിലും സംഭവിച്ചതാണ്. പൂർവ്വികർ ചെയ്ത തെറ്റുകൾ എന്തെന്ന് നമുക്കറിയാത്ത

തുകൊണ്ട് അവർ ഒരു പക്ഷേ 'ചെയ്തിട്ടുണ്ടെങ്കിൽ' എന്ന് പറഞ്ഞ് നമുക്ക് പ്രാർത്ഥിക്കുവാൻ കഴിയും. ഈ പ്രാർത്ഥന (അനുബന്ധത്തിൽ കൊടുത്തിട്ടുള്ള പ്രാർത്ഥന) ആവർത്തനം 27 ആധാരമാക്കി സിസ്റ്റർ. മറിയാമ്മ തമ്പി[7] തന്റെ ഗ്രന്ഥത്തിൽ വികസിപ്പിച്ചെടുത്ത പ്രാർത്ഥന യിൽ നിന്നും അടർത്തിയെടുത്തിട്ടുള്ളതാണ്. ഈ പ്രാർത്ഥന നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ ദൈവത്താൽ നിങ്ങളുടെ മേൽ വന്ന ശാപങ്ങളെ തകർത്തുകളയും. ദൈവത്തിന്റെ വിലപ്പെട്ട ഒരു പൈതൽ എന്ന നില യിൽ നിങ്ങൾക്ക് ദൈവം നൽകുന്ന എല്ലാ അനുഗ്രഹങ്ങളും തടസ്സമി ല്ലാതെ പ്രാപിപ്പാൻ കഴിയും.

*സാക്ഷ്യം*

*പുരാതനമായ ഒരു ശാപം യേശു എന്നിൽ നിന്നും മാറ്റി*

*"എന്റെ മാതാപിതാക്കൾ വീണ്ടും ജനിച്ചവരായിരുന്നെങ്കിലും ദൈവ ത്തിനു ചേരാത്ത പല കാര്യങ്ങളും പരമ്പരാഗതമായി അവരിൽ ഉണ്ടാ യിരുന്നു. ഞാനറിയാതെ മാതാപിതാക്കളുടെ പാപത്തിലേക്ക് ഞാനും വീണു. ഞാൻ എന്നെത്തന്നെ വെറുത്തു. ആത്മഹത്യക്ക് ശ്രമിച്ചു. എന്റെ ബാല്യകാല ഓർമ്മയിൽ എന്റെ സഹോദരിയുമായി കൈപ്പായ ഒരു ബന്ധം ഉണ്ടായിരുന്നു. 11-ാം വയസ്സിൽ രക്ഷിക്കപ്പെട്ട് 14-ാം വയസ്സിൽ പരിശുദ്ധാത്മ അഭിഷേകം പ്രാപിച്ച വ്യക്തിയായിരുന്നു ഞാൻ. ആത്മ ഹത്യയ്ക്കുള്ള ചിന്തകൾ വിട്ടെങ്കിലും ഞാൻ എന്നെത്തന്നേ വെറുക്കു വാനും നിഷേധാത്മകമായ വാക്കുകൾ എന്നെക്കുറിച്ച് പറയുവാനും തുടങ്ങി. വർഷങ്ങൾക്കുശേഷം, നിരാശയിൽ ഞാൻ ഒരു പ്രാർത്ഥനാ ശുശ്രൂഷയ്ക്ക് പോയി. ഞാനും എന്റെ സഹോദരിയും തമ്മിലുള്ള വെറു പ്പിന്റെ അനുഭവം, നൂറു വർഷം പഴക്കമുള്ള എന്റെ പിതാവിന്റെ കുടും ബവും മാതാവിന്റെ കുടുബവും തമ്മിലുള്ള വെറുപ്പിന്റെ അനുഭവത്തിൽ നിന്നും ഉരുവായതായിരുന്നു. ഞാൻ അവരുടെ പാപങ്ങൾ ക്ഷമിച്ചു. ഈ വഴക്കിന്റെ പേരിലുള്ള രണ്ട് വശത്തു നിന്നുമുള്ളവരോട് ക്ഷമിച്ചു. ദൈവം അവരോട് ക്ഷമിക്കുവാൻ ഞാൻ അപേക്ഷിച്ചു. പ്രാർത്ഥനാ ശുശ്രൂഷകൻ എന്നിലുള്ള ആ ശാപത്തെ മുറിച്ചു പ്രാർത്ഥിച്ചു. മുമ്പ് എങ്ങും അനുഭവിച്ചിട്ടില്ലാത്ത ഒരു സമാധാനം ഒരു പ്രളയം പോലെ എന്നിലേക്ക് വന്നത് ഞാൻ അനുഭവിച്ചു. ആ ആന്തരിക സമാധാനം എന്നിൽ നില നിന്നു. സഹോദരിക്കും എനിക്കും മദ്ധ്യത്തിൽ ഉണ്ടായി രുന്ന വെറുപ്പ് എന്നിൽ നിന്നും പോയി."*

[7] *Mariamma Thampy: Better than weapons of war, 2009, Advantage Inspirational.*

# സ്നാനങ്ങൾ

## *ജലസ്നാനം*

ഒരു വ്യക്തി ക്രിസ്തുവിനെ ഉള്ളിൽ രക്ഷകനും കർത്താവുമായി അംഗീകരിച്ച് വീണ്ടും ജനിച്ചു കഴിഞ്ഞാൽ *(യോഹ. 3:3-7)* ബൈബിൾ പറയുന്നു, യേശുവിനെപ്പോലെ ജലസ്നാനം സ്വീകരിക്കണം. "ഇപ്പോൾ സമ്മതിക്ക, ഇങ്ങനെ സകലനീതിയും നിവർത്തിക്കുന്നതു നമുക്കു ഉചിതം എന്ന് ഉത്തരം പറഞ്ഞു" *(മത്താ. 3:15)*. യോഹന്നാന്റെ സ്നാനം അനുതാപത്തിന്റെയും മാനസാന്തരത്തിന്റെയും ആയിരുന്നു. വ്യക്തികൾ പാപത്തെക്കുറിച്ച് അനുതപിച്ച് ദൈവത്തിങ്കലേക്ക് തിരിയുന്ന ഒരു അനുഭവമായിരുന്നു. യേശു മനുഷ്യനും സമ്പൂർണ്ണ ദൈവവുമായിരുന്നു. അവൻ ഒരു പാപവും ചെയ്തിട്ടില്ല *(2 കൊരി. 5:21; 1 പത്രോ. 1:19, 2:22)*. എന്നാൽ യേശു തന്നെ സ്നാനപ്പെടുത്തുന്നതിന് യോഹന്നാനെ നിർബന്ധിച്ചതിന്റെ കാരണം നമ്മോടും നമ്മുടെ പാപപ്രകൃതത്തോടും ഏകീഭവിക്കപ്പെടുന്നതിനു വേണ്ടിയായിരുന്നു.

> ക്രിസ്തുവിലുള്ള ആന്തരികവിശ്വാസത്തിന്റെ ബാഹ്യപ്രകടനമാണ് ജലസ്നാനം.

സ്നാനപ്പെടുത്തുക എന്നാൽ "മുക്കുക" (നിമജ്ജനം ചെയ്യുക) എന്നാണർത്ഥം. ക്രിസ്തീയ സ്നാനം വെള്ളത്തിൽ മുക്കിയാണ്. അത് ക്രിസ്തുവിന്റെ മരണം, സംസ്ക്കാരം, ഉയർത്തെഴുന്നേല്പ് എന്നിവയോട് ഏകീഭവിക്കുന്നതിനെ കാണിക്കുന്നു. വെള്ളത്തിലേക്ക് ഇറങ്ങുന്നത് നമ്മുടെ പഴയ പാപ പ്രകൃതത്തിന്റെ മരണ, അടക്കത്തെ പ്രതിനിധീകരിക്കുന്നു. വെള്ളത്തിൽ നിന്നും കയറി വരുന്നത് ക്രിസ്തുവിനോടു കൂടെയുള്ള പുതിയ ജീവിതത്തിലേയ്ക്കുള്ള ഉയർത്തെഴുന്നേല്പിനെ കാണിക്കുന്നു *(റോമ.6:1-7; 1 കൊരി.15:3-4; കൊലൊ. 2:12)*.[8] ക്രിസ്തുവിന്റെ ശരീരമായ സഭയിലേ

> ***സാക്ഷ്യം***
> ***രണ്ട് സ്നാനം***
> *"ഒരു വ്യക്തിയെ ഞാൻ സ്നാനപ്പെടുത്തിയപ്പാൾ വെള്ളത്തിൽ നിന്നും കയറിയ ഉടനെ ആദ്യമായി അന്യഭാഷ പറഞ്ഞ് കൊണ്ടാണ് വന്നത്. ഇത് ജലസ്നാനത്തിന്റെ ആവശ്യകത എന്നിൽ ഉണർത്തിച്ചു."*

---

[8] *Rev. Derek Prince, Foundations for Christian Living, Derek Prince Ministries, 2004, With permission.*

യ്ക്കുള്ള പ്രവേശനത്തിന്റെ പ്രകടമായ അടയാളമാണ് സ്നാനം.

ഒരു വിശ്വാസിയുടെ ജീവിതത്തിൽ 'ജലസ്നാനം' വളരെ പ്രാധാന്യമുള്ളതായിട്ടാണ് യേശുവിന്റെയും അപ്പൊസ്തലന്മാരുടെയും വാക്കുകളിൽ നിന്നും വ്യക്തമാക്കപ്പെട്ടിട്ടുള്ളത് *(മർക്കോ. 16:16; അപ്പൊ. 2:37-38; ഗലാ. 3:27; മത്താ. 22:11)*. ആദ്യനൂറ്റാണ്ടിലെ വിശ്വാസികൾ ക്രിസ്തുവിനെ രക്ഷിതാവും കർത്താവുമായി അംഗീകരിച്ച ഉടനെ തന്നേ ജലസ്നാനം സ്വീകരിച്ചതായിട്ടാണ് ബൈബിൾ വ്യക്തമാക്കുന്നത് *(അപ്പൊ. പ്രവ. 8:35-38, 9:17-18, 10:42-48, 16:27-33).*

യേശു തന്റെ അനുയായികളോട് സ്നാനപ്പെടുവാൻ ആജ്ഞാപിച്ചു. ജലസ്നാനം യേശുക്രിസ്തുവിനോടുള്ള അനുസരണത്തിന്റെ രണ്ടാമത്തെ പടിയാണ്. *"മാനസാന്തരപ്പെട്ടു സ്നാനം ഏല്പിൻ." (അപ്പൊ. 2:38)*

## പരിശുദ്ധാത്മസ്നാനവും, ആത്മനിറവും



*"ആത്മാവിനാൽ നിറയപ്പെടുവിൻ." (എഫെസ്യർ 5:18)*

*"ഞാൻ നിങ്ങളെ മാനസാന്തരത്തിനായി വെള്ളത്തിൽ സ്നാനം ഏല്പിക്കുന്നതേയുള്ളു. എന്റെ പിന്നാലെ വരുന്നവനോ എന്നെക്കാൾ ബലവാൻ ആകുന്നു. അവന്റെ ചെരിപ്പു ചുമപ്പാൻ ഞാൻ മതിയായവനല്ല; അവൻ നിങ്ങളെ പരിശുദ്ധാത്മാവിലും തീയിലും സ്നാനം ഏല്പിക്കും." (മത്താ. 3:11)*

*"അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്ക് നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവ് തന്നോട് യാചിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും." (ലൂക്കോസ് 11:13)*

പരിശുദ്ധാത്മസ്നാനം ദൈവം വാഗ്ദാനം ചെയ്യുമ്പോൾ ഉയരത്തിലെ തന്റെ ശക്തിയാണ് അവൻ നമുക്കു നല്കുന്നത്

*(ലൂക്കൊ. 24:49; അപ്പൊ. 1:8).* ഈ സ്നാനം ഉയരത്തിൽ നിന്നും വരുന്ന പരിശുദ്ധാത്മാവിലുള്ള ഒരു 'മുഴുകൽ' ആണ്. ഇത് ദൈവത്തിൽ നിന്നും നേരിട്ട് വരുന്നത് ആണ് *(അപ്പൊ. 2:1-4, 4:31, 10:44-47).* ഒരു പക്ഷേ, പരിശുദ്ധാത്മ സ്നാനം പ്രാപിച്ചവർ നമ്മുടെ മേൽ കരം വയ്ക്കുമ്പോൾ ലഭിക്കാം *(അപ്പൊ. 8:14-19, 9:17, 19:6).*

പുതിയതായി വിവാഹം കഴിച്ച ദമ്പതികൾ ഒരു പുതിയ ഫ്ളാറ്റിലേക്ക് താമസം മാറ്റി. ആ വീടിന്റെ ബാൽക്കണിയിൽ ഒരു വെള്ള പ്രാവ് ജീവിച്ചിരുന്നു. അധികനാൾ ഈ പ്രാവ് അവിടെ താമസിച്ചില്ല. ഈ ദമ്പതികൾ ആദ്യമായി വാദപ്രതിവാദത്തിൽ ഏർപ്പെടുകയും തമ്മിൽ കയ്പ് വച്ച് പുലർത്തുകയും ചെയ്തപ്പോഴാണ് ഈ പ്രാവ് അവിടം വിട്ട് പോയതെന്ന് അവർക്ക് മനസ്സിലായി. ആ സമയത്ത് തന്നേ അവർ തമ്മിൽ ക്ഷമിച്ച് നിരപ്പ് പ്രാപിച്ചു. നഷ്ടപ്പെട്ടിരുന്ന സമാധാനം വീട്ടിലേക്ക് മടങ്ങി വന്നു. കുറച്ച് സമയം കഴിഞ്ഞ് അവർ നോക്കുമ്പോൾ ആ പ്രാവും വീട്ടിലേക്ക് മടങ്ങി വന്നിരിക്കുന്നു. അപ്പോൾ അവർ "ദൈവമേ, ഇനി ഒരിക്കലും ഈ പ്രാവ് ഇവിടെ നിന്ന് പോകത്തക്കവണ്ണം ഞങ്ങളിൽ അകൽച്ചയുണ്ടാകാതിരിപ്പാൻ അങ്ങ് ഞങ്ങളെ സഹായിക്കേണമേ" എന്ന് ദൈവത്തോട് അപേക്ഷിച്ചു.


പരിശുദ്ധാത്മസ്നാനം നേരിട്ടോ, ആരെങ്കിലും കൈവയ്ക്കുമ്പോൾ ദൈവത്തിൽ നിന്നും പ്രാപിച്ചതോ, എങ്ങനെയായിരുന്നാലും ഈ ഉയരത്തിലെ ശക്തി നമ്മുടെ മേൽ പകരപ്പെടുന്നത് ശക്തിയോടെ ക്രിസ്തുവിന്റെ സുവിശേഷം അവിശ്വാസികളോടു പ്രസ്താവിക്കാൻ വേണ്ടിയാണ്. ഇപ്രകാരമാണ് അപ്പൊ. പ്രവൃത്തികൾ 2-ാം അദ്ധ്യായത്തിൽ ഈ അനുഭവം വെളിപ്പെട്ടത്. പരിശുദ്ധാത്മ നിറവ് പ്രാപിച്ചതിനുശേഷം പത്രൊസ് ധൈര്യത്തോടെ, അഭിഷേകത്തോടെ, ശക്തിയായി, അനുഭവത്തോടെ പ്രസംഗിപ്പാനിടയായി.

പരിശുദ്ധാത്മാവ് നമ്മിൽ വസിക്കുമ്പോൾ, അവൻ നമ്മുടെ സ്വഭാവത്തെ രൂപപ്പെടുത്തി ആത്മഫലം കായിപ്പാൻ സഹായിക്കുന്നു. (സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയ ജയം, *ഗലാ. 5:22*).

ഈ പരിശുദ്ധാത്മാവിന്റെ ഫലം മറ്റുള്ള വിശ്വാസികളിൽ നാം കാണുകയും മറ്റുള്ളവർ നമ്മിൽ കാണുകയും ചെയ്യണം. അപ്പൊ. പ്രവൃത്തികളിൽ ഈ ഫലത്തിന്റെ കൂടുതൽ ഉദാഹരണങ്ങൾ കാണുന്നു. ഈ പരിശുദ്ധാത്മ സ്നാനം ആദ്യ നൂറ്റാണ്ടിലെ വിശ്വാസികളെ ഏക മനസ്സോടെ ഐക്യപ്പെടുവാനും അന്യോന്യം സ്നേഹിപ്പാനും

അവർക്കുള്ളതെല്ലാം വിറ്റ് പൊതുവക എന്നെണ്ണി അന്യോന്യം പങ്കു വെക്കുവാനും ശക്തീകരിച്ചു *(അപ്പൊ. 2:42-47, 4:32-35).*

ഈ ആത്മഫലം നമ്മിൽ കാണപ്പെടുന്നില്ലെങ്കിൽ എന്തു കൊണ്ട് അത് സംഭവിച്ചു എന്ന് നാം വിചിന്തനം ചെയ്യണം. പ്രാർത്ഥന യാലും, വിവേചനത്താലും ഇതിന്റെ കാരണത്തെയും നമ്മിൽ ഫലം കായിക്കുന്നത് തടയുന്ന (വേരിന്റെ കേടുപാടുകൾ) വിഷയങ്ങളെയും കണ്ടുപിടിക്കുവാൻ സാധിക്കും.



*"നിങ്ങൾക്കു തമ്മിൽ തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാർ എന്നു എല്ലാവരും അറിയും." (യോഹ. 13:35)*

ഈ അത്യന്തശക്തിയെക്കുറിച്ചും സ്നേഹത്തെക്കുറിച്ചും കൂടുതൽ ചിന്തിച്ചാൽ പരിശുദ്ധാത്മ സ്നാനത്തിലൂടെയാണ് നാം മറ്റു വരങ്ങൾ പ്രാപിക്കുന്നത്. 1 കൊരി. 12:7-11 ൽ ജ്ഞാനം, പരിജ്ഞാനം, വലിയ വിശ്വാസം, ഭാഷാവരങ്ങൾ, ഭാഷാ വ്യാഖ്യാനം, വെളിപ്പാട് ആത്മാക്കളുടെ വിവേചനം, അദ്ഭുതങ്ങൾ, രോഗശാന്തി, വിവേകം എന്നിവയാകുന്നു ആ വരങ്ങൾ.

പരിശുദ്ധാത്മാവ് നമ്മുടെ ഹൃദയത്തിൽ വരുമ്പോഴാണ് നാം രക്ഷിക്കപ്പെടുന്നുത്. അതിനു ശേഷം പരിശുദ്ധാത്മ സ്നാനം ഒരിക്കലായി നമുക്ക് പ്രാപിക്കാം. എന്നാൽ പരിശുദ്ധാത്മാവിലുള്ള നിറവ് തുടർമാനമായി സംഭവിച്ചുകൊണ്ടിരിക്കേണ്ടതാണ്. യോഹന്നാൻ 20:22-ൽ യേശു ശിഷ്യന്മാരുടെ മേൽ ഊതി അവരോട് "പരിശുദ്ധാത്മാവിനെ പ്രാപിച്ചുകൊൾവിൻ" എന്നു പറഞ്ഞു. അപ്പൊസ്തല പ്രവൃത്തികൾ 2:4-ൽ അന്നുണ്ടായിരുന്ന ശിഷ്യന്മാരുൾപ്പെടെ കൂടിവന്നവർ പരിശുദ്ധാത്മാവിൽ നിറഞ്ഞു. അപ്പൊ. 4:31-ൽ വീണ്ടും അതേ ആളുകൾ ആത്മാവിൽ നിറഞ്ഞു. നാമും തുടർമാനമായി പരിശുദ്ധാത്മ നിറവ് അനുഭവിക്കുകയും ആത്മാവിൽ നടത്തപ്പെടുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

പരിശുദ്ധാത്മ സ്നാനം പ്രാപിക്കുവാനോ കൂടുതലായി പരിശുദ്ധാത്മ ശക്തി പ്രാപിക്കുവാനോ നാം ആഗ്രഹിക്കുന്നുവെങ്കിൽ സ്വർഗ്ഗീയ പിതാവിനോട് ചോദിച്ചാൽ മതി. പരിശുദ്ധാത്മാവിന്റെ എല്ലാ വരങ്ങളും, യേശുവിനെ ശക്തിയായി സാക്ഷിക്കുവാനുള്ള പ്രാപ്തിയും, കൂട്ടു സഹോദരങ്ങളെയും അവിശ്വാസികളെയും പ്രത്യേകാൽ ശത്രുക്കളെയും സ്നേഹിക്കുവാനുള്ള കൃപയ്ക്കായും നമുക്ക് ധൈര്യമായി ദൈവത്തോട് ചോദിക്കാം. നാം സംതൃപ്തരാകുവോളം വാഗ്ദത്തം ചെയ്യപ്പെട്ട പരിശുദ്ധാത്മാവിനെ ചോദിച്ചുകൊണ്ടിരിക്കണം. *"പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ..." (അപ്പൊ. 1:8; ലൂക്കൊ. 11:13).* നാം സ്വീകരിക്കുന്ന ഈ ദൈവാത്മ ശക്തി കർത്താവിനെ സാക്ഷീകരിക്കുന്നതിനും, കർത്താവ് ചെയ്ത അത്ഭുതങ്ങൾ ചെയ്യുന്നതിനും, മറ്റുള്ളവരെ സ്നേഹിക്കുവാനും, വിജയകരമായ ഒരു ജീവിതം നയിക്കുവാനുമുള്ള ഒരു ശക്തിയാണ്.

***സാക്ഷ്യം***

***യേശു എന്നെ പരിശുദ്ധാത്മാവിനാലും അഗ്നിയാലും സ്നാനം കഴിപ്പിച്ചു***

*"ഞാനും എന്റെ രണ്ട് സുഹൃത്തുക്കളും ഈ പഠനവസ്തുക്കളുമായിരുന്ന് ധ്യാനിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തപ്പോൾ ഇതിലെ ചില വിഷയങ്ങളെക്കുറിച്ച് അനുതപിച്ച് പാപങ്ങളെ ഏറ്റു പറയുകയും ഞങ്ങളെ വേദനിപ്പിച്ചവരോട് ക്ഷമിക്കുകയും ചെയ്തപ്പോൾ ഞങ്ങളുടെ ഉള്ളിൽ ഒരു സ്വാതന്ത്ര്യം അനുഭവപ്പെട്ടു. പരിശുദ്ധാത്മാവിനെ ഉള്ളിലേയ്ക്ക് ക്ഷണിച്ചപ്പോൾ ഞങ്ങൾ മൂന്ന് പേരും ഒരു പോലെ ഹൃദയത്തിൽ ഒരു 'കത്തൽ' അനുഭവിച്ചു. ഞങ്ങൾക്ക് മനസ്സിലായി ഇത് പരിശുദ്ധാത്മാവിന്റെയും അഗ്നിയുടേയും സ്നാനമായിരുന്നു എന്ന്."*

ആത്മീയ വളർച്ച എന്നത് പടിപടിയായ ഒരു പ്രക്രിയയാണ്. ക്രിസ്ത്യാനിയായി പക്വപ്പെടുവാൻ ജീവനുള്ള ദൈവത്തോട് കൂടുതൽ അടുത്ത് ജീവിക്കണം. ദൈവവചനം തുടർമാനമായി വായിക്കുകയും അത് ധ്യാനിക്കുകയും വേണം. സുവിശേഷത്തിന്റെ വസ്തുതകളെ വിട്ടുകളയാതെ വിശ്വസിക്കുക. യേശുവിന് നമ്മെത്തന്നെ വീണ്ടും വീണ്ടും ആവർത്തിച്ച് സമർപ്പിക്കുകയും, ദൈവസ്നേഹത്താൽ തുടർമാനമായി നിറയപ്പെടുകയും ചെയ്ക. നമ്മിൽ ക്രിയ ചെയ്യുവാനും നമ്മിലൂടെ പ്രവർത്തിക്കുവാനുമായി അവനെ ഉള്ളിലേക്ക് ക്ഷണിക്കുകയും, പരിശുദ്ധാത്മനിറവിന്റെ പുതുക്കത്തിനായി യാചിച്ച്, അവന്റെ പ്രമാണത്തെ അനുസരിച്ച് ജീവിതം തുടരുകയും ചെയ്യുക.

പ്രാർത്ഥനാ ശുശ്രൂഷയിൽ, അനുതാപത്തിന്റെയും ക്ഷമയുടെയും പ്രാർത്ഥന ചൊല്ലുന്നതും ഓരോ പ്രാർത്ഥനയ്ക്കും അവസാനം യേശുവിനെയും പരിശുദ്ധാത്മാവിനെയും ക്ഷണിക്കുകയും ചെയ്യുന്നതും നല്ലതായിരിക്കും. കാരണം, ഇത് ഒരു *"ആത്മീയശ്വാസോച്ഛ്വാസ"* പ്രക്രിയയാണ്. 'മാനസാന്തരം' എന്ന ഭാഗത്ത് ഇത് വിശദീകരിക്കപ്പെട്ടിട്ടുണ്ട്. ഇതിനെ 'പാപത്തെ പുറത്താക്കൽ' 'യേശുവിനെ അകത്താക്കൽ' എന്ന് സംക്ഷിപ്തപ്പെടുത്താം. ഈ നിലയിൽ യാതൊരു ദുഷ്ടചിന്തകൾക്കും കാര്യങ്ങൾക്കും നമ്മുടെ ഹൃദയത്തിൽ ഒരു സ്ഥലവും നാം അനുവദിക്കയില്ല (മത്തായി. 12:43–45). തുടർന്നും പരിശുദ്ധാത്മ നിറവ് ഹൃദയത്തിൽ കവിഞ്ഞൊഴുകുവാൻ പ്രാർത്ഥിക്കണം.

മറ്റൊരു വ്യക്തിയുമായി ചേർന്ന് പ്രാർത്ഥിക്കുമ്പോൾ, അവർ പരിശുദ്ധാത്മ നിറവിനായി ആത്മാവിനെ ക്ഷണിക്കുമ്പോൾ നിങ്ങൾ കാത്തിരിക്കുക. ദൈവം എന്ത് അദ്ദേഹത്തിൽ ചെയ്യുന്നു എന്ന് നിരീക്ഷിക്കുക. എന്നിട്ട് ആ വ്യക്തിയെ അനുഗ്രഹിക്കുക.

ആ ഉദ്ദേശത്തോടുകൂടെയുള്ള ഒരു പ്രാർത്ഥന ചുവടെ കൊടുത്തിരിക്കുന്നു.

**സമർപ്പണത്തിനും ശുദ്ധീകരണത്തിനും വേണ്ടിയുള്ള പ്രാർത്ഥന**



"സ്വർഗ്ഗസ്ഥപിതാവേ, എന്റെ ശരീരാത്മ ദേഹികളെ മുഴുവനായും നിനക്കു തരുന്നു. ഞാൻ പൂർണ്ണമായും നിന്റേതായിത്തീരേണ്ടതിനും നിന്റെ ആത്മാവിന്റെ കവിഞ്ഞൊഴുക്ക് അനുഭവിക്കേണ്ടതിനും അങ്ങയെ എന്നിലേക്ക് ക്ഷണിക്കുന്നു. യേശുവിൻ നാമത്തിൽ തന്നെ, ആമേൻ."

# ദൈവവചന കേൾവിയും അനുസരണവും

പഴയ നിയമത്തിലും, പുതിയ നിയമത്തിലും ഉള്ള അനേകം ദൈവവചനഭാഗങ്ങൾ ഉറപ്പിച്ച് പറയുന്ന ഒരു കാര്യം എന്തെന്നാൽ നാം ദൈവവചനം കേൾക്കുകയും അതിനൊത്തവണ്ണം അതിനനുസരിച്ച് കർത്താവിനെ അനുസരിക്കുകയും വേണമെന്നാണ്. ഇതിനെക്കുറിച്ച് യേശു പറഞ്ഞിട്ടുള്ള ചില വേദഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

*"എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കുന്നു. ഞാൻ അവയെ അറികയും അവ എന്നെ അനുഗമിക്കുകയും ചെയ്യുന്നു." (യോഹ. 10:27)*

*"ആകയാൽ എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യുന്നവൻ ഒക്കെയും പാറമേൽ വീടു പണിത ബുദ്ധിയുള്ള മനുഷ്യനോട് തുല്യനാകുന്നു." (മത്തായി 7:24)*

*"എന്റെ അമ്മയും സഹോദരന്മാരും ദൈവവചനം കേട്ട് ചെയ്യുന്നവരത്രേ എന്ന് ഉത്തരം പറഞ്ഞു." (ലൂക്കോസ് 8:21)*

*"എന്നോട് കർത്താവേ, കർത്താവേ എന്ന് പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്." (മത്തായി 7:21; ലൂക്കോ. 6:46–49)*

മുകളിൽ നാം വായിക്കുന്ന മത്തായി 7:21–ലും ലൂക്കോസ് 6:46–49 ഭാഗങ്ങളിലും നാം യേശുവിന്റെ വാക്കുകളിൽ മനസ്സിലാക്കുന്ന ഒരു കാര്യം എന്തെന്നാൽ ദൈവഹിതത്തോടുള്ള നമ്മുടെ അനുസരണം നിത്യത വരെ വിലമതിക്കുന്നതാണ്. ദൈവം എന്തൊക്കെ സംസാരിക്കുന്നുവോ അത് ഒരു വിശ്വാസി കേൾക്കുകയും അവൻ പറയുന്നതെല്ലാം അങ്ങേയറ്റം നിർബന്ധമായി അനുസരിക്കുകയും വേണം *(യോഹ. 2:5).*

*"യേശുക്രിസ്തു എന്ന ഇട്ടിരിക്കുന്ന അടിസ്ഥാനമല്ലാതെ മറ്റൊന്നും ഇടുവാൻ ആർക്കും കഴികയില്ല. ആ അടിസ്ഥാനത്തിന്മേൽ ആരെങ്കിലും പൊന്ന്, വെള്ളി, വിലയേറിയ കല്ല്, മരം, പുല്ല്, വയ്ക്കോൽ എന്നിവ പണിയുന്നു എങ്കിൽ അവനവന്റെ പ്രവൃത്തി വെളിപ്പെട്ടു വരും. ആ ദിവസം അതിനെ തെളിവാക്കും. അത് തീയോടെ വെളിപ്പെട്ട് വരും. ഓരോരുത്തന്റെ പ്രവൃത്തി ഇന്ന വിധം എന്നു തീ തന്നെ ശോധന ചെയ്യും. ഒരുത്തൻ പണിത പ്രവൃത്തി നിലനിൽക്കും എങ്കിൽ അവന് അതിന്റെ പ്രതിഫലം കിട്ടും. ഒരുത്തന്റെ പ്രവൃത്തി വെന്തുപോയതാ*

*ണെങ്കിൽ അവന് ചേതം വരും. താനോ രക്ഷിക്കപ്പെടും. എന്നാൽ തീയിൽ കൂടി എന്ന പോലെയത്രേ." (1 കൊരി. 3:11-15)*

ദൈവശബ്ദം കേൾക്കുക എന്നത് തികച്ചും ഒഴിച്ചുകൂടാനാ വാത്തതാണ്. കാരണം അത് നിമിത്തമാണ് ഒരു വിശ്വാസി വിജയ ജീവിതം നയിക്കുന്നത്.

ദൈവം വിവിധ നിലകളിൽ നമ്മോട് സംസാരിക്കുന്നു. നാം ദൈവവചനം വായിക്കുകയും ധ്യാനിക്കുകയും ചെയ്യുമ്പോൾ ദൈവ ശബ്ദം നമ്മെ ആകർഷിക്കത്തവണ്ണം നമ്മുടെ മേൽ വെളിപ്പെടും. ചില പ്പോൾ അത് ശക്തിയേറിയതായിരിക്കും. ശരീരത്തിൽ ഇന്ദ്രിയഗോചര മായും, സ്പർശവേദ്യമായും അനുഭവപ്പെടും. കരയുവാൻ പ്രേരിപ്പിക്കാം, (ചിലപ്പോൾ വളരെ അധികം സമയം) ചിലപ്പോൾ ചിത്രങ്ങളായോ, സ്വപ്നങ്ങളായോ, ചുറ്റുമുള്ള വസ്തുക്കളായോ ഒക്കെ ദൈവം കാര്യ ങ്ങൾ നമുക്ക് വെളിപ്പെടുത്തും. നമ്മുടെ മനസ്സാക്ഷിയിലേക്ക് കടന്നു വരുന്ന ഒരു ചിന്ത ഒരു പക്ഷേ, ദൈവം നമ്മോട് സംസാരിച്ചതായി രിക്കാം. ദൈവം എപ്പോഴും ശാന്തമായി, മൃദു സ്വരമായി സംസാരിക്കു വാൻ ഇഷ്ടപ്പെടുന്നു *(1 രാജാ. 19:12).* നമ്മുടെ ചിന്തകൾ ശുദ്ധവും നീതിയുള്ളതും ക്രിയാത്മകവുമാണെങ്കിൽ അത് പരിശുദ്ധാത്മാവ് നമ്മോട് സംസാരിക്കുന്നതാണ്. ഓർക്കുക, ആശ്വാസപ്രദൻ എപ്പോഴും ആശ്വസിപ്പിക്കുന്നു. അപവാദി എപ്പോഴും അപവാദം പറയുന്നു.

> സാധാരണ ആളുകൾ പറയുന്ന ഒരു കാര്യം കേൾക്കുവാനിടയായി, "കർത്താവിന്റെ വേലയ്ക്കു വേണ്ടി ഞാൻ എന്റെ ജോലി വിട്ടു" എന്ന് അവരോടുള്ള എന്റെ പ്രതികരണം ഇതാണ്: "എന്തുകൊണ്ട് ജോലിയോ ടൊപ്പം ദൈവവേല ചെയ്തുകൂടാ?"
>
> (ഡൻകൻ വാട്ട്കിൻസൺ, IRNET, 2004)

ദൈവശബ്ദം കേൾക്കുന്ന മറ്റൊരു രീതി ഇവിടെ പറയട്ടെ. ദൈവത്തെ കുറച്ച് സമയം ആരാധിക്കുക, ഹൃദയം ഏകാഗ്രഹപ്പെടുത്തു ക. അനുതാപവും ക്ഷമയും ഹൃദയത്തിൽ ഉണ്ടാകട്ടെ. എന്നിട്ട് മൗനമായി അവന്റെ സന്നിധിയിൽ ഇരുന്നിട്ട് ഒരു ചോദ്യം അവനോട് ചോദിക്കുക. നാം ഇന്ന് വരെ ജീവിതത്തിൽ ചിന്തി ച്ചിട്ടില്ലാത്ത എന്തെങ്കിലും പുതിയ ഒരു ചിന്ത നമ്മുടെ തലയിലേക്ക് വരുന്നെങ്കിൽ അത് ദൈവം നമ്മോട് സംസാരിക്കുന്നതാണ്. (എഴുത പ്പെട്ട ദൈവവചനത്തോട് ബന്ധപ്പെട്ടാണ് ഇത് കേൾക്കുന്നതെങ്കിൽ).

ദൈവം സംസാരിക്കുമ്പോൾ നാം അതിന് പൂർണ്ണ ശ്രദ്ധ

കൊടുത്തു അതിനോട് പ്രതികരിക്കണമെന്ന് അവൻ ആഗ്രഹിക്കുന്നു. ദൈവത്തിന്റെ സാന്നിധ്യം തൊട്ടറിഞ്ഞ ആ സ്ഥലത്തു നിന്നും എഴുന്നേൽക്കാതെ കുറച്ച് സമയം കൂടി ശാന്തമായി അവിടെ തന്നെ ഇരുന്ന് അവന് എന്താണ് വെളിപ്പെടുത്തുവാനുള്ളതെന്ന് തുടർന്നും ശ്രദ്ധിക്കുക. അതിനെ കുറച്ചുകൂടി വിശദീകരിച്ചു തരുവാൻ നമുക്ക് ദൈവത്തോട് ചോദിക്കാം. ഉദാഹരണത്തിന് നാം എന്തെങ്കിലും ചെയ്യണമെന്ന് ദൈവം ആഗ്രഹിച്ചാൽ അതിനെ വിശദമാക്കുവാൻ അവനോട് ചോദിക്കാം. അത് ഏറ്റവും നന്നായി കഴിയുന്നത്ര വേഗത്തിൽ തന്നെ ചെയ്യുക. വേദപുസ്തകത്തിലെ പല വ്യക്തികളും ഇങ്ങനെ ചെയ്തിട്ടുണ്ട്. അവരുടെ പ്രവൃത്തികൾ ലോകമനുഷ്യരുടെ മുമ്പിൽ അപരിചിതവും, പരിഹാസ്യവുമായി കാണപ്പെടുമ്പോഴും അവർ ദൈവത്തെ അനുസരിച്ചു *(ഉദാ: നോഹ, ഉല്പ. 6–10).*

***സാക്ഷ്യം***

***ഞാൻ യേശുവിനെ കണ്ടുമുട്ടി***

*"വർഷങ്ങളോളം ഞാൻ ഒരു ദുഃഖിതനും ആത്മഹത്യാ പ്രേരിതനും ആയിരുന്നു. ഞാൻ ആ ആത്മഹത്യാ ചിന്തകളെക്കുറിച്ച് അനുതപിച്ച് യേശുവിനെ ഹൃദയത്തിലേക്ക് ക്ഷണിച്ചു. എന്റെ മുമ്പിൽ യേശു പ്രത്യക്ഷനായ ഒരു ദർശനം ഞാൻ കണ്ടു. അവൻ വലിയവനായും ദയയുള്ളവനായും കാണപ്പെട്ടു. അവൻ എന്നെ തന്റെ കരങ്ങളിൽ എടുത്തുയർത്തിക്കൊണ്ട് പ്രതിവദിച്ചു. "ഇപ്പോൾ മുതൽ നീ എന്റെ സാക്ഷിയായിരിക്കുക, ഓർക്കുക ഞാൻ എല്ലായിപ്പോഴും നിന്നോടുകൂടെ ഉണ്ട്" ഞാൻ സന്തോഷപൂർണ്ണനായി സംഭവിച്ചത് എല്ലാവരോടും പറയുവാൻ തുടങ്ങി. ചിലപ്പോൾ യേശുവിനെക്കുറിച്ച് മറ്റുള്ളവരോട് പറയുവാൻ എളുപ്പമല്ല അപ്പോഴെല്ലാം ഞാൻ ഈ സംഭവം ഓർക്കും. അവൻ എന്നോട് കൂടെ ഉണ്ട് എന്നുള്ള വാഗ്ദത്തം ഓർത്ത് ധൈര്യപ്പെടും."*

ദൈവം എന്തെങ്കിലും നമ്മോട് ചെയ്യുവാൻ കല്പിക്കുമ്പോൾ നാം അത് ചെയ്യണം. അതിനു വേണ്ടി പരിശുദ്ധാത്മ സഹായം ചോദിക്കുക. അവൻ പറയുന്നത് നാം ചെയ്യുമ്പോൾ മാത്രമേ ദൈവത്തിന് തന്റെ ഭാഗം നിവർത്തിക്കുവാൻ കഴിയൂ. കാരാഗൃഹത്തിൽ നിന്നുള്ള പത്രൊസിന്റെ രക്ഷപെടൽ സംഭവം ഇതിന് ഒരു ഉദാഹരണമാണ് *(അപ്പൊ. 12:7–8).* ദൂതൻ പത്രൊസിനോട് ചില കാര്യങ്ങൾ ചെയ്യുവാനായി നിർദ്ദേശിച്ചു. ("വേഗം എഴുന്നേൽക്ക, അര കെട്ടി ചെരിപ്പ് ഇട്ടു മുറുക്കുക, നിന്റെ വസ്ത്രം ധരിച്ചു എന്റെ പിന്നാലെ വരിക"). അവൻ അങ്ങനെ ചെയ്യുമ്പോൾ ചങ്ങല കൈമേൽ നിന്നു വീണു, ദൂതൻ

അങ്ങനെ വിടുവിക്കുകയും ചെയ്തു.

വിവേചനം ഈ വിഷയത്തിൽ അത്യാവശ്യ മാണ്. കാരണം, ഇത് ദൈവം തന്നെയാണോ, അതോ നമ്മുടെ ജഡമന സ്സാണോ, അതോ ശത്രുവായ പിശാചാണോ, എന്ന് തിരിച്ചറിയേണ്ടതുണ്ട്. വിവേചിക്കാനുള്ള ഒരു എളുപ്പമാർഗ്ഗം ഈ ദൈവ ത്തിന്റെ ശബ്ദം വെളിച്ച ത്തിന്റെ രാജ്യത്തിലാണോ അന്ധകാരത്തിന്റെ രാജ്യ ത്തിലാണോ ഉത്ഭവിച്ച തെന്ന് പരിശോധിക്കുക. ഇത് ഇരുട്ടിന്റെ രാജ്യവു മായി ബന്ധപ്പെട്ടിരിക്കുന്നു എങ്കിൽ ഇതിൽ നിന്ന് അക ന്നിരിക്കുക. ശ്രദ്ധിക്കപോലും അരുത്. കാരണം, സാത്താൻ **നിർദ്ദേശങ്ങൾ** നൽകുന്നു *(ഉൽപ. 3:1).* എന്നാൽ ദൈവം '**ആജ്ഞാപിക്കുന്നു**' *(ഉല്പ. 1:3, 2:16-17)*. ദൈവം പുതിയതോ പ്രാധാന്യമുള്ളതോ ആയ എന്തെങ്കിലും സംസാരിച്ചെങ്കിൽ ദൈവം തന്നെ അതിനെ സാക്ഷ്യപ്പെടുത്തുന്ന രണ്ടോ, മൂന്നോ വചനഭാഗം കൊണ്ട് ഉറപ്പിക്കും *(ആവ. 19:15; മത്താ. 18:16).* ആരെങ്കിലും നിങ്ങ ളോട് പ്രവചിച്ചെങ്കിൽ അത് **ദൈവം നേരത്തെ നിങ്ങളോട് സംസാ രിച്ചതുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പി ക്കുക.** നിങ്ങളോട് സംസാരിച്ച ദൈവശബ്ദം അവന്റെ ശബ്ദം തന്നെയാണെന്ന് ഉറപ്പിക്കുവാനും സംസാരിക്കുന്ന സത്യം തിരിച്ചറി യുവാനും വേണ്ടിയാണ് അവൻ മറ്റുള്ളവരിലൂടെ നിങ്ങളോട് സംസാ രിക്കുന്നത് (പ്രവചനത്തിലൂടെ). ചിലപ്പോൾ പ്രവചനം വ്യക്തമാ

ഒരു വൃദ്ധനായ മനുഷ്യൻ തന്റെ കഴിഞ്ഞ കാല ജീവിതത്തിൽ ദൈവം നൽകിയ അനുഗ്രഹങ്ങൾക്കും ചെയ്ത വലിയ ശുശ്രൂഷയ്ക്കും നന്ദി പറഞ്ഞ് കൊണ്ട് വരാന്തയിൽ ഇരിക്കയായിരുന്നു. അപ്പോൾ ദൈവം അയാളോട് സംസാരി ച്ചു. ''എന്നാൽ മകനെ ഞാൻ നിന്നെ ആഫ്രിക്കയിൽ മിഷണറിയായിരിക്കാ നാണ് വിളിച്ചിരുന്നത്'' ആ മനുഷ്യന് അതൊരു ഷോക്ക് ആയി. അവൻ വാദിച്ചു പറഞ്ഞു "അത് ദൈവമേ, എന്റെ മകന്റെ ആരോഗ്യപ്രശ്നങ്ങൾ നിമിത്തം എനിക്ക് വീട്ടിൽ തന്നെ നില്ക്കേണ്ടി വന്നു. അവിടെ കുടുംബക്കാരുടെ കരുതൽ ധാരാളം ലഭിച്ചു.'' എന്നാൽ ദൈവം വീണ്ടും പറഞ്ഞു: "നീ എന്നെ അനുസ രിച്ച് ആഫ്രിക്കയിലേക്ക് പോയിരുന്നെ ങ്കിൽ ഇതൊന്നും സംഭവിക്കുമായിരുന്നി ല്ല" അദ്ദേഹം ദുഃഖിതനായി. ഈ വിളി ഏറ്റെടുത്ത് ആഫ്രിക്കയിലേക്ക് പോകു വാൻ മറ്റുള്ളവരെ ധൈര്യപ്പെടുത്തി തന്റെ ശിഷ്ടമുള്ള സമയം ചിലവഴിക്കേണ്ടി വന്നു.

(Joan Hunter, Healing the Whole Man Handbook, 2006)

കണമെന്നില്ല *(1 കൊരി. 13:9).* പ്രാർത്ഥനയിൽ ഈ വിഷയം വെച്ച് അർത്ഥം മനസ്സിലാക്കുവാൻ വിവേചിക്കണം. എന്തെങ്കിലും കാര്യം ചെയ്യുവാൻ വേണ്ടിയാണ് ദൈവം ആ പ്രവചനത്തിലൂടെ ആവശ്യപ്പെട്ടതെങ്കിൽ അനുസരണയോടെ ചെയ്യണം. എത്രയും വേഗം അത് നാം നിറവേറ്റണം.

നമ്മുടെ ഇഷ്ടങ്ങളുടെ മേൽ ദൈവഹിതത്തെ മുൻനിർത്തുമ്പോൾ നാം അവന് നമ്മെ തന്നെ സമർപ്പിച്ച് കൊടുക്കുകയാണ്. ഇത് ഒരു അധികാര കൈമാറ്റമാണ്. നമ്മുടെ ജീവിതത്തിൻമേൽ നമുക്കുള്ള അധികാരത്തെ മാറ്റി കർത്താവിന്റെ അധികാരത്തിന് ഏൽപ്പിക്കപ്പെടുന്നു. പാപത്തെയും സ്വയത്തെയും പിൻപറ്റുന്നതിന് പകരം പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിന് വിട്ട് കൊടുത്ത് യേശുവിന്റെ അനുയായി ആയി മാറുന്നു. അവൻ ആഗ്രഹിക്കുന്ന ഇടത്തേക്ക് പോകുന്നു. അവൻ ആഗ്രഹിക്കുന്നത് നാം ചെയ്യുന്നു, അവൻ ആഗ്രഹിക്കുന്നത് മാത്രം ചെയ്യുന്നു, അവൻ ആഗ്രഹിക്കുന്ന നിലയിൽ നാം ആയിത്തീരുന്നു. നാം നമ്മുടെ ഹിതങ്ങളെ ദൈവത്തിന്റെ അനുസരണത്തിന് ഏൽപ്പിച്ച് കൊടുക്കുമ്പോൾ കർത്തൃ പ്രാർത്ഥനയിലെ "നിന്റെ രാജ്യം വരേണമേ, നിന്റെ ഇഷ്ടം നിറവേറണമേ" എന്ന തത്വം (സത്യം) നമ്മിൽ നിറവേറുന്നു. ഇവിടെ ഒരു വില മുടക്കൽ അത്യാവശ്യമാണ്. നമ്മുടെ ആഗ്രഹങ്ങളെയും കഴിവുകളെയും നാം മരിപ്പിക്കുവാൻ ശ്രമിക്കുന്നുവെങ്കിൽ മാത്രമേ ഇത് സാധ്യമാകൂ. അപ്പോൾ നമുക്ക് അവന്റെ പ്രകൃത്യാതീത ശക്തിയാൽ കാര്യങ്ങളെ സുഗമമായി ചെയ്യുവാൻ സാധിക്കും.

ഇംഗ്ലീഷിലെ ഈ ഗാനത്തോടെ ഇവിടെ സംക്ഷിപ്തപ്പെടുത്താം. 'All to Jesus, I surrender, all to Him I freely give...' 'ഞാൻ സമർപ്പിക്കുന്നു. എല്ലാം യേശുവിനായ്, സൗജന്യമായി ഞാനെല്ലാം അവന് നൽകുന്നു.' ആത്മീയ വളർച്ചയക്ക് വേണ്ടി അപ്പൊസ്തലനായ പൗലോസ് പ്രാർത്ഥിച്ച ഒരു പ്രാർത്ഥന ചുവടെ ചേർക്കുന്നു.

*"അതു നിമിത്തം ഞാൻ സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകല കുടുംബത്തിനും പേർ വരുവാൻ കാരണമായ പിതാവിന്റെ സന്നിധിയിൽ മുട്ടുകുത്തുന്നു. അവൻ തന്റെ മഹത്വത്തിന്റെ ധനത്തിന് ഒത്തവണ്ണം അവന്റെ ആത്മാവിനാൽ നിങ്ങൾ അകത്തെ മനുഷ്യനെ സംബന്ധിച്ച് ശക്തിയോടെ ബലപ്പെടേണ്ടതിനും ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കേണ്ടതിനും വരം നൽകേണം എന്നും*

*നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ടവരായി വീതിയും നീളവും ഉയരവും ആഴവും എന്ത് എന്ന് സകല വിശുദ്ധന്മാരോടും കൂടെ ഗ്രഹിപ്പാനും പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിന്റെ സ്നേഹത്തെ അറിവാനും പ്രാപ്തരാകുകയും ദൈവത്തിന്റെ എല്ലാ നിറവിനോളം നിറഞ്ഞുവരികയും വേണം എന്നും പ്രാർത്ഥിക്കുന്നു. എന്നാൽ നാം ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തം പരമായി ചെയ്‌വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്ന വന് സഭയിലും ക്രിസ്തുയേശുവിലും എന്നേക്കും തലമുറ തലമുറ യായും മഹത്വം ഉണ്ടാകട്ടെ." (എഫെ. 3:14-21)*

ഇങ്ങനെയാണ് ഒരുവന്റെ ആത്മീക വളർച്ചയോടുള്ള ബന്ധത്തിൽ പൗലോസ് പ്രാർത്ഥിച്ചത്.

*"ഒന്ന് ഞാൻ ചെയ്യുന്നു. പിമ്പിലുള്ളത് മറന്നും മുമ്പിലുള്ളതിന് ആഞ്ഞുംകൊണ്ട് ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി ലാക്കിലേക്ക് ഓടുന്നു." (ഫിലി. 3:14)*



## *ദൈവീകവിളി*

അനേക വ്യക്തികളും അവരുടെ മേലുള്ള ദൈവീക വിളിയെ തിരിച്ചറിയുന്നില്ല. ഇത് ഒരു പക്ഷേ, അവരുടെ മേലുള്ള വിളിയോ ശുശ്രൂഷയോ എന്തെന്ന് തിരിച്ചറിയാത്തതുകൊണ്ടായിരിക്കും. ദൈവീക വിളി ദൈവം തന്ന സ്വഭാവിക കഴിവുകളും ദാനങ്ങളും കൊണ്ട് അല്ല നിവർത്തിക്കുന്നത്. പ്രത്യുത, ഒരു പ്രകൃത്യാതീത ശക്തി, അഥവാ അത്യന്ത ശക്തി ദൈവീക വിളി നിവർത്തിക്കുന്നതിന് ആവശ്യമാണ്. ഇതിനുവേണ്ടി നാം

ദൈവത്തിനുവേണ്ടി ചെയ്യുന്ന എല്ലാ കാര്യങ്ങളുടെയും ഒരു ലിസ്റ്റ് തയ്യാറാക്കുക. എന്നിട്ട് നിങ്ങളോട് തന്നെ ചോദിക്കുക. "വാസ്തവമായും ഞാൻ ചെയ്യുന്ന കാര്യങ്ങൾ യേശു പറഞ്ഞിട്ടാണോ ചെയ്തത്?" ഉത്തരം: 'അല്ല' എന്നോ, 'ഉറപ്പില്ല' എന്നോ ആണെങ്കിൽ ഒരു പുനർ വിചിന്തനത്തിന് നിങ്ങൾ തയ്യാറാവുക.

(ഡൻകൻ വാട്ട്കിൻസൺ, IRNET, 2004)

ദൈവസന്നിധിയിൽ ഇരിക്കേണം. അപ്പോൾ, മാത്രമേ ദൈവീക വിളി നിറവേറ്റുവാൻ അത്യന്തശക്തി എത്രത്തോളം ആവശ്യമാണെന്ന് നമുക്ക് തിരിച്ചറിയാൻ സാധിക്കൂ.

> ***സാക്ഷ്യം***
>
> ***യേശു നമ്മെ ഉയർത്തുന്നു***
>
> *"ഞാനും എന്റെ ഭാര്യയും ഈ ഗ്രന്ഥത്തിലെ ദൈവീക വിളി ഉൾപ്പെടെയുള്ള എല്ലാ ഭാഗങ്ങളിലെ പ്രാർത്ഥനകളും പ്രാർത്ഥിച്ചു. ചില ആഴ്ചകളായപ്പോൾ കർത്താവ് എനിക്കൊരു പ്രേരണ തന്നു. ഇപ്പോൾ ചെയ്യുന്ന ശുശ്രൂഷാ രംഗം വിട്ട് യാത്ര ചെയ്ത് അദ്ധ്യാപക ശുശ്രൂഷ ചെയ്യുക. വരുമാനമാർഗ്ഗം ഉണ്ടായിരുന്ന ആ രംഗം വിടുക എന്നത് ബുദ്ധിമുട്ടായിരുന്നു. എന്നാൽ മൂന്ന് മാസം കഴിഞ്ഞപ്പോൾ അത് വിടുവാനും എനിക്കും എന്റെ ഭാര്യക്കും ജീവിക്കാൻ ആവശ്യമായ ഭൗതിക നന്മകളുടെ വഴികളെ ദൈവം തുറക്കുവാനും ഇടയായി. കണ്ണുനീരോടെ എന്റെ ഭാര്യ പറഞ്ഞു. "ജീവിതത്തിൽ ആദ്യമായി നമ്മുടെ കുടുംബത്തെ കുറിച്ച് ഒരു 'പ്രത്യാശ' എനിക്ക് ഇപ്പോൾഅനുഭവപ്പെടുന്നു." "*

ഒന്നാമതായി, യേശുവിന്റെ ഒരു സമർപ്പിത അനുയായി ആയിരിപ്പാൻ വേണ്ടിയാണ് ഈ വിളി. നാം വ്യാപാരത്തിലോ, ജോലിയിലോ, ഏത് മേഖലയിലായിരുന്നാലും യേശുവിന്റെ മുമ്പിൽ നമ്മെത്തന്നെ സമ്പൂർണ്ണമായി സമർപ്പിക്കേണം. പ്രാർത്ഥനയോടെ, സ്തുതിയോടെ സാക്ഷ്യത്തോടെ, സ്വയം ഉഴിഞ്ഞ് വയ്ക്കലിലൂടെ യേശുവിന്റെ മുമ്പിൽ നമ്മെ സമർപ്പിക്കേണം. ഈ ഒരേ ഒരു ലക്ഷ്യത്തിലേക്ക് മുന്നേറുമ്പോൾ നമ്മുടെ ശ്രദ്ധ തിരിക്കുന്ന എല്ലാ വിഷയങ്ങളെയും, നാം ഈ ഉന്നതവിളി ഇല്ലാത്തവർക്കു വിട്ടുകൊടുക്കുക. അവർ രാഷ്ട്രീയത്തിൽ ഇടപെടുകയോ, ശാസ്ത്രം വിവരിക്കയോ, വിമർശനാത്മകമായ കാര്യങ്ങളെ ഉറപ്പിക്കയോ, സാമ്പത്തിക പ്രശ്നങ്ങളിൽ ഇടപെടുകയോ ഒക്കെ ചെയ്യട്ടെ. എന്നാൽ നമുക്ക് നമ്മുടെ കർത്താവിനെ ഒരു രാജകീയ പുരോഹിതവർഗ്ഗം എന്ന നിലയിൽ അവനെ സേവിക്കാം. ഇതാണ് ഓരോ വിശ്വാസിയുടെയും കളങ്കമറ്റ കടമ.

രണ്ടാമതായി, അവൻ എല്ലാ വിശ്വാസികൾക്കും ഒരു വലിയ നിയോഗം (The Great Commission) നൽകിയിട്ടുണ്ട് *(മത്താ. 28:18-20; മർക്കോ. 16:15-18; ലൂക്കോ. 24:46-48).* സുവിശേഷം എല്ലായിടത്തും എല്ലാ ഗ്രൂപ്പിൽപ്പെട്ട ആളുകളോടും പ്രസംഗിക്കപ്പെടുന്നതുവരെ യേശു മടങ്ങിവരികയില്ല. അതുകൊണ്ട് സുവിശേഷം അറിയിക്കുക എന്ന വിളി

അഥവാ ഉത്തരവാദിത്തം എല്ലാ വിശ്വാസിക്കും ഉണ്ട്.

യേശു ആളുകൾക്ക് ചിലപ്പോൾ പ്രത്യേക വിളിയും, നിയോഗവും നൽകുന്നു. ഇത് 'വലിയ നിയോഗ' (Great Commission) വുമായുള്ള ബന്ധത്തിൽ പ്രത്യേകമായി കൊടുക്കപ്പെടുന്ന നിയോഗമായിരിക്കും.

ഈ ഗ്രന്ഥത്തിന്റെ ലേഖകരും കുറച്ചുകാലം തങ്ങളുടെ പ്രത്യേക വിളി എന്തെന്ന് അറിയാതെ ഗൗരവമായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. (അതിന് കാരണം എസ്ഥേർ ബേക്കർ എഴുതിയ 'ഞാനൊരിക്കൽ ഒരു ബുദ്ധമത സന്യാസിനിയായിരുന്നു' എന്ന ഗ്രന്ഥത്തിലെ പ്രാർത്ഥന[9] ആയിരുന്നു.) 3 ആഴ്ചത്തെ പ്രാർത്ഥനയ്ക്കു ശേഷം കർത്താവ് തന്റെ പ്രത്യേക വിളി അവർക്ക് വെളിപ്പെടുത്തി കൊടുത്തു.

നിങ്ങളുടെ ജീവിതത്തിൽ ദൈവീക വിളി ദൈവം നിങ്ങൾക്ക് വെളിപ്പെടുത്തേണ്ടതുണ്ടെങ്കിൽ ഈ പ്രാർത്ഥന ചൊല്ലുക.

**നിങ്ങളുടെ മേലുള്ള ദൈവവിളി വെളിപ്പെടുവാനുള്ള പ്രാർത്ഥന**



"സ്വർഗ്ഗസ്ഥനായ പിതാവേ, ആരുടെ അടുത്തേയ്ക്ക് അങ്ങ് എന്നെ അയയ്ക്കുവാൻ ആഗ്രഹിക്കുന്നുവോ, അവരെക്കുറിച്ചുള്ള ഹൃദയഭാരം എനിക്ക് നൽകേണമേ. ആമേൻ."

ദൈവീക വിളി നമ്മുടെ ജീവിതത്തിൽ നാം തിരിച്ചറിഞ്ഞ് കഴിയുമ്പോൾ വളരെ താല്പര്യത്തോടെ നാം അത് ചെയ്യും. കാരണം ഏറ്റവും നല്ല ഒരു നിയോഗത്തിലേക്കാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്. നമ്മെക്കുറിച്ചുള്ള സമ്പൂർണ്ണ ദൈവീക പദ്ധതിയും നാം സൃഷ്ടിക്കപ്പെട്ടത് തന്നെ ഇതിനുവേണ്ടിയുമാണെന്നുള്ള സത്യവും നമുക്ക് ഉറപ്പിക്കുവാൻ കഴിയും.

നിങ്ങളുടെ കാലുകളെ ചലിപ്പിക്കുവാൻ നിങ്ങൾക്ക് ആഗ്രഹമില്ലെങ്കിൽ ദൈവത്തോട് നിങ്ങളുടെ കാലടികളെ നിയന്ത്രിക്കുവാൻ ആവശ്യപ്പെടരുത്.

[9] *Esther Baker, I once was a Buddhist Nun, 2009, Intervarsity Press.*

*"നാം അവന്റെ കൈപ്പണിയായി സൽപ്രവൃത്തികൾക്കായിട്ടു ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു. നാം ചെയ്തുപോരേണ്ടതിന്നു ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു." (എഫെ. 2:10)*


അവൻ എപ്പോഴും നമ്മോടു കൂടെ ഉണ്ടെന്ന് യേശു വാഗ്ദത്തം ചെയ്യുന്നു!

*"...ഞാൻ നിങ്ങളോട് കല്പിച്ചതൊക്കെയും പ്രമാണിപ്പാൻതക്കവണ്ണം... ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടു കൂടെ ഉണ്ട് എന്ന് അരുളിച്ചെയ്തു." (മത്താ. 28:20)*

# പ്രാർത്ഥനാശുശ്രൂഷയ്ക്കായുള്ള പ്രായോഗിക പരിഗണനകൾ

പ്രാർത്ഥനാ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്ന സഭയോ, ദൈവദാസനോ, പരസ്പര ധാരണയോടുകൂടിയുള്ള. ചില പ്രായോഗിക നിർദ്ദേശങ്ങൾക്ക് വിധേയരായി വേണം ഈ ശുശ്രൂഷ നടത്തുവാൻ. ഇത് സംബന്ധിച്ച നിർദ്ദേശങ്ങളുടെ കുറവ് പരിഹരിക്കാൻ താഴെക്കൊടുത്തിരിക്കുന്ന ആലോചനകൾ പ്രയോജനപ്പെടും.

## *പ്രാർത്ഥനാശുശ്രൂഷയ്ക്കായുള്ള നിർദ്ദേശങ്ങൾ*



ശുശ്രൂഷ സ്വീകരിക്കുന്ന ആൾ അവരുടെ സ്വന്ത വാക്കുകളിൽ അനുതാപത്തിന്റേയും, പാപക്ഷമയ്ക്കുമായുള്ള പ്രാർത്ഥനകൾ **ഉറക്കെ** പ്രാർത്ഥിക്കേണ്ടതാവശ്യമാണ്. ഇങ്ങനെ നേതൃത്വം നൽകുന്ന ആൾക്ക് അവരുടെ പ്രാർത്ഥന ശ്രദ്ധിക്കുവാനും അവരുമായി ചേർന്നു കൊണ്ട് അവരെ പ്രാർത്ഥനയിൽ നയിക്കുവാനും സാധിക്കുന്നു *(മത്തായി 18:19).* പ്രാർത്ഥിച്ചു പരിചയമില്ലാത്തവരെങ്കിൽ നേതൃത്വം നൽകുന്നവർ അവരെ പ്രാർത്ഥനയിൽ നയിക്കേണ്ടതായി വരും. അതിന് ശേഷം അവരുടെ വാക്കുകളിൽ ഉടനെ തന്നെ അവർ ഉറക്കെ പ്രാർത്ഥിക്കേണ്ടതാണ്. ഹൃദയത്തിൽ നിന്നുള്ള പ്രാർത്ഥന, ശുശ്രൂഷ സ്വീകരിക്കുന്ന വ്യക്തിയിൽ നിന്നാണ് ഉണ്ടാകേണ്ടത്. മതാചാരങ്ങളിൽ ഉപയോഗിക്കുന്ന പദപ്രയോഗങ്ങൾ ഒന്നും കൂടാതെ തന്നെ പ്രാർത്ഥിക്കുവാൻ കഴിയുമെന്ന് അവരെ ബോധ്യപ്പെടുത്തേണം. (ദൈവം അവരുടെ ഹൃദയത്തെ അറിയുന്നു.)

- സ്വസ്ഥതയുള്ള ശാന്തമായ ഒരു സ്ഥലം പ്രാർത്ഥനയ്ക്കായി തിരഞ്ഞെടുക്കുക.

- ഓരോ ശുശ്രൂഷയും പ്രാർത്ഥനയോടെ ആരംഭിക്കുക. സമയത്തെ കർത്താവിന്റെ കരങ്ങളിൽ സമർപ്പിക്കുക. ദൈവത്തിന്റെ നിയോഗത്തിനും നടത്തിപ്പിനുമായി പ്രാർത്ഥിക്കുക.
- രണ്ടുപേർ ചേർന്ന് ഒരാൾക്ക് വേണ്ടി ശുശ്രൂഷ ചെയ്യുന്നത് നല്ലതാണ്. സ്ത്രീകൾക്കായി ശുശ്രൂഷിക്കുമ്പോൾ ഒരാളെങ്കിലും സ്ത്രീ, ആയിരിക്കുന്നതും, പുരുഷമാർക്ക് വേണ്ടി ശുശ്രൂഷിക്കുമ്പോൾ ഒരാളെങ്കിലും പുരുഷൻ ആയിരിക്കുന്നതും നല്ലതാണ്. ഒരു സ്ത്രീ ഏകയായി ഒരു പുരുഷനുവേണ്ടിയും, ഒരു പുരുഷൻ ഏകനായി ഒരു സ്ത്രീക്ക് വേണ്ടിയും ശുശ്രൂഷിക്കുന്നത് പ്രോത്സാഹിപ്പിക്കാതിരിക്കുന്നതാണ് നല്ലത്. വിവാഹിതരായ ഒരു സ്ത്രീയും പുരുഷനും ഈ പ്രാർത്ഥനയ്ക്കായി വന്നാൽ അവരെ പ്രത്യേകമായി മാറ്റിയിരുത്തി അവരോട് ഇടപെടുകയും, പ്രാർത്ഥിക്കുകയും ചെയ്താൽ കുടുംബജീവിതത്തിലെ തകർച്ചയിൽ നിന്ന് അവരെ ഉദ്ധരിച്ച് അനുരഞ്ജനത്തിലേക്ക് നയിക്കുവാൻ കഴിഞ്ഞേക്കാം.
- പരിശുദ്ധാത്മാവിന്റെ നടത്തിപ്പിലും, ആലോചനയിലും ശ്രദ്ധിച്ച് ശുശ്രൂഷിക്കേണ്ടതാണ്. ശുശ്രൂഷ നയിക്കുന്നവരിൽ ഒരാൾക്ക് പ്രത്യേക ജ്ഞാനത്തിന്റെ വാക്കുകളോ, വെളിപ്പാടുകളോ ഉണ്ടായാൽ അത് ശുശ്രൂഷയിൽ പങ്കിടുകയും, അടുത്തതായി എന്തു ചെയ്യണമെന്ന് പരസ്പരം ആലോചിച്ചു മുമ്പോട്ടു നീങ്ങേണ്ടതുമാണ്.
- പ്രശ്നങ്ങളെ ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ വിശകലനം ചെയ്ത്, ആവശ്യമായ വചനം ശുശ്രൂഷയിൽ ഉപയോഗിക്കുകയും ചെയ്യുക ശുശ്രൂഷ സ്വീകരിക്കുന്ന വ്യക്തിയുടെ പ്രശ്നങ്ങൾക്ക് യോഗ്യമായ ദൈവീക ആലോചനകൾ നൽകേണ്ടതിന്, നേതൃത്വം നൽകുന്നവർ, നിശ്ചയമായും നല്ല ദൈവവചനജ്ഞാനമുള്ളവരായിരിക്കേണ്ടതാണ് *(2 തിമൊഥെയോസ് 2:15).*
- *"മറ്റുള്ളവർ നിങ്ങൾക്ക് ചെയ്തു തരേണം എന്ന് നിങ്ങൾ ആഗ്രഹിക്കുന്നവ, നിങ്ങൾ അവർക്ക് ചെയ്യുക."* എന്ന സുവർണ്ണ നിയമം എപ്പോഴും പാലിക്കുക *(മത്തായി 7:12).*
- ഈ ശുശ്രൂഷ, അദ്ധ്യക്ഷനായ ദൈവദാസന്റെ മേൽ നോട്ടത്തിലും രാജ്യത്തിന്റെ നിയമത്തിന്റെ ചട്ടക്കൂട്ടിനുള്ളിലും നടത്തപ്പെടേണം.
- ഒരു കാര്യത്തിലും "പങ്കിട്ടവിഷയം രഹസ്യമായി സൂക്ഷിക്കും." എന്ന് വാഗ്ദത്തം നൽകരുത്. (അങ്ങനെ ചെയ്താൽ അതു പാലി

ക്കപ്പെടേണ്ടതും, മറ്റാരുമായും പങ്കിടാൻ സാദ്ധ്യമല്ലാത്തതുമായി ത്തീരുന്നു.) നിയമലംഘനം നടന്ന ഒരു വിഷയം ഒരു വ്യക്തി പങ്കിട്ടാൽ, രാജ്യത്തിന്റെ നിയമത്തിന് വിധേയപ്പെടേണ്ടതിന്റെ ആവ ശ്യകത അവരെ ബോദ്ധ്യപ്പെടുത്തേണ്ടതാകുന്നു. അതു സംബ ന്ധിച്ചു അവർ ചെയ്യേണ്ട പരിഹാര പ്രവൃത്തിയെക്കുറിച്ചും ആലോ ചന നൽകേണ്ടതാണ്. ചിലപ്പോൾ അത് പണം മടക്കി കൊടുക്കു ന്നതോ, ഒരു വ്യക്തിയോട് ക്ഷമ ചോദിക്കുന്നതോ ആയിരിക്കാം.

- ശുശ്രൂഷ സ്വീകരിക്കുന്ന വ്യക്തിയോട് ബഹുമാനത്തോടും, ക്ഷമ യോടും, ഭീഷണിയോ, ഉറച്ച സംസാരമോ ഇല്ലാതെ, സൗമ്യതയോ ടെയും, ദൈവീക സ്നേഹത്തോടെയും ഇടപെടേണ്ടതാണ്. വീണ്ടും ഈ പ്രാർത്ഥനാശുശ്രൂയിൽ സംബന്ധിക്കാൻ വരുന്നത്, അവരുടെ സ്വാതന്ത്ര്യത്തിന് വിടുക.

- ഈ ആത്മീയ ശുശ്രൂഷയിൽ, ആത്മാർത്ഥമായ സഹകരണം ലഭി ക്കുന്നില്ലായെങ്കിൽ, അവരെ നിർബന്ധിക്കാതെ അവരുടെ വഴിക്ക് വിടുക. ചിലപ്പോൾ ഇങ്ങനെ ഒരു ശുശ്രൂഷയിൽ കൂടി കടന്നു പോകുവാൻ അവർ ഒരുക്കമുള്ളവരായിരിക്കുകയില്ല. ദൈവസമ യത്തിനായി കാത്തിരിക്കുക.

- അവർ ചെയ്ത പ്രവൃത്തി നിമിത്തമോ, അവരോട് വല്ലവരും ചെയ്ത ഹീന പ്രവൃത്തി നിമിത്തമോ, അവരെ വിധിക്കുകയോ, യോഗ്യമ ല്ലാത്ത പദങ്ങൾ അവർക്കെതിരായി സംസാരിക്കുകയോ അരുത്.

- ശുശ്രൂഷ സ്വീകരിക്കുന്നവർ നൽകുന്ന വിവരങ്ങൾ അവർക്കെതി രായി, നേരെയും അല്ലാതെയും, പ്രസംഗങ്ങളിൽപ്പോലും ഉപയോ ഗിക്കരുത്. വ്യക്തിപരമായ ഒരു നേട്ടങ്ങൾക്കും ഈ വിവരങ്ങൾ കാരണമാകരുത്.

- കണ്ണുകൾ തുറന്ന് വച്ച്, നേതൃത്വം നൽകുന്ന ശുശ്രൂഷകർ, ശുശ്രൂ ഷിക്കുന്ന വ്യക്തിയെ, അവർക്ക് വേണ്ടി പ്രാർത്ഥിക്കുമ്പോഴും ശ്രദ്ധി ച്ചുകൊണ്ടിരിക്കണം. അവർക്കോ നിങ്ങൾക്കോ എന്തും സംഭവിക്കാം.

- ദൈവത്തിന് സകലത്തിനും മഹത്വം കൊടുക്കുക. നിഗളം ഉള്ളിൽ വരുവാൻ അനുവദിക്കരുത്. ദൈവത്തിന്റെ പ്രവൃത്തിക്ക് സ്വയം മഹത്വം എടുക്കരുത്.

# *കുട്ടികൾക്കായി ശുശ്രൂഷിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ*

**ശുശ്രൂഷയ്ക്കുമുമ്പും, ശുശ്രൂഷാ സമയത്തും, അതിന് ശേഷവും കുട്ടികളുടെ സുരക്ഷിതത്വം പരമ പ്രധാനമാണ്:**

- ഓരോ കുട്ടിയും ദേഹവും ദേഹിയും ആത്മാവും ഉള്ള വ്യക്തിയാണ്. അപകടകരമായ സാഹചര്യങ്ങളും പരിപാലനം ലഭിക്കാതിരിക്കുന്നതും അവരെ നശിപ്പിക്കുന്നു.
- കുട്ടികൾക്ക് ശുശ്രൂഷ ചെയ്യുവാൻ അവരുടെ മാതാപിതാക്കളുടേയോ രക്ഷകർത്താക്കളുടെയോ അനുവാദമുണ്ടായിരിക്കണം പ്രാർത്ഥിക്കപ്പെടാൻ കുട്ടിയ്ക്ക് മനസ്സുണ്ടായിരിക്കണം.
- വിശ്വസ്തരായ രണ്ടു പ്രായപൂർത്തിയായവർ മുഴുവൻ സമയവും അവരോടൊപ്പം ഉണ്ടായിരിക്കണം.
- അവർക്ക് സ്വതന്ത്രമായ ഒരു ഇച്ഛാശക്തി ഉണ്ടെന്ന് അറിയുക. അവരോട് പറയുകയും വിവരിക്കുകയും അനുവാദം ചോദിക്കുക്കാതെയും ഒന്നും ചെയ്യരുത്.
- തെറ്റായ വിശ്വാസങ്ങൾ മനസ്സിലാക്കി കുട്ടി ശരിയായ തീരുമാനങ്ങൾ എടുക്കേണ്ടതിനും അവനെ പഠിപ്പിക്കുക.
- 'അച്ഛൻ അടിച്ചോ?' എന്ന് നേരിട്ട് ചോദിക്കുന്നതിന് പകരം അച്ഛൻ നിന്നോട് എന്ത് ചെയ്തു എന്ന് ചോദിക്കുക.
- പരിശുദ്ധാത്മാവ് കുട്ടിയോട് നേരിട്ട് സംസാരിക്കും എന്ന് വിശ്വസിക്കുക. (1 ശമു. 2:18; മത്തായി 18:3-4)
- കുട്ടിക്ക് ശുശ്രൂഷകരോട് സംസാരിക്കുവാൻ താല്പര്യമില്ലാതിരിക്കുകയോ, വിശ്രമിക്കാൻ ആഗ്രഹിക്കുകയോ ചെയ്താൽ അനുവദിക്കുക. ശുശ്രൂഷകരോട് സംസാരിച്ചു സഹകരിക്കാൻ താല്പര്യമില്ലാത്ത കുട്ടികളെ പോകാൻ അനുവദിക്കുക.
- കുട്ടിയ്ക്ക് സംസാരിക്കുവാനോ പങ്കുവയ്ക്കുവാനോ താല്പര്യമില്ലെങ്കിൽ നിർബന്ധിക്കരുത്. അല്പം വിശ്രമിച്ചതിന് ശേഷം പോകാൻ അനുവദിക്കുക.
- കുട്ടികളോടുള്ള ശുശ്രൂഷ ഒരു മണിക്കൂറിലധികമാകരുത്.
- ആരെങ്കിലും കുട്ടിയെ അടിക്കുകയോ, പീഢിപ്പിക്കുകയോ ചെയ്തി

ട്ടുണ്ടെങ്കിൽ അവരോട് ക്ഷമിക്കാൻ ആലോചന നൽകുക. ഇതിനായി അല്പം സമയം അനുവദിക്കുക.

- ബാലപീഢന വിഷയങ്ങൾ വെളിപ്പെട്ടാൽ അതു നിസ്സാരമായി കാണാതെ കുട്ടിയുടെ സുരക്ഷിതത്വം ലക്ഷ്യമാക്കി, നേതൃത്വം കൊടുക്കുന്ന സഭാശുശ്രൂഷകനുമായി ആലോചിച്ച്, വേണ്ടത് വേഗത്തിൽ ചെയ്യുക.

## *ബന്ധനങ്ങളിൽ നിന്നുള്ള വിടുതൽ സംബന്ധിച്ചുള്ള പ്രത്യേക നിർദ്ദേശങ്ങൾ*

ഈ ഗ്രന്ഥകർത്താക്കളുടെ അനുഭവത്തിൽ ഈ പുസ്തകത്തിൽ പറഞ്ഞിരിക്കുന്നതുപോലെ, ശുശ്രൂഷ ചെയ്യുമ്പോൾ ദുരാത്മാക്കൾ വെളിപ്പെടുന്നത് സാധാരണമല്ല. എന്നാൽ ചില സന്ദർഭങ്ങളിൽ അസാധാരണമായ പ്രകടനങ്ങൾ വ്യക്തികളിൽ കണ്ടിട്ടുണ്ട്. ഉണർന്നിരിക്കുവാൻ ബുദ്ധിമുട്ട്, മയങ്ങിവീഴുക, ശരീരം വിറക്കുക, കണ്ണുകൾ ഉരുട്ടി ഭീകരഭാവം കാണിക്കുക, ഇങ്ങനെയുള്ള അവസ്ഥകൾ വെളിപ്പെടുമ്പോൾ അതിന്റെ പിന്നിലുള്ള പ്രത്യേക കാരണങ്ങൾ മനസ്സിലാക്കി ശുശ്രൂഷിക്കേണ്ടതാണ്. ഇങ്ങനെയുള്ള വ്യക്തികളോട് സംസാരിച്ച് വിഷയത്തിന്റെ പിന്നിലുള്ള കാരണം ബോദ്ധ്യമായാൽ അവരെ അനുതാപത്തിലേക്കും പാപക്ഷമയ്ക്കായുള്ള യാചനയിലേയ്ക്കും നയിച്ചാൽ വേഗത്തിൽ വിടുതൽ കാണാം. സാധാരണയായി ദുഷ്ടാത്മക്കൾ നിശ്ശബ്ദമായി വിട്ടുപോകും. ചിലപ്പോൾ ചില ശബ്ദങ്ങളോ, ചുമയോ, മറ്റടയാളങ്ങളോ കണ്ടെന്നു വരാം.

പിശാചിനോട് സംസാരിക്കുകയോ, ഉറച്ചു പറയുകയോ ഒന്നും ആവശ്യമില്ല. ശുദ്ധീകരിക്കുന്ന യേശുവിന്റെ രക്തത്തിലായിരിക്കണം നമ്മുടെ ആശ്രയം. കൃപയുള്ളവർ അന്യഭാഷാവരത്തോടെ, ദൈവത്തെ സ്തുതിക്കുകയും, ആത്മാവിൽ പ്രാർത്ഥിക്കുകയും ചെയ്യട്ടെ. ശുശ്രൂഷ സ്വീകരിക്കുന്ന വ്യക്തി അവരുടെ പാപങ്ങളെ ഏറ്റു പറഞ്ഞു ശുദ്ധീകരണം പ്രാപിക്കുമ്പോഴും മറ്റുള്ളവരുടെ തെറ്റുകളെ അവർ ക്ഷമിക്കുമ്പോഴും, അതിന്റെ മേൽ അവകാശം പറഞ്ഞു നിന്ന ദുരാത്മാക്കൾ വിട്ടുപോകുന്നു. അവർ ദൈവത്താൽ സ്വതന്ത്രരാക്കപ്പെടുന്നു. ദൈവം അവരിൽ ഒരു ശുദ്ധീകരണപ്രക്രിയ നടത്തി എന്ന് പിന്നീട് അവർക്ക് ബോദ്ധ്യമാകും.

വീണ്ടും ജനനം പ്രാപിച്ചു എന്നു പറയുന്ന ചിലരിൽപ്പോലും ഇങ്ങനെയുള്ള സാത്താന്യ ബന്ധനങ്ങൾ ഞങ്ങൾ ശ്രദ്ധിച്ചിട്ടുണ്ട്. 'ക്രിസ്തു

ഉള്ളിലുള്ളതുകൊണ്ട്' ദുരാത്മാക്കൾ അവരിൽ പ്രവേശിക്കയില്ല എന്ന് പല ക്രിസ്ത്യാനികളും പറയാറുണ്ട്. ദുരാത്മാക്കളെക്കുറിച്ചുള്ള നിങ്ങളുടെ ധാരണ എന്തായിരുന്നാലും, ഒരു ക്രിസ്ത്യാനി പിശാചിന്റെ സ്വാധീനത്തി ലകപ്പെടാറുണ്ട് എന്നുള്ളത് വ്യക്തമായ സംഗതിയാണ്. നമ്മെ വീണ്ടും, വീണ്ടും താഴ്ത്തി, നമ്മുടെ ജീവിതത്തിന്റെ മേലുള്ള ദൈവത്തിന്റെ ആധി പത്യം ശക്തമാകുമ്പോൾ നമ്മുടെ കുറവുകളെ നമുക്ക് ബോദ്ധ്യമാക്കി, നമ്മുടെ യാചനയാൽ നമ്മെ അതിൽ നിന്നും മോചിപ്പിക്കുന്നു.

*"നമ്മുടെ പാപസ്വഭാവത്തെ ക്രൂശിച്ചുകൊണ്ട്, മറ്റുള്ളവരോട് ക്ഷമിച്ച് ദൈവത്തോട് അടുത്തു ചെല്ലുമ്പോൾ സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവ് സകല ദോഷങ്ങളിൽ നിന്നും നമ്മെ വിടുവിക്കുന്നു." (മത്തായി 6:12-13)*

# ശുശ്രൂഷയ്ക്കായുള്ള പദ്ധതിക്രമം

(ഒരു വ്യക്തിക്ക് ശുശ്രൂഷ ചെയ്യുവാൻ 15 മിനിറ്റു മുതൽ മൂന്ന് മണിക്കൂർ വരെ ചിലപ്പോൾ വേണ്ടി വന്നേക്കാം. മൂന്ന് മണിക്കൂർ കൊണ്ടും ഒരു വ്യക്തിക്ക് വിടുതൽ വന്നില്ലായെങ്കിൽ മറ്റൊരു ദിവസം, അവർക്കായി സമയം വേർതിരിക്കാം.)

1. ദൈവീക ശുശ്രൂഷയുടെ നിർദ്ദേശങ്ങൾ ഉപയോഗിക്കുന്നത് ശുശ്രൂഷ സ്വീകരിക്കുന്ന വ്യക്തി ഹൃദയം തുറന്ന് അവരുടെ ഭാരങ്ങളെ നിങ്ങളുമായി പങ്കുവെയ്ക്കാൻ കരണമാകും. യോജിച്ച വചനങ്ങൾ വായിച്ചു കേൾപ്പിക്കുക. ഉദാഹരണം യാക്കോബ് 5:16

2. ദൈവത്തിന്റെ അംഗീകാരം ലഭിക്കത്തക്കവിധത്തിൽ ദൈവത്തിന്റെ വചനം യോഗ്യമായി വിഭജിച്ചു നൽകുന്ന ലജ്ജിച്ചു പോകാത്ത വേലക്കാരനാകാൻ അദ്ധ്വാനിക്കുക. 2 തിമൊഥെ. 2:15

3. അയാൾ അനുതപിച്ച് ഏറ്റു പറയേണ്ട വിഷയങ്ങൾ സംസാരത്തിലൂടെ മനസ്സിലാക്കി ദൈവവചനങ്ങൾ കാണിച്ച് പാപക്ഷമയിലേക്ക് നയിക്കുക. അയാളുടെ താല്പര്യങ്ങൾ ഇതല്ലെങ്കിൽ പോലും ശ്രദ്ധയോടെ ഇപ്രകാരം ചെയ്യുമ്പോൾ പരിശുദ്ധാത്മാവ് അയാൾക്ക് കുറ്റബോധം വരുത്തി വിടുതലിലേക്ക് നയിക്കുന്നു. ഇതു നമ്മുടെ പ്രവർത്തിയല്ല; ദൈവത്തിന്റെ പ്രവർത്തിയാകുന്നു. അനുതാപത്തോടുള്ള ബന്ധത്തിലുള്ള ചില വചനങ്ങൾ (അനുബന്ധത്തിൽ കൊടുത്തിരിക്കുന്ന ലിസ്റ്റിൽ നിങ്ങൾക്ക് നോക്കാവുന്നതാണ്).

4. ശുശ്രൂഷ സ്വീകരിക്കുന്ന വ്യക്തിയോട് ഉറച്ചു പ്രാർത്ഥിക്കുവാൻ പറയുക. അവർ പ്രാർത്ഥിക്കുന്ന വിഷയം കേൾക്കുവാനും അവരുമായി ഏകീഭവിച്ചു പ്രാർത്ഥിക്കുവാനും അതു സഹായിക്കും. പാപം ഉറച്ച് ഏറ്റു പറയുന്നതാണ് നാം വചനത്തിൽ കാണുന്നത്.

5. ആർക്കുവേണ്ടി പ്രാർത്ഥിക്കുന്നുവോ ആ വ്യക്തിയെ ശ്രദ്ധിക്കുകയും ദൈവം അവരിൽ എന്തു ചെയ്യുന്നു എന്ന് ശ്രദ്ധയോടെ കാണുകയും ചെയ്യുക. പരിശുദ്ധാത്മാവിന്റെ നടത്തിപ്പിൽ നിങ്ങൾ ശുശ്രൂഷിക്കുമ്പോൾ, അവരുടെ പുറമേയുള്ള പ്രകടനങ്ങളിൽ നിന്ന്, പ്രാർത്ഥന നിർത്തണമോ, തുടരണമോ, ശുശ്രൂഷിക്കുന്ന രീതിയ്ക്കു വ്യത്യാസം വരുത്തണമോ എന്ന് മനസ്സിലാക്കാം.

6. സാഹചര്യങ്ങളേയും സംഭവങ്ങളേയും, വ്യക്തികളെയും വ്യക്തമായി പറഞ്ഞ് സത്യസന്ധതയോടെ ദൈവത്തോട് ഏറ്റു പറഞ്ഞ്

യാചിക്കുവാൻ പ്രബോധിപ്പിക്കുക. വെറുതെ സ്തോത്രം പറഞ്ഞിരിക്കുന്നതിനു പകരം “ഞാൻ എന്റെ സഹോദരിയോട് കോപിച്ച് അവളെ അടിച്ചു. എന്നോട് ക്ഷമിക്കേണമെ” എന്ന് ഒരു വ്യക്തി പറയുമ്പോൾ അയാളുടെ പ്രവൃത്തിയുടെ ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ടാണ് പാപക്ഷമയ്ക്കായി യാചിക്കുന്നത്. ഇങ്ങനെ സത്യസന്ധതയോടെ പ്രാർത്ഥിക്കുവാനും പാപത്തിന്റെ അനന്തരഫലങ്ങളിൽ നിന്നുള്ള വിടുതലിനായി പ്രാർത്ഥിക്കുവാനും അവരെ പ്രോത്സാഹിപ്പിക്കുക.



7. അനുതാപത്തോടെയുള്ള ഏറ്റുപറച്ചിൽ പ്രാർത്ഥനയ്ക്കും പൂർണ്ണത വരുത്തുന്നു.

   1 യോഹന്നാൻ 1:8-10 വരെ കാണിച്ചിട്ട് അവരുടെ ആ പ്രത്യേക പാപം ദൈവം ക്ഷമിച്ചുകൊടുത്തു എന്ന് ഉറപ്പ് നൽകുക.

8. അവിശുദ്ധ ബന്ധങ്ങൾ ഏറ്റുപറഞ്ഞു പാപക്ഷമ സ്വന്തമാക്കുമ്പോൾ “വചനം എന്ന ആത്മാവിന്റെ വാളിനാൽ” കർത്താവിന്റെ നാമത്തിൽ വിശ്വാസത്താൽ ബന്ധനങ്ങളെ അറുത്തുകളയുക.

   ദോഷം വരുത്തുന്ന അയോഗ്യമായ വാക്കുകൾ മുഖാന്തിരമുണ്ടായ ശാപങ്ങൾ യേശുവിന്റെ നാമത്തിൽ, മുറിച്ചുകളയുക.

9. യേശുവും പരിശുദ്ധാത്മാവും അവരിൽ നിറയേണ്ടതിന് സമർപ്പണത്തോടെ ദൈവത്തോട് അടുത്തു ചെല്ലുവാൻ പ്രബോധിപ്പിക്കുക. കർത്താവ്, ദൈവ സ്നേഹം കൊണ്ടും പരിശുദ്ധാത്മാവ് കൊണ്ടും അവരെ നിറയ്ക്കുവാൻ പ്രാർത്ഥിക്കട്ടെ.

10. യേശു അവരോട് വ്യക്തിപരമായി സംസാരിക്കേണ്ടതിന് കർത്താവിനോട് യാചിക്കുവാൻ ഉപദേശിക്കുക. ചെറിയ പ്രാർത്ഥനയ്ക്കു ശേഷം, നിശ്ശബ്ദമായി ദൈവശബ്ദത്തിനായി അല്പ സമയം കാത്തിരിക്കട്ടെ, ചെറിയ പ്രാർത്ഥനയും കൂടുതൽ സമയം ദൈവശബ്ദത്തിനായുള്ള കാത്തിരിപ്പുമായിരിക്കട്ടെ. ഒരു ആലോചനയോ, വചനമോ, ദർശനമോ, ദൈവം എന്തോ അവരിൽ ചെയ്തു എന്നുള്ള ഒരു തോന്നലോ, സംതൃപ്തിയോ അവർക്ക് വലിയ സമാധാനം പകരും.

11. ദൈവത്തിന് അവരിൽ പ്രവർത്തിക്കുവാൻ സമയം നൽകുക. ശാന്തമായി അവരെ അനുഗ്രഹിച്ച് പ്രാർത്ഥിച്ചുകൊണ്ടിരിക്കുക.

12. കുറെ സമയത്തിനു ശേഷം എന്തു സംഭവിച്ചു എന്നും ദൈവം അവരിൽ എന്തു ചെയ്തുവെന്നും അവരോട് ചോദിക്കുക. അവരുടെ അനുഭവത്തിനനുയോജ്യമായ ഒരു വചനം അവർക്ക് നൽകുക. ഉദാഹരണത്തിന് "ഞാൻ ഒരു പ്രകാശം കണ്ടു" എന്ന് പറഞ്ഞാൽ യോഗ്യമായ വചനം അവർക്ക് നൽകുക.

*"ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു"* യേശു പറഞ്ഞു. *(യോഹന്നാൻ 8:12)*


13. ഈ പ്രാർത്ഥനാ ശുശ്രൂഷ അവർക്ക് എന്തു അനുഭവം നൽകി എന്ന് ചോദിക്കുക.

14. അവരെ അനുഗ്രഹിച്ച് അയയ്ക്കുക.

15. ശുശ്രുഷയ്ക്കു ശേഷം പ്രാർത്ഥനയ്ക്കു നേതൃത്വം കൊടുത്തവരോട് ചേർന്ന്, ദൈവത്തോട്, നിങ്ങളെ ശുദ്ധീകരിക്കുവാനും നിങ്ങൾ ശ്രവിച്ച വിവരങ്ങൾ നിമിത്തം നിങ്ങളുടെ ഓർമ്മയും മനസ്സും വിടുവിക്കപ്പെടേണ്ടതുണ്ടെങ്കിൽ അതിനായും യാചിക്കുക. ദൈവസ്നേഹം കൊണ്ടും നിങ്ങളെ പരിശുദ്ധാത്മാവു കൊണ്ടും നിറയ്ക്കുവാനും ദൈവത്തോട് പ്രാർത്ഥിക്കുക.

# അനുബന്ധം

# അനുതാപത്തിനുള്ള വിഷയങ്ങൾ പുതിയ നിയമത്തിൽ നിന്ന്



*"എല്ലാ മനുഷ്യരും, പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നിരിക്കുന്നു." (റോമർ 3:23)*

പാപം ദൈവത്തോടുള്ള നമ്മുടെ ബന്ധം മുറിച്ച് ദൈവത്തിൽ നിന്ന് അകറ്റുന്നു. നൂറോളം പാപങ്ങളെക്കുറിച്ച് പറയുന്ന പുതിയ നിയമത്തിലെ 21 വചനങ്ങളുണ്ട്. ഒരു പാപവും ഒന്നിനെക്കാളും കൂടിയതോ, കുറഞ്ഞതോ അല്ല *(യാക്കോബ് 2:10).* ഇവ പത്തു കല്പനകളുടെ സത്ത ഉൾക്കൊള്ളുന്നവയാണ്. ശബ്ബത്തിന്റെ ഉപദേശം മാത്രം വ്യത്യസ്തപ്പെട്ടിരിക്കുന്നു *(റോമർ 14:5-6).* ഇവ യേശുവിന്റെ പുതിയ കല്പ്പനയ്ക്ക് കൂടുതൽ അർത്ഥ വ്യാപ്തി നൽകുന്നു *(യോഹന്നാൻ 13:34).*

*"പാപത്തെക്കുറിച്ചുള്ള അറിവ് നമ്മുടെ മനസ്സിലുണ്ടെങ്കിലും, അതു ഓർക്കുവാൻ നമുക്ക് ബുദ്ധിമുട്ടാണ്. പരിശുദ്ധാത്മാവ് അത് അറിയുന്നു; നമുക്ക് ഓർമ്മയിൽ വരുത്തുകയും ചെയ്യുന്നു." (യോഹന്നാൻ 14:26)*

താഴെകൊടുത്തിരിക്കുന്ന വചനങ്ങൾ വായിക്കുമ്പോൾ നിങ്ങൾ എന്തിൽ തെറ്റിയിരിക്കുന്നു എന്ന് ദൈവം നിങ്ങൾക്ക് ബോദ്ധ്യം തരുവാൻ അപേക്ഷിക്കാം.

*മത്തായി 15:18-20*
*മർക്കോസ് 7:21-23*
*റോമർ 1:29-32*
*റോമർ 13:7-9*
*റോമർ 13:13-14*
*1 കൊരിന്ത്യർ 5:9-11*
*1 കൊരിന്ത്യർ 6:9-10*
*2 കൊരിന്ത്യർ 12:20-21*
*ഗലാത്യർ 5:19-21*
*എഫെസ്യർ 4:17-19*

*എഫെസ്യർ 4:25–31*
*എഫെസ്യർ 5:3–4*
*കൊലൊസ്യർ 3:5–6*
*കൊലൊസ്യർ 3:8–9*
*1 തിമൊഥെ 1:9–10*
*2 തിമൊഥെ 3:1–5*
*തീത്തോസ് 3:3–5*
*1 പത്രോസ് 2:1*
*1 പത്രോസ് 4:2–4*
*വെളിപ്പാട് 21:8*
*വെളിപ്പാട് 22:14*

അനുതാപത്തിന്റെ നേട്ടങ്ങൾ വളരെയാണ്. അതു സംബന്ധിച്ച് ചില വചനങ്ങൾ കാണുക.

*സങ്കീർത്തനങ്ങൾ 19:12–13*
*സങ്കീർത്തനങ്ങൾ 32:1–5*
*സങ്കീർത്തനങ്ങൾ 66:16–20*
*സദൃശ്യവാക്യങ്ങൾ 28:13*
*യെശയ്യാവ് 55:7*
*ലൂക്കൊസ് 13:3*
*അപ്പൊസ്തല പ്രവൃത്തി 17:30*
*1 പത്രോസ് 3:7, 12*

# അനുതാപത്തിന് വിധേയമാകേണ്ട മറ്റുവിഷയങ്ങൾ

അനുതാപത്തിലേക്ക് നയിക്കുവാൻ സഹായിക്കുന്ന ഒരു പാപത്തിന്റെ പട്ടിക താഴെ പറഞ്ഞിരിക്കുന്നു. ഇത് പൂർണ്ണമായ ഒരു പട്ടികയല്ല. സാധാരണയായി നമ്മിൽ കണ്ടുവരുന്ന പാപങ്ങളിൽ ചിലത് മാത്രം.

തിരുവചനത്തിന് ചേരാത്ത പ്രവൃത്തികളിൽ നാം ഏർപ്പെടുകയോ, ചെയ്യുകയോ ചെയ്താൽ നാം പാപം ചെയ്യുന്നു. നാം അത്തരം പ്രവൃത്തികൾ നിർത്തിവെച്ചിട്ട് മാനസാന്തരപ്പെട്ട്, ദൈവക്ഷമ കൈകൊള്ളണം. ചിലപ്രവൃത്തികളിൽ നാം ഏർപ്പെടുമ്പോൾ നമുക്കു ഒരു അസ്വസ്ഥത മനസ്സിൽ അനുഭവപ്പെടാം. അങ്ങനെയുള്ള അവസരത്തിൽ, പരിശുദ്ധാത്മാവ് നമ്മുടെ തെറ്റ് ചൂണ്ടി കാണിച്ചുകൊണ്ട്, നമുക്ക് കുറ്റ ബോധം വരുത്തുകയാണ്.

***കർത്താവിന്റെ വചനം ഇപ്രകാരം പറയുന്നു.......***

*"വിശ്വാസത്തിൽ നിന്ന് ഉദ്ഭവിക്കാത്തതൊക്കെയും പാപമത്രേ." (റോമർ 14:23)*

*"നന്മ ചെയ്‌വാനറിഞ്ഞിട്ടും ചെയ്യാത്തവന് അതു പാപം തന്നെ." (യാക്കോ. 4:17)*

| പാപം | വചനം |
|---|---|
| *അക്രമം* | *സങ്കീർത്തനങ്ങൾ 7:16; സദൃശ്യവാക്യങ്ങൾ 16:29; 1 തിമൊഥെയൊസ് 3:3; തീത്തോസ് 1:7* |
| *അജ്ഞത* | *യെശയ്യാവ് 5:13; ഹോശെയ 4:6; അപ്പൊസ്തലപ്രവൃത്തി 17:30-31* |
| *അന്യരുടേത് ആഗ്രഹിക്കുക* | *പുറപ്പാട് 20:17; കൊലൊസ്യർ 3:5, യാക്കോബ് 4:2* |
| *അപമാനിക്കുക* | *ആവർത്തനം 15:16; 1 കൊരിന്ത്യർ 11:28-30; എഫെസ്യർ 6:2* |
| *അമിതാഗ്രഹങ്ങൾ* | *മത്തായി 6:33; ഗലാത്യർ 5:20* |

| | |
|---|---|
| അലസത | സദൃശ്യവാക്യങ്ങൾ 24:30-34; 1 കൊരിന്ത്യർ 9:27; യാക്കോബ് 1:22; 2 തിമൊഥെയൊസ് 2:15 |
| അവിശ്വാസം / ദൈവാശ്രയമില്ലായ്മ | സങ്കീർത്തനങ്ങൾ 118:8; മത്തായി 13:58; മർക്കോസ് 9:19-24; ലൂക്കോസ് 1:37 |
| അവിശ്വാസിയെ വിവാഹം കഴിക്കുക | യോശുവ 23:12-13; 1 രാജാക്കന്മാർ 11:2-4; എസ്രാ 9:12; 2 കൊരിന്ത്യർ 6:14 |
| അശുദ്ധി/ കാമവികാരങ്ങൾ ജനിപ്പിക്കുക/ | ലേവ്യർ 11:44; റോമർ 1:29; 2 തിമൊഥെയൊസ് 3:2; |
| അശ്ലീല സാഹിത്യം | 1 പത്രോസ് 1:15-16 |
| അസൂയ | സദൃശ്യവാക്യങ്ങൾ 14:30; റോമർ 13:12-14; 1 കൊരിന്ത്യർ 3:3; യാക്കോബ് 3:16-18, 4:1-5 |
| അഴിമതി | ലേവ്യർ 19:35; സദൃശ്യവാക്യങ്ങൾ 20:23; ലൂക്കോസ് 3:12-45; റോമർ 13:6-7 |
| ക്ഷമയില്ലായ്മ | സംഖ്യ 21:4; യാക്കോബ് 1:12; 2 പത്രോസ് 3:9 |
| ആകുലത/വിചാരപ്പെടുക | മത്തായി 6:25-34; ഫിലിപ്പിയർ 4:6-7; യാക്കോബ് 5:7 |
| ആണയിടുക | മത്തായി 5:33-37; യാക്കോബ് 5:12 |
| ആത്മപ്രശംസ/അഹംഭാവം | മർക്കോസ് 10:44; 2 തിമൊഥെയൊസ് 3:2 |
| ആത്മഹത്യാ ചിന്തകൾ | പുറപ്പാട് 20:13; അപ്പൊസ്തലപ്രവർത്തി 16:27-28; 1 കൊരിന്ത്യർ 3:16-17, 6:19-20; എഫെസ്യർ 6:9; യാക്കോബ് 1:18 |
| ആഭിചാരം | ലേവ്യർ 20:27; ആവർത്തനം 18:9-14; 1 ശമുവേൽ 15:23; അപ്പൊസ്തലപ്രവർത്തി 19:19; ഗലാത്യർ 2:16; വെളിപ്പാട് 21:8 |
| ആയോധനകല കളരിപ്പയറ്റ്/കരാട്ടെ | പുറപ്പാട് 20:3-4; 1 കൊരിന്ത്യർ 6:9-11; ഗലാത്യർ 5:19; 1 യോഹന്നാൻ 5:21; വെളിപ്പാട് 22:15 |

| | |
|---|---|
| ഇന്ദ്രജാലം/കൺകെട്ട് | യെഹെസ്കേൽ 13:18, 20; അപ്പൊസ്തലപ്രവൃത്തി 19:18–19; വെളിപ്പാട് 9:21, 22:15 |
| കലഹം | എഫെസ്യർ 4:31; യാക്കോബ് 4:1–2 |
| കടം/ദശാംശം കൊടുക്കുന്നതിലെ അവിശ്വസ്തത | മലാഖി 3:8–12; റോമർ 13:6–7; യാക്കോബ് 5:1–6 |
| കൊലപാതകം | പുറപ്പാട് 20:13; മത്തായി 5:21–22; 1 യോഹന്നാൻ 3:15; വെളിപ്പാട് 21:8 |
| കോപം | സദൃശ്യവാക്യങ്ങൾ 15:18; മത്തായി 5:22; ഗലാത്യർ 5:20; എഫെസ്യർ 4:26–27; യാക്കോബ് 1:19–21 |
| കൈക്കൂലി/കോഴ | പുറപ്പാട് 23:8; ആവർത്തനം 10:17, 16:19–20; ഇയ്യോബ് 36:18; സഭാപ്രസംഗി 7:7; ലൂക്കോസ് 3:14 |
| ചതി | സദൃശ്യവാക്യങ്ങൾ 20:23; മർക്കോസ് 7:22; ലൂക്കോസ് 16:6–7; റോമർ 13:6–7 |
| ചീത്തവാക്കുകൾ | സദൃശ്യവാക്യങ്ങൾ 18:21; മത്തായി 5:22, 12:36–37; എഫെസ്യർ 4:29; ഫിലിപ്പിയർ 4:8; യാക്കോബ് 1:26, 3:10 |
| ചൂതാട്ടം | തീത്തോസ് 1:7 |
| ജാതകം നോക്കുക | ആവർത്തനം 18:10; യിരെമ്യാവ് 10:2 |
| ജോത്സ്യം പറയുക/ലക്ഷണം പറയുക | ലേവ്യർ 19:26; ആവർത്തനം 18:10; യിരെമ്യാവ് 10:2; അപ്പൊ.പ്ര. 2:44–45 |
| ജ്യോതിഷം/ജ്യോതിശാസ്ത്രം | യെശയ്യാവ് 47:13, 14; യിരെമ്യയാവ് 10:2 |
| ദുഷ്ചിന്ത | മർക്കോസ് 7:21; റോമർ 12:1–2; ഫിലി. 4:8 |
| ദ്രവ്യാഗ്രഹം | അപ്പൊസ്തലപ്രവൃത്തി 2:44–45; എഫെസ്യർ 5:5; 1 തിമൊഥെയൊസ് 6:10 |
| ദൈവദൂഷണം | പുറപ്പാട് 20:7; 2 തിമൊഥെയൊസ് 3:2 |

| | |
|---|---|
| *ദയയില്ലായ്മ/നിർദ്ദയത്വം* | *മത്തായി 7:12; യാക്കോബ് 1:27, 2:14-17* |
| *ദുർമ്മോഹം/കാമാസക്തി* | *മത്തായി 5:28; മർക്കോസ് 7:21; റോമർ 1:26-27; ഗലാ. 5:19; 2 തിമൊ. 2:22; 1 പത്രോ. 4:3* |
| *ദൈവത്തെ സംശയിക്കുക* | *മത്തായി 21:21-22; മർക്കോസ് 9:23-24; യാക്കോബ് 1:5-8* |
| *ദൈവത്തോടുള്ള അനുസരണക്കേട്* | *ആവർത്തനം 28; സങ്കീർത്തനം 2:12; ലൂക്കോസ് 6:46-49; യോഹന്നാൻ 14:23-24; യാക്കോബ് 1:22-25, 4:17* |
| *നന്ദിയില്ലായ്മ* | *ആവർത്തനം 28:47-48; ലൂക്കോസ് 17:17-18; ഫിലിപ്പിയർ 4:8; 2 തിമൊഥെയൊസ് 3:2* |
| *നിഗളം* | *2 ദിനവൃത്താന്തം 32:26; സദൃശ്യവാക്യങ്ങൾ 16:5; 2 തിമൊഥെയൊസ് 3:2; ലൂക്കോസ് 1:51; യാക്കോബ് 4:6, 10; 1 പത്രോസ് 5:5* |
| *പച്ചകുത്തുക* | *ലേവ്യർ 19:28* |
| *പരദൂഷണം* | *ലേവ്യർ 19:16; റോമർ 1:29-30; 2 കൊരിന്ത്യർ 12:20; യാക്കോബ് 3:6* |
| *പരിശുദ്ധാത്മാവിനോട് മറുത്തു നിൽക്കുക* | *അപ്പൊസ്തലപ്രവൃത്തി 7:51; 1 തെസ്സലൊനീക്യർ 5:19-21; 2 തിമൊഥെയൊസ് 3:5; എബ്രായർ 10:29* |
| *പിടിവാശി/ നിർബന്ധബുദ്ധി* | *1 ശമുവേൽ 15:23; 2 ദിനവൃത്താന്തം 30:8-9; യോഹന്നാൻ 2:5* |
| *പീഢിപ്പിക്കുക* | *1 കൊരിന്ത്യർ 6:10; പുറപ്പാട് 16:2;* |
| *പിറുപിറുപ്പ്* | *കൊരിന്ത്യർ 10:10; യാക്കോബ് 5:9* |
| *പൂജാകർമ്മം* | *ലേവ്യർ 19:26, 31; ആവർത്തനം 17:2-7, 18:9-14* |
| *പൂജാസംബന്ധമായ ചികിത്സാരീതി* | *2 ദിനവൃത്താന്തം 16:12-13; കൊലൊസ്യർ 2:8* |
| *പ്രതികാരവാഞ്ഛ* | *ലേവ്യർ 19:18; സങ്കീർത്തനം 94:1; ഓബദ്യാവ് 15; മത്തായി 5:43-48, 6:14-15; റോമർ 12:19; എബ്രായർ 10:30-31* |

| | |
|---|---|
| *പ്രാർത്ഥനയില്ലായ്മ* | *1 ശമുവേൽ 12:23; മർക്കോസ് 14:37–38; ഫിലിപ്പിയർ 4:6; തെസ്സലൊനീക്യർ 5:16–18* |
| *ഭയം* | *യെശയ്യാവ് 41:10, 43:1, മത്തായി 10:28–33; റോമർ 8:15; 2 തിമൊഥെയൊസ് 1:7; 1 യോഹന്നാൻ 4:18* |
| *ഭാര്യയെ /ഭർത്താവിനെ ദണ്ഡിപ്പിക്കുക* | *സദൃശ്യവാക്യങ്ങൾ 31:10–31; എഫെസ്യർ 5:25–26; കൊലൊസ്യർ 3:19; 1 തിമൊഥെയൊസ് 3:3; തീത്തോസ് 1:7; 1 പത്രോസ് 3:7* |
| *ഭിന്നത* | *സങ്കീർത്തനം 133; ഗലാത്യർ 5:14–15,* |
| *മറ്റുള്ളവരോട് കയ്പ്പായിരിക്കുക* | *എഫെസ്യർ 4:31; എബ്രായർ 12:15* |
| *മത്സര സ്വഭാവം* | *സംഖ്യ 16, 27:12–14; ആവർത്തനം 9:7* |
| *ദുഃശ്ശാഠ്യം* | *1 ശമുവേൽ 15:23; യോഹന്നാൻ 2:5, 14:15* |
| *മദ്യപാനം* | *സദൃശ്യവാക്യങ്ങൾ 23:29–35; യെശയ്യാവ് 5:11–12; ഗലാത്യർ 5:21; എഫെസ്യർ 4:26, 5:18; 1 തിമൊഥെയൊസ് 3:2–3* |
| *മറ്റുള്ളവരെ വിധിക്കുക* | *മത്തായി 7:1–2; റോമർ 14:13; യാക്കോബ് 4:11–12* |
| *മന്ത്രത്തകിട്* | *യെഹെസ്ക്കേൽ 13:20* |
| *മാതാപിതാക്കളോടുള്ള അനുസരണക്കേട്* | *പുറപ്പാട് 20:12; എഫെസ്യർ 6:2; കൊലൊസ്യർ 3:20* |
| *മന്ത്രശക്തിയാൽ സ്വാധീനിക്കുക* | *യെഹെസ്ക്കേൽ 13:18, 20; സങ്കീ. 37:8;* |
| *മുൻകോപം* | *സദൃശ്യവാക്യങ്ങൾ 14:17, 29:22; എഫെസ്യർ 4:31; തീത്തോസ് 1:7* |
| *മോഷണം* | *പുറപ്പാട് 20:15; ലൂക്കോസ് 19:8; എഫെ. 4:28* |

| | |
|---|---|
| ലോകമയത്വം | റോമർ 12:2; 2 തിമൊഥെയൊസ് 3:4; തീത്തോസ് 2:12; 1 യോഹന്നാൻ 2:15-17 |
| ലൈംഗീക പാപങ്ങൾ | പുറപ്പാട് 20:14; അപ്പൊസ്തലപ്രവൃത്തി 15:20; 1 കൊരിന്ത്യർ 3:16-17, 6:18-20; ഗലാത്യർ 5:19-21; 1 തെസ്സലൊനീക്യർ 4:3; എബ്രായർ 13:4 |
| വിഗ്രഹം ഉണ്ടാക്കുക | പുറപ്പാട് 20:4-5; ആവർത്തനം 4:15-19, 6:13-18, 7:25-26, 12:2-4; യിരെമ്യാവ് 10:3-5; 1 യോഹന്നാൻ 5:21 |
| വിഗ്രഹാരാധന | പുറപ്പാട് 20:3-4; ആവർത്തനം 6:13-18, 32:16-18; സങ്കീർത്തനം 106:34-39; ഹോശേയ 4:12; 1 കൊരിന്ത്യർ 6:9-11; ഗലാത്യർ 5:19; 1 യോഹന്നാൻ 5:21 |
| വിമർശന സ്വഭാവം | റോമർ 14:13; എഫെസ്യർ 4:2; ഫിലിപ്പിയർ 4:8 |
| വിവാഹമോചനം | മലാഖി 2:15-16; മർക്കോസ് 10:2-12; 1 കൊരിന്ത്യർ 7:10-11; എബ്രായർ 13:14 |
| വിശ്വാസ ത്യാഗം | മത്തായി 10:32-33; എബ്രായർ 10:29; 1 യോഹന്നാൻ 2:22-23 |
| വിദ്വേഷം | മത്തായി 5:43-45; 1 യോഹന്നാൻ 2:9-11, 3:15, 4:20-21 |
| വ്യഭിചാരം | മത്തായി 5:28-32; 1 കൊരിന്ത്യർ 6:9-10 |
| വ്യാജം/ കളവ് പറയുക | പുറപ്പാട് 20:16; എഫെസ്യർ 4:25; കൊലൊസ്യർ 3:9; വെളിപ്പാട് 21:8 |
| വ്യക്തികളോടുള്ള നിരാകരണം/തഴയൽ | യെശയ്യാവ് 49:14-16; മത്തായി 5:43-45; എഫെസ്യർ 1:5-6; 1 തെസ്സലൊനീക്യർ 4:9; 1 യോഹന്നാൻ 2:7 |
| സ്വന്തം പ്രവൃത്തിയിൽ ആശ്രയിക്കുക | സങ്കീർത്തനം 118:8-9; റോമർ 4:3; ഗലാത്യർ 2:16, 3:6-12; എഫെസ്യർ 2:8-10; എബ്രായർ 11:6 |

| | |
|---|---|
| സ്നേഹമില്ലായ്മ | യോഹന്നാൻ 15:17; റോമർ 1:31; ഗലാത്യർ 5:14; 1 യോഹന്നാൻ 4:7-8 |
| സ്വയം തൃപ്തിയടയുന്ന സ്വഭാവം/അലംഭാവം | ലൂക്കോസ് 9:62; വെളിപ്പാട് 2:4, 3:2-3, 16 |
| സ്വവർഗ്ഗാനുരാഗം | ലേവ്യർ 18:22; റോമർ 1:26-27 |
| സ്വയ പ്രശംസ | യാക്കോബ് 4:16 |
| സ്വാശ്രയം | അപ്പൊസ്തലപ്രവൃത്തി 10:34-35; റോമർ 2:11; എഫെസ്യർ 6:9; കൊലൊസ്യർ 3:25; യാക്കോബ് 2:1-9 |
| സ്വയ നീതി | മത്തായി 23:6-7; ലൂക്കോസ് 18:9-14; ഫിലിപ്പിയർ 3:8-9 |
| സ്വാർത്ഥത | 1 കൊരി. 6:9-10; റോമർ 2:8; ഫിലിപ്പിയർ 2:3-4; യാക്കോബ് 3:16 |
| ഹസ്തരേഖാശാസ്ത്രം കൈനോട്ടം | ലേവ്യർ 19:26; ആവർത്തനം 18:10; യിരെമ്യാവ് 10:2; അപ്പൊ.പ്രവർത്തി 16:16 |
| ഹീനമായ പെരുമാറ്റം | സങ്കീർത്തനങ്ങൾ 112:4-5, 9; സദൃശ്യവാക്യങ്ങൾ 19:17; മത്തായി 5:42; ലൂക്കോസ് 3:11, 6:38; അപ്പൊ.പ്ര. 2:44-45; 1 യോഹന്നാൻ. 3:17 |
| ഹൃദയപൂർവ്വം ദൈവത്തെ സ്നേഹിക്കാതിരിക്കുക | പുറപ്പാട് 20:3; ആവർ. 6:5; മത്താ. 6:33; മർക്കോ. 12:29-30; യാക്കോ. 1:5-8; വെളി. 2:45, 3:15-16 |
| ഭക്ഷണത്തോടുള്ള അത്യാർത്തി | യെഹെസ്കേൽ 16:49; എഫെ. 5:5; തീത്തോസ് 1:12 |
| ക്ഷമിക്കാത്ത സ്വഭാവം | മത്തായി 6:14-16, 18:21-35; മർക്കോസ് 11:25-26 |
| ഏഷണി | ലേവ്യ 19:16; റോമ. 1:29-30; 2 കൊരി 12:20; യാക്കോ. 3:6 |

# *നിങ്ങളുടെ കുടുംബചരിത്രത്തിന്റെ രേഖാ ചിത്രം*


നമ്മുടെ കുടുംബചരിത്രത്തിന്റെ രേഖാചിത്രം വരച്ചാൽ, ആ ചിത്രത്തിലൂടെ നമ്മുടെ കുടുംബങ്ങളെ പലതലമുറകളായി കാണുവാൻ സാധിക്കും. കൃത്യമായി പറഞ്ഞാൽ തലമുറകളായി നമ്മുടെ കുടുംബങ്ങളിലുള്ള അനുഗ്രഹങ്ങളുടെയും ശാപങ്ങളുടെയും ആവർത്തനരീതി വേർതിരിച്ചറിയുവനായി സഹായിക്കുന്നു. കുടുംബങ്ങൾ സങ്കീർണ്ണവും, ഇത്തരം ആവർത്തനരീതികൾ മറഞ്ഞുകിടക്കുന്നതുമായതിനാൽ ഒരു രേഖാ ചിത്രം ഉണ്ടാക്കിയാൽ ഇവ വേർതിരിച്ച് പഠിക്കുവാൻ സാധിക്കും. കുടുംബത്തിന്റെ രേഖാചിത്രം വരയ്ക്കുമ്പോൾ നാം വ്യക്തികളെ പ്രതിനിധികരീക്കുവാൻ ചിഹ്നങ്ങളും  കുടുംബബന്ധങ്ങളെ പ്രതിനിധീകരിക്കുവാൻ വരകളും ഉപയോഗിക്കുന്നു. അതിനാൽ ചിത്രം വളരെ ലളിതമായിരിക്കും.

കുടുംബാംഗങ്ങളെ വരയ്ക്കുമ്പോൾ,

1 ഒരു പുരുഷനെ ഒരു ചതുരം കൊണ്ടും □

ഒരു സ്ത്രീയെ ഒരു വൃത്തം കൊണ്ടും ○ പ്രതിനിധീകരിക്കാം.


2. എന്നാൽ വിവാഹത്തെ ഒരു പുരുഷനെയും സ്ത്രീയെയും തമ്മിൽ യോജിപ്പിക്കുന്ന ഒരു സമാന്തര വരകൊണ്ടും പ്രതിനിധീകരിക്കാം



*ദമ്പതികൾ*

3. ആ വിവാഹത്തിൽ നിന്നുള്ള കുട്ടികളെ പ്രതിനിധീകരിക്കുവാൻ ആ (വിവാഹത്തെ സൂചിപ്പിക്കുന്ന) സമാന്തരവരയിൽ നിന്നും ശാഖകളായി വരച്ചാൽ മതിയാകും. (താഴെ കൊടുത്തിരിക്കുന്നതു ശ്രദ്ധിക്കുക)

ഈ ഉദാഹരണത്തിൽ മൂന്നു കുട്ടികളുള്ള ഒരു ജോഡി ദമ്പതികളെ സൂചിപ്പിക്കുന്ന ഒരു ലളിതമായ കുടുംബ ചരിത്ര രേഖാചിത്രമാണ് കാണുന്നത്.



*ദമ്പതികൾ*


*ദമ്പതികളുടെ കുട്ടികൾ*

മുകളിൽ കൊടുത്തിരിക്കുന്ന ഉദാഹരണത്തിൽ ഈ ദമ്പതികളുടെ ആദ്യത്തെ കുട്ടി പെണ്ണും, രണ്ടാമത്തേത് ആണും, മൂന്നാമത്തേത് പെണ്ണും ആകുന്നു.

താഴെ കൊടുത്തിരിക്കുന്ന ചിത്രത്തിൽ എല്ലാ കുട്ടികളും ഇപ്പോൾ വിവാഹിതരാണ്




താഴെ കാണിച്ചിരിക്കുന്ന ഉദാഹരണത്തിൽ രണ്ടാം തലമുറയിലെ എല്ലാ കുട്ടികൾക്കും കുട്ടികളുണ്ട്. ഈ രേഖാ ചിത്രത്തിൽ 3 തലമുറ കളായി മുത്തച്ഛൻ, മുത്തശ്ശി, അവരുടെ കുട്ടികളായ മാതാപിതാക്ക ളെയും, അതിന് താഴെ അവരുടെ കുട്ടികളെയും കാണാം.




ഈ ഉദാഹരണ ചിത്രത്തിൽ ആദ്യത്തെ തലമുറയിലുള്ള ദമ്പതി കളുടെ ആദ്യത്തെ കുട്ടി പെണ്ണാണ്. അവൾ വിവാഹിതയും അവൾക്ക് ഒരു പുത്രിയും രണ്ടു പുത്രമാരും ഉണ്ട്. ആദ്യത്തെ ദമ്പതികളുടെ രണ്ടാ മത്തെ കുട്ടി ഒരു പുത്രനാണ്. അവൻ വിവാഹം കഴിച്ച് അവർക്ക് ഒരു മകളുണ്ട്. ആദ്യ ദമ്പതികളുടെ മൂന്നാമത്തെ കുട്ടി ഒരു മകളാണ്. അവൾ വിവാഹിതയും അവർക്ക് രണ്ടു പുത്രന്മാരും ഉണ്ട്. അങ്ങനെ മൂന്നാം തലമുറയിലെ കൊച്ചുമക്കൾ തമ്മിൽ കസിൻസ് ആകുന്നു.

നിങ്ങളുടെ കുടുംബ ചരിത്രത്തിന്റെ രേഖാചിത്രത്തിൽ നിങ്ങൾക്ക് അറിയുവാൻ കഴിയുന്നിടത്തോളം തലമുറകളെ ചേർക്കാവുന്നതാണ്.


നിങ്ങളുടെ സ്വന്തം കുടുംബത്തിന്റെ ഒരു രേഖാ ചിത്രം വരയ്ക്കൂ. തലമുറകളായിട്ടുള്ള എല്ലാ കുടുംബാംഗങ്ങളെയും മുകളിൽ കാണി ച്ചിരിക്കുന്നതുപോലെ കുടുംബാംഗങ്ങളെ തിരിച്ചറിയുവാൻ അംഗങ്ങ ളുടെ പേര് ചേർത്ത് എഴുതുക. മാതാവിന്റെയും പിതാവിന്റെയും കുടും ബങ്ങളുടെ വെവ്വേറെ രേഖാ ചിത്രങ്ങൾ തയ്യാറാക്കണം.

ഒരു നിറമോ, ചിഹ്നമോ അക്ഷരമോ ഉപയോഗിച്ച് അടയാളമിട്ട് നിങ്ങൾ ഉദ്ദേശിക്കുന്ന സവിശേഷതകൾ ഉള്ളതോ, ദോഷം ബാധിച്ചതോ ആയ കാര്യങ്ങൾ അടയാളപ്പെടുത്തുക. ചുവടെ കൊടുത്തിരിക്കുന്ന പ്രശ്നങ്ങളുടെ പട്ടിക അനുസരിച്ച്, ഒരു സമയം ഒരു സവിശേഷത എന്ന കണക്കിൽ അടയാളമിടുക. നിങ്ങൾക്ക് മറ്റെന്തെങ്കിലും വിഷയങ്ങൾ പരിശോധിക്കണം എങ്കിൽ അതും അടയാളമിടുക.

1. ദാമ്പത്യ പ്രശ്നങ്ങൾ (വേർപിരിയൽ /വിവാഹമോചനം/ ബഹുഭാര്യാത്വം/ വിവാഹേതര ബന്ധങ്ങൾ)
2 കഠിനരോഗങ്ങൾ / അകാലമൃത്യു
3. സാമ്പത്തിക പരാജയങ്ങൾ
4. കുടുംബ ദുഃഖങ്ങൾ/തകർച്ചകൾ
5. മാറാരോഗങ്ങൾ (മാനസികവും ശാരീരികവും)
6. ഗർഭധാരണ പ്രശ്നങ്ങൾ/ വന്ധ്യത
7. അപകടങ്ങൾ
8. ആസക്തികൾ/ദുശ്ശീലങ്ങൾ
9. അസഫലമായ ജീവിതാഭിലാഷം
10. ഉപദ്രവം/പീഡനം

ഇവയിൽ പലതും നിങ്ങളുടെ കുടുംബത്തിൽ ഉണ്ടായിരിക്കയില്ല, അഥവാ അതൊരു രഹസ്യമായി വച്ചിരിക്കാം.

കുടുംബചരിത്ര രേഖാചിത്രം ഉപയോഗിക്കേണ്ടതിന് ഉദാഹരണം



X =*അകാലമൃത്യു*

/=*വിവാഹത്തകർച്ച*

*കറുത്ത നിറം*
*= വിഷാദരോഗം*
*മാനസികാസ്വാസ്ഥ്യം*

ഈ കുടുംബ രേഖാചിത്രത്തിൽ ഓരോ കുടുംബത്തിലെയും രണ്ടാമത്തെ കുട്ടിയ്ക്ക് (ആൺകുട്ടിക്ക്) വിഷാദമോ, മാനസികാസ്വാസ്ഥ്യമോ ഉണ്ട്.

പലനിറങ്ങൾ കൊണ്ടും ചിഹ്നങ്ങൾ കൊണ്ടും നിങ്ങൾക്ക് പല വിധമായ ബാധകൾ അടയാളപ്പെടുത്താം.

നിങ്ങളുടെ കുടുംബത്തെപ്പറ്റി പഠിക്കുമ്പോൾ ആദ്യം പ്രാർത്ഥിക്കുക. നിങ്ങൾ കാണണമെന്ന്, ദൈവത്തിന്റെ പരിശുദ്ധാത്മാവ് ഉദ്ദേശിക്കുന്ന കാര്യങ്ങൾ കാണിച്ചുതരുവാൻ പറയുക.

നിങ്ങൾക്ക് രേഖാ ചിത്രങ്ങൾ എത്രവേണമെങ്കിലും വരച്ച്, അനുഗ്രഹങ്ങളോ, ബാധകളോ, നിലപാടുകളോ, സ്വഭാവങ്ങളോ (ദൈവീകമോ/പാപകരമോ) ആയവ അടയാളപ്പെടുത്താവുന്നതാണ് നല്ല കാര്യങ്ങൾക്കായ് ദൈവത്തെ സ്തുതിക്കുക. പാപകരമോ ദോഷകരമോ ആയ രീതികൾ ഉണ്ടെങ്കിൽ നിങ്ങളുടെ കുടുംബം ഒരു ശാപത്തിലാകാം മുന്നോട്ട് പോകുന്നത്.

'ദൈവീക അവകാശങ്ങളുടെ വീണ്ടെടുപ്പ്' എന്ന അദ്ധ്യായം വായിച്ചു നോക്കിയാൽ, ശാപങ്ങളുടെ കാരണങ്ങളും അതിന്റെ പരിഹാരവും നിങ്ങളെയും നിങ്ങളുടെ കുടുംബത്തേയും സ്വതന്ത്രനാക്കുവാനായി യേശു നിങ്ങൾക്ക് (ചെയ്തത് എന്തെന്നും) മനസ്സിലാക്കി പ്രവർത്തിക്കാവുന്നതാണ്.

***സാക്ഷ്യം***

***എന്റെ കുടുംബപാപം യേശു വെളിപ്പെടുത്തി***

*"വിജയകരമായ ക്രിസ്തീയജീവിതം" എന്ന ഈ പുസ്തകം വിശകലനം ചെയ്തു പഠിക്കുമ്പോൾ ഒരു പുതിയ സ്വാതന്ത്ര്യം എനിക്കു ലഭിച്ചതുപോലെതോന്നി. എന്റെ കുടുംബചരിത്രത്തിന്റെ രേഖാചിത്രം വരച്ചപ്പോൾ അതിലെന്തെങ്കിലും തലമുറയായുള്ള പാപത്തിന്റെ ഘടകങ്ങൾ ഉണ്ടോ എന്ന് ഞാൻ പരിശോധിച്ചപ്പോൾ ഒന്നും കണ്ടില്ല. ആ ക്ലാസ്സ് തീരാറായപ്പോൾ ഞാൻ വീണ്ടും ആ ചതുരങ്ങളും വൃത്തങ്ങളും പരിശോധിച്ചു. എന്റെ പിതാവിന്റെയും സഹോദരങ്ങളുടെയും പേരെഴുതിയ ചതുരങ്ങളും വൃത്തങ്ങളുംഅനങ്ങുന്നതായി തോന്നി. ദൈവസന്നിധിയിൽ എന്റെയും പിതാവിന്റെയും സഹോദരങ്ങളുടെയും പാപങ്ങളെ ഏറ്റുപറഞ്ഞ് ഉപേക്ഷിച്ച്, അനുതപിച്ചു പ്രാർത്ഥിക്കുവാനുള്ള ചിന്തയുണ്ടായി. എന്റെ ഒരു പ്രാർത്ഥന പങ്കാളിയുമായി ഈ പുസ്തകത്തിലെ പ്രാർത്ഥന ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും, ക്രിസ്തുവിനെ എന്റെ ഹൃദയത്തിലേക്ക് ക്ഷണിക്കുകയും, പരിശുദ്ധാത്മാവിനാൽ വീണ്ടും നിറയ്ക്കാനായി പ്രാർത്ഥിക്കുകയും ചെയ്തു. രണ്ടുവർഷം മുമ്പായിരുന്നു അത്. എന്നാൽ അതിൽ പിന്നെ ദൈവത്തോട് ചേർന്നു നടക്കുവാനും, വചനം പഠിക്കുന്നതിനും (അതിന്റെ പശ്ചാത്തലമുൾപ്പെടെ)ഇടയായി. ചെറിയ കാര്യങ്ങളിൽ സന്തോഷിക്കുവാനെനിക്കിടയായി. പലപ്പോഴും പരിശുദ്ധാത്മാവിന്റെ പ്രേരണയുണ്ടാകുകയും, ധൈര്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഈ വിജയകരമായ ക്രിസ്തീയ ജീവിതം എന്ന പുസ്തകം ഞാൻ ആഴ്ചതോറും നടക്കുന്ന ഒരു ബൈബിൾ സ്റ്റഡിയിൽ ഉപയോഗിക്കണം എന്ന് ഞാൻ കരുതുന്നു".*

# തലമുറകളായി നിലനിൽക്കുന്ന ശാപങ്ങളിൽ നിന്നുമുള്ള മോചനത്തിനായുള്ള പ്രാർത്ഥന[10]

നമ്മുടെ കുടുംബങ്ങളെ ബാധിക്കുന്നെന്ന്, ബൈബിളിൽ പറഞ്ഞിരിക്കുന്ന പാപം മൂലം ഉളവാക്കുന്ന ശാപങ്ങളോ, പരിണിതഫലങ്ങളോ മാറിപ്പോകുവാനുള്ള അനുതാപത്തിന്റെയും കുറ്റസമ്മതത്തിന്റെയും പ്രാർത്ഥനയാണിത്. 'ചെയ്തിട്ടുണ്ടെങ്കിൽ' എന്ന് അർത്ഥത്തോടുകൂടിയ പ്രാർത്ഥനയാണിത്. കാരണം, നമ്മുടെ പൂർവ്വികരുടെ രീതികളോ, പാപങ്ങളോ നാം അറിയുന്നില്ലല്ലോ. ഈ പ്രാർത്ഥനയിൽ അപ്രകാരമുള്ള ദോഷകരമായ പരിണിതഫലങ്ങളെ നമ്മിൽ നിന്നും, നമ്മുടെ കുടുംബങ്ങളിൽ നിന്നും, സഭകളിൽ നിന്നും, ദേശത്തുനിന്നും നീക്കികളഞ്ഞ്, ദൈവത്തിന്റെ അളവറ്റ അനുഗ്രഹങ്ങൾ നമ്മുടെ മേൽ ചൊരിയേണ്ടതിന് ദൈവത്തോട് അപേക്ഷിക്കയാണ്.



''സ്വർഗ്ഗസ്ഥപിതാവെ, ആദാം വരെയുള്ള എന്റെ പൂർവ്വപിതാക്കന്മാരും, ഞാൻ തന്നെയും അങ്ങയോട് പാപം ചെയ്തു പോയി, എന്ന് ഏറ്റു പറയുന്നു. ഞങ്ങൾ പാപം ചെയ്ത് അയോഗ്യമായത് പ്രവർത്തിച്ചിരിക്കുന്നു *(2 ദിനവൃത്താന്തം 6:37).* എന്റെമേലും, കുടുംബത്തിന്റെ മേലും, സഭയുടെമേലും, ദേശത്തിന്റെ മേലും, രാഷ്ട്രത്തിന്റെ മേലും, ശാപംവരുത്തുമെന്ന് വചനം പറഞ്ഞിരിക്കുന്ന പാപങ്ങൾ ചെയ്തു പോയി എന്നു ഞാൻ സമ്മതിക്കുന്നു. എന്നോടും എന്റെ പൂർവ്വികരോടും, ആദിമാതാപിതാക്കൾ വരെയും, ചെയ്ത തെറ്റുകളെ ക്ഷമിക്കേണമേ.

- ഞങ്ങൾ നിങ്കലേക്ക് തിരിയുകയോ, നിനക്കു മഹത്വം തരികയോ ചെയ്തിട്ടില്ല *(വെളിപ്പാട് 16:9)*
- ഹൃദയം കൊണ്ടും, ആത്മാവ് കൊണ്ടും, മനസ്സുകൊണ്ടും, ശക്തികൊണ്ടും, അങ്ങയെ ഞങ്ങൾ സ്നേഹിച്ചില്ല *(ആവർത്തനം 6:4-5; മർക്കോസ് 12:30; 1 കൊരി. 16:22; 1 യോഹ. 5:21)*
- ഞങ്ങൾ നിന്നെയും നിന്റെ കല്പനകളെയും ത്യജിച്ച് ഞങ്ങളുടെ വഴിയിൽ നടന്നു *(ആവർത്തനം 11:28, 27:15-26, 28:15; യെശയ്യാവ് 24:5-6, 53:6)*

[10] ഇത് പാപങ്ങളുടെ പൂർണ്ണ പട്ടിക അല്ല. എന്നാൽ ബൈബിളിലെ ശാപങ്ങളോട് ബന്ധപ്പെട്ടിരിക്കുന്നതിൽ ചിലത് മാത്രമാണ്.

- സൃഷ്ടാവായ അങ്ങയെ ആരാധിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യാതെ സൃഷ്ടികളെയും വിഗ്രഹങ്ങളെയും പൂജിക്കുകയും, അങ്ങേയ്ക്ക് തരേണ്ട മഹത്വം ഞങ്ങളെടുക്കുകയും മറ്റുള്ളവർക്ക് കൊടുക്കുകയും ചെയ്തു പോയി *(പുറപ്പാട് 20:4-6; ആവർത്തനം 4:15-19, 27:15; റോമർ 1:21-23; വെളിപ്പാട് 21:8)*

- അങ്ങെയിൽ ആശ്രയം വയ്ക്കാതെ മറ്റുള്ളവരിലും ഞങ്ങളിലും ആശ്രയിച്ചുപോയി *(സങ്കീർത്തനം 118:8; യിരെമ്യാവ് 17:5)*

- ഞങ്ങൾ ആഭിചാരം ചെയ്യുകയും കാര്യസാദ്ധ്യങ്ങൾക്കായി പൈശാചികമായ വഴികളിൽ ആശ്രയിച്ചുപോവുകയും ചെയ്തു *(ആവർത്തനം 11:28, 27:15; വെളിപ്പാട് 21:8)*

- ഞങ്ങൾ മാതാപിതാക്കളെ അനുസരിക്കാതിരിക്കുകയും ബഹുമാനമില്ലാതെ പെരുമാറുകയും ചെയ്തിട്ടുണ്ട് *(ആവർത്തനം 27:16; പുറപ്പാട് 20:12; എഫേസ്യർ 6:2)*

- ഞങ്ങൾ ജഡീകപാപങ്ങളിലും, വിവിധ തരത്തിലുള്ള ദുർമ്മോഹം, അശുദ്ധി, വ്യഭിചാരം, സ്വവർഗ്ഗപാപം, ചാർച്ചയിലുള്ള വരുമായുള്ള അശുദ്ധബന്ധം ഇങ്ങനെ വിവിധതരത്തിലുള്ള ദുർമാർഗ്ഗങ്ങളിൽ വീണു പോയിട്ടുണ്ട് *(ആവർത്തനം 27:20-23; റോമർ 1:26-27; 1 കൊരി. 6:9, 15:20; എഫെസ്യർ 5:5; വെളിപ്പാട് 22:15)*

- അവിശ്വാസികളുമായി വിവാഹബന്ധത്തിലേർപ്പെടുകയും വിശ്വാസ വിഷയത്തിൽ അവരുമായി സന്ധിയിലുമായിപ്പോയിട്ടുമുണ്ട് *(നെഹമ്യാവ് 13:23-25; 2 കൊരി. 6:14-15)*

- ആത്മഹത്യ, കൊലപാതകം, ഗർഭഛിദ്രം മൂലമുള്ള നിഷ്കളങ്കരുടെ മരണം, ഇവ ചെയ്തു പോയിട്ടുണ്ട് *(ഉല്പത്തി 9:5; പുറപ്പാട് 20:13; ആവർത്തനം 28:47-48; സങ്കീർത്തനം 71:6, 139:13-17; യെശയ്യാവ് 49:1-5; മത്തായി 5:21-22; മർക്കോസ് 8:34; റോമർ 13:9-10)*

- അയൽക്കാരെ രഹസ്യമായും, പരസ്യമായും ഉപദ്രവിച്ചിട്ടുണ്ട് *(ആവർത്തനം 27:24; മർക്കോസ് 12:31; 1 യോഹ. 3:15)*

- മറ്റുള്ളവരെ മരണത്തിലേക്ക് പോലും നയിച്ച വിധത്തിൽ ഞങ്ങൾ കൈകൂലിക്കാരായിപ്പോയിട്ടുണ്ട് *(ആവർത്തനം 27:25)*

- മരണപ്പെട്ടവർക്ക് അർഹമായ വിധത്തിൽ വേഗത്തിൽ അടക്കം നൽകാതെയുമിരുന്നിട്ടുണ്ട് *(ആവർത്തനം 21:23; ഗലാത്യർ 3:13)*

- സഭാരാധനയെ അലക്ഷ്യമായി ഗണിക്കുകയും, സത്യമായി ദശാംശം അർപ്പിക്കാതിരിക്കുകയും ചെയ്തിട്ടുണ്ട് *(മലാഖി 3:9; ആവർത്തനം 12:11)*

- വിശക്കുന്നവനു അപ്പം പങ്കിടാതെയും, ദരിദ്രന് നന്മപകർന്നു കൊടുക്കാതെയും ഇരുന്നിട്ടുണ്ട് *(സദൃശ്യവാക്യങ്ങൾ 28:27; മത്തായി 25:41–46)*

- ഞങ്ങൾ അനാഥർക്കും വിധവമാർക്കും, പരദേശിക്കും നീതി നിഷേധിച്ചിട്ടുണ്ട് *(ആവർത്തനം 28:58; സഖറിയ 5; മലാഖി 2:2; വെളിപ്പാട് 16:9)*

- അങ്ങയെയും, മറ്റുള്ളവരേയും, ഞങ്ങളെത്തന്നെയും ശപിച്ചിട്ടുണ്ട് *(2 ശമുവേൽ 19:21; ഇയ്യോബ് 2:9; സങ്കീർത്തനം 109:17; മത്തായി 5:22; 1 കൊരിന്ത്യർ 11:29; യാക്കോബ് 3:10; വെളിപ്പാട് 16:9, 11)*

- നിന്റെ ജനമായ യിസ്രായേലിനെ അനുഗ്രഹിക്കാതെ ശാപവാക്കുകൾ ചൊരിഞ്ഞിട്ടുണ്ട് *(ഉല്പത്തി 12:3; യെശയ്യാവ് 45:17; റോമർ 11:28–29)*

- വ്യാജം പറയുകയും കള്ളസത്യം ചെയ്യുകയും ചെയ്തിട്ടുണ്ട് *(സെഖര്യാവ് 5:4; വെളിപ്പാട് 21:8, 22:15)*

- അന്യരുടെ വസ്തുക്കൾ കൈയ്യേറുകയും അതിരുകൾ മാറ്റുകയും ചെയ്തിട്ടുണ്ട് *(ആവർത്തനം 19:14, 27:17; സദൃശ്യവാക്യങ്ങൾ 22:28)*

- മദ്യപാനത്തിലും മയക്കുമരുന്നിന്റെ ഉപയോഗത്താലും സുബോധം നഷ്ടപ്പെട്ടവരായിത്തീർന്നിട്ടുണ്ട് *(സദൃശ്യവാക്യങ്ങൾ 23:29–35; റോമർ 13:13; 1 കൊരിന്ത്യർ 11:27)*

- നിന്റെ സുവിശേഷം മറ്റുള്ളവരുമായി പങ്കിടാതിരുന്നിട്ടുണ്ട് *(ലേവ്യർ 19:14; ആവർത്തനം 27:18; ലൂക്കോസ് 17:2; ഗലാത്യർ 1:8; 2 പത്രോസ് 2:14)*

- നിന്റെ കൃപയിൽ ആശ്രയിക്കാതെ ഞങ്ങൾ സ്വയം രക്ഷ പ്രാപിപ്പാൻ ശ്രമിച്ചിട്ടുണ്ട് *(1 മർക്കോസ് 1:15; റോമർ 4:1–24; റോമർ 10:9, 13; ഗലാത്യർ 3:6–12; എഫെസ്യർ 2:8–10)*

“എന്റെയും, ആദാം വരെയുള്ള പൂർവ്വപിതാക്കന്മാരുടെയും വാക്ക്, ചിന്ത, പ്രവൃത്തി എന്നിവയിൽ വന്നിട്ടുള്ള തെറ്റുകളെല്ലാം ഏറ്റു പറയുന്നു. ഇവയെ എന്നേക്കുമായി ഞാൻ ത്യജിക്കുന്നു. ഓർമ്മയിലുള്ളവയും, ഇല്ലാത്തവയുമായ എല്ലാ തെറ്റുകളേയും പൂർവ്വപിതാക്കളുടേയും, സഭയുടേയും, രാഷ്ട്രത്തിന്റേയും, അറിഞ്ഞും അറിയാതെയുമുള്ള എല്ലാ പാപങ്ങളും പൊറുക്കുവാൻ യാചിക്കുന്നു.”

“ദൈവവചനം കല്പിച്ചിരിക്കുന്ന എല്ലാ ശാപങ്ങളിൽ നിന്നും അങ്ങയുടെ ക്രൂശിലെ യാഗത്താൽ ഞങ്ങളെ മോചിപ്പിച്ചിരിക്കയാൽ യേശുവേ, നന്ദി *(ഗലാത്യർ 5:13-14).* എന്റെ ഈ വിശ്വാസത്താൽ അവിടുത്തെ വചനത്തിന്റെ അധികാരത്തിൽ എന്റെ മേലും കുടുംബത്തിന്റെ മേലും സഭയുടെ മേലും രാഷ്ട്രത്തിന്റെ മേലും ഉള്ള ശാപം നസ്രായനായ യേശുവിന്റെ നാമത്തിൽ അഴിഞ്ഞുമാറട്ടെ. സ്വതന്ത്ര്യം ഞാൻ അവകാശപ്പെടുന്നു.”

“സകല ശാപങ്ങളിലും നിന്നു സ്വാതന്ത്ര്യം നൽകിയ കർത്താവേ, എന്റെ മേലും കുടുംബത്തിന്റെ മേലും സഭയുടെമേലും രാഷ്ട്രത്തിന്റെ മേലും അവിടുത്തെ അനുഗ്രഹങ്ങൾ ചൊരിയണമേ. *(എഫെസ്യർ 1:3)* ആയിരം തലമുറവരേയും, അതു സ്വന്തമാകയാൽ നന്ദി. അങ്ങയെ സ്നേഹിച്ച്, അങ്ങയുടെ വഴിയിൽ നടക്കുവാൻ എന്നെത്തന്നെ സമർപ്പിക്കുന്നു *(ആവർത്തനം 30:20; യോശുവാ 24:15; മർക്കൊസ് 12:30)*”

“പരിശുദ്ധാത്മാവേ, എന്നിലേയ്ക്കു വന്നുനിറയേണമേ. സ്വർഗ്ഗസ്ഥ പിതാവേ, അങ്ങയെ സ്തുതിക്കുന്നു. അങ്ങയുടെ നാമം, എല്ലാ അനുഗ്രഹങ്ങളും മുഖാന്തരം മഹത്വപ്പെടട്ടെ *(നെഹമ്യാവ് 9:5)* യേശുവിൻ നാമത്തിൽത്തന്നെ ആമേൻ. ഇത് സമ്പൂർണ്ണമായ പാപത്തിന്റെ പട്ടികയല്ല. പാപം മുഖാന്തരമുള്ള ശാപങ്ങൾ പറഞ്ഞിട്ടുള്ളവ മാത്രമാണ് ഇവിടെ ഉൾപ്പെടുത്തിയിട്ടുള്ളത്.”

“യേശുവിൻ നാമത്തിൽത്തന്നേ ആമേൻ.”

# ക്രിസ്തുവിൽ ഞാൻ ആരാകുന്നു

വീണ്ടും ജനിക്കപ്പെട്ടതിനാൽ ഞാൻ ക്രിസ്തുവിലും അവൻ എന്നിലുമാണ്. താഴെക്കാണുന്ന ഓരോ വേദവചനവും എന്നെ സംബന്ധിച്ച് അന്വർത്ഥമാണ്. അവയൊന്നും അതിലേറെ അർത്ഥവത്താക്കാൻ എനിക്കാവതില്ല. എന്നാൽ എന്നെ സംബന്ധിച്ച് ദൈവത്തിന്റെ അരുളപ്പാടിൻ പ്രകാരം എനിക്ക് അവ കൂടുതൽ ഫലപ്രദമാക്കാൻ കഴിയും.

## ക്രിസ്തുവിനാൽ ഞാൻ സ്നേഹിക്കപ്പെട്ടവൻ....

- ഞാൻ ഒരു ദൈവ പൈതലാണ് *(യോഹ. 1:12; റോമ. 8:14; ഗലാ. 3:26, 4:6–7; എഫെ. 1:5)*
- ഞാൻ ക്രിസ്തുവിന്റെ സുഹൃത്തും *(യോഹ. 15:15;), സഹോദരനുമാണ് (എബ്രാ. 2:11)*
- ഞാൻ ദൈവത്താൽ സ്നേഹിക്കപ്പെട്ടവനാണ്. യേശുവിനെ സ്നേഹിക്കുന്ന പ്രകാരം ദൈവം എന്നെയും സ്നേഹിക്കുന്നു *(യോഹ. 17:23)*
- ഞാൻ ദൈവസ്നേഹത്തിൽ നിന്ന് വേർപിരിക്കപ്പെടാൻ കഴിയാത്തവനത്രെ *(റോമ. 8:35–39)*
- ഞാൻ ക്രിസ്തുസഭയുടെ അംഗമാണ് *(1 കൊരി. 12:27; എഫെ. 5:30)*

## ക്രിസ്തുവിനാൽ ഞാൻ അംഗീകരിക്കപ്പെട്ടവൻ....

- ഞാൻ ക്രിസ്തുയേശുവിലെ വിശ്വാസത്താൽ ദൈവത്തോട് നിരപ്പു പ്രാപിച്ചവനാണ് *(റോമ. 5:1)*
- ഞാൻ പാപശിക്ഷയിൽ നിന്നും സ്വതന്ത്രനാക്കപ്പെട്ടവനാണ് *(റോമ. 3:24; കൊലൊ. 1:14)*
- ഞാൻ പാപം സംബന്ധിച്ച് മരിച്ചവനും ക്രിസ്തുവിന്റെ ജീവനിൽ അധിവസിക്കുന്നവനുമത്രെ *(റോമ. 6:1–16; ഗലാ. 2:20; കൊലൊ. 2:11)*
- ഞാൻ നിത്യ ശിക്ഷാവിധിയിൽ നിന്നും നിലനിൽക്കുന്ന സ്വാതന്ത്ര്യം പ്രാപിച്ചവനത്രെ *(റോമ. 8:1, 31–34)*
- ഞാൻ ധൈര്യത്തോടെ ദൈവീക സഹായത്തിനായി വരുവാൻ അർഹതയുള്ളവനത്രെ *(എബ്രാ. 4:16; എഫെ. 2:18; 3:12)*

## ക്രിസ്തുവിൽ ഞാൻ പ്രാധാന്യമുള്ളവനത്രെ....

- ഞാൻ അനർഹമായ ദൈവീക അവകാശങ്ങളും ആത്മധൈര്യവും ആനന്ദവും കൈവന്ന അവസ്ഥയിലാണ് *(റോമ. 5:2)*
- ഞാൻ സാക്ഷാൽ മുന്തിരിവള്ളിയിലെ ഒരു കൊമ്പും ക്രിസ്തുവിന്റെ ജീവമാർഗ്ഗദർശിയുമാണ് *(യോഹ. 15:1, 5)*
- ഞാൻ ദൈവത്തിന് സ്വന്തമായ സമ്പത്താണ് *(1 പത്രൊ. 2:9)*
- ഞാൻ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ജാതിയിൽ ഒരംഗവും അവന്റെ വിശുദ്ധ വംശത്തിൽ ഉൾപ്പെട്ടവനുമത്രെ *(1 പത്രൊ. 2:9–10)*
- ഞാൻ സ്വർഗ്ഗത്തിലെ സകല ആത്മീകാനുഗ്രഹങ്ങളാലും അനുഗ്രഹിക്കപ്പെട്ടവനത്രെ *(എഫെ. 1:3)*

## ക്രിസ്തുവിൽ ഞാൻ സുരക്ഷിതനാണ്....

- ഞാൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നവനാണ് *(കൊലൊ. 3:3; 1 കൊരി. 1:30)*
- ഞാൻ അവിശ്വസനീയമായ ദൈവകൃപയുടെയും കരുണയുടെയും ദയയുടെയും മാതൃകയത്രെ *(എഫെ. 2:7)*
- ദൈവം എന്നിൽ ആരംഭിച്ച സൽപ്രവൃത്തികളിൽ ഞാൻ പൂർണ്ണതയുള്ളവനാകും എന്നു എനിക്ക് ഉറപ്പുണ്ട് *(ഫിലി. 1:6)*
- ഞാൻ ദൈവത്തിൽനിന്ന് ജനിച്ചവനാകയാൽ ദുഷ്ടനു തൊടുവാൻ കഴിയാത്തവനത്രെ *(1 യോഹ. 5:18)*
- ഞാൻ ദൈവത്താൽ അഭിഷേകം ചെയ്യപ്പെട്ട് ഉറപ്പുള്ളവനും ദൈവാത്മാവിനാൽ മുദ്രയിടപ്പെട്ടവനുമാണ് *(2 കൊരി. 1:21–22)*

## ക്രിസ്തുവിൽ എനിക്കൊരു നിയോഗമുണ്ട്....

- ഞാൻ നീതിയിലും വിശുദ്ധിയിലും ദൈവസാദൃശ്യത്തിനായി വിളിക്കപ്പെട്ടവനാണ് *(എഫെ. 4:24; 2 കൊരി. 5:21)*
- ഞാൻ ക്രിസ്തുയേശുവിൽ ഫലം കായ്ക്കേണ്ടതിനു തിരഞ്ഞെടുത്തു നിയോഗിക്കപ്പെട്ടവനാണ് *(യോഹ. 15:16)*
- ഞാൻ ലോകത്തിന്റെ ഉപ്പും വെളിച്ചവുമാണ് *(മത്താ. 5:13–14)*

- ഞാൻ ദൈവത്തിന്റെ രാജകീയ പുരോഹിതവർഗ്ഗത്തിൽ ദൈവ ശുശ്രൂഷകനാണ് *(1 പത്രൊ. 2:9)*
- ഞാൻ എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം സകലത്തിനും മതിയായവനാകുന്നു *(ഫിലി. 4:13)*

## ക്രിസ്തുവിൽ എനിക്കു മഹത്വകരമായ ഒരു നിത്യ അവകാശമുണ്ട്....

- ഞാൻ ക്രിസ്തുവിൽ കൂട്ടവകാശിയും അവന്റെ മഹത്വത്തിന്റെയും കഷ്ടതയുടെയും പങ്കാളിയുമത്രെ *(റോമ. 8:17; ഗലാ. 4:6–7)*
- ഞാൻ സ്വർഗ്ഗീയ പൗരനും ഇപ്പോൾ ക്രിസ്തുവിനോടുകൂടെ സ്വർഗ്ഗത്തിൽ ഇരുത്തിയിരിക്കുന്നവനുമാണ് *(ഫിലി. 3:20; എഫെ. 2:6, 19)*
- ഞാൻ മഹത്വകരമായ ഭാവി പ്രത്യാശയ്ക്കായി വിളിക്കപ്പെട്ടവനാകുന്നു *(എഫെ. 4:4)*
- ഞാൻ അന്ധകാരത്തിൽ നിന്നും വിടുവിക്കപ്പെട്ട് ദൈവരാജ്യത്തിനായി വേർതിരിക്കപ്പെവനത്രെ *(കൊലൊ. 1:13; 1 തെസ്സ. 5:5)*
- ഞാൻ ക്രിസ്തുവിനാൽ നിറയപ്പെട്ടവനും ക്രിസ്തുവിൽ മഹത്വകരമായ പ്രത്യാശയ്ക്ക് അർഹനുമാണ് *(കൊലൊ. 1:27; 1 കൊരി. 3:16)*

## ആയതിനാൽ നമുക്ക് ക്രിസ്തുവിൽ അധിവസിക്കാം!

*(യോഹ. 15:7–10; എസ്രാ. 3:6; 1 യോഹ. 2:27–28; 2 യോഹ. 9)*

# *വിശുദ്ധവേദപുസ്തകം പഠിക്കേണ്ടതെങ്ങനെ*[11]

## വേദപുസ്തക വായനാപദ്ധതി

നമ്മുടെ ആത്മീക വളർച്ചയ്ക്കായി കഴിയുമെങ്കിൽ വർഷംതോറും വേദപുസ്തകം ആദിയോടന്തം വായിക്കുന്നത് നല്ലത്. പഴയ പുതിയ നിയമ പുസ്തകങ്ങൾ ഓരോ ദിവസവും ചേർത്തു വായിക്കുന്നതിൽ വൈവിദ്ധ്യമുണ്ടാകും. പഴയ നിയമത്തിൽ 929 ഉം പുതിയ നിയമത്തിൽ 260 ഉം അദ്ധ്യായങ്ങളുണ്ട്. നിങ്ങൾക്ക് സ്വയമായി ഒരു വായനാ പദ്ധതി തയ്യാറാക്കാം. എന്നാൽ രണ്ടോ മൂന്നോ അദ്ധ്യായങ്ങൾ പഴയ നിയമത്തിൽ നിന്നും, ഒരദ്ധ്യായം പുതിയ നിയമത്തിൽ നിന്നും വായിക്കുന്നപക്ഷം ഒരു കൊല്ലം കൊണ്ട് വേദപുസ്തകം വായിച്ചു തീർക്കാൻ കഴിയും. വായിക്കുന്ന ഭാഗത്ത് അടയാളങ്ങൾ വയ്ക്കുക. കമ്പ്യൂട്ടറിലോ ടെലിഫോണിലോ ഇന്റർനെറ്റിലോ വിവിധ ഭാഷകളിൽ വായിക്കാവുന്ന വായന പദ്ധതികൾക്കായിട്ടും www.youversion.com ഉം www. biblegateway.com ദയവായി സന്ദർശിക്കുക.

## വേദപുസ്തക ധ്യാനവും ദൈവവചന പ്രാർത്ഥനയും

ദൈവചനം വായിക്കുന്നതിനൊപ്പം അതു പഠിക്കുന്നതും പ്രധാന്യമർഹിക്കുന്നു *(യോശു. 1:8; സങ്കീ. 1:1–3; സങ്കീ. 119:15–16; എബ്രാ 4:12)* ദൈവവചനത്തിന്റെ നിറവ് ആത്മീയഫലപ്രാപ്തിയിലേക്കും പക്വതയിലേക്കും നമ്മെ നയിക്കും.

തിരുവചനപഠനത്തിന് പല മാർഗ്ഗങ്ങളുണ്ട്. പ്രയോജനകരമായ ചില നിർദ്ദേശങ്ങൾ: സ്ഥിരമായി വചനം പഠിക്കാൻ തീരുമാനിക്കുക.

നമുക്ക് ഇപ്പോൾ മനസ്സിലാകാത്ത ഭാഗങ്ങളെ സംബന്ധിച്ച് വിഷമിക്കേണ്ടതില്ല.

> “നിന്റെ ന്യായപ്രമാണത്തിലെ അത്ഭുതങ്ങളെ കാണേണ്ടതിന് *എന്റെ കണ്ണുകളെ തുറക്കേണമേ.” (സങ്കീ. 119:18)*
>
> *“നിന്റെ വചനം എന്റെ കാലിനു ദീപവും എന്റെ പാതയ്ക്കു പ്രകാശവും ആകുന്നു.” (സങ്കീ. 119:105)*

തിരുവചനത്തിലെ ഏതു പുസ്തകം/ഭാഗം പഠിക്കണമെന്ന് പ്രാർത്ഥനയിലൂടെ ദൈവത്തോട് അപേക്ഷിക്കുക.

---

[11] ക്യാംപ്ബെൽ മക്കാൽപൈൻ: *‘Explaining Biblical Meditation’, 2004, Sovereign World Ltd.*

ശാന്തമായിരുന്ന് നാം ദൈവത്തോട് എല്ലാ കാര്യങ്ങളിലും നിരപ്പു പ്രാപിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുക. ദൈവകൃപയ്ക്കും നന്മയ്ക്കുമായി ഈ അവസരം നന്ദിയർപ്പിക്കുക. ദൈവത്തിന്റെ ശ്രേഷ്ഠഗുണങ്ങളെ പ്രകീർത്തിച്ച് ആരാധിക്കുക.

ദൈവത്തിന് കീഴ്പ്പെട്ട് അവന്റെ ആലോചനകളിൽ ആശ്രയിക്കുക. ദൈവം നിർദ്ദേശിച്ച ഒരു വേദഭാഗമെടുത്ത് പലപ്രാവശ്യം സാവധാനം വായിക്കുക.

1) നമുക്ക് ലഭിച്ച ചിന്തകളെന്ത്?

2) ദൈവം ഈ ഭാഗത്തു നിന്ന് നമ്മെ എന്തു പഠിപ്പിക്കുന്നു? (ഉദാ. ഒരാജ്ഞയോ, താക്കീതോ, ഒരു മാതൃകയോ, അവന്റെ സ്വഭാവ ശ്രേഷ്ഠതയോ, നന്ദി കരേറ്റണ്ട ഒരു കാര്യമോ?)

3) പ്രാർത്ഥനയാൽ അവൻ പഠിപ്പിക്കുന്ന കാര്യങ്ങളിൽ ആശയ വിനിമയത്തിലേർപ്പെടുക. തുടന്ന് പ്രാർത്ഥന വിപുലപ്പെടുത്തി, കുടുംബത്തിനും, സഭയ്ക്കും, രാഷ്ട്രത്തിനും, ഇസ്രയേൽ ഉൾപ്പെട്ട ലോക ജനങ്ങൾക്കും വേണ്ടി മദ്ധ്യസ്ഥത ചെയ്യുക.[12]

ചോദ്യങ്ങൾക്ക് ഉത്തരം രേഖപ്പെടുത്തുക. നമ്മുടെ പ്രത്യേക ആവശ്യങ്ങളുമായി ബന്ധപ്പെടുത്തി ആ വേദഭാഗത്തെ വ്യത്യസ്ഥമായ ഒരു ചിന്താധാരയിലേയ്ക്ക് ദൈവം നമ്മുടെ മനസ്സിനെ രൂപപ്പെടുത്താം. ദൈവീക ചിന്തകളെ പരിമിതപ്പെടുത്തരുത്. സമയമെടുത്ത് സാമ്യമുള്ള വേദഭാഗങ്ങളുമായി താരതമ്യപ്പെടുത്തി പഠിക്കുക. ദിവസത്തിന്റെ ശേഷിച്ച സമയം ദൈവം നമ്മോടു ഇടപെട്ട കാര്യങ്ങളെ ധ്യാനിക്കുക.

[12] ഇത്തരത്തിലുള്ള പ്രാർത്ഥനയ്ക്ക് കൂടുതൽ വിവരങ്ങൾക്കായി: *Lydia Fellowship International* നെ സമീപിക്കുക *www.lydiafellowshipinternational.org*

# രോഗസൗഖ്യത്തിനായുള്ള പ്രാർത്ഥന[13]

വിശ്വാസികൾക്കെല്ലാം ക്രിസ്തുയേശുവിനാൽ ഓരോ ദൗത്യമാണ് നൽകപ്പെട്ടിട്ടുള്ളത് *(മത്തായി 28:18–20; മർക്കൊസ് 6:15–18; ലൂക്കൊസ് 24:46–49; യോഹന്നാൻ 20:21–22).*

തന്റെ ശിഷ്യൻമാർ എല്ലായിടത്തും പോയി സുവിശേഷം പ്രഘോഷിച്ചപ്പോൾ കർത്താവ് അവരിലൂടെ പ്രവർത്തിച്ച് അത്ഭുതങ്ങളാൽ അവരുടെ മൊഴികളെ യാഥാർത്ഥ്യമാക്കിത്തീർത്തു. ക്രിസ്തുവിലൂടെ അനുതപിക്കുന്നവർക്ക് പാപക്ഷമയുണ്ട് എന്ന സദ്വർത്തമാനം പ്രഘോഷിക്കുന്നതിലൂടെ രോഗസൗഖ്യവും അത്ഭുതങ്ങളും ഒത്തു ചേരുന്നു. എല്ലാ വിശ്വാസികളോടും രോഗികളെ സൗഖ്യമാക്കുവാൻ യേശു ആജ്ഞാപിക്കുന്നു *(മത്താ. 10:1, 8; മർക്കൊ. 6:12–13; ലൂക്കൊ. 9:1–2)* രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കുക മാത്രമല്ല, സൗഖ്യമാക്കുവാനും കല്പിച്ചിരിക്കുന്നു. എന്നാൽ ചിലർക്ക് രോഗസൗഖ്യത്തിനായുള്ള പ്രത്യേക വരമുണ്ട് *(1 കൊരി. 12:9, 28).* രോഗസൗഖ്യത്തിനുവേണ്ടി നാം പ്രാർത്ഥിക്കുമെങ്കിൽ ദൈവം സൗഖ്യദാതാക്കളായി നമ്മെ ഓരോരുത്തരെയും ഉപയോഗിക്കും *(എബ്രാ. 6:18).* സൗഖ്യത്തിനായി പ്രാർത്ഥിക്കുമ്പോൾ ദൈവം നമ്മുടെ ആത്മ ധൈര്യത്തിനായി നല്കുന്ന 3 വാഗ്ദത്തങ്ങൾ താഴെ.

1 *"അവന്റെ അടിപ്പിണരുകളാൽ നമ്മുക്ക് സൗഖ്യം വന്നിരിക്കുന്നു." (യെശ. 53:5; 1 പത്രൊ. 2:24)*

2. *"നാം അവന്റെ പുതിയ നിയമത്തിന്റെ മദ്ധ്യസ്ഥത വഹിക്കുന്നവരത്രെ." (എബ്രെ. 9:12–15)*

3. *"ദൈവരാജ്യം നമ്മുടെ ഇടയിലുണ്ട്." (ലൂക്കോ. 17:21)*

രോഗ സൗഖ്യത്തിനും അത്ഭുങ്ങൾക്കുമായി പ്രാർത്ഥനയാൽ നമ്മെ ധൈര്യപ്പെടുത്തുന്നതിനുതകുന്ന മറ്റ് വേദഭാഗങ്ങൾ:

*"നമുക്ക് ഊഹിക്കാവുന്നതിലും വിചിന്തനം ചെയ്യാവുന്നതിലും അധികം ദൈവത്തിനു പ്രവർത്തിക്കാൻ കഴിയും." (എഫെ. 3:20)*

---

[13] 2010 – ൽ റന്റി ക്ലാക്ക് ന്റെ സെമിനാറിൽ നിന്നും ചാൾസ്, ഫ്രാൻസിസ് ഹന്റർ എന്നിവരുടെ *DVD* സെമിനാറുകളിൽ നിന്നും പ്രചോതിതമായ വസ്തുത കളാണ് രോഗ സൗഖ്യത്തെ പരാമർശിക്കുന്ന പല കാര്യങ്ങളും.

*"ദൈവത്താൽ സകലവും സാദ്ധ്യമത്രെ." (മത്താ. 19:26)*

*"ക്രിസ്തുവിനെ സ്നേഹിക്കുന്ന പ്രകാരം ദൈവം നമ്മെയും സ്നേഹിക്കുന്നു." (യോഹ. 17:23)*

*"യേശു പറഞ്ഞു : ആമേൻ, ആമേൻ ഞാൻ നിങ്ങളോട് പറയുന്നു, ഞാൻ ചെയ്യുന്ന പ്രവൃത്തി എന്നിൽ വിശ്വസിക്കുന്നവനും ചെയ്യും; ഞാൻ പിതാവിന്റെ അടുക്കൽ പോകുന്നതുകൊണ്ട് അതിൽ വലിയതും അവൻ ചെയ്യും. നിങ്ങൾ എന്റെ നാമത്തിൽ അപേക്ഷിക്കുന്നതു ഒക്കെയും പിതാവു പുത്രനിൽ മഹത്വപ്പെടേണ്ടതിനു ഞാൻ ചെയ്തു തരും. നിങ്ങൾ എന്റെ നാമത്തിൽ എന്നോടു അപേക്ഷിക്കുന്നതു ഒക്കെയും ഞാൻ ചെയ്തുതരും." (യോഹ. 14:12-14)*

*യേശു പറയുന്നു : "ഭൂമിയിൽ വെച്ച് നിങ്ങളിൽ രണ്ടുപേർ യാചിക്കുന്ന ഏതു കാര്യത്തിലും ഐക്യമത്യപ്പെട്ടാൽ അതു സ്വർഗ്ഗസ്ഥനായ എന്റെ പിതാവിങ്കൽ നിന്നു അവർക്ക് ലഭിക്കും." (മത്താ. 18:19)*

യേശു രോഗികളെ തൊട്ടുസൗഖ്യമാക്കിയ പ്രകാരം നമുക്കുമാകാം. നമ്മുടെ കരങ്ങളെ രോഗസൗഖ്യത്തിനായി ഉപയോഗിക്കുവാൻ ദൈവത്തോടപേക്ഷിക്കാം. എന്നാൽ അതിനായി ഒരുങ്ങുമ്പോൾ നാം സൗഖ്യമാക്കാൻ പോകുന്ന വ്യക്തിയുടെ അനുവാദം തേടുന്നത് നന്ന്. രോഗം ബാധിച്ചിടത്തല്ലാതെ നാം സ്പർശിക്കേണ്ടതുമില്ല. അതിനുശേഷം ആ രോഗിക്കുവേണ്ടി പ്രാർത്ഥിക്കാം, അനുഗ്രഹിക്കാം ദൈവാനുഗ്രഹം തേടാം, സൗഖ്യമാക്കുന്ന വചനങ്ങൾ ഉരുവിടാം. ദൈവീക വാഗ്ദത്തങ്ങളെ നമ്മുടെ പ്രാർത്ഥനയിൽ പരാമർശിക്കാം.

ക്രിസ്തുവിന്റെ അടിപ്പിണരുകളാൽ ഈ വ്യക്തിക്ക് സൗഖ്യം വന്നിരിക്കുന്നു. ഞാൻ പുതിയനിയമ ഉടമ്പടിയാൽ വീണ്ടും ജനിക്കപ്പെട്ടവനാകയാലും ദൈവരാജ്യം എന്നിലുള്ളതുകൊണ്ടും ഈ വ്യക്തിയെ സൗഖ്യമാക്കേണമേ എന്നപേക്ഷിക്കാം. ആത്യന്തികമായി, 'ക്രിസ്തുയേശുവിന്റെ അധികാരമുള്ള നാമത്താലാണ്' നാം സൗഖ്യമാക്കുന്നത്.

നാം രോഗിയെ സ്പർശിക്കവെ, എന്നാണ് രോഗബാധ ആരംഭിച്ചതെന്ന് ആരായാം. അല്ലെങ്കിൽ, രോഗം വരുംമുമ്പ് അവരുടെ ജീവിതത്തിലുണ്ടായ സംഭവവികാസങ്ങളെക്കുറിച്ച് അന്വേഷിക്കാം. ക്ലേശകരമായ എന്തെങ്കിലും സംഭവങ്ങൾ അക്കാലങ്ങളിൽ നേരിട്ടെങ്കിൽ അതിനു മുഖാന്തരമായ വ്യക്തികളോടെല്ലാം ക്ഷമ യാചിപ്പാൻ നമുക്കവരെ സഹായിക്കാം.

ക്ഷമിക്കപ്പെടാത്ത പാപങ്ങൾ രോഗസൗഖ്യത്തിനും പ്രാർത്ഥനയ്ക്കും മറുപടി ലഭിക്കുന്നതിനു തടസ്സമുണ്ടാക്കാം *(മർക്കൊ. 11:22–25).*

മറ്റുള്ളവരോട് ക്ഷമിക്കാതിരിക്കുന്നത് രോഗങ്ങൾക്കും വേദനകൾക്കും ഒരു കാരണമാകാം *(മത്താ. 18:34–35)* ക്ഷമിക്കപ്പെടുന്നതും മറ്റുള്ളവരെ ക്ഷമിക്കാനായി പ്രേരിപ്പിക്കുന്നതും സൗഖ്യം ലഭിക്കുന്നതിൽ പ്രധാനമത്രെ. നാം പ്രാർത്ഥിക്കവേ, പ്രാർത്ഥിച്ചുക്കൊണ്ടിരിക്കുന്ന വ്യക്തിയിലൂണ്ടാകുന്ന മാറ്റത്തെ സംബന്ധിച്ച് അവരോട് ആരായാം. ഒരു പക്ഷേ അവർക്ക് ചൂടോ, തണുപ്പോ, തരിപ്പോ, നീറ്റലോ, വിറയലോ അനുഭവപ്പെടാം. അങ്ങനെയുണ്ടായാൽ നമുക്ക് ധൈര്യമായി പ്രാർത്ഥന തുടരാം. തെളിവു ലഭിച്ചില്ലെങ്കിലും ദൈവപ്രവർത്തിക്കായി നമുക്ക് നന്ദി കരേറ്റാം.

***സാക്ഷ്യം***
***യേശു അവളുടെ***
***കൈ സൗഖ്യമാക്കി***

*"രോഗസൗഖ്യത്തിനായി പ്രാർത്ഥിക്കേണ്ടതെങ്ങനെയെന്ന് ഞാൻ പ്രായം ചെന്ന ഒരു വനിതയെ പഠിപ്പിക്കുകയായിരുന്നു. പുറം വേദനയുള്ള ഒരു ചെറുപ്പക്കാരിക്കുവേണ്ടി പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നു. അവൾ ആ ചെറുപ്പക്കാരിയുടെ തോളിൽ പിടിച്ച് അവളുടെ പുറം നേരെയായ് വന്ന് വേദന മാറിപ്പോകുവാൻ ആജ്ഞാപിച്ച് ചില നിമിഷങ്ങൾ പ്രാർത്ഥിച്ചു. എന്തു സംഭവിച്ചുവെന്ന് ഞാൻ ചോദിച്ചു. ചെറുപ്പക്കാരിക്ക് നടുവിന്റെ വേദന ശമിച്ചില്ലെങ്കിലും പ്രാർത്ഥിച്ച വനിതയുടെ കൈകൾക്ക് സൗഖ്യം ലഭിച്ചു. അവളുടെ കരങ്ങളിലെ ചില അസ്ഥികൾക്ക് ഒടിവുണ്ടായിരുന്നിട്ട് വളരെ വർഷങ്ങൾ കൈ ഉപയോഗിക്കാൻ കഴിയാതെയിരുന്നുവെന്ന വസ്തുത എനിക്കറിയില്ലായിരുന്നു."*

ശരീര ഭാഗങ്ങൾക്ക് സൗഖ്യം വരേണ്ടതിന് അവൻ നല്കിയ അധികാരത്താൽ, യേശുവിന്റെ നാമത്തിൽ കാൽനിവരട്ടെ, പ്രമേഹം സൗഖ്യമാകട്ടെ, തലവേദന മാറിപ്പോകട്ടെ എന്നിങ്ങനെ കല്പിക്കാം രോഗങ്ങളെ സംബന്ധിച്ച് വ്യക്തമായ അറിവുണ്ടായാൽ വ്യക്തമായി പ്രാർത്ഥിക്കാൻ കഴിയും.[14] സൗഖ്യം ലഭിക്കാതിരിക്കുമ്പോൾ നാം പ്രാർത്ഥന ഉപേക്ഷിക്കരുത്, തുടരണം സമയം വൈകിയാൽ നമ്മോടൊപ്പം അവരും തുടർന്ന് പ്രാർത്ഥിച്ചുകൊണ്ടിരിക്കാൻ നിർദ്ദേശിക്കാം. എല്ലായ്പ്പോഴും പ്രാർത്ഥനയിൽ ജാഗരിക്കാൻ യേശുവും പഠിപ്പിക്കുന്നു *(ലൂക്കൊ. 18:1–8).*

---

[14] *Charles and Frances Hunter, How to Heal the Sick, 1981, Whitaker House. Also Charles and Frances Hunter, 7 hour Power Pack DVD set, Hunter Ministries.*

നമ്മുടെ പ്രാർത്ഥനയാൽ സൗഖ്യമാക്കപ്പെട്ട എതു നിസ്സാരരോഗ ത്തിനായും നന്ദി അർപ്പിക്കണം. ദൈവത്തിങ്കലേക്ക് വ്യക്തികളെ അടു പ്പിക്കുന്നതിനായാണ് അവൻ അവർക്ക് സൗഖ്യം നല്കുന്നത് *"ദൈവത്തിന്റെ ദയയാണ് നമ്മെ മാനസ്സാന്തരത്തിലേക്ക് നയിക്കുന്നത്" (റോമ. 2:4).*

മാനസാന്തരപ്പെട്ട് തങ്ങളുടെ പാപം വിട്ട് ദൈവത്തിങ്കലേക്ക് തിരി യാത്തതിനാൽ യേശു താൻ വളരെ അത്ഭുതങ്ങൾ ചെയ്ത പട്ടണങ്ങളെ വിട്ട് വാങ്ങിപ്പോയി *(മത്തായി 11:20).* ദൈവം നമ്മുടെ പ്രാർത്ഥനയ്ക്ക് ഉത്തരം നല്കുന്നു. കൂടുതൽ ഉത്തരങ്ങൾ ലഭിക്കുമ്പോൾ നാം കൂടു തൽ ശുഷ്ക്കാന്തിയോടെ അസാദ്ധ്യമായ കാര്യങ്ങൾക്കായും പ്രാർത്ഥി ക്കുന്നു. ബന്ധങ്ങൾ, വിവാഹം, സഭ, പട്ടണങ്ങൾ, സംസ്ഥാനങ്ങൾ, രാഷ്ട്രങ്ങൾ, വ്യാപാരം, കൃഷി, ആദിയായി ദൈവസ്പർശനത്താൽ സൗഖ്യം ലഭിക്കേണ്ട എല്ലാ മേഖലകളെയും നാം പരാമർശിക്കും. ഇവ യെല്ലാം ദൈവസൃഷ്ടിയാകയാൽ നമുക്ക് അപേക്ഷിക്കാവുന്നതിലും ഊഹിക്കാവുന്നതിലും ഉപരിയായി സൗഖ്യമാക്കി യഥാസ്ഥാനപ്പെടുത്തു വാൻ അവൻ കഴിവുള്ളവനത്രെ *(എഫെ. 3:20).*

***സാക്ഷ്യം***

***യേശു അവളെ പൂർണ്ണമായും സൗഖ്യമാക്കി***

*"മൂന്നുവർഷമായി കിടപ്പിലായിരുന്ന ഒരു മാതാവിനെ കണ്ടു പ്രാർത്ഥിക്കുവാനായി എന്നെ കുടുംബാംഗങ്ങൾ ക്ഷണിച്ചു. അവർ മര ണത്തോടടുത്തുകൊണ്ടിരുന്നു. ആ അമ്മയുടെ കിടയ്ക്കക്ക് അരികിലി രുന്ന് ആരോടെങ്കിലും ക്ഷമിക്കുവാനുണ്ടോ എന്ന് ഞാൻ ചോദിച്ചു. അനേ കരുണ്ടായിരുന്നു. ഞാൻ അവരെ പ്രാർത്ഥിക്കുവാൻ സഹായിച്ചു. അവർ അവരോടെല്ലാം ക്ഷമിക്കുകയും, യേശുവിനെ അവരുടെ ഹൃദയത്തിലേക്ക് ക്ഷണിക്കുകയും ചെയ്തു. ആ അമ്മയ്ക്ക് അത് ആശ്വാസമായി അവ രുടെ സൗഖ്യത്തിനുവേണ്ടി ഞാൻ പ്രാർത്ഥിച്ചപ്പോൾ അവർ ഉടനെ തന്നെ സൗഖ്യം ലഭിച്ചു. എന്നോടൊപ്പം വീടിന്റെ പുറത്തേക്കിറങ്ങി വന്നു വീട്ടു കാർ അത്ഭുതപ്പെട്ടുപോയി. ആ മാതാവ് ആരോഗ്യവതിയായി ഇറങ്ങി നടക്കുമെന്ന് അവർ ചിന്തിച്ചിരുന്നില്ല. ജീവിക്കുമെന്നുപോലും വിചാരി ച്ചില്ല. ഈ അത്ഭുതം കാരണം എനിക്ക് മറ്റ് പലരോടും യേശുവിനെ കുറിച്ച് പറയുവാൻ സാധിച്ചു".*

## *മനുഷ്യനോടും ദൈവത്തോടും നിരപ്പാകുക*

ഈ ബൈബിൾ പഠനത്തിലൂടെ തിരുവചനം നിരപ്പിനെക്കുറിച്ച് എന്തു പറയുന്നു എന്ന് പരിശോധിക്കുവാൻ നിങ്ങളെ സഹായിക്കാം. ഈ പഠനം വ്യക്തിപരമായോ, ചെറിയ ബൈബിൾ പഠന കൂട്ടമായോ പഠിക്കാവുന്നതാണ്. സമയം എടുത്ത് ഈ കാര്യങ്ങൾ സ്വന്ത ജീവിതത്തേയും നിങ്ങളുടെ ശുശ്രൂഷയേയും എങ്ങനെ ബാധിക്കും എന്ന് പരിശോധിക്കുക:-

താഴെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം പറയുക. കുറിച്ചിരിക്കുന്ന വചനങ്ങളിൽ നിങ്ങൾക്ക് ഉത്തരങ്ങൾ കണ്ടെത്താൻ കഴിയും. കൂടുതൽ മനസ്സിലാക്കുവാൻ കുറിച്ചിരിക്കുന്ന വാക്യങ്ങൾ കൂടെ നോക്കുന്നത് സഹായകരമായിരിക്കും.

1. യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ കാതലായ ദൂത് എന്താണ്? *(ലൂക്കൊ. 24:47; അപ്പൊ. പ്രവൃ. 26:18)*

2. ക്ഷമ പ്രാപിക്കേണ്ടതിന് നാം ചെയ്യേണ്ടുന്നത് എന്താണ്? *(സങ്കീ. 32:1-5; 1 യോഹ. 1:8-10)*

3. ക്ഷമിക്കപ്പെടുന്നതിന്റെ പ്രയോജനങ്ങൾ എന്തെല്ലാം? *(റോമർ 6:23; യാക്കോബ് 5:16; അപ്പൊ. പ്രവൃ. 3:19-20)*

4. നമ്മോട് തെറ്റുചെയ്തവരോട് എന്തുകൊണ്ട് ക്ഷമിക്കണം? *(മത്തായി 6:12, 14-15, 18:22-35)*

5. നിങ്ങൾക്കെതിരായി തുടർച്ചയായി പാപം ചെയ്യുന്നവരോടുള്ള നിങ്ങളുടെ മനോഭാവം എന്തായിരിക്കണം? *(മത്തായി 18:21-22; കൊലൊ. 3:13)*

6. എന്താണ് മാനസാന്തരം എന്നത്? *(ലൂക്കൊസ് 3:8; 2 കൊരി. 7:9-10)*

7. ഒരു വ്യക്തിയ്ക്ക് തന്റെ സ്വഭാവത്തെ എങ്ങനെ രൂപാന്തരപ്പെടുത്തുവാൻ കഴിയും? *(റോമർ 7:25 (18-25); എബ്രായർ 12:24)*

8. ചെറിയ കൂട്ടം ചർച്ചയ്ക്കുള്ള ചോദ്യം:
നിങ്ങൾ വേദനിപ്പിച്ച നിങ്ങളുടെ സുഹൃത്തിനോട്/ഭർത്താവിനോട്/ ഭാര്യയോട് എങ്ങനെ ക്ഷമചോദിക്കും.

9. വ്യക്തിപരമായ ആത്മശോധനയ്ക്ക്:
ദൈവത്തെ വേദനിപ്പിച്ചതിന് നിങ്ങൾ എങ്ങനെ ദൈവത്തോട് ക്ഷമ ചോദിക്കും?

# ബൈബിൾ പണത്തെക്കുറിച്ച് എന്ത് പറയുന്നു

ഈ ബൈബിൾ പഠനത്തിലൂടെ തിരുവചനം പണത്തെക്കുറിച്ച് എന്തു പറയുന്നു എന്ന് പരിശോധിക്കുവാൻ നിങ്ങളെ സഹായിക്കാം. ഈ പഠനം വ്യക്തിപരമായോ, ചെറിയ ബൈബിൾ പഠന കൂട്ടമായോ പഠിക്കാവുന്നതാണ്. സമയം എടുത്ത് ഈ കാര്യങ്ങൾ സ്വന്ത ജീവിതത്തേയും നിങ്ങളുടെ ശുശ്രൂഷയേയും എങ്ങനെ ബാധിക്കും എന്ന് ശോധന ചെയ്യുക:-

താഴെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം പറയുക. കുറിച്ചിരിക്കുന്ന വചനങ്ങളിൽ നിങ്ങൾക്ക് ഉത്തരങ്ങൾ കണ്ടെത്താൻ കഴിയും. കൂടുതൽ മനസ്സിലാക്കുവാൻ കുറിച്ചിരിക്കുന്ന വാക്യങ്ങൾ കൂടെ നോക്കുന്നത് സഹായകരമായിരിക്കും.

1. നമ്മുടെ സകല സാമ്പത്തിക പ്രശ്നങ്ങൾക്കുമുള്ള പരിഹാരം എന്ത്?
   *(മത്തായി 6:33; ലൂക്കൊസ് 12:33-34; 1 തിമൊഥെയൊസ് 6:17-19)*

2. നാം ദൈവത്തെക്കാൾ ഉപരിയായി പണത്തെ ആണ് അന്വേഷിക്കുന്നതെങ്കിൽ എന്തു സംഭവിക്കും?
   *(സഭാപ്രസംഗി 5:10-11; 1 തിമൊഥെയൊസ് 6:10; മത്തായി 6:24; കൊലൊസ്സ്യർ 3:5; പുറപ്പാട് 20:4-6)*

3. ദശാംശം കൊടുക്കുക എന്നാൽ എന്ത്? ക്രിസ്ത്യാനികൾ ആർക്കാണ് ദശാംശം കൊടുക്കേണ്ടത്?
   *(ഉല്പത്തി 28:22; മലാഖി 3:8-12; മത്തായി 22:21)*

4. എന്തുകൊണ്ടു നാം കൈക്കൂലി/കോഴ കൊടുക്കരുത്, പക്ഷേ കരം കൊടുത്തിരിക്കണം?
   (പുറപ്പാട് 23:8; സദൃശ്യവാക്യങ്ങൾ 15:27; മത്തായി 22:17-22; റോമർ 13:6-7)

5. കടബാധ്യതയേക്കുറിച്ച് ബൈബിൾ എന്തു പറയുന്നു? *(റോമർ 13:8; സദൃശ്യവാക്യങ്ങൾ 22:7)*

6. ദരിദ്രരെ സഹായിക്കുന്നതിനെക്കുറിച്ച് ബൈബിൾ എന്തു പറയുന്നു? *(ആവർത്തനപുസ്തകം. 15:10; സദൃശ്യവാക്യങ്ങൾ. 19:17; ലൂക്കൊസ് 6:34-36; ലൂക്കൊസ്. 12:33-34; 2 കൊരിന്ത്യർ. 9:6-12; 1 യോഹന്നാൻ. 6:17)*

7. നാം എന്തിൽ നിക്ഷേപിക്കണം എന്നാണ് ബൈബിൾ പറയുന്നത്? *(ലൂക്കൊസ് 8:1-3; യാക്കോബ്. 5:1-4; 3 യോഹന്നാൻ 5-8)*

8. സഭാനേതാക്കന്മാരും, സുവിശേഷ ശുശ്രൂഷകരും അവർക്കു ലഭിക്കുന്ന കാണിക്കയിൽ നിന്നും എന്തിന് ദശാംശം കൊടുക്കേണം? *(സംഖ്യപുസ്തകം 18:26-29; 1 തിമൊഥെയോസ് 3:1-5)*

സങ്കീർത്തനങ്ങൾ 23:1 ധ്യാനിക്കുക. പ്രാർത്ഥിച്ച്, ദൈവം അവന്റെ വചനത്തിലൂടെ നിങ്ങൾക്ക് കാണിച്ചു തരുന്നതനുസരിച്ച് പ്രതികരിക്കുക.